**പതിനഞ്ചാം കേരള നിയമസഭ**

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
# (2023-2026)

## അറുപത്തിമൂന്നാമത് റിപ്പോർട്ട്

**(2025 ഫെബ്രുവരി മാസം 13-ാം തീയതി സഭയിൽ സമർപ്പിച്ചത്)**

**[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2013-14, 2016-17, 2018-19, 2019-20 എന്നീ വർഷങ്ങളിലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെട്ട കണ്ണൂർ ജില്ലയിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട ഓഡിറ്റ് ഖണ്ഡികകളെ അടിസ്ഥാനമാക്കി തയ്യാറാക്കിയത്]**

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2025

പതിനഞ്ചാം കേരള നിയമസഭ

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
# (2023-2026)

## അറുപത്തിമൂന്നാമത് റിപ്പോർട്ട്

(2025 ഫെബ്രുവരി മാസം 13-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2013-14, 2016-17, 2018-19, 2019-20 എന്നീ വർഷങ്ങളിലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെട്ട കണ്ണൂർ ജില്ലയിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട ഓഡിറ്റ് ഖണ്ഡികകളെ അടിസ്ഥാനമാക്കി തയ്യാറാക്കിയത്]**

261/2025.

# ഉള്ളടക്കം


| | | |
|---|---|---|
| | | *പേജ്* |
| സമിതിയുടെ ഘടന | .. | v |
| മുഖവുര | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം I : | | |
| പ്രധാനപ്പെട്ട നിഗമനങ്ങളും ശിപാർശകളും | .. | 98 |
| അനുബന്ധം I : | | |
| സർക്കാരിൽ നിന്നും ലഭിച്ച മറുപടി | .. | 140 |

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി

## (2023-2026)

**ഘടന**

അദ്ധ്യക്ഷൻ :

ശ്രീ. ടി. പി. രാമകൃഷ്ണൻ

അംഗങ്ങൾ:

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ

ഡോ. എൻ. ജയരാജ്

ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ

ശ്രീ. ടി. ഐ. മധുസൂദനൻ

ശ്രീ. എ. സി. മൊയ്തീൻ

ശ്രീ. മോൻസ് ജോസഫ്

ശ്രീ. ഐ. ബി. സതീഷ്

ശ്രീ. ഇ. കെ. വിജയൻ

ശ്രീ. പി. സി. വിഷ്ണുനാഥ്.

നിയമസഭാ സെക്രട്ടേറിയറ്റ് :

ഡോ. എൻ. കൃഷ്ണ കുമാർ, സെക്രട്ടറി

ശ്രീ. ഷാജി സി. ബേബി, സ്പെഷ്യൽ സെക്രട്ടറി

ശ്രീമതി ഷീന ശിവദാസ്, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. വി. എ. ബിനു, അണ്ടർ സെക്രട്ടറി.

# മുഖവുര

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ അധ്യക്ഷനായ ഞാൻ, സമിതിയുടെ നിയോഗാനുസരണം സമിതി (2023-2026)യുടെ അറുപത്തിമൂന്നാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2013-14, 2016-17, 2018-19, 2019-20 എന്നീ വർഷങ്ങളിലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെട്ട കണ്ണൂർ ജില്ലയിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട ഓഡിറ്റ് ഖണ്ഡികകളെ അടിസ്ഥാനമാക്കി തയ്യാറാക്കിയിട്ടുള്ളതാണ് ഈ റിപ്പോർട്ട്.

2025 ഫെബ്രുവരി മാസം 11-ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

ഓഡിറ്റ് ഖണ്ഡികകളുടെ പരിശോധനയിൽ സമിതിയ്ക്ക് ആവശ്യമായ സഹായ സഹകരണങ്ങൾ നൽകിയ സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറോട് സമിതിക്കുള്ള നന്ദി രേഖപ്പെടുത്തുന്നു.

ടി. പി. രാമകൃഷ്ണൻ,
*അധ്യക്ഷൻ,*
*ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.*

തിരുവനന്തപുരം,
2025 ഫെബ്രുവരി 13.

# റിപ്പോർട്ട്

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2013-14, 2016-17, 2018-19, 2019-20 എന്നീ വർഷങ്ങളിലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെട്ട കണ്ണൂർ ജില്ലയിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട ഓഡിറ്റ് ഖണ്ഡികകളെ അടിസ്ഥാനമാക്കിയുള്ളത്**

ഓഡിറ്റ് ഖണ്ഡിക

**കുടിവെള്ള പദ്ധതികളുടെ നിർവഹണം ഗുണഭോക്തൃ സമിതികൾക്ക് കൈമാറിയിട്ടില്ല**

**തദ്ദേശ സ്ഥാപനങ്ങൾക്ക് അധികബാധ്യത**

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കു കീഴിലുള്ള കുടിവെള്ള പദ്ധതികളുടെ പരിപാലനത്തെപ്പറ്റി വ്യക്തമായ മാർഗ്ഗരേഖ 31-5-2000-ലെ ജി.ഒ. (ആർ.റ്റി.) 2141/2000/എൽ.എസ്.ജി.ഡി. നമ്പർ ഉത്തരവിലൂടെ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ, പന്ത്രണ്ടാം പദ്ധതിയുടെ പുതുക്കിയ മാർഗ്ഗരേഖകളിലും ഇത് സംബന്ധിച്ച് വിശദമായ വിവരങ്ങളുണ്ട്. കുടിവെള്ള പദ്ധതികളുടെ ഗുണഭോക്താക്കളിൽ നിന്നും ഗുണഭോക്തൃ കമ്മിറ്റി രൂപീകരിച്ച് പദ്ധതിയുടെ ആസൂത്രണം, നടത്തിപ്പ്, പരിപാലനം എന്നിവ നിർവഹിക്കണമെന്ന് മേൽ ഉത്തരവുകൾ വ്യക്തമാക്കുന്നു.

കുടിവെള്ള പദ്ധതികളുടെ നിർവഹണം പൂർത്തിയായാൽ ഗുണഭോക്തൃ സമിതികളെ ഏൽപ്പിക്കേണ്ടതും, തുടർനടത്തിപ്പും സംരക്ഷണവും ഗുണഭോക്തൃ സമിതികൾ ചെയ്യേണ്ടതുമാണ്. ഈ ആവശ്യത്തിന് തദ്ദേശ സ്വയംഭരണ സ്ഥാപനം തുക ചെലവഴിക്കുവാൻ പാടില്ലായെന്നും 18-8-2012-ലെ സ.ഉ. (എം.എസ്.) 225/12/തസ്വഭവ. നമ്പർ പ്രകാരമുള്ള പന്ത്രണ്ടാം പദ്ധതിയുടെ പുതുക്കിയ മാർഗ്ഗരേഖ നിഷ്കർഷിക്കുന്നു.

ഒരു ഗ്രാമപഞ്ചായത്തിൽ നടപ്പാക്കിയിട്ടുള്ള എല്ലാ കുടിവെള്ള പദ്ധതികൾക്കുമായി പ്രത്യേകം ഫയൽ സൂക്ഷിക്കേണ്ടതും, വിശദാംശങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതുമാണ്. എന്നാൽ മേൽപ്പറഞ്ഞ സർക്കാർ നിർദ്ദേശങ്ങൾ എല്ലാം തന്നെ പാലിക്കുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ കുറവാണ്.

കണ്ണൂർ ജില്ലയിലെ ചെറുകുന്ന് ഗ്രാമപഞ്ചായത്തിൽ 7 കുടിവെള്ള പദ്ധതികൾ കരാർ ചമച്ച് ഗുണഭോക്തൃ സമിതികൾക്ക് കൈമാറിയിട്ടുണ്ടെങ്കിലും ഇവയുടെ ചെലവുകൾ പഞ്ചായത്ത് ഫണ്ടിൽ നിന്നാണ് വഹിക്കുന്നത്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2013-14-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക 5.1.5.13)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

1. വകുപ്പിൽ നിന്നും ലഭ്യമാക്കിയ മറുപടിയുടെയും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ കണ്ണൂർ ജില്ലയിലെ ചെറുകുന്ന് ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

**നിഗമനങ്ങളും ശിപാർശകളും**

**2. തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നുള്ള മറുപടിയുടെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ കണ്ണൂർ ജില്ലയിലെ ചെറുകുന്ന് ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**കുടിവെള്ള പദ്ധതികളുടെ ആസ്തിസംരക്ഷണം കാര്യക്ഷമമല്ല**

ഗ്രാമപഞ്ചായത്തുകൾക്ക് കീഴിലെ കുടിവെള്ള പദ്ധതികളുടെ പരിപാലനം സംബന്ധിച്ചുള്ള 31-5-2000-ലെ ജി.ഒ. (ആർ.റ്റി.) 2141/2000/എൽ.എസ്.ജി.ഡി. നമ്പർ ഉത്തരവ് പ്രകാരം പദ്ധതികളുടെ ഭൗതികവിവരങ്ങൾ വിശദമായി തയ്യാറാക്കി സൂക്ഷിക്കേണ്ടതുണ്ട്. കൂടാതെ കുടിവെള്ള പദ്ധതികളെ ആസ്തി രജിസ്റ്ററിലും രേഖപ്പെടുത്തണം. എന്നാൽ ഈ നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ കുറവാണ്. കുടിവെള്ള പദ്ധതികളുടെ പ്രവർത്തനം സംബന്ധിച്ചുള്ള കൃത്യമായ വിവരങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സൂക്ഷിക്കുന്നില്ല. ആസ്തി രജിസ്റ്ററിൽ കുടിവെള്ള പദ്ധതികളുടെ വിവരങ്ങൾ കാലികമായി ഉൾപ്പെടുത്താത്തതിനാൽ, പദ്ധതികളുടെ നിലവിലുള്ള വിവരം അറിയാനാവാത്ത അവസ്ഥയുമുണ്ട്. കുടിവെള്ള പദ്ധതികളുടെ സമ്പൂർണ്ണ വിവരങ്ങൾ സൂക്ഷിക്കുന്നതിലും തദ്ദേശ ഭരണ സ്ഥാപനങ്ങൾ വീഴ്ച വരുത്തുന്നു. സ്വകാര്യവ്യക്തികൾ/സ്ഥാപനങ്ങൾ നൽകിയ സ്ഥലങ്ങളിൽ ആരംഭിച്ചിട്ടുള്ള കുടിവെള്ള പദ്ധതികൾ യഥാസമയം തദ്ദേശ സ്ഥാപനത്തിന്റെ പേരിൽ പോക്കുവരവ് നടത്തിയെടുക്കാൻ കഴിഞ്ഞിട്ടില്ലാത്ത സംഭവങ്ങളുമുണ്ട്.

കണ്ണൂർ ജില്ലയിലെ പിണറായി ഗ്രാമപഞ്ചായത്തിൽ ഭൂമി രജിസ്റ്റർ ചെയ്ത് പഞ്ചായത്തിന് കൈമാറിയ കുടിവെള്ള പദ്ധതികൾ 5 എണ്ണം മാത്രമാണ്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2013-14-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക 5.1.5.14)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

3. വകുപ്പിൽ നിന്നും ലഭ്യമാക്കിയ മറുപടിയുടെയും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ കണ്ണൂർ ജില്ലയിലെ പിണറായി ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

## നിഗമനങ്ങളും ശിപാർശകളും

**4. തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നുള്ള മറുപടിയുടെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ കണ്ണൂർ ജില്ലയിലെ പിണറായി ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**പൊതുടാപ്പുകളുടെ എണ്ണം സംയുക്തപരിശോധനയിലൂടെ തിട്ടപ്പെടുത്തുന്നില്ല**

പൊതുടാപ്പുകളുടെ വെള്ളക്കരമിനത്തിൽ കടുത്ത സാമ്പത്തിക ബാധ്യതയാണ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഉണ്ടായിക്കൊണ്ടിരിക്കുന്നത്. പൊതുടാപ്പുകളുള്ള പദ്ധതികളേക്കാൾ, സബ്സിഡി നിബന്ധനകൾക്ക് വിധേയമായി കുടുംബങ്ങൾക്ക് ഗാർഹിക കണക്ഷനുകൾ നൽകുന്ന പദ്ധതികൾക്ക് മുൻഗണന നൽകണമെന്ന് പന്ത്രണ്ടാം പദ്ധതിയുടെ പുതുക്കിയ മാർഗ്ഗരേഖ നിഷ്കർഷിച്ചിട്ടുണ്ട്. ഒരു പ്രദേശത്തെ മുഴുവൻ വീടുകൾക്കും ഗാർഹിക കണക്ഷനുകൾ ലഭ്യമാക്കേണ്ടതും, അതിനുശേഷം പൊതുടാപ്പുകൾ നിർത്തലാക്കണമെന്നും മേൽ മാർഗ്ഗരേഖ പറയുന്നു. പൊതുടാപ്പുകളുടെ എണ്ണം കുറയ്ക്കുക എന്നതാണ് ഇതിലൂടെ സർക്കാർ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാണ്. 30-5-2009-ലെ സ. ഉ. (സാധാരണ)1275/2009/തസ്വഭവ. നമ്പർ ഉത്തരവ് പ്രകാരം എല്ലാ തദ്ദേശ ഭരണസ്ഥാപനങ്ങളും തങ്ങളുടെ പരിധിക്കുള്ളിലെ പൊതുടാപ്പുകളുടെ എണ്ണം തിട്ടപ്പെടുത്തേണ്ടതുണ്ട്. കൂടാതെ പൊതുടാപ്പുകളിൽ മീറ്റർ ഘടിപ്പിക്കണമെന്നും ഉത്തരവ് നിർദ്ദേശിക്കുന്നു. 28-9-2011-ലെ ജി.ഒ. (ആർ.ടി.)2242/2011/എൽ.എസ്.ജി.ഡി. നമ്പർ ഉത്തരവിൽ, തദ്ദേശ ഭരണസ്ഥാപനവും വാട്ടർ അതോറിറ്റിയും ചേർന്ന് പൊതുടാപ്പുകളുടെ സംയുക്ത പരിശോധന നടത്തുന്നത് സംബന്ധിച്ച് വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ കേരളത്തിലെ പല തദ്ദേശ ഭരണസ്ഥാപനങ്ങളും പൊതുടാപ്പുകളുടെ എണ്ണം നിയന്ത്രിക്കുന്നതിലും, സംയുക്ത പരിശോധന നടത്തുന്നതിലും തികഞ്ഞ ഉദാസീനതയാണ് പുലർത്തിവരുന്നത്. വികസന പ്രവർത്തനങ്ങൾക്ക് ഉപയുക്തമാക്കാവുന്ന ലക്ഷക്കണക്കിന് രൂപയാണ് ഇതുമൂലം തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് നഷ്ടമായിക്കൊണ്ടിരിക്കുന്നത്.

തലശ്ശേരി നഗരസഭയിൽ 2010-11 മുതൽ 704 പൊതുടാപ്പുകളുടെ വെള്ളക്കരമാണ് ഈടാക്കുന്നത്. എന്നാൽ ഇതുമായി ബന്ധപ്പെട്ട് സംയുക്ത പരിശോധന നടത്തിയിട്ടില്ല.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2013-14-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക 5.1.5.16)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

5. പൊതുടാപ്പുകളുടെ എണ്ണം സംയുക്ത പരിശോധനയിലൂടെ തിട്ടപ്പെടുത്തുന്നില്ലെന്ന ഓഡിറ്റ് പരാമർശം സംബന്ധിച്ച് എന്താണ് വ്യക്തമാക്കാനുള്ളതെന്ന് സമിതി ആരാഞ്ഞതിന് 13-6-2022 മുതൽ 2-7-2022 വരെ വാട്ടർ അതോറിറ്റി ഉദ്യോഗസ്ഥരും നഗരസഭ ഉദ്യോഗസ്ഥരും തലശ്ശേരി നഗരസഭയിലെ പൊതുടാപ്പുകളുടെ സംയുക്ത പരിശോധന നടത്തിയപ്പോൾ നഗരസഭാ പരിധിയിലുള്ള 570 പൊതുടാപ്പുകളിൽ 40 ടാപ്പുകൾ പ്രവർത്തിക്കുന്നില്ലെന്ന് കണ്ടെത്തിയിട്ടുണ്ടെന്നും 2022 ഡിസംബർ മാസം മുതൽ 530 പൊതുടാപ്പുകളുടെ വെള്ളക്കരമാണ് നഗരസഭ ഒടുക്കിവരുന്നതെന്നും 11/2022 വരെ 570 പൊതുടാപ്പുകളുടെ വെള്ളക്കരം നഗരസഭ ഒടുക്കിയിട്ടുണ്ടെന്നും തലശ്ശേരി നഗരസഭാ സെക്രട്ടറി മറുപടി നൽകി.

6. നിലവിൽ കുടിശികയുണ്ടോയെന്ന് നിയമസഭാ സെക്രട്ടറി-ഇൻ-ചാർജ്ജ് ആരാഞ്ഞതിന് 7-3-2024-ലെ കണക്കുപ്രകാരം 8,45,041/- രൂപ കുടിശികയുണ്ടെന്ന് കേരള വാട്ടർ അതോറിറ്റി ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ വ്യക്തമാക്കി.

7. കുടിശിക നൽകാനുണ്ടോയെന്ന് തലശ്ശേരി നഗരസഭാ അധികൃതരോട് സമിതി ആരാഞ്ഞതിന് പ്രസ്തുത വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടില്ലെന്നും വ്യത്യാസം വന്ന കാലയളവിലെ തുക തിരിച്ചുനൽകണമെന്ന് ആവശ്യപ്പെട്ട് വാട്ടർ അതോറിറ്റിക്ക് കത്ത് നൽകിയിട്ടുണ്ടെന്നും ആയത് സംബന്ധിച്ച് അന്വേഷിച്ച് റിപ്പോർട്ട് ലഭ്യമാക്കാമെന്നും തലശ്ശേരി നഗരസഭാ സെക്രട്ടറി വ്യക്തമാക്കി. റിപ്പോർട്ട് ലഭ്യമായതിനുശേഷം തലശ്ശേരി നഗരസഭയുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശത്തിന്മേൽ അന്തിമ തീരുമാനമെടുക്കാമെന്ന് സമിതി വ്യക്തമാക്കി.

## നിഗമനങ്ങളും ശിപാർശകളും

**8. പൊതുടാപ്പുകളുടെ വെള്ളക്കരത്തിന്റെ ഇനത്തിൽ വ്യത്യാസം വന്ന കാലയളവിലെ കുടിശിക തുക നൽകിയോ എന്നത് സംബന്ധിച്ച് അന്വേഷിച്ച് റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കാൻ സമിതി നിർദ്ദേശിക്കുന്നു.**

ഓഡിറ്റ് ഖണ്ഡിക

**ഓഡിറ്റ് കണ്ടെത്തലുകൾ**

**പൊതുവിദ്യാലയങ്ങളിലെ അടിസ്ഥാനസൗകര്യങ്ങൾ അപര്യാപ്തം**

സർക്കാർ സ്കൂളുകളിലെ ഭൗതിക സൗകര്യങ്ങൾ (കെട്ടിടം, ചുറ്റുമതിൽ, പാചകപ്പുര, ടോയ്‌ലറ്റ് തുടങ്ങിയവ) നവീകരിക്കുന്നതിലും അടിസ്ഥാനസൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വേണ്ടത്ര പ്രാധാന്യം നൽകുന്നില്ല. സ്കൂളുകളുടെ ഭൗതിക നിലവാരം ഉയർത്തുന്നതിന് പതിനൊന്നാം പദ്ധതി കാലയളവിലും 2012-13 വർഷത്തിലും

വളരെ തുച്ഛമായ തുക മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. പതിനൊന്നാം പദ്ധതിയിൽ വിദ്യാഭ്യാസ മേഖലയിലെ പ്രോജക്ടുകൾ തയ്യാറാക്കുമ്പോൾ സർക്കാർ സ്കൂളുകളുടെ ക്ലാസ്സ് മുറികൾ, ഉച്ചഭക്ഷണം എന്നിവയുടെ മേന്മ വർദ്ധിപ്പിക്കുന്നതിനു വേണ്ടിയുള്ള പ്രോജക്ടുകളും കമ്പ്യൂട്ടർ വിദ്യാഭ്യാസത്തിന് അവശ്യം വേണ്ടുന്ന പശ്ചാത്തല സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുമുള്ള പ്രോജക്ടുകളും നടപ്പാക്കണമെന്ന് സർക്കാർ നിഷ്കർഷിച്ചിരുന്നു. എന്നാൽ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുതകുന്ന ശ്രദ്ധേയമായ പ്രോജക്ടുകളൊന്നും ഭൂരിഭാഗം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും നടപ്പാക്കിയിട്ടില്ല.

9-12-2004-ലെ ജി.ഒ.(എം.എസ്.)330/2004/തസ്വഭവ. നമ്പർ വിനിയോഗ മാർഗ്ഗരേഖയിൽ, സ്കൂളുകളുടെ മേൽക്കൂര മാറ്റുന്നത് ഉൾപ്പെടെയുള്ള മെയിന്റനൻസിനാണ് റോഡ് ഒഴികെയുള്ള മെയിന്റനൻസ് ഗ്രാന്റ് വിനിയോഗിക്കുന്നതിന് മുൻഗണന നൽകേണ്ടതെന്ന് സർക്കാർ വ്യക്തമാക്കിയിരുന്നു. എന്നാൽ പല സർക്കാർ സ്കൂൾ കെട്ടിടങ്ങളും അപകടാവസ്ഥയിലായിരുന്നിട്ടും യഥാസമയം മെയിന്റനൻസ് ഫണ്ട് ഉപയോഗപ്പെടുത്തി കെട്ടിടങ്ങളുടെ നില മെച്ചപ്പെടുത്താൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കഴിഞ്ഞിട്ടില്ല.

പരിശോധനാവിധേയമാക്കിയ സ്കൂളുകളിൽ ഭൂരിഭാഗവും സ്വന്തം കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. എന്നാൽ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സ്കൂളുകളും കുറവല്ല. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

**വാടകകെട്ടിടത്തിൽ പ്രവർത്തിക്കുന്ന സ്കൂളുകൾ**

| **വിദ്യാഭ്യാസ സ്ഥാപനം** | **തദ്ദേശ സ്വയംഭരണ സ്ഥാപനം** |
|---|---|
| ഗവ: യു.പി.സ്കൂൾ, ദൈവത്താർകണ്ടി | കണ്ണൂർ നഗരസഭ |
| ഗവ: യു.പി.സ്കൂൾ | കരിയാട് ഗ്രാമപഞ്ചായത്ത്, കണ്ണൂർ |

വാടകകെട്ടിടത്തിൽ പ്രവർത്തിച്ചുവരുന്നതിനാൽ അടിസ്ഥാനസൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വിവിധ ഫണ്ടുകൾ ഉപയോഗപ്പെടുത്താനാകുന്നില്ല.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2013-14-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക 5.2.4.1)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

9. തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നും ലഭ്യമായ മറുപടിയുടെ അടിസ്ഥാനത്തിൽ കണ്ണൂർ നഗരസഭയുടെ പരിധിയിലുള്ള ദൈവത്താർകണ്ടി ഗവൺമെന്റ് യു. പി. സ്കൂൾ നിലവിൽ വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നതെന്നാണ് മനസ്സിലാകുന്നതെന്ന് വ്യക്തമാക്കിയ സമിതി ഇതു സംബന്ധിച്ച് നിലവിലെ സ്ഥിതിയെന്താണെന്ന് ആരാഞ്ഞു. നഗരസഭയ്ക്ക് സ്വന്തമായി സ്ഥലമില്ലാത്തതിനാൽ പ്രസ്തുത സ്കൂൾ നിർമ്മിക്കുന്നതിന് അനുയോജ്യമായ സ്ഥലം കണ്ടെത്തി നൽകുന്നതിന് ജില്ലാ കളക്ടർക്ക് കത്ത് നൽകുകയും അക്കാര്യം കൗൺസിലിന്റെ ശ്രദ്ധയിൽപ്പെടുത്തുകയും ചെയ്തിട്ടുണ്ടെന്ന് കണ്ണൂർ മുനിസിപ്പൽ കോർപ്പറേഷൻ അക്കൗണ്ട്സ് ഓഫീസർ മറുപടി നൽകി.

10. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിക്കിട്ടിയ സ്ഥാപനമെന്ന നിലയിൽ അതിനെ നല്ല രീതിയിൽ പരിപാലിച്ചുകൊണ്ടുപോകേണ്ട ഉത്തരവാദിത്വം നഗരസഭ യുടേതാണെന്ന് അഭിപ്രായപ്പെട്ട സമിതി, യോഗത്തിന്റെ നോട്ടീസ് ലഭിച്ചതിനുശേഷമാണോ ഇതുസംബന്ധിച്ച കത്ത് ജില്ലാ കളക്ടർക്ക് നൽകിയതെന്ന് ആരാഞ്ഞു. ജില്ലാ കളക്ടർക്ക് കത്ത് നൽകിയത് 6-3-2024-നാണെന്നും അക്കാര്യം ഒരിക്കൽക്കൂടി നഗരസഭാ കൗൺസിലിന്റെ ശ്രദ്ധയിൽകൊണ്ടുവരാമെന്നും കണ്ണൂർ മുനിസിപ്പൽ കോർപ്പറേഷൻ അക്കൗണ്ട്സ് ഓഫീസർ വ്യക്തമാക്കി.

11. 2013-14 വർഷത്തെ സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട വിഷയമാണിതെന്നും സ്കൂളിന്റെ ഭൗതിക സൗകര്യങ്ങൾ നവീകരിക്കുന്നതിനും അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും കണ്ണൂർ നഗരസഭാ അധികൃതർ വേണ്ടത്ര പ്രാധാന്യം നൽകുന്നില്ലെന്നും നിലവിൽ പ്രസ്തുത സ്കൂൾ കെട്ടിടം പ്രവർത്തിക്കുന്നതിന്റെ സമീപത്തുതന്നെ സ്വന്തമായി സ്ഥലം കണ്ടെത്താൻ സാധിക്കുമോയെന്ന് പരിശോധിക്കേണ്ടതും അനുബന്ധ നടപടികൾ സ്വീകരിക്കേണ്ടതും നഗരസഭയാണെന്നും വ്യക്തമാക്കിയ സമിതി എത്രയും പെട്ടെന്ന് അതിനാവശ്യമായ നടപടി സ്വീകരിച്ച് റിപ്പോർട്ട് ലഭ്യമാക്കണമെന്ന് നിർദ്ദേശിച്ചു.

12. തദ്ദേശ സ്വയംഭരണ വകുപ്പിൽനിന്നും ലഭ്യമാക്കിയ മറുപടിയുടെയും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ കരിയാട് ഗ്രാമപഞ്ചായത്ത് (പാനൂർ നഗരസഭ)-ലെ ഗവ. യു. പി. സ്കൂളുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

**നിഗമനങ്ങളും ശിപാർശകളും**

**13. കണ്ണൂർ നഗരസഭയുടെ പരിധിയിലുള്ള ദൈവത്താർകണ്ടി ഗവൺമെന്റ് യു. പി. സ്കൂൾ നിലവിൽ വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നതെന്ന് സമിതി മനസ്സിലാക്കുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിക്കിട്ടിയ സ്ഥാപനമെന്ന നിലയിൽ അതിനെ നല്ല രീതിയിൽ പരിപാലിച്ചുകൊണ്ടുപോകേണ്ട ഉത്തരവാദിത്തം നഗരസഭ യുടേതാണെന്ന് അഭിപ്രായപ്പെട്ട സമിതി ദൈവത്താർകണ്ടി ഗവൺമെന്റ് യു.പി. സ്കൂളിന്റെ**

**ഭൗതിക സൗകര്യങ്ങൾ നവീകരിക്കുന്നതിനും അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും കണ്ണൂർ നഗരസഭ അധികൃതർ വേണ്ടത്ര പ്രാധാന്യം നൽകുന്നില്ലെന്ന് നിരീക്ഷിക്കുന്നു.**

**14. നിലവിൽ ദൈവത്താർകണ്ടി ഗവൺമെന്റ് യു. പി. സ്കൂൾ കെട്ടിടം പ്രവർത്തിക്കുന്നതിന്റെ സമീപത്തുതന്നെ സ്വന്തമായി സ്ഥലം കണ്ടെത്തുന്നതിനാവശ്യമായ അടിയന്തര നടപടി സ്വീകരിച്ച് ആയതിന്മേലുള്ള റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.**

**15. തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നുള്ള മറുപടിയുടെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ പാനൂർ നഗരസഭയിൽ ഉൾപ്പെട്ട കരിയാട് ഗ്രാമപഞ്ചായത്തിലെ ഗവ. യു.പി. സ്കൂളുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**സ്കൂൾ കെട്ടിടങ്ങളുടെ അവസ്ഥ ശോചനീയം**

**യു.പി.സ്കൂൾ കെട്ടിടം 2 വാർഡുകളിലായി 3 കിലോമീറ്റർ അകലത്തിൽ**

കണ്ണൂർ ജില്ലയിലെ കോളയാട് ഗ്രാമപഞ്ചായത്തിലെ 2 വാർഡുകളിലായാണ് മേനച്ചോടി ഗവ.യു.പി.സ്കൂൾ സ്ഥിതി ചെയ്യുന്നത്. ഒന്നു മുതൽ അഞ്ചുവരെ ക്ലാസ്സുകൾ മേനച്ചോടിയിലെ കെട്ടിടങ്ങളിലും 6,7 ക്ലാസ്സുകൾ മേനച്ചോടിയിൽ നിന്നും ഏതാണ്ട് 3 കിലോമീറ്റർ അകലെ ആര്യപ്പറമ്പിലുമാണ് പ്രവർത്തിക്കുന്നത്. എന്നാൽ മേനച്ചോടിയിലുള്ള കെട്ടിടത്തിലാണ് ഓഫീസ് പ്രവർത്തിക്കുന്നത്. കളിസ്ഥലം ആര്യപ്പറമ്പിൽ സ്ഥിതി ചെയ്യുന്നതുകൊണ്ട് സ്കൂളിലെ ഒന്നു മുതൽ അഞ്ച് വരെയുള്ള കുട്ടികൾക്ക് ഇത് കൊണ്ടുള്ള പ്രയോജനം ലഭിക്കുന്നില്ല. കമ്പ്യൂട്ടർ ലാബും ലൈബ്രറി പുസ്തകങ്ങളും മേനച്ചോടിയിലെ കെട്ടിടത്തിലായതിനാൽ ഇതിന്റെ പ്രയോജനം ആര്യപ്പറമ്പിലെ കുട്ടികൾക്കും ലഭിക്കുന്നില്ല. സ്കൂൾ കെട്ടിടങ്ങൾ തമ്മിലുള്ള അകലം 3 കിലോമീറ്റർ ആയതിനാൽ പ്രധാന അധ്യാപികയ്ക്ക് മേൽനോട്ടം നടത്തുന്നതിന് പ്രയാസം നേരിടുന്നുണ്ട്.

കണ്ണൂർ ജില്ലാപഞ്ചായത്തിലെ ചെറുകുന്ന് ഗവൺമെന്റ് ഹയർ സെക്കൻഡറി (ബോയ്സ്) സ്കൂളിലെ 5-ാം ക്ലാസ്സ് മുതൽ +2 വരെയുള്ള ക്ലാസ്സുകൾ നടത്താൻ നിലവിലുള്ള ക്ലാസ്സ് മുറികൾ പര്യാപ്തമല്ല. തകർച്ച ഭീഷണി നേരിടുന്ന കെട്ടിടത്തിന്റെ ഒരു ഭാഗത്ത് മാത്രമാണ് നിലവിൽ ക്ലാസ്സുകൾ നടക്കുന്നത്.

## ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഇല്ലാത്ത കെട്ടിടങ്ങളിൽ ക്ലാസ്സ് റൂമുകൾ പ്രവർത്തിക്കുന്നു

കണ്ണൂർ ജില്ലയിലെ കരിയാട് ഗ്രാമപഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള പുതുശ്ശേരി ഗവൺമെന്റ് യു.പി.സ്കൂൾ 1984-ൽ ഫ്ളഡ് റിലീഫ് ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ച കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. കോൺക്രീറ്റ് മേൽക്കൂരയുള്ള കെട്ടിടം തകർച്ചയുടെ വക്കിലാണ്. ഇതിന്റെ പല ഭാഗങ്ങളും തകർന്ന് കോൺക്രീറ്റിന് ഉപയോഗിച്ച കമ്പി പുറത്തു കാണുന്ന നിലയിലാണ്. എങ്കിലും പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയർ ഈ സ്കൂളിന് 30-5-2012-ന് ഫിറ്റ്നസ് അനുവദിച്ചതായി കാണുന്നു.

ഇതേ ഗ്രാമപഞ്ചായത്തിലെ ഗവൺമെന്റ് യു.പി. സ്കൂൾ പ്രവർത്തിക്കുന്നത് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭ്യമാക്കാത്ത വാടകകെട്ടിടത്തിലാണ്. കെട്ടിടത്തിന്റെ ഓട് മേഞ്ഞ മേൽക്കൂര തകർച്ചയുടെ വക്കിലാണ്. ഹെഡ്മാസ്റ്റർ, അധ്യാപകർ തുടങ്ങിയ ജീവനക്കാർക്ക് ഇരിക്കാനും, പഠനോപകരണങ്ങൾ, ലൈബ്രറി പുസ്തകങ്ങൾ, കളിയുപകരണങ്ങൾ എന്നിവ സൂക്ഷിക്കുന്നതിനും കൂടി ഏകദേശം 360 ചതുരശ്ര അടി മാത്രം വിസ്തീർണ്ണമുള്ള ഹാളാണുള്ളത്. ചോർന്നൊലിക്കുന്ന ഈ കെട്ടിടത്തിലാണ് കമ്പ്യൂട്ടർ, പ്രിന്റർ ഉൾപ്പെടെ ഫർണിച്ചറുകളും സൂക്ഷിച്ചിരിക്കുന്നത്. ക്ലാസ്സുകൾ തൊട്ടടുത്ത മദ്രസ കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്.

## അപകടാവസ്ഥയിലുള്ള കെട്ടിടങ്ങൾ പൊളിച്ചുനീക്കിയില്ല

വിദ്യാലയങ്ങളുടെ കോമ്പൗണ്ടുകളിൽ വർഷങ്ങളുടെ പഴക്കമുള്ളതും ഫിറ്റ്നസ് ഇല്ലാത്തതുമായ കെട്ടിടങ്ങൾ നിലനിൽക്കുന്നുണ്ടെന്ന് പ്രാദേശികപരിശോധനയിൽ വ്യക്തമായി. ഇത്തരം കെട്ടിടങ്ങൾ പൊളിച്ചുനീക്കി വിദ്യാലയങ്ങൾക്ക് സ്ഥലസൗകര്യം ഒരുക്കുകയോ ആവശ്യമെങ്കിൽ പുതിയ കെട്ടിടം നിർമ്മിക്കുകയോ ചെയ്യേണ്ടതാണ്.

കണ്ണൂർ നഗരസഭയിലെ ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂൾ ഫോർ ഗേൾസിൽ പ്രൈമറി വിഭാഗത്തിന്റെ സമീപത്തായി രണ്ട് കെട്ടിടങ്ങൾ അപകടാവസ്ഥയിലാണ് സ്ഥിതി ചെയ്യുന്നത്. വർഷങ്ങൾക്ക് മുമ്പ് തന്നെ നഗരസഭയിലെ എഞ്ചിനീയറിംഗ് വിഭാഗം ഈ കെട്ടിടം അൺഫിറ്റാണെന്ന് സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ട്. അപകടാവസ്ഥയിലായ ഈ കെട്ടിടത്തിന്റെ വളരെയടുത്തായാണ് പ്രൈമറി വിഭാഗത്തിലെ ഒന്നാം ക്ലാസ്സ് മുതലുള്ള കുട്ടികൾ പഠിക്കുന്നത്. കുട്ടികളുടെ ജീവന് തന്നെ ഭീഷണിയായ മേൽ കെട്ടിടങ്ങൾ നാളിതുവരെ പൊളിച്ചുനീക്കിയിട്ടില്ല.

**പല സർക്കാർ സ്കൂൾ കെട്ടിടങ്ങളും ചുറ്റുമതിൽ കെട്ടി സംരക്ഷിച്ചിട്ടില്ല**

കണ്ണൂർ ജില്ലാപഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള 71 സ്കൂളുകളിൽ 33 സ്കൂളുകൾക്ക് ഭാഗികമായി മാത്രമാണ് ചുറ്റുമതിൽ ഉള്ളത്. ചുറ്റുമതിൽ ഉള്ള 34 സ്കൂളുകളിൽ തന്നെ 15 സ്കൂളുകളുടെ ചുറ്റുമതിൽ തകർന്ന നിലയിലുമാണ്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2013-14-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക 5.2.4.2)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

16. യു. പി. സ്കൂൾ കെട്ടിടം 2 വാർഡുകളിലായി 3 കിലോമീറ്റർ അകലത്തിലെന്ന ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട് കോളയാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് എന്താണ് വ്യക്തമാക്കാനുള്ളതെന്ന് സമിതി ആരാഞ്ഞു. നിലവിൽ മേനച്ചോടി ഗവൺമെന്റ് യു.പി. സ്കൂൾ കെട്ടിടത്തിൽ ആവശ്യത്തിന് മുറികൾ കൂട്ടിച്ചേർത്ത് ആര്യപ്പറമ്പിലെ ക്ലാസ്സുകൾകൂടി അവിടേക്ക് മാറ്റി പ്രവർത്തിക്കുന്നുണ്ടെന്നും ആര്യപ്പറമ്പിലെ സ്കൂൾ കെട്ടിടത്തിൽ ബഡ്സ് സ്കൂൾ പ്രവർത്തിച്ചുവരുന്നുണ്ടെന്നും കോളയാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി.

17. മേനച്ചോടി ഗവൺമെന്റ് യു.പി. സ്കൂൾ കെട്ടിടത്തിന്റെ ഒന്നാം നിലയിൽ ക്ലാസ് മുറികൾ കൂട്ടിച്ചേർത്ത് വിപുലീകരിച്ചിട്ടുണ്ടെങ്കിലും മേൽക്കൂര ഷീറ്റ് മേഞ്ഞതായതിനാൽ കടുത്ത വേനൽക്കാലത്ത് കുട്ടികൾക്ക് ഇരിക്കാൻ സാധിക്കാത്ത സ്ഥിതിയാണുള്ളതെന്ന് വ്യക്തമാക്കിയ സമിതി ഇതുസംബന്ധിച്ച് എന്താണ് മറുപടി നൽകാനുള്ളതെന്ന് ആരാഞ്ഞു. മേനച്ചോടി സ്കൂളിന്റെ മുകളിലത്തെ നിലയിലെ ഷീറ്റ് മാറ്റി കോൺക്രീറ്റ് ചെയ്യുന്നതിന് ബ്ലോക്ക് പഞ്ചായത്തിന് പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ടെന്ന് കോളയാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറി വ്യക്തമാക്കി.

18. ഇതുസംബന്ധിച്ച പ്രൊപ്പോസൽ 2024-25-ലെ പ്രോജക്ടിലുൾപ്പെടുത്തിയിട്ടുണ്ടോ എന്ന് സമിതി ആരാഞ്ഞതിന് അതറിയില്ലെന്നും എസ്റ്റിമേറ്റ് നേരത്തെ സമർപ്പിച്ചിട്ടുള്ളതാണെന്നും കോളയാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു. ഇതുസംബന്ധിച്ച വിശദമായ റിപ്പോർട്ട് ഒരു മാസത്തിനുള്ളിൽ ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

19. തദ്ദേശ സ്വയംഭരണ വകുപ്പിൽനിന്നും ലഭ്യമാക്കിയ മറുപടിയുടെയും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഇല്ലാത്ത കെട്ടിടങ്ങളിൽ ക്ലാസ്സ് റൂമുകൾ പ്രവർത്തിക്കുന്നുവെന്ന ഓഡിറ്റ് ഖണ്ഡികയിലെ കണ്ണൂർ ജില്ലയിലെ കരിയാട് ഗ്രാമപഞ്ചായത്തിന്റെ (പാനൂർ നഗരസഭ) നിയന്ത്രണത്തിലുള്ള പുതുശ്ശേരി ഗവൺമെന്റ് യു. പി., ഗവൺമെന്റ് യു.പി. എന്നീ സ്കൂളുകളുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

20. അപകടാവസ്ഥയിലുള്ള കെട്ടിടങ്ങൾ പൊളിച്ചുനീക്കിയില്ലെന്ന ഓഡിറ്റ് ഖണ്ഡികയിലെ കണ്ണൂർ നഗരസഭയെ സംബന്ധിച്ച ഓഡിറ്റ് പരാമർശം വന്ന് പത്ത് വർഷം കഴിഞ്ഞിട്ടും ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂൾ ഫോർ ഗേൾസിൽ അപകടാവസ്ഥയിലായ കെട്ടിടങ്ങൾ പൊളിച്ചുമാറ്റാത്തത് എന്തുകൊണ്ടാണെന്ന് സമിതി ആരാഞ്ഞതിന് പ്രസ്തുത കെട്ടിടങ്ങൾ പൊളിച്ചുമാറ്റുന്നതിനുള്ള ലേല നടപടികൾ അംഗീകാരത്തിനായി കൗൺസിൽ മുമ്പാകെ സമർപ്പിച്ചിരിക്കുകയാണെന്നും അംഗീകാരം ലഭ്യമായാലുടൻ തന്നെ തുടർനടപടി സ്വീകരിക്കുന്നതാണെന്നും കണ്ണൂർ മുനിസിപ്പൽ കോർപ്പറേഷൻ അക്കൗണ്ട്സ് ഓഫീസർ മറുപടി നൽകി.

21. ഇത്തരം വിഷയങ്ങൾ അടിയന്തരയോഗം ചേർന്ന് തീരുമാനിക്കേണ്ടതല്ലേയെന്നും കെട്ടിടങ്ങൾ തകർന്ന് കുട്ടികൾക്ക് എന്തെങ്കിലും സംഭവിച്ചാൽ സെക്രട്ടറി ഉൾപ്പെടെയുള്ളവർ ശിക്ഷിക്കപ്പെടില്ലേയെന്നും സമിതി ആരാഞ്ഞതിന് പെരുമാറ്റച്ചട്ടം നിലവിലുള്ളതിനാൽ ലേല നടപടികൾ പൂർത്തിയാക്കാൻ രണ്ട് മാസം വേണ്ടിവരുമെങ്കിലും വിദ്യാർഥികളുടെ ജീവനുതന്നെ ഭീഷണിയായ ഇത്തരം വിഷയങ്ങളിൽ കൗൺസിലിന്റെ മുൻകൂർ അനുമതിയോടെ ചെയർമാന് അനുമതി നൽകാൻ സാധിക്കുമെന്നും പിന്നീടത് കൗൺസിൽ സാധൂകരിച്ചാൽമതിയാകുമെന്നും അതുമല്ലെങ്കിൽ ലേലനടപടികൾ സ്വീകരിച്ചതിനാൽ കോർപ്പറേഷൻ എഞ്ചിനീയർക്ക് നിയമങ്ങൾ പാലിച്ചുകൊണ്ട് കെട്ടിടങ്ങൾ പൊളിക്കാൻ സാധിക്കുന്നതാണെന്നും തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ഡയറക്ടർ തദവസരത്തിൽ ബോധിപ്പിച്ചു.

22. പ്രസ്തുത കെട്ടിടങ്ങൾ അടിയന്തരമായി പൊളിച്ചുമാറ്റി ഓഡിറ്റ് വകുപ്പിന് ഒരു മാസത്തിനുള്ളിൽ റിപ്പോർട്ട് സമർപ്പിക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

23. കണ്ണൂർ ജില്ലാപഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള സ്കൂളുകളിൽ ചുറ്റുമതിൽ നിർമ്മാണം പൂർത്തീകരിക്കാത്തതിന് കാരണമെന്താണെന്ന് സമിതി ആരാഞ്ഞു. കണ്ണൂർ ജില്ലാപഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള 72 സ്കൂളുകളിൽ 26 സ്കൂളുകൾക്ക് പൂർണ്ണമായും 37 സ്കൂളുകൾക്ക് ഭാഗികമായും ചുറ്റുമതിൽ നിർമ്മിച്ചിട്ടുണ്ടെന്നും 9 സ്കൂളുകൾക്കുകൂടി ചുറ്റുമതിൽ നിർമ്മിക്കേണ്ടതുണ്ടെന്നും സ്കൂളുകളിൽ ഫർണിച്ചർ, ക്ലാസ് മുറികൾ, ടോയ്‌ലറ്റ് തുടങ്ങിയവയ്ക്ക് മുൻഗണന നൽകിയതിനാലാണ് ചുറ്റുമതിൽ നിർമ്മാണം പൂർത്തിയാക്കാൻ സാധിക്കാത്തതെന്നും 2024-25 സാമ്പത്തിക വർഷം പ്രസ്തുത പ്രവൃത്തിയുടെ പൂർത്തീകരണത്തിനായി 4 കോടി രൂപ നീക്കിവച്ചിട്ടുണ്ടെന്നും കണ്ണൂർ ജില്ലാപഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി. ചുറ്റുമതിൽ നിർമ്മാണം സംബന്ധിച്ച അന്തിമ റിപ്പോർട്ട് ഒരു മാസത്തിനുള്ളിൽ സമർപ്പിക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

## നിഗമനങ്ങളും ശിപാർശകളും

24. കോളയാട് ഗ്രാമപഞ്ചായത്തിലെ മേനച്ചോടി ഗവൺമെന്റ് യു.പി. സ്കൂൾ കെട്ടിടത്തിന്റെ ഒന്നാം നിലയിൽ കൂട്ടിച്ചേർത്ത ക്ലാസ് മുറികളുടെ നിലവിലെ ഷീറ്റ് മേൽക്കൂര മാറ്റി കോൺക്രീറ്റ് ചെയ്തതിന് ശേഷം പ്രസ്തുത വിഷയത്തിന്മേൽ വിശദമായ റിപ്പോർട്ട് അടിയന്തരമായി ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

25. തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നുള്ള മറുപടിയുടെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഇല്ലാത്ത കെട്ടിടങ്ങളിൽ ക്ലാസ്സ് റൂമുകൾ പ്രവർത്തിക്കുന്നുവെന്ന ഓഡിറ്റ് ഖണ്ഡികയിലെ കരിയാട് ഗ്രാമപഞ്ചായത്തിന്റെ (പാനൂർ നഗരസഭ) നിയന്ത്രണത്തിലുള്ള പുതുശ്ശേരി ഗവൺമെന്റ് യു. പി. സ്കൂളുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

26. തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നുള്ള മറുപടിയുടെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഇല്ലാത്ത കെട്ടിടങ്ങളിൽ ക്ലാസ്സ് റൂമുകൾ പ്രവർത്തിക്കുന്നുവെന്ന ഓഡിറ്റ് ഖണ്ഡികയിലെ കരിയാട് ഗ്രാമപഞ്ചായത്തിലെ ഗവൺമെന്റ് യു.പി. സ്കൂളുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

27. കണ്ണൂർ നഗരസഭയെ സംബന്ധിച്ച ഓഡിറ്റ് പരാമർശം വന്ന് പത്ത് വർഷം കഴിഞ്ഞിട്ടും ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂൾ ഫോർ ഗേൾസിൽ അപകടാവസ്ഥയിലായ കെട്ടിടങ്ങൾ പൊളിച്ചുമാറ്റാത്തതിൽ സമിതി ആശങ്ക രേഖപ്പെടുത്തുന്നു.

28. കണ്ണൂർ നഗരസഭയിലെ ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂൾ ഫോർ ഗേൾസിൽ പ്രൈമറി വിഭാഗത്തിന്റെ സമീപത്തായി അപകടാവസ്ഥ യിലുള്ള കെട്ടിടങ്ങൾ അടിയന്തരമായി പൊളിച്ചുമാറ്റി ഓഡിറ്റ് വകുപ്പിന് ഒരു മാസത്തിനുള്ളിൽ റിപ്പോർട്ട് സമർപ്പിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

29. കണ്ണൂർ ജില്ലാപഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള സ്കൂളുകളിൽ ചുറ്റുമതിൽ നിർമ്മിക്കാൻ അവശേഷിക്കുന്നതിൽ, ആയതിന്റെ നിർമ്മാണം പൂർത്തീകരിച്ച് അന്തിമ റിപ്പോർട്ട് ഒരു മാസത്തിനുള്ളിൽ സമർപ്പിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

ഓഡിറ്റ് ഖണ്ഡിക

**ഉച്ചഭക്ഷണവിതരണം-അനുബന്ധ സൗകര്യങ്ങൾ അപര്യാപ്തം**

കണ്ണൂർ നഗരസഭയിലെ ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂൾ ഫോർ ഗേൾസ് ഹൈസ്കൂൾ വിഭാഗത്തിന്റെ ഭാഗമായുള്ള കഞ്ഞിപ്പുര അപകടാവസ്ഥയിലാണ് സ്ഥിതി ചെയ്യുന്നത്. കഞ്ഞിപ്പുരയുടെ തൂണുകൾ പഴകി ദ്രവിച്ചിരിക്കുന്നു. തൂണുകളിൽ നിന്ന് സിമന്റ് അടർന്ന് വീണ് കെട്ടിടം ഏതു സമയത്തും നിലംപൊത്താവുന്ന അവസ്ഥയിലാണ്.

പാചകപ്പുര സ്കൂൾ കെട്ടിടത്തോട് ചേർന്ന് പ്രവർത്തിക്കുവാൻ പാടില്ല എന്ന് തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 19-3-2010-ലെ 17565/ഡി.ബി.2/2010/തസ്വഭവ. സർക്കുലറിൽ നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ സ്ഥലസൗകര്യങ്ങളുടെ പരിമിതിമൂലം ഭൂരിഭാഗം സ്കൂളുകളിലും ക്ലാസ്സ് റൂമിനോട് ചേർന്നാണ് പാചകപ്പുര ഉള്ളത്.

കണ്ണൂർ ജില്ലയിലെ മൊകേരി ഗ്രാമപഞ്ചായത്തിലെ മൊകേരി ഈസ്റ്റ് ഗവൺമെന്റ് യു.പി. സ്കൂളിൽ, കെട്ടിടത്തിനുള്ളിൽ ക്ലാസ്സ് മുറിയോട് ചേർന്ന മുറിയിലാണ് പാചകം ചെയ്യുന്നത്. സ്കൂൾ മെയിന്റനൻസ് ഗ്രാന്റുപയോഗിച്ച് 2011-12 കാലയളവിൽ ഒരു പാചകപ്പുരയും സ്റ്റോർ മുറിയും വിറകുപുരയും നിർമ്മിച്ചിട്ടുണ്ടെങ്കിലും അടുപ്പ് നിർമ്മിക്കാത്തതുകൊണ്ട് ഈ പാചകപ്പുരയും സ്റ്റോർ മുറിയും ഉപയോഗിക്കുന്നില്ല. അടുക്കളക്കായി നിർമ്മിച്ച മുറികൾ ക്ലാസ്സ് മുറികളായിട്ടാണ് ഉപയോഗിക്കുന്നത്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2013-14-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക 5.2.4.6)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

30. കണ്ണൂർ നഗരസഭയിലെ ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂൾ ഫോർ ഗേൾസുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശത്തിന്റെ നിലവിലെ സ്ഥിതിയെന്താണെന്ന് സമിതി ആരാഞ്ഞതിന് കണ്ണൂർ ഗവൺമെന്റ് വൊക്കേഷണൽ ഹയർസെക്കൻഡറി സ്കൂൾ ഫോർ ഗേൾസ്, ഹൈസ്കൂൾ വിഭാഗത്തിന്റെ ഭാഗമായുള്ള പഴയ കഞ്ഞിപ്പുര നിലവിൽ ഉപയോഗിക്കുന്നില്ലെന്നും ആയത് പൊളിച്ചുമാറ്റുന്നതിനുള്ള ലേലനടപടികൾ കൗൺസിൽ മുമ്പാകെ അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുകയാണെന്നും പ്രസ്തുത നടപടികൾ പൂർത്തീകരിച്ച് ഒരു മാസത്തിനുള്ളിൽ കഞ്ഞിപ്പുര പൊളിച്ച് മാറ്റുന്നതാണെന്നും കണ്ണൂർ മുനിസിപ്പൽ കോർപ്പറേഷൻ അക്കൗണ്ട്സ് ഓഫീസർ സമിതി മുമ്പാകെ ബോധിപ്പിച്ചു. ഒരു മാസത്തിനകം നടപടി സ്വീകരിച്ച് ആയതിന്മേലുള്ള റിപ്പോർട്ട് സമർപ്പിക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

31. തദ്ദേശ സ്വയംഭരണ വകുപ്പിൽനിന്നും ലഭ്യമാക്കിയ മറുപടിയുടെയും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ കണ്ണൂർ ജില്ലയിലെ മൊകേരി ഗ്രാമപഞ്ചായത്തിലെ മൊകേരി ഗവൺമെന്റ് യു.പി. സ്കൂളുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

**നിഗമനങ്ങളും ശിപാർശകളും**

**32. കണ്ണൂർ ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂൾ ഫോർ ഗേൾസിൽ ഉപയോഗിച്ചുകൊണ്ടിരുന്ന ഹൈസ്കൂൾ വിഭാഗത്തിന്റെ ഭാഗമായുള്ള കഞ്ഞിപ്പുര പൊളിച്ച് മാറ്റുവാനുള്ള നടപടി സ്വീകരിച്ച് ഒരു മാസത്തിനകം റിപ്പോർട്ട് സമർപ്പിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.**

**33. തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നുള്ള മറുപടിയുടെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ കണ്ണൂർ ജില്ലയിലെ മൊകേരി ഗ്രാമപഞ്ചായത്തിലെ മൊകേരി ഈസ്റ്റ് ഗവൺമെന്റ് യു. പി. സ്കൂളുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**സ്കൂളുകളിലെ ശുദ്ധജലവിതരണം കാര്യക്ഷമമല്ല**

കേരള വിദ്യാഭ്യാസ നിയമത്തിലെ 34(എ) വകുപ്പ്, 19-12-2011-ലെ നമ്പർ 63384/ഡി.ബി.2/11/തസ്വഭവ. സർക്കുലർ എന്നിവ പ്രകാരം സംസ്ഥാനത്തെ എല്ലാ സർക്കാർ സ്കൂളുകളിലും ശുദ്ധജലം ലഭ്യമാക്കേണ്ടത് തദ്ദേശ ഭരണസ്ഥാപനങ്ങളുടെ ഉത്തരവാദിത്വമായിരിക്കുമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

കണ്ണൂർ ജില്ലാപഞ്ചായത്തിലെ ചെറുകുന്ന് ഗവൺമെന്റ് വെൽഫെയർ ഹയർ സെക്കൻഡറി സ്കൂളിൽ സ്വന്തമായി കിണർ ഉണ്ടെങ്കിലും ജലം ഉപയോഗ്യമല്ല. സ്കൂളിൽ 5 മഴവെള്ള സംഭരണികൾ നിർമ്മിച്ചിട്ടുണ്ടെങ്കിലും ഇതിൽ ശേഖരിക്കപ്പെടുന്ന വെള്ളം സ്കൂൾ കുട്ടികളുടെ ആവശ്യങ്ങൾക്ക് പര്യാപ്തമല്ല. 2 കിലോമീറ്ററോളം അകലെയുള്ള പഞ്ചായത്ത് കിണറിൽ നിന്ന് പൈപ്പ് മാർഗ്ഗമാണ് ഇപ്പോൾ ഈ സ്കൂളിൽ വെള്ളം എത്തിക്കുന്നത്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2013-14-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക 5.2.4.7)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

34. തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നും ലഭ്യമാക്കിയ മറുപടിയുടെയും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ കണ്ണൂർ ജില്ലാപഞ്ചായത്തിലെ ചെറുകുന്ന് ഗവൺമെന്റ് വെൽഫെയർ ഹയർ സെക്കൻഡറി സ്കൂളുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

**നിഗമനങ്ങളും ശിപാർശകളും**

**35. തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നുള്ള മറുപടിയുടെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ കണ്ണൂർ ജില്ലാപഞ്ചായത്തിലെ ചെറുകുന്ന് ഗവൺമെന്റ് വെൽഫെയർ ഹയർ സെക്കൻഡറി സ്കൂളുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**ടോയ്‌ലറ്റ് സൗകര്യങ്ങൾ ശോചനീയം**

ടോയ്‌ലറ്റ് സൗകര്യമില്ലാത്ത നൂറുകണക്കിന് സർക്കാർ സ്കൂളുകളാണ് കേരളത്തിലുള്ളതെന്ന് കണക്കുകൾ വ്യക്തമാക്കുന്നു. സ്കൂളുകളിൽ വിദ്യാർഥികളുടെ എണ്ണത്തിന് ആനുപാതികമായി ശുചിത്വമുള്ള ടോയ്‌ലറ്റുകൾ ഏർപ്പെടുത്തുവാൻ തദ്ദേശ ഭരണസ്ഥാപനങ്ങൾക്ക് കഴിഞ്ഞിട്ടില്ല. ശുചിത്വമുള്ള ടോയ്‌ലറ്റുകളുടെ അഭാവം ഒട്ടേറെ ആരോഗ്യപ്രശ്നങ്ങൾക്ക് കാരണമാകുന്നു. കുട്ടികളിൽ ശുചിത്വബോധം വളർത്തിയെടുക്കാൻ സ്കൂളുകളിലെ ശുചിത്വമുള്ള ടോയ്‌ലറ്റുകൾ അനിവാര്യമാണ്.

കണ്ണൂർ നഗരസഭയിലെ ഗവൺമെന്റ് ടി.ടി.ഐ.(മെൻ)-ലെ ടോയ്‌ലറ്റുകൾക്ക് സെപ്റ്റിക്ക് ടാങ്ക് നിർമ്മിച്ചിട്ടില്ല. മാലിന്യം പുറത്ത് പോകാൻ വഴിയില്ലാത്തതുകൊണ്ടുള്ള അനാരോഗ്യപരമായ ചുറ്റുപാടിൽ ഇത് ഉപയോഗിക്കുവാൻ സാധിക്കുന്നില്ല.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2013-14-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക 5.2.4.8)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം-II ആയി ചേർത്തിരിക്കുന്നു.

36. തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നും ലഭ്യമാക്കിയ മറുപടിയുടെയും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ കണ്ണൂർ നഗരസഭയിലെ ഗവൺമെന്റ് ടി.ടി.ഐ.(മെൻ)-നുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

**നിഗമനങ്ങളും ശിപാർശകളും**

**37. തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നുള്ള മറുപടിയുടെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ കണ്ണൂർ നഗരസഭയിലെ ഗവൺമെന്റ് ടി.ടി.ഐ.(മെൻ)-മായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**സ്കൂളുകളിലെ ലാബ് സൗകര്യങ്ങൾ അപര്യാപ്തം**

തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടെ നിയന്ത്രണത്തിലുള്ള പ്രൈമറി/സെക്കന്ററി/ ഹയർ സെക്കൻഡറി സ്കൂളുകളിൽ വിവിധ ലബോറട്ടറികൾ സ്ഥാപിക്കുന്നതിനും നിലവിലുള്ള ലബോറട്ടറികളുടെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും മെയിന്റനൻസ് ഫണ്ട് വിനിയോഗിക്കാവുന്നതാണെന്ന് 22-3-2007-ലെ 9484/പി.1/07/തസ്വഭവ, 21-5-2009-ലെ 5621/എഫ്.എം.1/2009/തസ്വഭവ. നമ്പർ സർക്കുലറുകൾ പ്രകാരം വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അധീനതയിലുള്ള സ്കൂളുകളിൽ ലബോറട്ടറി സ്ഥാപിക്കുന്നതിന് തുക വകയിരുത്തുകയോ ചെലവാക്കുകയോ ചെയ്യുന്നില്ല.

കണ്ണൂർ ജില്ലയിലെ കരിയാട് ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള സ്കൂളുകളിൽ ലബോറട്ടറി നവീകരണത്തിന് പതിനൊന്നാം പദ്ധതി കാലയളവിലും 12-ാം പദ്ധതിയുടെ ആദ്യവർഷവും തുക വകയിരുത്തുകയോ ചെലവഴിക്കുകയോ ചെയ്തിട്ടില്ല. ഗവൺമെന്റ് യു.പി.എസ്. പുതുശ്ശേരിയിൽ സയൻസ് ലാബിലേക്ക് ആവശ്യമുള്ള ഉപകരണങ്ങളൊന്നും തന്നെയില്ല.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2013-14-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക 5.2.4.11)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

38. തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നും ലഭ്യമാക്കിയ മറുപടിയുടെയും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ കണ്ണൂർ ജില്ലയിലെ കരിയാട് ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള സ്കൂളുകളുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

**നിഗമനങ്ങളും ശിപാർശകളും**

**39. തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നുള്ള മറുപടിയുടെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ കണ്ണൂർ ജില്ലയിലെ കരിയാട് ഗ്രാമപഞ്ചായത്തിന്റെ (പാനൂർ നഗരസഭ) അധീനതയിലുള്ള സ്കൂളുകളുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**വിവരസാങ്കേതിക വിദ്യക്ക് വേണ്ടത്ര പ്രാധാന്യം നൽകുന്നില്ല**

വിദ്യാഭ്യാസരംഗത്തിന്റെ മുഖഛായ മാറ്റുന്നതിനും മെച്ചപ്പെട്ട വിദ്യാഭ്യാസം കുറഞ്ഞ ചെലവിൽ കുട്ടികൾക്ക് ലഭ്യമാക്കുന്നതിനുമായി വിദ്യാഭ്യാസ വകുപ്പ് വിവരസാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തി പല പദ്ധതികളും 2001 മുതൽ തന്നെ ആരംഭിച്ചിട്ടുണ്ട്. ഇതിൽ പ്രധാനപ്പെട്ടവയാണ് ഐ.ടി.@സ്കൂൾ, ഐ.സി.റ്റി. മുതലായവ. ഈ പദ്ധതികൾ വഴി ഐ.ടി. മേഖലയിലെ പ്രാവീണ്യം മാത്രമല്ല, മറ്റ് പാഠ്യവിഷയങ്ങളിൽ കൂടി ഐ.ടി. വിദ്യാഭ്യാസത്തിന്റെ അനന്ത സാദ്ധ്യതകൾ പ്രയോജനപ്പെടുത്തി വിദ്യാഭ്യാസം കൂടുതൽ കാര്യക്ഷമമാക്കുവാൻ സാധിക്കുന്നു. 12-ാം പദ്ധതി മാർഗ്ഗരേഖയിലെ ജി.ഒ.(എം.എസ്.) 248/2012/തസ്വഭവ. 29-9-2012 പ്രകാരം സർക്കാർ സ്കൂളുകളിൽ ഐ.ടി.@സ്കൂൾ പ്രോജക്ടുകൾക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പശ്ചാത്തല സൗകര്യങ്ങൾ ഏർപ്പെടുത്താവുന്നതാണ്. ഇതിലേയ്ക്കായി സ്കൂളുകളിൽ ആധുനിക രീതിയിലുള്ള സ്മാർട്ട് ക്ലാസ്സ് റൂമുകൾ, തീയറ്ററുകൾ തുടങ്ങിയവ സജ്ജമാക്കുക, വിക്ടേഴ്സ് എഡ്യൂക്കേഷൻ ചാനൽ, എഡ്യുസാറ്റ് നെറ്റ്‌വർക്ക് എന്നിവ ലഭ്യമാക്കുക തുടങ്ങിയ പ്രവൃത്തികൾ സ്കൂളുകളിൽ നടപ്പിലാക്കേണ്ടതാണ്.

പ്രൈമറിതലം മുതൽ തന്നെ കമ്പ്യൂട്ടർ പഠനം ഒരു വിഷയമായി ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും ഭൂരിഭാഗം സ്കൂളുകളിലും അതിന്റെ അടിസ്ഥാനപരമായ പ്രായോഗിക പരിശീലനം നൽകുന്നതിന് സംവിധാനമില്ല. തെരഞ്ഞെടുത്ത തദ്ദേശ ഭരണസ്ഥാപനങ്ങളുടെ പ്രാദേശിക പരിശോധനയിൽ കുട്ടികളുടെ എണ്ണത്തിന് ആനുപാതികമായി കമ്പ്യൂട്ടറുകളും ഇന്റർനെറ്റ്, പ്രൊജക്ടർ, സ്ക്രീൻ തുടങ്ങിയ ആധുനിക സൗകര്യങ്ങളോടുകൂടിയ കമ്പ്യൂട്ടർ ലാബും ഭൂരിഭാഗം സ്കൂളുകളിലും ഇല്ല എന്ന് വ്യക്തമായി. സ്കൂളുകളിൽ നിലവിലുള്ള കമ്പ്യൂട്ടറുകളിൽ പലതും പ്രവർത്തനക്ഷമമല്ല. മതിയായ പരിശീലനമോ, സാങ്കേതിക പരിജ്ഞാനമോ ഇല്ലാത്ത അധ്യാപകരാണ് ഭൂരിഭാഗം സ്കൂളുകളിലും കമ്പ്യൂട്ടർ ക്ലാസ്സുകൾ കൈകാര്യം ചെയ്യുന്നത്. കമ്പ്യൂട്ടർ പഠിപ്പിക്കുന്നതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങളും സ്കൂളുകളിൽ ഇല്ല. മിക്ക സ്കൂളുകളിലും സ്മാർട്ട് ക്ലാസ്സ് റൂമുകൾ സജ്ജീകരിച്ചിട്ടില്ല. ഉപയോഗശൂന്യമായ കമ്പ്യൂട്ടറുകൾ നീക്കം ചെയ്യാതെ കൂട്ടിയിട്ട നിലയിലും, റിപ്പയർ ചെയ്ത് ഉപയോഗിക്കാൻ കഴിയുന്നവ അതിനുള്ള നടപടികൾ സ്വീകരിക്കാതെ പ്രവർത്തനരഹിതമായി കിടക്കുന്നതായും കാണപ്പെട്ടു.

ആധുനിക ലോകത്ത് കമ്പ്യൂട്ടർ വിദ്യാഭ്യാസവും വിവരസാങ്കേതിക വിദ്യയും ഒഴിച്ചുകൂടാൻ പറ്റാത്ത അവസ്ഥയുള്ളപ്പോൾ സർക്കാർ സ്കൂളുകളിൽ പഠിക്കുന്ന വിദ്യാർഥികൾക്ക് മതിയായ സൗകര്യങ്ങൾ ഒരുക്കിക്കൊടുക്കേണ്ടത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ചുമതലയാണ്.

**വിദ്യാലയങ്ങളിലെ കമ്പ്യൂട്ടർ സംവിധാനങ്ങൾ**

| ജില്ല | തസ്വഭവ. സ്ഥാപനം | സ്കൂളിന്റെ പേര് | കുട്ടികളുടെ എണ്ണം | കമ്പ്യൂട്ടർ ലാബ് | കമ്പ്യൂട്ടറുകളുടെ എണ്ണം | പ്രവർത്തന ക്ഷമമായവ | കമ്പ്യൂട്ടർ പരിശീലനം നടത്താൻ പ്രത്യേക അധ്യാപകർ |
|---|---|---|---|---|---|---|---|
| കണ്ണൂർ | നഗരസഭ | ഗവ.വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂൾ ഫോർ ഗേൾസ് (ഹൈസ്കൂൾ വിഭാഗം) | 453 | ഉണ്ട് | 12 DT<br>3 LT | 4 DT<br>1 LT | ഇല്ല |
| | | ഗവ.സിറ്റി ഹയർ സെക്കൻഡറി സ്കൂൾ (ഹൈസ്കൂൾ വിഭാഗം) | 384 | ഉണ്ട് | 15 | 5 | ഇല്ല |

**അടിസ്ഥാന സൗകര്യങ്ങളില്ല-കമ്പ്യൂട്ടറുകൾ ഉപയോഗിക്കാതെ കൂട്ടി ഇട്ടിരിക്കുന്നു**

കണ്ണൂർ നഗരസഭയുടെ കീഴിലെ 19 വിദ്യാലയങ്ങളിൽ ഐ.ടി.@സ്കൂൾ പ്രോജക്ട്, എം.എൽ.എ. ഫണ്ട്, മുനിസിപ്പൽ ഫണ്ട്, എസ്.എസ്.എ. ഫണ്ട്, പി.ടി.എ. ഫണ്ട് തുടങ്ങിയവ ഉപയോഗിച്ച് കമ്പ്യൂട്ടറുകളും ലാപ്ടോപ്പുകളും 2009 വർഷം മുതൽ വാങ്ങിയിട്ടുണ്ട്. എന്നാൽ 90% കമ്പ്യൂട്ടറുകളും പ്രവർത്തനക്ഷമമല്ല.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2013-14-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക 5.2.4.12)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

40. തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നും ലഭ്യമാക്കിയ മറുപടിയുടെയും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ കണ്ണൂർ നഗരസഭയുടെ കീഴിലെ വിദ്യാലയങ്ങളുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

**നിഗമനങ്ങളും ശിപാർശകളും**

**41. തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നുള്ള മറുപടിയുടെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ കണ്ണൂർ നഗരസഭയുടെ കീഴിലെ വിദ്യാലയങ്ങളുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**സർക്കാർ വിദ്യാലയങ്ങളിലെ കൊഴിഞ്ഞുപോക്ക്**

വിവിധ വർഷങ്ങളിലെ കണക്കുകൾ പരിശോധിച്ചതിൽ സർക്കാർ സ്കൂളുകളിലെ വിദ്യാർഥികളുടെ എണ്ണത്തിൽ ക്രമാനുഗതമായ കുറവ് സംഭവിച്ചുകൊണ്ടിരിക്കുകയാണെന്ന് കാണുന്നു. സ്വകാര്യ ഇംഗ്ലീഷ് മീഡിയം സ്കൂളുകളുടെ കടന്നുകയറ്റമാണ് ഈ അവസ്ഥയ്ക്കു കാരണമായി ചൂണ്ടിക്കാണിക്കപ്പെടുന്നത്. സ്വകാര്യ സ്കൂളുകളോട് കിടപിടിക്കുന്ന രീതിയിൽ ഭൗതിക സാഹചര്യങ്ങൾ ഒരുക്കുന്നതിനും നൂതന അധ്യയന മാർഗ്ഗങ്ങൾ അവലംബിക്കുന്നതിനും ഗ്രാമപഞ്ചായത്ത്, സ്കൂൾ മാനേജ്മെന്റ് കമ്മിറ്റി എന്നിവ സജീവ പരിഗണന നൽകാത്തതാണ് ഈ അവസ്ഥയ്ക്ക് ഹേതുവായിട്ടുള്ളതെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

സർക്കാർ വിദ്യാലയങ്ങൾ 2000-മാണ്ട് വരെ മെച്ചപ്പെട്ട നിലയിൽ പ്രവർത്തിച്ച് വന്നിരുന്നു. എന്നാൽ 2000-ന് ശേഷം പൊതുവെയും ലോവർ പ്രൈമറി വിഭാഗത്തിൽ പ്രത്യേകിച്ചും കുട്ടികളുടെ അഥവാ ഡിവിഷനുകളുടെ എണ്ണത്തിലും ഒന്നാം ക്ലാസ്സിൽ പ്രവേശനം നേടുന്ന കുട്ടികളുടെ എണ്ണത്തിലും കുറവ് അനുഭവപ്പെട്ടിരുന്നു. സ്കൂൾ ബസ്, ഇംഗ്ലീഷ് മീഡിയം എന്നീ സൗകര്യങ്ങളുടെ അഭാവം അടിസ്ഥാന സൗകര്യങ്ങളുടെ കുറവ്, സ്വകാര്യ വിദ്യാലയങ്ങളുടെ കടന്നുകയറ്റം തുടങ്ങിയ കാരണങ്ങൾ ഇതുമായി ബന്ധപ്പെട്ട് എടുത്ത് കാട്ടാനുണ്ട്.

സർക്കാർ വിദ്യാലയങ്ങളിലെ രണ്ട് ദശാബ്ദങ്ങളിലെ വിദ്യാർഥികളുടെ എണ്ണം, ഡിവിഷനുകൾ, ഒന്നാം ക്ലാസ്സ് പ്രവേശനത്തിലെ കുട്ടികളുടെ എണ്ണം എന്നിവ പരിശോധനാവിധേയമാക്കിയതിൽ ചുവടെ പറയുന്ന കാര്യങ്ങളാണ് വ്യക്തമാകുന്നത്.

1. 50% മുതൽ 90% വരെ കുറവാണ് ആകെ കുട്ടികളുടെ എണ്ണത്തിൽ ഉണ്ടായിട്ടുള്ളത്.

2. ഡിവിഷനുകളുടെ എണ്ണത്തിലും 50% കുറവ് വന്നു.

3. 1-ാം ക്ലാസ്സ് പ്രവേശനം നേടുന്ന കുട്ടികളുടെ എണ്ണത്തിൽ 50% വരെ കുറവ് സംഭവിച്ചു.

**വിദ്യാർഥികളുടെ എണ്ണത്തിൽ ഗണ്യമായ കുറവ് - കാരണം വിശകലനം ചെയ്തിട്ടില്ല**

1995-96 അധ്യയനവർഷം കണ്ണൂർ ജില്ലയിലെ കരിയാട് ഗ്രാമപഞ്ചായത്തിന് കൈമാറി കിട്ടിയ രണ്ട് സർക്കാർ സ്കൂളുകളിലും കൂടി ആകെ 20 ഡിവിഷനുകളിലായി 857 വിദ്യാർഥികൾ ഉണ്ടായിരുന്നു. എന്നാൽ 18 വർഷത്തിനുശേഷം, 2013-14 അധ്യയന വർഷം 14 ഡിവിഷനുകളിലായി 239 കുട്ടികൾ മാത്രമേ ഈ സ്കൂളുകളിൽ പഠിക്കുന്നുള്ളൂ. കരിയാട് ഗവൺമെന്റ് യു.പി. സ്കൂളിൽ 2013-14 അധ്യയനവർഷം ഒന്നാം ക്ലാസ്സിൽ ആകെ 2 കുട്ടികൾ മാത്രമാണുള്ളത്. അതായത് 18 വർഷത്തിനുശേഷം 72% വിദ്യാർഥികളുടെ കുറവാണ് പഞ്ചായത്തിലെ സർക്കാർ സ്കൂളുകളിൽ ഉണ്ടായിട്ടുള്ളത്. എന്നാൽ ഇതിന്റെ കാരണം പഞ്ചായത്ത് വിശകലനം ചെയ്യുകയോ സർക്കാരിനെ അറിയിക്കുകയോ ചെയ്തിട്ടില്ല.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2013-14-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക 5.2.4.14)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

42. തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നും ലഭ്യമാക്കിയ മറുപടിയുടെയും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ കണ്ണൂർ ജില്ലയിലെ കരിയാട് ഗ്രാമപഞ്ചായത്തിലെ സ്കൂളുകളുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

**നിഗമനങ്ങളും ശിപാർശകളും**

**43. തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നുള്ള മറുപടിയുടെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ കണ്ണൂർ ജില്ലയിലെ കരിയാട് ഗ്രാമപഞ്ചായത്തിലെ (പാനൂർ നഗരസഭ) സ്കൂളുകളുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**സർക്കാർ/എയ്ഡഡ് സ്കൂളുകളിലെ അഡ്മിഷൻ നിലവാരം - ഒരു താരതമ്യം**

1995-96 അധ്യയനവർഷം കണ്ണൂർ ജില്ലയിലെ കോളയാട് ഗ്രാമപഞ്ചായത്തിന് കൈമാറി കിട്ടിയ 6 പ്രൈമറി സ്കൂളുകളിലും കൂടിയായി 842 വിദ്യാർഥികൾ ഉണ്ടായിരുന്നു.

എന്നാൽ പഞ്ചായത്തിന് കൈമാറികിട്ടി 18 വർഷത്തിനുശേഷം ഈ 6 സ്കൂളുകളിലുമായി 497 വിദ്യാർഥികൾ മാത്രമേ ഉള്ളൂ. അതായത് 1995-96 മുതൽ 2013-14 വരെ 41% വിദ്യാർഥികളുടെ കുറവാണ് ഉണ്ടായിട്ടുള്ളത്. കൊമ്മേരി ഗവൺമെന്റ് യു.പി. സ്കൂളിൽ 1 മുതൽ 4 വരെയുള്ള ക്ലാസ്സുകളിലായി വെറും 8 കുട്ടികളും, 1-ാം ക്ലാസ്സിൽ ഒരു കുട്ടിയും മാത്രമാണ് ഉള്ളത്. ഈ സ്കൂളിലെ 8 കുട്ടികൾക്ക് വേണ്ടിയാണ് 4 അധ്യാപകരുടെയും ഒരു പി.റ്റി.സി.എമ്മിന്റെയും സേവനം വിനിയോഗിക്കുന്നത്. ഈ സ്കൂളിലെ വിദ്യാർഥികളുടെ വിവരങ്ങൾ പട്ടികയിൽ ചേർക്കുന്നു.

| ക്ലാസ്സ് | കുട്ടികളുടെ എണ്ണം |
|---|---|
| 1 | 1 |
| 2 | 3 |
| 3 | 2 |
| 4 | 2 |
| ആകെ | 8 |

**അടച്ചുപൂട്ടൽ ഭീഷണി നേരിടുന്ന പൊതുവിദ്യാലയങ്ങൾ**

തലശ്ശേരി നഗരസഭാപരിധിയിൽ ഒരു ക്ലാസ്സിൽ ശരാശരി 10 കുട്ടികളിൽ താഴെമാത്രം വിദ്യാർഥികളുള്ള 34 പൊതുവിദ്യാലയങ്ങൾ ഉണ്ട്. ഇത്തരം വിദ്യാലയങ്ങളുടെ ഗുണമേന്മയും, കാര്യക്ഷമതയും വർദ്ധിപ്പിച്ച് കുട്ടികളെ ആകർഷിക്കുന്നതിനുള്ള നവീനമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന് നഗരസഭയുടെ പ്രത്യേക ശ്രദ്ധ പതിയേണ്ടതാണ്. കുട്ടികളുടെ എണ്ണം തീരെ കുറഞ്ഞ വിദ്യാലയങ്ങൾക്കുള്ള ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്കൂളിന്റെ പേര് | സ്ഥാപിതമായ വർഷം | അധ്യാപകരുടെ എണ്ണം | കുട്ടികളുടെ എണ്ണം | ക്ലാസ്സ്/ ഡിവിഷനുകളുടെ എണ്ണം |
|---|---|---|---|---|---|
| 1 | വാഡിക്കൽ എൽ.പി.എസ്. | 1891 | 5 | 16 | 4 |

| | | | | | |
|---|---|---|---|---|---|
| 2 | കല്ലറത്തലായി എൽ.പി.എസ്. | 1871 | 5 | 9 | 4 |
| 3 | കോടിയേരി ഈസ്റ്റ് ജെ.ബി.എസ്. | 1939 | 1 | 2 | 4 |
| 4 | പൊതുവാച്ചേരി വെസ്റ്റ് എൽ.പി.എസ്. | 1916 | 4 | 10 | 4 |
| 5 | മണ്ണയാട് എൽ.പി.എസ്. | 1882 | 4 | 6 | 4 |
| 6 | മണ്ണയാട് എൽ.വി.എൽ.പി.എസ്. | 1894 | 4 | 6 | 4 |

**യാത്രാസൗകര്യം ഇല്ല-പട്ടികവർഗ്ഗ വിഭാഗത്തിലെ കുട്ടികൾ തുടർപഠനം ഒഴിവാക്കുന്നു**

കണ്ണൂർ ജില്ലയിലെ പ്രധാനപ്പെട്ട ആദിവാസി സങ്കേതമായ പെരുവയലിൽ നിന്നും ഏറ്റവും അടുത്ത ഹൈസ്കൂളിൽ എത്തി ചേരുന്നതിന് ചുരുങ്ങിയത് 10 മുതൽ 15 കി.മി. വരെ കണ്ണവം റിസർവ് വനത്തിലൂടെ യാത്ര ചെയ്യേണ്ടതുണ്ട്. നിലവിൽ പെരുവയലിൽ ഒരു യു.പി. സ്കൂൾ മാത്രമാണ് ഉള്ളത് (പാലത്തുവയൽ യു.പി. സ്കൂൾ). യാത്രാസൗകര്യം ഇല്ലാത്തതിനാൽ ഈ സ്കൂളിൽ നിന്നും 7-ാം ക്ലാസ്സ് പാസാകുന്ന ഭൂരിപക്ഷം പട്ടികവർഗ്ഗ വിദ്യാർഥികളും ഹൈസ്കൂൾ വിദ്യാഭ്യാസം നേടുന്നില്ല എന്നാണ് സ്കൂൾ അധികൃതർ വിശദീകരിച്ചിട്ടുള്ളത്. ആയതിനാൽ പട്ടികവർഗ്ഗ വിദ്യാർഥികൾ തുടർപഠനം ഒഴിവാക്കുന്നത് പരിഹരിക്കാനാവശ്യമായ സാധ്യതകൾ പഞ്ചായത്ത് തേടേണ്ടതുണ്ട്.

**അനാദായകരമായ സ്കൂളുകൾ**

കുട്ടികൾ കുറവായതുകൊണ്ട് അനാദായകരമായി മാറിയ 3392 സ്കൂളുകളാണ് സംസ്ഥാനത്തുള്ളത്. ഒരു കുട്ടി പോലും ഇല്ലാത്ത 12 സ്കൂളുകൾ ഉള്ളതിൽ 9-ഉം എയ്ഡഡ് മേഖലയിലാണ്. അനാദായകരമായ 3392 സ്കൂളുകളിൽ 1597 എണ്ണം സർക്കാർ മേഖലയിലും ബാക്കി 1795 എണ്ണം എയ്ഡഡ് വിഭാഗത്തിലുമാണ്. മുമ്പ് 100-ൽ താഴെ കുട്ടികളില്ലാത്ത സ്കൂളുകളെയാണ് അനാദായകരമായി കണക്കാക്കിയിരുന്നത്. 2003-04 വരെ അനാദായകരമായി മാറിയ സ്കൂളുകൾ സർക്കാർ പൂട്ടിയിരുന്നു. അനാദായകരമായ സ്കൂളുകൾ ഭൂരിഭാഗവും

എൽ.പി./യു.പി. വിഭാഗങ്ങളിലാണ്. ഒരു ക്ലാസ്സിൽ 15 കുട്ടികളെങ്കിലും ഇല്ലാത്തവയാണ് ഇപ്പോൾ അനാദായകരമായി കണക്കാക്കുക.

**അനാദായകരമായ സ്കൂളുകളുടെ എണ്ണം - ജില്ല തിരിച്ച്**

| ക്രമ നം. | ജില്ല | സ്കൂളുകളുടെ എണ്ണം |
|---|---|---|
| 13 | കണ്ണൂർ | 449 |

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2013-14-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക 5.2.4.15)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

44. വകുപ്പിൽ നിന്നും ലഭ്യമാക്കിയ മറുപടിയുടെയും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ കണ്ണൂർ ജില്ലയിലെ കോളയാട് ഗ്രാമപഞ്ചായത്തിന് കീഴിലുള്ള സ്കൂളുകളുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

45. അടച്ചുപൂട്ടൽ നേരിടുന്ന പൊതുവിദ്യാലയങ്ങൾ എന്ന വിഷയത്തിന്റെ നിലവിലെ സ്ഥിതിയെന്താണെന്ന് സമിതി ആരാഞ്ഞതിന് തലശ്ശേരി നഗരസഭയിലെ അടച്ചുപൂട്ടൽ ഭീഷണി നേരിടുന്ന പൊതുവാച്ചേരി വെസ്റ്റ് എൽ.പി. സ്കൂളിൽ കുട്ടികളുടെ എണ്ണം 33 ആയിട്ടുണ്ടെന്നും കോടിയേരി ഈസ്റ്റ് ജെ.ബി.എസ്. സ്കൂൾ പ്രവർത്തിക്കുന്നില്ലെന്നും മറ്റ് സ്കൂളുകളിൽ കുട്ടികളുടെ എണ്ണത്തിൽ വലിയ രീതിയിലുള്ള വർദ്ധനയുണ്ടായിട്ടില്ലെന്നും തലശ്ശേരി നഗരസഭാ സെക്രട്ടറി ബോധിപ്പിച്ചു. സമീപ പ്രദേശങ്ങളിലുള്ള എയ്ഡഡ്/അൺഎയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ എണ്ണക്കൂടുതലാണ് ഇതിന് പ്രധാന കാരണമെന്നും നഗരസഭാ സെക്രട്ടറി കൂട്ടിച്ചേർത്തു. വകുപ്പിൽ നിന്നും ലഭ്യമാക്കിയ മറുപടിയുടെയും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ തലശ്ശേരി നഗരസഭയിലെ അടച്ചുപൂട്ടൽ ഭീഷണി നേരിടുന്ന സ്കൂളുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

46. വകുപ്പിൽ നിന്നും ലഭ്യമാക്കിയ മറുപടിയുടെയും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ യാത്രാസൗകര്യം ഇല്ല - പട്ടികവർഗ്ഗ വിഭാഗത്തിലെ കുട്ടികൾ തുടർപഠനം ഒഴിവാക്കുന്നുവെന്ന ഓഡിറ്റ് ഖണ്ഡികയിലെ കോളയാട്

ഗ്രാമപഞ്ചായത്തിലെ പാലത്തുവയൽ യു.പി. സ്കൂളുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

**നിഗമനങ്ങളും ശിപാർശകളും**

**47. തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നുള്ള മറുപടിയുടെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ കണ്ണൂർ ജില്ലയിലെ കോളയാട് ഗ്രാമപഞ്ചായത്തിന് കീഴിലുള്ള സ്കൂളുകളുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

**48. തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നുള്ള മറുപടിയുടെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ തലശ്ശേരി നഗരസഭയിലെ അടച്ചുപൂട്ടൽ ഭീഷണി നേരിടുന്ന സ്കൂളുകൾ എന്ന വിഷയവുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

**49. തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നുള്ള മറുപടിയുടെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ യാത്രാസൗകര്യം ഇല്ലാത്തതിനാൽ പട്ടികവർഗ്ഗ വിഭാഗത്തിലെ കുട്ടികൾ തുടർപഠനം ഒഴിവാക്കുന്നുവെന്ന ഓഡിറ്റ് ഖണ്ഡികയിലെ കോളയാട് ഗ്രാമപഞ്ചായത്തിലെ പാലത്തുവയൽ യു. പി. സ്കൂളുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ-വിദ്യാഭ്യാസമേഖലയ്ക്കുവേണ്ടി വകയിരുത്തുന്ന തുകകൾ അപര്യാപ്തം**

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം നിലവിൽ വന്നതോടുകൂടി സർക്കാർ സ്കൂളുകളുടെ നടത്തിപ്പ് മേഖലാടിസ്ഥാനത്തിലുള്ള ചുമതലയിൽപ്പെട്ടതായി. സർക്കാർ സ്കൂളുകളിലെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുക, കെട്ടിടങ്ങൾ നിർമ്മിക്കുക, അറ്റകുറ്റപ്പണികൾ നടത്തുക, അധ്യാപക/അധ്യാപകേതര ജീവനക്കാർ അവരുടെ ചുമതലകൾ കൃത്യമായി നിർവഹിക്കുന്നുണ്ടോയെന്ന് പരിശോധിച്ച് വിലയിരുത്തുക, സർക്കാർ അനുവദിക്കുന്ന പ്രകാരം ദിവസവേതനാടിസ്ഥാനത്തിൽ അധ്യാപകരെ നിയമിക്കുക, ഉച്ചഭക്ഷണ വിതരണ പരിപാടി ഫലപ്രദമായി നടപ്പിലാക്കുന്നതിനാവശ്യമായ ക്രമീകരണങ്ങൾ നടത്തുക, പഠനോപകരണങ്ങളും, പഠന സഹായികളും വിതരണം ചെയ്യുക, അർഹരായ വിദ്യാർഥികൾക്ക് സ്കോളർഷിപ്പുകളും ഗ്രാന്റുകളും വിതരണം ചെയ്യുക, സ്കൂളുകളിൽ കായികാധ്യയന സംസ്കാരം പ്രോത്സാഹിപ്പിക്കുക, വിദ്യാർഥികളുടെ പഠനനിലവാരം ഉയർത്തുന്നതിന് സ്കൂളുകളുടെ പ്രവർത്തനം നിരീക്ഷിക്കുക, സ്കൂളുകളുടെ പ്രവർത്തനം ഗുണകരമായി മെച്ചപ്പെടുത്തുന്നതിനുള്ള

പരിപാടികൾ ഫലപ്രദമായി നടപ്പിലാക്കുന്നതിനായി പദ്ധതികൾ ആവിഷ്കരിക്കുക എന്നിവയെല്ലാം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ചുമതലയിൽപ്പെടുന്നതാണ്.

കേരളത്തിലെ ഭൂരിപക്ഷം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും പശ്ചാത്തലമേഖലയിലും സേവനമേഖലയിലും വിദ്യാഭ്യാസമേഖലയ്ക്ക് നീക്കിവയ്ക്കുന്ന തുക തുലോം പരിമിതമാണ്. സ്കൂളുകളുടെ അടിസ്ഥാനസൗകര്യ വികസനത്തിനും അക്കാദമിക മികവ് വർധിപ്പിക്കുന്നതിനും ഇത് തീർത്തും അപര്യാപ്തവുമാണ്. ആവശ്യകത വിലയിരുത്താതെയുള്ള നാമമാത്രമായ വകയിരുത്തൽ വിദ്യാഭ്യാസ മേഖലയുടെ പ്രവർത്തനങ്ങൾക്ക് പര്യാപ്തമല്ല.

വിദ്യാഭ്യാസമേഖല നേരിടുന്ന പ്രശ്നങ്ങളെ വ്യക്തമായി പഠിച്ച് അവ പരിഹരിക്കാൻ പര്യാപ്തമായ തോതിൽ വിവിധ ഫണ്ടിനങ്ങളിൽ നിന്നും കൂടുതൽ തുക വകയിരുത്താൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

**വകയിരുത്തുന്ന തുകകൾ പൂർണ്ണമായും പ്രയോജനപ്രദമായും ചെലവഴിക്കുന്നില്ല**

ഓരോ വർഷവും കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അവരുടെ വാർഷിക പദ്ധതിയിൽ വിദ്യാഭ്യാസ മേഖലയ്ക്കായി വിവിധ ഫണ്ടുകളിൽ നിന്നും തുക വകയിരുത്തുന്നുണ്ട്. എന്നാൽ ആവശ്യകത വിലയിരുത്താതെയുള്ള വകയിരുത്തൽ വിദ്യാലയങ്ങളിലെ അടിസ്ഥാന സൗകര്യ വികസനത്തിന് പര്യാപ്തമാകുന്നില്ല. സർക്കാർ മേഖലയിലെ സ്കൂളുകളിൽ അടിസ്ഥാന സൗകര്യ വികസനവും ഭൗതിക സാഹചര്യങ്ങളുടെ മെച്ചപ്പെടുത്തലും കൂടുതൽ ശ്രദ്ധ പതിപ്പിക്കേണ്ട മേഖലയാണെന്ന് പഠനങ്ങൾ വ്യക്തമാക്കുന്നു. എന്നാൽ ഈ മേഖലയിൽ വകയിരുത്തുന്ന പരിമിതമായ തുകകൾ പോലും പൂർണ്ണമായും പ്രയോജനപ്രദമായും ചെലവഴിക്കാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സാധിക്കുന്നില്ല. 2010-11 മുതൽ 2012-13 വരെ കേരളത്തിലെ 14 ജില്ലകളിലെ തെരഞ്ഞെടുത്ത തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വിദ്യാഭ്യാസ മേഖലയ്ക്ക് വേണ്ടി വകയിരുത്തിയ തുകകളും യഥാർഥത്തിൽ ചെലവ് ചെയ്ത തുകകളും സംബന്ധിച്ച വിവരങ്ങൾ ഉദാഹരണമായി ചുവടെ കൊടുക്കുന്നു.

| വർഷം | തദ്ദേശ സ്വയംഭരണ സ്ഥാപനം | ജില്ല | വിദ്യാഭ്യാസ മേഖലയിൽ വകയിരുത്തിയത് | വിദ്യാഭ്യാസ മേഖലയിൽ ചെലവഴിച്ചത് | |
|---|---|---|---|---|---|
| | | | | തുക | ശതമാനം |
| 11-ാം പദ്ധതി | കരിയാട് ഗ്രാമപഞ്ചായത്ത് | കണ്ണൂർ | 5422167 | 4350971 | 80 |
| 2012-13 | | | 2197599 | 2061914 | 93.8 |

മുകളിൽ കൊടുത്ത പട്ടികയിൽ നിന്നും കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വിദ്യാഭ്യാസമേഖലയ്ക്കായി നീക്കിവയ്ക്കുന്ന തുക പൂർണ്ണമായും ചെലവഴിക്കുന്നില്ല എന്ന് വ്യക്തമാണ്. കേരളത്തിലെ ഭൂരിപക്ഷം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും അവരുടെ വാർഷിക പദ്ധതി ചെലവിന്റെ 10%-ൽ താഴെ മാത്രമാണ് വിദ്യാഭ്യാസ മേഖലയ്ക്കായി വകയിരുത്തുന്നത്. സർക്കാർ മേഖലയിലെ മിക്ക സ്കൂളുകളും മെച്ചപ്പെട്ട ഭൗതിക സാഹചര്യങ്ങളൊരുക്കാൻ സാമ്പത്തിക ബുദ്ധിമുട്ട് നേരിടുന്ന സാഹചര്യത്തിൽ വിദ്യാഭ്യാസ മേഖലയ്ക്കായി നീക്കിവയ്ക്കപ്പെടുന്ന പരിമിതമായ തുകകൾ പോലും പൂർണ്ണമായും ചെലവഴിക്കാത്ത നടപടി നീതീകരിക്കത്തക്കതല്ല. വിദ്യാഭ്യാസ മേഖലയിൽ അടിസ്ഥാനസൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് ആവശ്യമായ തുകകൾ വകയിരുത്തുന്നതിനും അവ പൂർണ്ണമായി വിനിയോഗിച്ചു എന്ന് ഉറപ്പു വരുത്തുന്നതിനും ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനം പ്രത്യേകം ശ്രദ്ധ ചെലുത്തേണ്ടതാണ്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2013-14-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക 5.2.4.16)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

50. വകുപ്പിൽ നിന്നും ലഭ്യമാക്കിയ മറുപടിയുടെയും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ കണ്ണൂർ ജില്ലയിലെ കരിയാട് ഗ്രാമപഞ്ചായത്ത്(പാനൂർ നഗരസഭ)മായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

### നിഗമനങ്ങളും ശിപാർശകളും

**51. തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നുള്ള മറുപടിയുടെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ കണ്ണൂർ ജില്ലയിലെ കരിയാട് ഗ്രാമപഞ്ചായത്ത്(പാനൂർ നഗരസഭ)മായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**സ്കൂൾ വിദ്യാഭ്യാസമേഖലയും സർവ്വശിക്ഷാ അഭിയാനും**

ഒന്നു മുതൽ 8 വരെയുള്ള ക്ലാസ്സുകളിലെ പ്രാഥമിക വിദ്യാഭ്യാസം സാർവ്വത്രികമായി നൽകുന്നതിനുള്ള കേന്ദ്രാവിഷ്കൃത പദ്ധതിയാണ് സർവ്വശിക്ഷാ അഭിയാൻ അഥവാ എസ്.എസ്.എ. 2010 ഓടെ ലക്ഷ്യങ്ങൾ നേടണമെന്ന രീതിയിലാണ് പദ്ധതി വിഭാവനം ചെയ്തിരുന്നതെങ്കിലും ഇപ്പോഴും തുടർന്നുവരികയാണ്. 2009-ലെ വിദ്യാഭ്യാസ

അവകാശനിയമം എസ്.എസ്.എ. മുഖേനയാണ് നടപ്പാക്കുന്നത്. 6 മുതൽ 14 വയസ്സു വരെയുള്ള കുട്ടികളെയാണ് പദ്ധതി ലക്ഷ്യമിടുന്നത്.

എസ്.എസ്.എ. പരിപാടിയുടെ ചെലവ് കേന്ദ്ര-സംസ്ഥാന സർക്കാരുകൾ 65:35 എന്ന അനുപാതത്തിൽ സംയുക്തമായാണ് വഹിക്കുന്നത്. കേരളത്തിൽ, സ്കൂളുകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറ്റം ചെയ്തിട്ടുള്ളതിനാൽ പദ്ധതിയുടെ സംസ്ഥാന വിഹിതം തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടെ പദ്ധതിവിഹിതത്തിൽ നിന്നുമാണ് വകയിരുത്തുന്നത്.

പ്രാഥമിക വിദ്യാഭ്യാസമേഖലയിൽ ഗുണകരമായ മാറ്റങ്ങൾക്ക് എസ്.എസ്.എ. കാരണമായിട്ടുണ്ട്. പൊതുവിദ്യാലയങ്ങളിലെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിൽ എസ്.എസ്.എ. വലിയ പങ്കാണ് വഹിക്കുന്നത്. എസ്.എസ്.എ. വിദ്യാലയങ്ങളിൽ നടത്തി വരുന്ന പ്രവർത്തനങ്ങളെ മേജർ പദ്ധതികൾ, മൈനർ പദ്ധതികൾ എന്നിങ്ങനെ തിരിച്ചിട്ടുണ്ട്.

**1. എസ്.എസ്.എ. മേജർ പദ്ധതികൾ**

സ്കൂൾ കെട്ടിടങ്ങൾ, അഡീഷണൽ ക്ലാസ്സ് മുറികൾ, അഡാപ്റ്റഡ് ടോയ്‌ലെറ്റ്, ഗേൾസ് ടോയ്‌ലെറ്റ്, റാമ്പ് & റെയിൽ, സ്കൂൾ സൗന്ദര്യവത്കരണം, യൂണിഫോം വിതരണം, പാഠപുസ്തക വിതരണം.

**2. എസ്.എസ്.എ. മൈനർ പദ്ധതികൾ**

ഇലക്ട്രിഫിക്കേഷൻ, ഇടഭിത്തിനിർമ്മാണം, ഫർണിച്ചർ, ഗ്രാന്റ്, ഇംഗ്ലീഷ് ഫെസ്റ്റ്, മെട്രിക് മേള, സർഗ്ഗോത്സവം, മൈനർ ലാംഗ്വേജ് ഫെസ്റ്റ്, സി.ആർ.സി.ഗ്രാന്റ്, ടീച്ചേഴ്സ് ഗ്രാന്റ്, സ്കൂൾ ഗ്രാന്റ്, മെയിന്റനൻസ് ഗ്രാന്റ്, ടീച്ചേഴ്സ് ട്രെയിനിംഗ്, ഐ.എഫ്.ഡി. ഉപകരണ വിതരണം, ഐ.ഇ.ഡി.സി., മെഡിക്കൽ ക്യാമ്പ്.

എസ്.എസ്.എ.-യുടെ പ്രധാന പ്രവർത്തനമേഖല സർക്കാർ പ്രൈമറി വിദ്യാലയങ്ങളാണ്. എന്നാൽ സൗജന്യ പാഠപുസ്തകം, സ്കൂൾ ഗ്രാന്റ്, ടീച്ചർ ഗ്രാന്റ് എന്നിവ എയ്ഡഡ് സ്കൂളുകൾക്കും എസ്.എസ്.എ. നൽകുന്നുണ്ട്. പൊതുവിദ്യാലയങ്ങളിലെ 2 മുതൽ 8 വരെ ക്ലാസ്സുകളിലെ മുഴുവൻ കുട്ടികൾക്കും എസ്.എസ്.എ.യുടെ ഭാഗമായി പാഠപുസ്തകങ്ങൾ സൗജന്യമായി വിതരണം ചെയ്യുന്നു. ഒന്നാം ക്ലാസ്സിലെ കുട്ടികൾക്ക് സൗജന്യ പാഠപുസ്തകങ്ങൾ നൽകുന്നത് പൊതുവിദ്യാഭ്യാസ വകുപ്പാണ്. സർക്കാർ എൽ.പി./യു.പി. സ്കൂളുകളുടെ അറ്റകുറ്റപ്പണികൾക്ക് ഇരുവിഭാഗങ്ങൾക്കും പ്രത്യേകമായി 7500/- രൂപ വീതം എസ്.എസ്.എ. മെയിന്റനൻസ് ഗ്രാന്റായി നൽകിവരുന്നു.

സ്കൂളുകളും പരിസരവും ആകർഷകമാക്കുന്നതിനും, മികച്ച പഠനാന്തരീക്ഷം ഒരുക്കുന്നതിനുമായി എൽ.പി. വിഭാഗത്തിന് 5,000/- രൂപയും, യു.പി.വിഭാഗത്തിന് 7000/- രൂപയും ഇരു വിഭാഗങ്ങളും ഒരുമിച്ചുള്ള സ്കൂളുകൾക്ക് 12,000/- രൂപയും എസ്.എസ്.എ. വർഷം തോറും സ്കൂൾ ഗ്രാന്റായി നൽകുന്നു.

എസ്.എസ്.എ.-ക്ക് സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടറുടെ കീഴിൽ സംസ്ഥാനതല ഓഫീസും, എല്ലാ ജില്ലകളിലും ജില്ലാ പ്രോജക്ട് ഓഫീസുകളും പ്രവർത്തിക്കുന്നു. ജില്ലാ ഓഫീസുകൾക്ക് കീഴിൽ എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസുകളുടെ പ്രവർത്തന മേഖലയിലും ബ്ലോക്ക് റിസോഴ്സ് സെന്ററുകളും (ബി.ആർ.സി.) പ്രവർത്തിക്കുന്നു. ബ്ലോക്ക് പ്രോഗ്രാം ഓഫീസർമാർക്കാണ് ബി.ആർ.സി.യുടെ ചുമതല. സ്കൂളുകൾക്ക് ഗ്രാന്റുകൾ വിതരണം ചെയ്യുന്നത് ബി.ആർ.സി. കൾ മുഖേനയാണ്.

എസ്.എസ്.എ. മുഖേനയുള്ളതിനു പുറമേ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നേരിട്ട് പ്രവർത്തനങ്ങൾ നടത്തിയിട്ടും പൊതുവിദ്യാലയങ്ങളുടെ ശോചനീയാവസ്ഥ പരിഹരിക്കുവാനും, ഭൗതികസാഹചര്യങ്ങൾ വേണ്ട രീതിയിൽ മെച്ചപ്പെടുത്താനും കഴിഞ്ഞിട്ടില്ല എന്നത് പോരായ്മ തന്നെയാണ്. എസ്.എസ്.എ.യുടെ ആഭിമുഖ്യത്തിൽ നടപ്പാക്കിവരുന്ന നൂതനാശയ പദ്ധതികൾ, നിർമ്മാണ പ്രവർത്തനങ്ങൾ എന്നിവ പ്രയോജനപ്രദ മാണെങ്കിലും, പൊതുവിദ്യാലങ്ങളിലേയ്ക്ക് വിദ്യാർത്ഥികളെ ആകർഷിക്കുന്നതിൽ കാര്യമായ സ്വാധീനം ചെലുത്താൻ എസ്.എസ്.എ.യുടെ പ്രവർത്തനങ്ങൾക്ക് കഴിഞ്ഞിട്ടില്ല.

## വിദ്യാഭ്യാസമേഖലയിൽ തദ്ദേശ സ്ഥാപനങ്ങൾ ചെലവഴിക്കുന്ന തുകയിലധികവും എസ്.എസ്.എ. വിഹിതം

എസ്.എസ്.എ. വിഹിതമായി സർക്കാർ നിശ്ചയിക്കുന്ന തുക തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വികസന ഫണ്ടിൽ നിന്നും നിർബന്ധമായും വകയിരുത്തണമെന്ന് 18-8-2012-ലെ സ.ഉ. (എം.എസ്.) 225/12/തസ്വഭവ. ഉത്തരവ് പ്രകാരമുള്ള പന്ത്രണ്ടാം പഞ്ചവൽസര പദ്ധതി മാർഗ്ഗരേഖയിൽ പറഞ്ഞിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ വിഹിതം എസ്.എസ്.എ. അക്കൗണ്ടിൽ നിക്ഷേപിച്ചാൽ മാത്രമേ ആനുപാതികമായ കേന്ദ്രവിഹിതം ലഭിക്കുകയുള്ളൂവെന്നും, യഥാസമയം വിഹിതം നൽകിയില്ലെങ്കിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് തുക നഷ്ടപ്പെടുമെന്നും 16-6-2006-ലെ 20314/ഡി.പി1/2006/തസ്വഭവ. സർക്കുലറിലും വ്യക്തമാക്കിയിട്ടുണ്ട്. ഇതുകൊണ്ട് തന്നെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് എസ്.എസ്.എ. വിഹിതം നിർബന്ധമായും അടയ്ക്കേണ്ടതുണ്ട്.

വിദ്യാഭ്യാസമേഖലയിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ചെലവഴിക്കുന്ന പദ്ധതി വിഹിതത്തിന്റെ ഏറിയ പങ്കം എസ്.എസ്.എ.-ക്കുള്ള വിഹിതമാണ്. വിദ്യാഭ്യാസ

മേഖലയിലെ പദ്ധതി വിഹിതത്തിന്റെ വലിയൊരുഭാഗം എസ്.എസ്.എ.യ്ക്ക് നൽകാനായി നീക്കിവയ്ക്കുന്നതിനാൽ, ഈ മേഖലയിൽ സമഗ്രമായ മറ്റ് പദ്ധതികൾ ആവിഷ്കരിക്കാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കഴിയുന്നില്ല. ഇതുകൊണ്ട് തന്നെ, സ്കൂളുകളുടെ ഭൗതികസാഹചര്യങ്ങൾ ഉയർത്താനുള്ള തനതുപദ്ധതികൾക്ക് രൂപം നൽകി നടപ്പാക്കാൻ തദ്ദേശ സ്ഥാപനങ്ങൾക്ക് കഴിയാത്ത അവസ്ഥയാണുള്ളത്.

**തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വിദ്യാഭ്യാസമേഖലയിൽ ചെലവഴിച്ചതും, എസ്.എസ്.എ.യ്ക്ക് നൽകിയതുമായ തുകകളുടെ താരതമ്യം**

| ജില്ല | തദ്ദേശ സ്വയംഭരണ സ്ഥാപനം | വർഷം | വിദ്യാഭ്യാസമേഖലയിൽ ആകെ ചെലവഴിച്ച തുക (രൂപ) | എസ്.എസ്.എ.യ്ക്ക് നൽകിയ തുക (രൂപ) |
|---|---|---|---|---|
| കണ്ണൂർ | കണ്ണൂർ ജില്ലാപഞ്ചായത്ത് | 2011-12 | 89581319 | 18656531 |
| | | 2012-13 | 71301029 | 16595430 |
| | കണ്ണൂർ നഗരസഭ | 2011-12 | 5991400 | 3699003 |
| | | 2012-13 | 5828494 | 3759225 |

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2013-14-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക 5.2.4.18)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

52. വകുപ്പിൽ നിന്നും ലഭ്യമാക്കിയ മറുപടിയുടെയും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ വിദ്യാഭ്യാസ മേഖലയിൽ തദ്ദേശ സ്ഥാപനങ്ങൾ ചെലവഴിക്കുന്ന തുകയിലധികവും എസ്.എസ്.എ. വിഹിതം എന്ന ഓഡിറ്റ് ഖണ്ഡികയിലെ കണ്ണൂർ ജില്ലാപഞ്ചായത്ത്, കണ്ണൂർ നഗരസഭ എന്നിവയുമായി ബന്ധപ്പെട്ട പരാമർശങ്ങൾ ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

**നിഗമനങ്ങളും ശിപാർശകളും**

**53. തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നുള്ള മറുപടിയുടെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ വിദ്യാഭ്യാസ മേഖലയിൽ തദ്ദേശ സ്ഥാപനങ്ങൾ ചെലവഴിക്കുന്ന തുകയിലധികവും എസ്.എസ്.എ. വിഹിതം**

**എന്ന ഓഡിറ്റ് ഖണ്ഡികയിലെ കണ്ണൂർ ജില്ലാപഞ്ചായത്ത്, കണ്ണൂർ നഗരസഭ എന്നിവയുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**വിദ്യാഭ്യാസമേഖലയിലെ നൂതനാശയ പ്രവർത്തനങ്ങൾ**

കേരളത്തിലെ പൊതുവിദ്യാലയങ്ങളുടെ മുഖമുദ്രയായി നൂതനാശയ പ്രവർത്തനങ്ങൾ മാറിക്കഴിഞ്ഞിട്ടുണ്ട്. കുട്ടികളെ പാഠപുസ്തകങ്ങളിലും, ക്ലാസ്സ് മുറികളിലും മാത്രമായി ഒതുക്കി നിർത്താതെ സാമൂഹിക ജീവിതത്തിന്റെ വിവിധ വശങ്ങൾ നേരിട്ട് മനസ്സിലാക്കിക്കൊടുക്കുക എന്നതാണ് ഇത്തരം പാഠ്യേതര പ്രവർത്തനങ്ങളുടെ ലക്ഷ്യം. നൂതനാശയ പദ്ധതികളിൽ ഏറെയും പഠന മികവിനും, സർഗാത്മകമായ കഴിവുകളുടെ വികസനത്തിനും ഭൗതിക സാഹചര്യങ്ങളുടെ ഗുണമേന്മ വർധിപ്പിക്കുവാനും ഉദ്ദേശിച്ചാണ്. പഞ്ചായത്ത് ഭരണസമിതികൾ, പി.ടി.എ.-കൾ എന്നിവയുടെ ഭാവനാപൂർണ്ണമായ പിന്തുണയും, ആസൂത്രണവുമാണ് നൂതനാശയ പദ്ധതികൾ വിജയകരമായി നടത്താൻ സഹായമാകുന്നത്. സംസ്ഥാനത്തിന്റെ വിവിധ ജില്ലകളിലെ വിദ്യാലയങ്ങളിൽ ശ്രദ്ധേയമായ നൂതനാശയ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

**ശ്രദ്ധേയമായ നൂതനാശയ പ്രവർത്തനങ്ങൾ**

**കാവേ പൊലി**

കണ്ണൂർ ജില്ലയിലെ കോളയാട് ഗ്രാമപഞ്ചായത്തിലെ വിദ്യാർഥികളുടെ നേതൃത്വത്തിൽ 2011-12-ൽ തയ്യാറാക്കിയ പഠന ഡോക്യുമെന്ററിയാണ് കാവേ പൊലി. ഗ്രാമപഞ്ചായത്തിലെ കാവുകളെപ്പറ്റിയും, അവയിലെ ആചാരാനുഷ്ഠാനങ്ങളെപ്പറ്റിയും ഡോക്യുമെന്ററി വിശദമായി പ്രതിപാദിക്കുന്നു. ഫോക്‌ലോർ ഗവേഷകരുടെ മേൽനോട്ടത്തിലാണ് ഈ സംരംഭം പൂർത്തിയാക്കിയത്.

**അറിമ**

കണ്ണൂർ ജില്ലയിലെ മൊകേരി ഗ്രാമപഞ്ചായത്തിലെ കുരാറ സർക്കാർ എൽ.പി. സ്കൂളിൽ 2013-14 അധ്യയനവർഷം മുതൽ നടപ്പാക്കിവരുന്ന നൂതനാശയ പ്രവർത്തനമാണ് അറിമ. ബഹുവർഷ പദ്ധതിയായാണ് ഇത് ആസൂത്രണം ചെയ്തിട്ടുള്ളത്. അവധിക്കാലത്ത് കളികളിലൂടെ പഠനത്തിലേക്ക് കുട്ടികളെ നയിക്കുക, വായനയുടെ പുതുലോകം കുട്ടികൾക്ക് പരിചയപ്പെടുത്തുക, തെറ്റുകൾ കുറഞ്ഞ ഭാഷ സ്വായത്തമാക്കുക എന്നിവയാണ് ഈ പ്രവർത്തനത്തിന്റെ പ്രധാന ലക്ഷ്യങ്ങൾ. പദ്ധതിയുടെ ഭാഗമായി നവാഗമം എന്ന പേരിൽ 2013-ലെ പ്രവേശനോത്സവം നടത്തി. സർഗസൃഷ്ടി രചനയുടെ

ഭാഗമായി ഓരോ മാസവും പ്രത്യേക വിഷയം അടിസ്ഥാനപ്പെടുത്തിയുള്ള മാസികകളും പുറത്തിറക്കുന്നുണ്ട്. മഴപ്പതിപ്പ് 'മഴക്കാലം' എന്ന പേരിലും, ശാസ്ത്രപ്പതിപ്പ് 'തീനാളം' എന്ന പേരിലും കൈയെഴുത്ത് മാസികകളായി ഇതിനോടകം പുറത്തിറക്കിയിട്ടുണ്ട്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2013-14-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക 5.2.4.19)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

54. വകുപ്പിൽ നിന്നും ലഭ്യമാക്കിയ മറുപടിയുടെയും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ കണ്ണൂർ ജില്ലയിലെ കോളയാട്, മൊകേരി എന്നീ ഗ്രാമപഞ്ചായത്തുകളുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

### നിഗമനങ്ങളും ശിപാർശകളും

**55. തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നുള്ള മറുപടിയുടെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ കണ്ണൂർ ജില്ലയിലെ കോളയാട് ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

**56. തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നുള്ള മറുപടിയുടെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ കണ്ണൂർ ജില്ലയിലെ മൊകേരി ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**ഓഡിറ്റ് കണ്ടെത്തലുകൾ**

**ചെറുകിട വ്യവസായമേഖലയിൽ വകയിരുത്തുന്ന തുകകൾ ശരിയാംവിധം ചെലവഴിക്കുന്നില്ല**

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ചെറുകിട വ്യവസായമേഖലയ്ക്കായി പദ്ധതികൾ തയ്യാറാക്കുകയും, തുകകൾ നീക്കിവയ്ക്കുകയും ചെയ്യുന്നുണ്ട്. എന്നാൽ ആസൂത്രണം ചെയ്ത പദ്ധതികൾ നടപ്പാക്കാനും നീക്കിവച്ച തുകകൾ പൂർണ്ണമായും കാര്യക്ഷമമായും വിനിയോഗിക്കാനും തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് കഴിയുന്നില്ല. ഇതിനാൽ വ്യവസായ/ സ്വയംതൊഴിൽ മേഖലകളിൽ ഗുണപരമായ സ്വാധീനം ചെലുത്താൻ തദ്ദേശ സ്ഥാപനങ്ങൾക്ക് കഴിയാതെവരുന്നു.

ഒരു വിധത്തിലുമുള്ള മുന്നൊരുക്കമോ, ആസൂത്രണമോ ഇല്ലാതെ വ്യവസായ പദ്ധതികൾ തട്ടിക്കൂട്ടുകയാണ് ബഹുഭൂരിപക്ഷം തദ്ദേശ സ്ഥാപനങ്ങളും ചെയ്യുന്നത്. ഇതുകൊണ്ട് തന്നെ പദ്ധതി നടപ്പാക്കുന്ന ഘട്ടത്തിൽ ഒട്ടേറെ തടസ്സങ്ങൾ നേരിടേണ്ടി വരുന്നു.

**തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളിൽ 11-ാം പദ്ധതിക്കാലത്തും, 2012-13-ലും വ്യവസായ മേഖലയിൽ വകയിരുത്തിയതും, ചെലവഴിച്ചതുമായ തുകകൾ**

| ജില്ല | തദ്ദേശ സ്വയംഭരണ സ്ഥാപനം | വർഷം | വ്യവസായ മേഖലയിൽ നീക്കിവച്ച തുകകൾ | ചെലവഴിച്ച തുക | ചെലവ് ശതമാനം (%) |
|---|---|---|---|---|---|
| കണ്ണൂർ | തലശ്ശേരി നഗരസഭ | 11-ാം പദ്ധതി | 6862286 | 1105377 | 16.11 |
| | | 2012-13 | 5341234 | 0 | 0 |

ഭൂരിപക്ഷം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും വ്യവസായ മേഖലയ്ക്കായി നീക്കിവയ്ക്കുന്ന തുകകളിൽ 50 ശതമാനം പോലും ചെലഴിക്കാൻ കഴിയുന്നില്ല എന്ന് കണക്കുകൾ വ്യക്തമാക്കുന്നു.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2013-14-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക 5.3.5.2)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

57. തലശ്ശേരി നഗരസഭയിൽ വ്യവസായ എസ്റ്റേറ്റിനായി ഏറ്റെടുത്ത സ്ഥലത്ത് നിലവിൽ വ്യവസായ സംരംഭങ്ങൾ പ്രവർത്തിക്കുന്നുണ്ടോയെന്ന് സമിതി ആരാഞ്ഞതിന് പ്രവർത്തിക്കുന്നുണ്ടെന്ന് തലശ്ശേരി നഗരസഭാ സെക്രട്ടറി അറിയിച്ചു. അവയുടെ എണ്ണം, മറ്റ് വിശദാംശം എന്നിവ സംബന്ധിച്ച് വ്യക്തമായ റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

**നിഗമനങ്ങളും ശിപാർശകളും**

**58. തലശ്ശേരി നഗരസഭയിൽ വ്യവസായ എസ്റ്റേറ്റിനായി ഏറ്റെടുത്ത സ്ഥലത്ത് നിലവിൽ പ്രവർത്തിക്കുന്ന വ്യവസായ സംരംഭങ്ങളുടെ എണ്ണം, മറ്റ് വിശദാംശം എന്നിവ സംബന്ധിച്ച് വ്യക്തമായ റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.**

ഓഡിറ്റ് ഖണ്ഡിക

**ചെറുകിട വ്യവസായ/തൊഴിൽ സംരംഭങ്ങൾ നിഷ്ക്രിയ ആസ്തികളായി മാറുന്നു**

ചെറുകിട വ്യവസായ/തൊഴിൽ സംരംഭങ്ങൾക്ക് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുകയെന്നത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ചുമതലയാണ്. എന്നാൽ ചില തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വൻതുകകൾ ചെലവഴിച്ച് അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടും നാളിതുവരെ യാതൊരുവിധ വ്യവസായ/തൊഴിൽ സംരംഭങ്ങളും ആരംഭിക്കാനായിട്ടില്ല. ഇതുമൂലം അടിസ്ഥാന സൗകര്യങ്ങൾ നിഷ്ക്രിയമായി മാറിയിട്ടുണ്ട്.

അടച്ചുപൂട്ടപ്പെട്ട/പ്രവർത്തനം നിലച്ച ചെറുകിട/വ്യവസായ തൊഴിൽശാലകളുടെ ഉദാഹരണങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നം. | തദ്ദേശ സ്വയംഭരണ സ്ഥാപനം/ജില്ല | പ്രോജക്ട് | ചെലവഴിച്ച/ പാഴായതുക | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|
| 10 | കണ്ണൂർ നഗരസഭ | വനിതാ തൊഴിൽ പരിശീലന കേന്ദ്രം | 1,51,580 | തയ്യൽ മെഷീനും മറ്റ് യന്ത്ര സാമഗ്രികളും ഉപയോഗമില്ലാതെ കിടക്കുന്നു. |

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2013-14-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക 5.3.5.6)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

59. വകുപ്പിൽ നിന്നും ലഭ്യമാക്കിയ മറുപടിയുടെയും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ കണ്ണൂർ നഗരസഭയുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

**നിഗമനങ്ങളും ശിപാർശകളും**

**60. തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നുള്ള മറുപടിയുടെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ കണ്ണൂർ നഗരസഭയുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**സർക്കാർ ഉത്തരവുകൾ/സബ്സിഡി മാർഗ്ഗരേഖകൾ ലംഘിച്ച് പദ്ധതികൾ നടപ്പാക്കുന്നു**

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വ്യവസായ മേഖലയിൽ പഞ്ചവൽസര പദ്ധതികളുമായി ബന്ധപ്പെട്ട സബ്സിഡി മാർഗ്ഗരേഖകളും, സർക്കാർ ഉത്തരവുകളും ലംഘിച്ച് പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

24-7-2007-ലെ സ.ഉ.(എം.എസ്.)183/07/തസ്വഭവ. സബ്സിഡി മാർഗ്ഗരേഖയിൽ താഴെപ്പറയുന്ന കാര്യങ്ങൾക്കായി നടപ്പിലാക്കാൻ വ്യവസ്ഥയില്ല.

| മാർഗ്ഗരേഖ ഖണ്ഡിക | വിവരണം |
|---|---|
| 6.6 | ജില്ലാപഞ്ചായത്തുകൾക്ക് വികസന ഫണ്ടിൽ നിന്നും കുടുംബശ്രീ യൂണിറ്റുകൾക്കോ, സ്വയം സഹായ സംഘങ്ങൾക്കോ റിവോൾ വിംഗ് ഫണ്ടോ പ്രവർത്തന മൂലധനമോ നൽകാൻ പാടില്ല. |
| 6.14 | ജില്ലാപഞ്ചായത്തുകൾ 15 ലക്ഷം രൂപയിൽ കുറവ് ചെലവുള്ള പദ്ധതികൾ ഏറ്റെടുക്കാൻ പാടില്ല. |
| 6.1 | ജില്ലാപഞ്ചായത്തുകൾ വ്യക്തിഗത ആനുകൂല്യങ്ങളായി ആസ്തി വിതരണം ചെയ്യാൻ പാടില്ല. |

കണ്ണൂർ ജില്ലയിലെ തില്ലങ്കേരി ഗ്രാമപഞ്ചായത്തിൽ 11, 12 പദ്ധതികളിൽ നടപ്പിലാക്കിയ പ്രോജക്ടുകളിൽ താഴെ പറയുന്നവ സബ്സിഡി മാർഗ്ഗരേഖ/സർക്കാർ ഉത്തരവുകൾ ലംഘിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

| ക്രമ നമ്പർ | പ്രോജക്ടിന്റെ പേര് | നടപ്പിലാക്കിയ വർഷം | ചെലവഴിച്ച തുക (രൂപ) | മാർഗ്ഗരേഖ ലംഘനത്തിന്റെ സംക്ഷിപ്തം |
|---|---|---|---|---|
| 1 | ഖാദി പരിശീലനം | 2008-09 | 118500 വികസന ഫണ്ട് (ജനറൽ) | പരിശീലനം നടന്നു എന്നുള്ള മോണിട്ടറിംഗ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, പരിശീലനത്തിനുള്ള തുക പരിശീലനം നടത്തുന്നതിന് മുമ്പ് തന്നെ പിൻവലിച്ച് കണ്ണൂർ സർവ്വോദയ സംഘത്തിന് |

| | | | | |
|---|---|---|---|---|
| | | | | നൽകി. ഇത് സ.ഉ. (എംഎസ്.) 177/06/ ധന. തീയതി 12-4-2006 ഉത്തരവിന് വിരുദ്ധമാണ്. |
| 2 | ഖാദി നൂൽനൂൽപ്പ് കേന്ദ്രത്തിന് വർക്കിംഗ് സ്റ്റാൻഡ് | 2012-13 | 48600 (വികസന ഫണ്ട് 13th എഫ്.സി.) | 29-9-2012-ലെ ജി.ഒ. (എംഎസ്.) നമ്പർ 248/12/തസ്വഭവ. ഉത്തരവു പ്രകാര മുള്ള സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 4-6-4 പ്രകാരം സബ്സിഡി പ്രോജക്ടിന്റെ മൂന്നിലൊരു ഭാഗം മാത്രമേ നൽകാൻ പാടുള്ളൂ. എന്നാൽ ഖാദി കേന്ദ്രത്തിന് വർക്കിംഗ് സ്റ്റാൻഡ് നൽകുന്നതിനുള്ള മുഴുവൻ തുകയും (100%) വികസന ഫണ്ടിൽ നിന്നാണ് ചെലവഴിച്ചത്. |

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2013-14-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക 5.3.5.16)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

61. വകുപ്പിൽ നിന്നും ലഭ്യമാക്കിയ മറുപടിയുടെയും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ തില്ലങ്കേരി ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

**നിഗമനങ്ങളും ശിപാർശകളും**

**62. തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നുള്ള മറുപടിയുടെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ തില്ലങ്കേരി ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**പെർഫോമൻസ് ഗ്രാന്റിന്റെ വിനിയോഗം കാര്യക്ഷമമല്ല**

പെർഫോമൻസ് ഗ്രാന്റ് വിനിയോഗിക്കുന്നതിൽ പല തദ്ദേശ ഭരണ സ്ഥാപനങ്ങളും വേണ്ടത്ര ശ്രദ്ധചെലുത്തുന്നില്ല. 2013-14, 2014-15 വർഷങ്ങളിൽ പെർഫോമൻസ് ഗ്രാന്റ് ലഭിക്കുവാൻ മുൻവർഷം ലഭിച്ച ഗ്രാന്റിന്റെ 80 ശതമാനമെങ്കിലും ചെലവഴിച്ചിരിക്കണമെന്ന് 20-7-2011-ലെ സ. ഉ. (സാധാ.) നമ്പർ 1731/2011/തസ്വഭവ. ഉത്തരവിലൂടെ സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഈ വ്യവസ്ഥ നിലനിൽക്കെ ആവശ്യമായ തുക

ചെലവഴിക്കാത്തതിനാൽ പല സ്ഥാപനങ്ങൾക്കും 2013-14-ൽ പെർഫോമൻസ് ഗ്രാന്റ് ലഭിച്ചിട്ടില്ല.

**പെർഫോമൻസ് ഗ്രാന്റ് വിനിയോഗം (ഗ്രാമപഞ്ചായത്തുകളിൽ)**

| ഗ്രാമപഞ്ചായത്ത് | ജില്ല | വർഷം | ലഭിച്ച തുക (₹) | നടപ്പാക്കിയ പദ്ധതികൾ | ചെലവ് (₹) | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| തില്ലങ്കേരി | കണ്ണൂർ | 2011-12 | 674000 | 4 | 520344 | 77.28 |
| | | 2012-13 | 1367000 | 5 | 1289768 | 94.35 |
| മുഴക്കുന്ന് | | 2011-12 | 1038000 | - | - | 0 |
| | | 2012-13 | 2104000 | 5 | 2524363 | - |

പരിശോധന നടത്തിയ പകുതിയിലേറെ ഗ്രാമപഞ്ചായത്തുകൾക്കും ബന്ധപ്പെട്ട വർഷങ്ങളിൽ അനുവദിക്കപ്പെട്ട പെർഫോമൻസ് ഗ്രാന്റിന്റെ 80 ശതമാനം ചെലവഴിക്കുവാൻ കഴിഞ്ഞിട്ടില്ലായെന്ന് കണക്കുകൾ വ്യക്തമാക്കുന്നു.

**പെർഫോമൻസ് ഗ്രാന്റ് വിനിയോഗം മുനിസിപ്പാലിറ്റികളിൽ**

| മുനിസിപ്പാലിറ്റി | ജില്ല | വർഷം | ലഭിച്ച തുക (₹) | നടപ്പാക്കിയ പദ്ധതികൾ | ചെലവ് (₹) | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| പയ്യന്നൂർ | കണ്ണൂർ | 2011-12 | 4057000 | 11 | 2390086 | 58.9 |
| | | 2012-13 | 8328000 | 13 | 6190724 | 74.33 |
| കണ്ണൂർ | | 2011-12 | 2716000 | - | - | 0 |
| | | 2012-13 | 5575000 | 5 | 2983525 | 53.51 |

ഗ്രാമപഞ്ചായത്തുകളുമായി താരതമ്യം ചെയ്യുമ്പോൾ, നഗരസഭകളിലെ പെർഫോമൻസ് ഗ്രാന്റ് വിനിയോഗം തുലോം കുറവാണെന്ന് കണക്കുകൾ വ്യക്തമാക്കുന്നു.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2013-14-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക 6.1.2)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

63. വകുപ്പിൽ നിന്നും ലഭ്യമാക്കിയ മറുപടിയുടെയും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ പെർഫോമൻസ് ഗ്രാന്റിന്റെ വിനിയോഗം കാര്യക്ഷമമല്ല എന്ന ഓഡിറ്റ് ഖണ്ഡികയിലെ തില്ലങ്കേരി ഗ്രാമപഞ്ചായത്ത്, മുഴക്കുന്ന് ഗ്രാമപഞ്ചായത്ത്, പയ്യന്നൂർ മുനിസിപ്പാലിറ്റി, കണ്ണൂർ നഗരസഭ എന്നിവയുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

**നിഗമനങ്ങളും ശിപാർശകളും**

**64. തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നുള്ള മറുപടിയുടെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ പെർഫോമൻസ് ഗ്രാന്റിന്റെ വിനിയോഗം കാര്യക്ഷമമല്ല എന്ന ഓഡിറ്റ് ഖണ്ഡികയിലെ തില്ലങ്കേരി ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

**65. തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നുള്ള മറുപടിയുടെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ പെർഫോമൻസ് ഗ്രാന്റിന്റെ വിനിയോഗം കാര്യക്ഷമമല്ല എന്ന ഓഡിറ്റ് ഖണ്ഡികയിലെ മുഴക്കുന്ന് ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

**66. തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നുള്ള മറുപടിയുടെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ പെർഫോമൻസ് ഗ്രാന്റിന്റെ വിനിയോഗം കാര്യക്ഷമമല്ല എന്ന ഓഡിറ്റ് ഖണ്ഡികയിലെ പയ്യന്നൂർ മുനിസിപ്പാലിറ്റിയുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

**67. തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നുള്ള മറുപടിയുടെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ പെർഫോമൻസ് ഗ്രാന്റിന്റെ വിനിയോഗം കാര്യക്ഷമമല്ല എന്ന ഓഡിറ്റ് ഖണ്ഡികയിലെ കണ്ണൂർ നഗരസഭയുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**പൊതുമാർക്കറ്റ്/ഷോപ്പിംഗ് കോംപ്ലക്സ്/ബസ് സ്റ്റാന്റ്/കമ്മ്യൂണിറ്റി ഹാൾ-ലേലം/ വാടക/ലൈസൻസ് വരുമാനം**

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അനിവാര്യ ചുമതലകൾ, പൊതുവായ ചുമതലകൾ, മേഖലാടിസ്ഥാനത്തിലുള്ള ചുമതലകൾ എന്നിവ നിറവേറ്റുന്നതിനായി തനത്/നികുതി/നികുതിയേതര വരവുകളെ ആശ്രയിക്കേണ്ടതുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലും നിയന്ത്രണത്തിലുമുള്ള ഷോപ്പിംഗ് കോംപ്ലക്സുകൾ/ പൊതുമാർക്കറ്റ്/ബസ് സ്റ്റാന്റ്/കമ്മ്യൂണിറ്റി ഹാൾ എന്നിവ വാടകയ്ക്കും പാട്ടത്തിനും നൽകുന്നതിലൂടെ തനതു വരുമാനത്തിന്റെ നല്ലൊരു ഭാഗം ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ

സ്ഥാപനത്തിന് ലഭിക്കുന്നു. എന്നാൽ പ്രസ്തുത ആസ്തികൾ നിയമാനുസൃതം കൈമാറ്റം ചെയ്ത് പരമാവധി വരുമാനം നേടുന്നതിനും, ഇവ കാലോചിതമായി സംരക്ഷണ പ്രവൃത്തികൾ നടത്തി പരിപാലിക്കുന്നതിനും, ഇവയുമായി ബന്ധപ്പെട്ട രേഖകൾ കൃത്യമായി സൂക്ഷിക്കുന്നതിലും പല തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും വീഴ്ച വരുത്തുന്നുണ്ട്.

**മാർക്കറ്റ്/ഷോപ്പിംഗ് സെന്റർ/ബസ് സ്റ്റാന്റ്/കമ്മ്യൂണിറ്റി ഹാൾ എന്നിവയുടെ വിശദാംശങ്ങൾ ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല.**

പരിശോധന നടത്തിയ പല സ്ഥാപനങ്ങളിലും മാർക്കറ്റ്/ഷോപ്പിംഗ് സെന്റർ/ബസ് സ്റ്റാന്റ്/കമ്മ്യൂണിറ്റി ഹാൾ എന്നിവ സംബന്ധിച്ച വിവരങ്ങൾ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തി കാണുന്നില്ല. ഉദാഹരണങ്ങൾ:

1. കണ്ണൂർ ജില്ലയിലെ മട്ടന്നൂർ നഗരസഭയുടെ ആസ്തി രജിസ്റ്ററിൽ 31-3-2009 വരെയുള്ള ആസ്തികൾ മാത്രമേ രേഖപ്പെടുത്തിയിട്ടുള്ളൂ.

2. തലശ്ശേരി നഗരസഭയുടെ ആസ്തി രജിസ്റ്ററിൽ ഭൂമി, കെട്ടിടം, റോഡ് എന്നീ ആസ്തികൾ സ്ഥിതിചെയ്യുന്ന വാർഡ്, അവയുടെ മതിപ്പുവില എന്നിവ രേഖപ്പെടുത്തുന്നില്ല.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2013-14-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക 6.2, 6.2.1)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

68. വകുപ്പിൽ നിന്നും ലഭ്യമാക്കിയ മറുപടിയുടെയും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ മാർക്കറ്റ്/ഷോപ്പിംഗ് കോംപ്ലക്സ്/ബസ്സ്റ്റാന്റ്/കമ്മ്യൂണിറ്റി ഹാൾ എന്നിവയുടെ വിശദാംശങ്ങൾ ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല എന്ന ഓഡിറ്റ് ഖണ്ഡികയിലെ കണ്ണൂർ ജില്ലയിലെ മട്ടന്നൂർ, തലശ്ശേരി എന്നീ നഗരസഭകളുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

### നിഗമനങ്ങളും ശിപാർശകളും

**69. തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നുള്ള മറുപടിയുടെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ മാർക്കറ്റ്/ഷോപ്പിംഗ് കോംപ്ലക്സ്/ബസ്സ്റ്റാന്റ്/കമ്മ്യൂണിറ്റി ഹാൾ എന്നിവയുടെ വിശദാംശങ്ങൾ ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല എന്ന ഓഡിറ്റ് ഖണ്ഡികയിലെ കണ്ണൂർ ജില്ലയിലെ മട്ടന്നൂർ നഗരസഭയുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

**70. തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നുള്ള മറുപടിയുടെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ മാർക്കറ്റ്/ഷോപ്പിംഗ് കോംപ്ലക്സ്/ബസ്സ്റ്റാന്റ്/കമ്മ്യൂണിറ്റി ഹാൾ എന്നിവയുടെ വിശദാംശങ്ങൾ ആസ്തി**

**രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല എന്ന ഓഡിറ്റ് ഖണ്ഡികയിലെ കണ്ണൂർ ജില്ലയിലെ തലശ്ശേരി നഗരസഭയുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ സാധനങ്ങളുടെയും സേവനങ്ങളുടെയും സമാഹരണം**

നിലവിലുള്ള സ്റ്റോർ പർച്ചേസ് മാന്വൽ അനുസരിച്ച് സാധനങ്ങളും സേവനങ്ങളും വാങ്ങുമ്പോൾ, മറ്റ് സർക്കാർ ഡിപ്പാർട്ട്മെന്റുകളിൽ നിന്നും വ്യത്യസ്തമായുള്ള സാഹചര്യങ്ങളാണ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അഭിമുഖീകരിക്കുന്നത്. അത്തരം ബുദ്ധിമുട്ടുകൾ മറികടക്കാൻ വേണ്ടിയാണ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് മാത്രമായി സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനായി പ്രൊക്യൂർമെന്റ് മാന്വൽ, ജി.ഒ.(പി)259/2010/തസ്വഭവ., തീയതി 8-11-2010 ആയി പുറപ്പെടുവിച്ചിട്ടുള്ളത്.

പ്രൊക്യൂർമെന്റ് മാന്വൽ പ്രകാരം സമാഹരണ ചുമതലകൾ നിർവഹിക്കുന്നതിന് ടെക്നിക്കൽ ടീം, വാങ്ങൽ ടീം, ഫിനാൻസ് ടീം, സോഷ്യൽ ഓഡിറ്റ് കമ്മിറ്റി എന്നീ സ്റ്റേക്ക് ഹോൾഡർമാരെ നിശ്ചയിക്കേണ്ടതും വാങ്ങൽ കമ്മിറ്റി, പഞ്ചായത്ത് ഭരണ സമിതി എന്നിവർ ഇവരുടെ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുകയും മേൽനോട്ടം വഹിക്കുകയും ചെയ്യേണ്ടതുമാണ്. സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ എത്രത്തോളം ഫലപ്രദമായി നടപ്പിലാക്കിയെന്ന് പരിശോധിച്ചതിൽ കണ്ടെത്തിയ ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു:

| തദ്ദേശ സ്വയംഭരണ സ്ഥാപനം | വർഷം | സ്റ്റോർ പർച്ചേസ് ഇനത്തിൽ ആകെ ചെലവ് | പ്രൊക്യൂർമെന്റ് മാന്വൽ പൂർണ്ണമായി പാലിച്ചുള്ള ചെലവ് | മാന്വൽ ഭാഗികമായി പാലിച്ചുള്ള ചെലവ് | മാന്വൽ തീരെ പാലിക്കാതെയുള്ള ചെലവ് |
|---|---|---|---|---|---|
| കങ്കോൽ ആലപ്പടമ്പ് ഗ്രാമപഞ്ചായത്ത് കണ്ണൂർ ജില്ല | 2010-11<br>2011-12<br><br>2012-13 | 688426<br>810164<br><br>1008972 | -<br>-<br><br>- | 688426<br>810164<br><br>1008972 | -<br>-<br><br>- |

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2013-14-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക 6.3)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

71. വകുപ്പിൽ നിന്നും ലഭ്യമാക്കിയ മറുപടിയുടെയും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ കണ്ണൂർ ജില്ലയിലെ കങ്കോൽ ആലപ്പടമ്പ് ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

**നിഗമനങ്ങളും ശിപാർശകളും**

**72. തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നുള്ള മറുപടിയുടെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ കണ്ണൂർ ജില്ലയിലെ കങ്കോൽ ആലപ്പടമ്പ് ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**പ്രൊക്യൂർമെന്റ് സൈക്കിൾ - ആദ്യപടി പാലിക്കപ്പെടുന്നില്ല**

പരിശോധന നടത്തിയതിൽ മിക്കവാറും ഗ്രാമപഞ്ചായത്തുകൾ സമാഹരണ സൈക്കിളിന്റെ ആദ്യപടിയായ ആവശ്യം നിർണ്ണയിക്കൽ നടത്താതെയാണ് ചുമതലകളുടെ നിർവഹണത്തിനാവശ്യമായ സാമഗ്രികൾ, അനിവാര്യ ചുമതലകളുടെ നിർവഹണത്തിനാവശ്യമായ സാമഗ്രികൾ എന്നിവ വാങ്ങുന്നത്. മുൻവർഷങ്ങളിലെ ഉപയോഗം മുൻനിർത്തി ഓരോ വർഷവും ആവശ്യമായ സാധനങ്ങളുടെ പട്ടിക നിർവഹണ ഉദ്യോഗസ്ഥരുടെ ടെക്നിക്കൽ ടീം (വർക്കിംഗ് ഗ്രൂപ്പ്) വർഷാരംഭത്തിൽ തയ്യാറാക്കുന്നില്ല.

ഉദാഃ- ചേലോറ ഗ്രാമപഞ്ചായത്ത് (കണ്ണൂർ ജില്ല)

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2013-14-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക 6.3.2)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

73. വകുപ്പിൽ നിന്നും ലഭ്യമാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കണ്ണൂർ നഗരസഭയുടെ ഭാഗമായ ചേലോറ ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

**നിഗമനങ്ങളും ശിപാർശകളും**

**74. തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നുള്ള മറുപടിയുടെ അടിസ്ഥാനത്തിൽ കണ്ണൂർ നഗരസഭയുടെ ഭാഗമായ ചേലോറ ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**തെരുവുവിളക്കുകളുടെ സംരക്ഷണവും അറ്റകുറ്റപ്പണികളും**

കേരള പഞ്ചായത്ത് രാജ് ആക്റ്റ് 166 വകുപ്പ് 1-ാം ഉപവകുപ്പ് 3-ാം പട്ടിക പ്രകാരം ഗ്രാമപഞ്ചായത്തിന്റെ അനിവാര്യ ചുമതലയിൽപ്പെടുന്നതാണ് തെരുവുവിളക്കുകൾ കത്തിക്കുകയും അവയെ പരിപാലിക്കുകയും ചെയ്യുക എന്നത്. സംസ്ഥാന ആസൂത്രണ ബോർഡിന്റെ 2013-ലെ റിപ്പോർട്ട് പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് തെരുവുവിളക്കുകളുടെ സംരക്ഷണത്തിനും അറ്റകുറ്റപ്പണിയ്ക്കുമായി അനുവദിച്ച 6918.05 ലക്ഷം രൂപയിൽ 5077.21 ലക്ഷം രൂപ മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. അതായത് അനുവദിച്ചതിൽ 73.39% മാത്രമേ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വിനിയോഗിച്ചിട്ടുള്ളൂ.

തെരഞ്ഞെടുത്ത തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഓഡിറ്റിന്റെ ഭാഗമായി തെരുവുവിളക്കുകളുടെ സംരക്ഷണവും അറ്റകുറ്റപ്പണിയും എപ്രകാരമാണെന്ന് അവലോകനം നടത്തുകയുണ്ടായി. വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ തെരുവുവിളക്കുകളുടെ സംരക്ഷണവും അറ്റകുറ്റപ്പണിയും സംബന്ധിച്ച് പുറപ്പെടുവിച്ചിട്ടുണ്ടെങ്കിലും പരിശോധന നടത്തിയ ഭൂരിഭാഗം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ഇത് നടപ്പിലാക്കുന്നതിൽ വീഴ്ച വരുത്തിയിട്ടുണ്ട്. പരിശോധനയിലെ കണ്ടെത്തലുകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| തദ്ദേശ സ്വയംഭരണ സ്ഥാപനം | വർഷം | തെരുവു വിളക്കുകളുടെ എണ്ണം | വൈദ്യുതി ചാർജ്ജ് | അറ്റകുറ്റപ്പണിയ്ക്ക് ചെലവഴിച്ച തുക | പരാമർശം |
|---|---|---|---|---|---|
| കണ്ണപുരം (കണ്ണൂർ ജില്ല) | 2010-11<br>2011-12<br>2012-13 | 917<br>1077<br>1077 | 309216<br>384761<br>421044 | 24012<br>50000<br>ഇല്ല | തെരുവു വിളക്കുകളുടെ എണ്ണം, ഇനം, വാട്സ് എന്നിവ രേഖപ്പെടുത്തിയ രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും കെ.എസ്.ഇ.ബി.-യും പഞ്ചായത്തും സംയുക്ത പരിശോധന നടത്തി നിലവിൽ പ്രവർത്തിക്കാത്ത വിളക്കുകളുടെ വിശദാംശങ്ങൾ ശേഖരിച്ചിട്ടില്ല. ആയതിനാൽ പ്രവർത്തിക്കാത്ത വിളക്കുകൾക്ക് വൈദ്യുത ചാർജ്ജ് അടവാക്കുന്നു. |

തെരുവുവിളക്കുകളുടെ എണ്ണത്തെ സംബന്ധിച്ച കൃത്യമായ കണക്ക് മിക്കവാറും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ അറ്റകുറ്റപ്പണികൾ

നടത്തുമ്പോൾ കരാറുകാരുമായി വ്യവസ്ഥകൾ വ്യക്തമാക്കി കരാറുകൾ ചമയ്ക്കുന്നതിലും തുക ഫലപ്രദമായി വിനിയോഗിക്കുന്നതിലും പരാജയപ്പെടുന്നു.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2013-14-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക 6.4)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

75. തെരുവ് വിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കുന്ന പ്രവൃത്തിയുടെ നിലവിലെ സ്ഥിതിയെന്താണെന്ന് സമിതി ആരാഞ്ഞതിന് തെരുവ് വിളക്കുകളുടെ സംയുക്ത പരിശോധന നടത്തിയിട്ടുണ്ടെന്നും മീറ്റർ സ്ഥാപിക്കുന്നതിന് 1,32,500/- രൂപ കെ.എസ്.ഇ.ബി.എൽ.-ൽ അടച്ചിരുന്നതിന്റെ ഭാഗമായി street light controller ഉള്ള 25 ട്രാൻസ്ഫോർമറുകൾക്ക് അപേക്ഷ കൊടുക്കണമെന്ന കെ.എസ്.ഇ.ബി.എൽ.-ന്റെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ അപേക്ഷ കൊടുത്തിട്ടുണ്ടെന്നും ബാക്കിയുള്ള തെരുവു വിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കാനുള്ള പ്രവൃത്തി എത്രയും വേഗം പൂർത്തിയാക്കുമെന്നും കണ്ണപുരം ഗ്രാമപഞ്ചായത്ത് സെക്രട്ടറി ബോധിപ്പിച്ചു. തെരുവ് വിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കാനുള്ള പ്രവൃത്തി എത്രയും വേഗം പൂർത്തിയാക്കി റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

### നിഗമനങ്ങളും ശിപാർശകളും

**76. കണ്ണൂർ ജില്ലയിലെ കണ്ണപുരം ഗ്രാമപഞ്ചായത്തിലെ തെരുവ് വിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കാനുള്ള പ്രവൃത്തി എത്രയും വേഗം പൂർത്തിയാക്കി റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.**

ഓഡിറ്റ് ഖണ്ഡിക

### വസ്തുനികുതി പരിഷ്കരണ നടപടികൾക്ക് ആധികാരിക സ്ഥിരീകരണമില്ല

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തനത് വരുമാന സ്രോതസ്സുകളിൽ ഏറ്റവും പ്രധാനപ്പെട്ടതാണ് വസ്തു നികുതി. 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 203, 207 വകുപ്പുകളിലും 1994-ലെ കേരള മുനിസിപ്പൽ നിയമം 230 മുതൽ 235 വരെയുള്ള വകുപ്പുകളിലുമാണ് യഥാക്രമം പഞ്ചായത്തുകളുടെയും മുനിസിപ്പാലിറ്റികളുടെയും വസ്തുനികുതി സംബന്ധിച്ച പ്രധാന വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചിട്ടുള്ളത്. നിയമം നിലവിൽ വന്നശേഷം 1997-ലാണ് കെട്ടിട നികുതിയുടെ പരിഷ്കരണം ആദ്യമായി നടന്നത്. അതിന് ശേഷം 2011-ലാണ് വസ്തുനികുതി പരിഷ്കരണത്തിന് വിശദമായ നടപടിക്രമങ്ങൾ നിർദ്ദേശിച്ചിട്ടുള്ള സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നത്. ഇപ്രകാരം 1-4-2011 പ്രാബല്യത്തിലുള്ള സർക്കാർ ഉത്തരവ് മുതൽ വസ്തുനികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട് നാളിതുവരെ വിവിധ

സന്ദർഭങ്ങളിൽ വിശദമായ നിരവധി ഉത്തരവുകൾ സർക്കാർ പുറപ്പെടുവിക്കുകയുണ്ടായി. ഓരോ അവസരത്തിലും നിർദ്ദിഷ്ട നടപടികൾ സമയബന്ധിതമായും ഏകോപിതമായും സംസ്ഥാനതലത്തിൽ കുറ്റമറ്റതാക്കി പൂർത്തിയാക്കാൻ കഴിയാതെ വരികയും പുതിയ നിർദേശങ്ങൾ ആവശ്യമാകുകയും പൂർത്തീകരണ കാലയളവ് പലപ്രാവശ്യം ദീർഘിപ്പിക്കേണ്ടിയും വന്നു. ഇപ്രകാരം 26-5-2017-ലെ ഉത്തരവുവരെയുള്ള വസ്തുനികുതി പരിഷ്കരണ നടപടികളുടെ പൂർത്തീകരണത്തിന് 6 വർഷം വേണ്ടിവന്നിട്ടുണ്ട്. എന്നാൽ മേൽ നിർദ്ദേശങ്ങളിൽ വ്യവസ്ഥ ചെയ്ത നിർദ്ദിഷ്ട പ്രവർത്തന ഘട്ടങ്ങൾ ഓരോന്നും കുറ്റമറ്റതായി പൂർത്തിയാക്കി എന്നുറപ്പാക്കുന്നതിനുള്ള നടപടിയോ അവ അന്തിമമാക്കുന്നതിന് കഴിയുംവിധമുള്ള മേൽ പരിശോധനയോ തുടർനടപടികളോ ഉണ്ടായിട്ടില്ല. സ്വാഭാവികമായും തദ്ദേശസ്ഥാപന തലത്തിൽത്തന്നെ മേൽപരിശോധന നടത്തി തെറ്റുകൂടാതെ പൂർത്തിയാക്കിയെന്നുറപ്പാക്കാത്ത നടപടികളുടെയും വിവരങ്ങളുടെയും (ഡിജിറ്റൽ വിവരശേഖരമടക്കം) ഓഡിറ്റ് നടത്തി അപാകതകൾ കണ്ടെത്തി പരിഹരിക്കുക എന്നത് അപ്രായോഗികമാണ്.

വസ്തുനികുതി പരിഷ്കരണം സംബന്ധിച്ച് പ്രധാനമായും 6 ഘട്ടങ്ങളിലെ നടപടികൾക്കാണ് പഞ്ചായത്ത്/നഗരസഭാ ഉദ്യോഗസ്ഥ സംവിധാനത്തെ ചുമതലപ്പെടുത്തി യിരുന്നത്. എന്നാൽ ഈ പ്രവർത്തനങ്ങൾ പരിശോധിച്ച് കുറ്റമറ്റതാണെന്ന് ഉറപ്പാക്കാൻ അവ ഓരോന്നിനോടുമൊപ്പം ചേർത്ത വിധമുള്ള മേൽനോട്ടവും, മേൽ പരിശോധനയും സാക്ഷ്യപ്പെടുത്തലും, അംഗീകാരവും കൂടി ഉണ്ടാകേണ്ടതായിരുന്നു. എന്നാൽ മാത്രമേ നടപടികളും പുതുക്കിയ വിവരശേഖരവും കുറ്റമറ്റതാണെന്നുറപ്പാക്കി നികുതി പരിഷ്കരണം അന്തിമമാക്കാൻ കഴിയുകയുള്ളൂ. അപ്രകാരം ചുമതലകൾ ഉത്തരവാദപ്പെടുത്തി നിർദ്ദേശിച്ചി ട്ടില്ലാത്തതിനാൽ നികുതി പരിഷ്കരണ നടപടികൾ അപൂർണ്ണവും അന്തിമമാക്കാത്തതുമായ അവസ്ഥയാണ് നിലവിലുള്ളത്. പ്രധാനപ്പെട്ട ആറ് പരിഷ്കരണ നടപടിഘട്ടങ്ങളും ആയത് നിർവഹിക്കാൻ നിർദ്ദേശിക്കപ്പെട്ടവരുടെയും അവയോരോന്നിലും ആവശ്യമായ മേൽപരിശോധന/അംഗീകാരനടപടികളും അവ നിർവഹിക്കേണ്ടതിന്റെ വിവരവും താഴെ ചേർക്കുന്നു.

| | | |
|---|---|---|
| 1 | | അടിസ്ഥാന വസ്തുനികുതി നിർണയത്തിനുശേഷം കെട്ടിടങ്ങൾക്ക് നമ്പർ പതിപ്പിക്കൽ. 31-8-2012 (സ.ഉ.(സാധാ)നം.1821/2012/ത.സ്വ.ഭ.വ., തീയതി 30-6-2012) |
| | | ബിൽ കളക്ടർ/ക്ലാർക്ക് |
| | മേൽനോട്ടം | ഹെഡ് ക്ലാർക്ക്/ജൂനിയർ സൂപ്രണ്ട് (100% പരിശോധന) |

| | | |
|---|---|---|
| | മേൽപരിശോധന | സെക്രട്ടറി (30% പരിശോധന) (ഉപയോഗക്രമമനുസരിച്ച് പാർപ്പിടാവശ്യം-50%, വാണിജ്യം-20%, വ്യവസായം-10%, വിദ്യാഭ്യാസം/ആശുപത്രി-10%, മറ്റാവശ്യം-10%) അപാകതകൾ കണ്ടെത്തുന്ന സാഹചര്യത്തിൽ 100% പരിശോധന |
| | സാക്ഷ്യപ്പെടുത്തൽ | ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി (10% പരിശോധിക്കണം) (പാർപ്പിടാവശ്യം-50%, വാണിജ്യം-20%, വ്യവസായം-10%, വിദ്യാഭ്യാസം/ആശുപത്രി-10%, മറ്റാവശ്യം-10%) അപാകതകൾ കണ്ടെത്തുന്ന സാഹചര്യത്തിൽ 100% പരിശോധിക്കാൻ സെക്രട്ടറിയോട് നിർദ്ദേശിക്കാം. |
| | അംഗീകാരം | പരിശോധനാ നടപടികൾ ഭരണസമിതി വിലയിരുത്തി അംഗീകരിക്കണം |
| 2 | | കെട്ടിടങ്ങളുടെ എണ്ണം, തരം, നികുതി, നികുതി കുടിശിക, പഴയ കെട്ടിട നമ്പർ, പുതിയ നമ്പർ, പേര്, വിലാസം, പഴയനികുതിയും ലൈബ്രറി സെസ്സും, അസസ്മെന്റ് വർഷം, ARV/പ്ലിന്ത് ഏരിയയുടെ അടിസ്ഥാനത്തിലാണോ നികുതി നിശ്ചയിച്ചത് എന്നിവയുടെ ഡിജിറ്റൽ ഡാറ്റാബേസ് തയ്യാറാക്കൽ. [സ.ഉ.(എം.എസ്.)നം. 210/2013/തസ്വഭവ തീയതി 4-6-2013) |
| | | 1-4-2013 പ്രാബല്യം (നിലവിലുള്ള നികുതിദായകർ) 1-4-2011 പ്രാബല്യം (പുതിയ നികുതിദായകർ) |
| | | ബിൽ കളക്ടർ/ വാർഡ് ക്ലാർക്ക് |
| | മേൽനോട്ടം | ഹെഡ് ക്ലാർക്ക്/ജൂനിയർ സൂപ്രണ്ട് (100% പരിശോധന) |
| | മേൽപരിശോധന | സെക്രട്ടറി (30% പരിശോധന)<br>ഉപയോഗക്രമമനുസരിച്ച് പാർപ്പിടാവശ്യം-50%, വാണിജ്യം-20%, വ്യവസായം-10%, |

| | | |
|---|---|---|
| | | വിദ്യാഭ്യാസം/ആശുപത്രി - 10%, മറ്റാവശ്യം-10%, അപാകതകൾ കണ്ടെത്തുന്ന സാഹചര്യത്തിൽ 100% പരിശോധന |
| | സാക്ഷ്യപ്പെടുത്തൽ | ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി (10% പരിശോധന) പാർപ്പിടാവശ്യം-50%, വാണിജ്യം-20%,വ്യവസായം- 10%, വിദ്യാഭ്യാസം/ആശുപത്രി-10%, മറ്റാവശ്യം-10%, അപാകതകൾ കണ്ടെത്തുന്ന സാഹചര്യത്തിൽ 100% പരിശോധിക്കാൻ സെക്രട്ടറിയോട് നിർദ്ദേശിക്കാം. |
| | അംഗീകാരം | പരിശോധനാ നടപടികൾ ഭരണസമിതി വിലയിരുത്തി അംഗീകരിക്കണം |
| 3 | | കെട്ടിട ഉടമകളിൽ നിന്ന് ഫോറം 2 എ-യിൽ വിവരശേഖരണം. ആകെ കെട്ടിടങ്ങളുടെ ഡാറ്റ ശരിയാണെന്ന് ഉറപ്പ് വരുത്തിയശേഷം എല്ലാ കെട്ടിട ഉടമകളും ഫോറം 2-ൽ വിവരം സമർപ്പിച്ചിട്ടുണ്ടെന്ന് പഞ്ചായത്തിന്റെ/നഗരസഭയുടെ ഡാറ്റയുമായി ഒത്ത് നോക്കി ഉറപ്പുവരുത്തൽ, ഫോറം 3-ലുള്ള വസ്തുനികുതി റിട്ടേൺ രജിസ്റ്റർ രേഖപ്പെടുത്തൽ (2011-ലെ കേ.പ.രാ. (വസ്തുനികുതിയും....സർചാർജ്ജും) ചട്ടം 11(4)) |
| | | 30-9-2012 [സ.ഉ. (സാധാ.) നം.1821/2012/ത.സ്വ.ഭ.വ., തീയതി 30-6-2012] |
| | | ബിൽ കളക്ടർ/ക്ലാർക്ക് |
| | മേൽനോട്ടം | ഹെഡ് ക്ലാർക്ക്/ജൂനിയർ സൂപ്രണ്ട് (100% പരിശോധന) |
| | മേൽപരിശോധന | സെക്രട്ടറി (30% പരിശോധന) (ഉപയോഗക്രമമനുസരിച്ച് പാർപ്പിടാവശ്യം - 50%, വാണിജ്യം - 20%,വ്യവസായം - 10%,വിദ്യാഭ്യാസം/ആശുപത്രി - 10%, മറ്റാവശ്യം - 10%) അപാകതകൾ കണ്ടെത്തുന്ന സാഹചര്യത്തിൽ 100% പരിശോധന |
| | സാക്ഷ്യപ്പെടുത്തൽ | ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി 10% പരിശോധന. അപാകതകളുണ്ടെങ്കിൽ സെക്രട്ടറിയോട് 100% പരിശോധിക്കാൻ നിർദ്ദേശിക്കാം. |

| | | |
|---|---|---|
| | അംഗീകാരം | പരിശോധനാ നടപടികൾ ഭരണസമിതി വിലയിരുത്തി അംഗീകരിക്കണം |
| 4 | | കെട്ടിട ഉടമകൾ ഫോറം 2-ൽ നൽകിയ വിവരങ്ങൾ ഉറപ്പ് വരുത്താൻ ഭൗതിക പരിശോധന നടത്തി ഫോറം 6-ൽ വിവരങ്ങൾ രേഖപ്പെടുത്തലും, ഡാറ്റ എൻട്രി നടത്തലും. ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കലും വസ്തുനികുതി റിട്ടേൺ രജിസ്റ്ററിൽ രേഖപ്പെടുത്തലും [2011-ലെ കേ.പ.രാ. (വസ്തുനികുതിയും .....സർചാർജ്ജും) ചട്ടം 12(4), (6)] |
| | | 21-7-2013 മുതൽ 30-9-2013 വരെ (പഞ്ചായത്ത് ഡയറക്ടറുടെ 8-7-2013-ലെ സി.3-6865/2011 നമ്പരിലുള്ള സർക്കുലർ) |
| | | *ബിൽ കളക്ടർ/ ക്ലാർക്ക്* |
| | മേൽനോട്ടം | ഹെഡ് ക്ലാർക്ക്/ജൂനിയർ സൂപ്രണ്ട് (100% പരിശോധന) |
| | മേൽപരിശോധന | സെക്രട്ടറി (30% പരിശോധന) അപാകതകളുണ്ടെങ്കിൽ 100% പരിശോധന |
| | സാക്ഷ്യപ്പെടുത്തൽ | ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി 10% പരിശോധന. (പാർപ്പിടാവശ്യം-50%, വാണിജ്യം-20%, വ്യവസായം-10%, വിദ്യാഭ്യാസം/ആശുപത്രി - 10 %, മറ്റാവശ്യം - 10%) അപാകതകൾ കണ്ടെത്തുന്ന സാഹചര്യത്തിൽ 100% പരിശോധിക്കാൻ സെക്രട്ടറിയോട് നിർദ്ദേശിക്കാം. |
| | അംഗീകാരം | പരിശോധനാ നടപടികൾ ഭരണസമിതി വിലയിരുത്തി അംഗീകരിക്കണം |
| 5 | | വസ്തുനികുതി നിർണയത്തിനുശേഷം കെട്ടിടത്തിന്റെ തറവിസ്തീർണ്ണത്തിലും ഉപയോഗക്രമത്തിലും മറ്റും വരുത്തുന്ന മാറ്റങ്ങൾ രേഖപ്പെടുത്തൽ. [2011-ലെ കേ.പ.രാ. (വസ്തുനികുതിയും .....സർചാർജ്ജും) ചട്ടം 17] |
| | | *ബിൽ കളക്ടർ/ക്ലാർക്ക്* |
| | മേൽനോട്ടം | ഹെഡ് ക്ലാർക്ക്/ജൂനിയർ സൂപ്രണ്ട് |

| | | |
|---|---|---|
| | മേൽപരിശോധന | സെക്രട്ടറി |
| | സാക്ഷ്യപ്പെടുത്തൽ | ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി |
| | അംഗീകാരം | ഭരണസമിതി |
| | അഭിപ്രായം | കെട്ടിടത്തിന് വരുത്തിയ മാറ്റങ്ങൾ ഉടമ അറിയിക്കാതിരിക്കുകയോ വസ്തുതാവിരുദ്ധമായ വിവരങ്ങൾ നൽകുകയോ ചെയ്താൽ സെക്രട്ടറി നേരിട്ട് പരിശോധന നടത്തി വിവരങ്ങൾ ശേഖരിച്ച് നികുതി നിർണ്ണയിക്കണമെന്ന് 17-ാം ചട്ടത്തിൽ നിഷ്കർഷിക്കുന്നു. എന്നാൽ കെട്ടിടത്തിലെ മാറ്റങ്ങൾ ഉടമ അറിയിക്കാതെ സെക്രട്ടറി അറിയാനും സാധ്യതയില്ല. ഈ അപാകത പരിഹരിക്കാനുള്ള നിർദ്ദേശങ്ങൾ സർക്കാർതലത്തിൽ ഉണ്ടാകേണ്ടതാണ്. (ഉദാഹരണത്തിന് വർധിച്ച പിഴയോ നികുതി നിരക്കോ ഏർപ്പെടുത്താവുന്നതാണ്) |
| 6 | | നികുതിദായകർക്ക് 9-ാം നമ്പർ ഫോറത്തിൽ നികുതി ഡിമാന്റ് നോട്ടീസ് വിതരണം ചെയ്യലും, ഡിമാന്റ് നോട്ടീസിന്റെ കൈപ്പറ്റുരേഖ സൂക്ഷിക്കലും. [2011-ലെ കേ.പ.രാ. (വസ്തുനികുതിയും .....സർചാർജ്ജും)] ചട്ടം 14) |
| | | 15-9-2013 മുതൽ 15-10-2013 വരെ (പഞ്ചായത്ത് ഡയറക്ടറുടെ 8-7-2013-ലെ സി.3-6865/2011 നമ്പർ സർക്കുലർ) |
| | മേൽപരിശോധന | സെക്രട്ടറി |
| | മേൽനോട്ടം | ഹെഡ് ക്ലാർക്ക്/ജൂനിയർ സൂപ്രണ്ട് |
| | സാക്ഷ്യപ്പെടുത്തൽ | ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി |
| | അംഗീകാരം | ഭരണസമിതി |

മേൽപ്പറഞ്ഞ 6 ഘട്ടങ്ങളിലെ പ്രവർത്തനങ്ങളുടെ മേൽനോട്ടവും മേൽപരിശോധനയും സാക്ഷ്യപ്പെടുത്തലും കൃത്യമായി നടക്കാത്തതിനാലും അപ്രകാരം ഉറപ്പാക്കാത്തതിനാലും 2016-17 വർഷം നിർവഹിച്ച ഓഡിറ്റിൽ വ്യാപകമായി വസ്തുനികുതി നിർണ്ണയവുമായി

ബന്ധപ്പെട്ട അപാകതകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ചില പ്രധാനപ്പെട്ട അപാകതകൾ താഴെപ്പറയുന്നു.

1. സഞ്ചയ സോഫ്റ്റ്‌വെയർ മുഖേനയുള്ള വസ്തുനികുതി സംബന്ധിച്ച ഡാറ്റാ എൻട്രി പൂർത്തിയാക്കാത്തതും, തദ്ദേശ സ്ഥാപനത്തിന്റെ വാർഷിക കണക്കുകൾ തയ്യാറാക്കുന്ന സാംഖ്യ സോഫ്റ്റ്‌വെയറുമായി സംയോജിപ്പിക്കാത്തതും കാരണമായുള്ള അപാകതകൾ.

2. വസ്തുനികുതി കുടിശിക ഈടാക്കാത്തത്.

3. കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് ചെയ്യാത്തത്.

4. നഗരസഭകളിലേക്ക് കൂട്ടിച്ചേർത്ത ഗ്രാമപഞ്ചായത്തുകളിലും, നഗരസഭകളായി മാറിയ ഗ്രാമപഞ്ചായത്തുകളിലും നഗരസഭയ്ക്ക് ബാധകമായ നിരക്കിൽ വസ്തുനികുതി നിർണ്ണയിച്ചിട്ടില്ല.

5. വസ്തുനികുതിയുമായി ബന്ധപ്പെട്ട രജിസ്റ്ററുകളും മറ്റു രേഖകളും മാന്വലായും ഡിജിറ്റലായും സൂക്ഷിക്കാത്തതും അപൂർണ്ണമായി സൂക്ഷിക്കുന്നതും.

6. നികുതി പരിഷ്കരണം നടപ്പിലാക്കാത്തത്.

7. വസ്തുനികുതി നിർണ്ണയിക്കുന്നതിലെ അപാകതകൾ. (ഉപയോഗക്രമം/തരം മാറ്റിയത്, 100 എം$^2$ൽ കൂടുതലുള്ള തറവിസ്തീർണ്ണത്തിന്റെ നികുതി നിരക്കിനു പകരം കുറഞ്ഞ നിരക്കിൽ നിശ്ചയിച്ചത്, FAR-ൽ തെറ്റായി രേഖപ്പെടുത്തി നികുതി നിശ്ചയിച്ചത് തുടങ്ങിയവ)

മേൽപ്പറഞ്ഞ അപാകതകൾ ഓരോന്നും പരാമർശിക്കപ്പെട്ട ഓഡിറ്റ് റിപ്പോർട്ടുകളിൽ കണ്ണൂർ ജില്ലയുമായി ബന്ധപ്പെട്ട വിവരം താഴെചേർക്കുന്നു.

| ജില്ല | ഓഡിറ്റ് വർഷം | 1 | 2 | 3 | 4 | 5 | 6 | 7 |
|---|---|---|---|---|---|---|---|---|
| കണ്ണൂർ | 2014-15 | | 02 | 04 | | 13 | | 01 |

വിശദാംശം ചുവടെ ചേർക്കുന്നു :

| ഗ്രാമപഞ്ചായത്തിന്റെ പേര് | ഖണ്ഡിക നം. |
|---|---|
| ആലക്കോട് | 2.3 |

| | |
|---|---|
| അയ്യൻകുന്ന് | 2.2 |
| ചേലോറ | 2.1 |
| ചെമ്പിലോട് | 2.1 |
| ചൊക്ലി | 2.1 |
| എടയ്ക്കാട് | 2.1 |
| ഇരിക്കൂർ | 2.2, 2.3 |
| കണിച്ചാർ | 2.2 |
| കണ്ണപുരം | 2.3 |
| കരിയാട് | 2.2 |
| കോട്ടയം | 2.1 |
| കുന്നോത്ത്പറമ്പ് | 2.5 |
| മലപ്പട്ടം | 2.2, 2.3 |
| മങ്ങാട്ടിടം | 2.1 |
| മൊകേരി | 2.1 |
| നടുവിൽ | 2.1 |
| പന്ന്യന്നൂർ | 2.1 |
| പാനൂർ | 2.4 |

| | |
|---|---|
| പാപ്പിനിശ്ശേരി | 2.2 |
| പരിയാരം | 2.1 |
| പാട്യം | 2.1 |
| പായം | 2.4 |
| ശ്രീകണ്ഠപുരം | 2.1 |
| തില്ലങ്കേരി | 2.2 |
| ഉളിക്കൽ | 2.1 |

**ശിപാർശകൾ**

1. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വരവിനങ്ങളുടെ വിവരശേഖരണത്തിന് വേണ്ടി തയ്യാറാക്കിയ സഞ്ചയ സോഫ്റ്റ്‌വെയറിൽ നിലവിൽ കെട്ടിടനികുതിയുടെ വിവരങ്ങളാണ് ഉൾക്കൊള്ളിച്ചുകൊണ്ടിരിക്കുന്നത്. തദ്ദേശ സ്വയംഭരണ സ്ഥാപന പരിധിയിലുള്ള കെട്ടിടങ്ങളുടെ എണ്ണം, തരം, തറവിസ്തീർണ്ണം, മേഖല, റോഡിന്റെ സാമീപ്യം, ഉപയോഗക്രമം തുടങ്ങി എല്ലാ വിവരങ്ങളും കുറ്റമറ്റ രീതിയിൽ സഞ്ചയയിൽ ഉൾപ്പെടുത്തിയെന്ന് ഉറപ്പ് വരുത്താനുള്ള ക്രമീകരണം ഉണ്ടാകേണ്ടതാണ്.

2. കേരള പഞ്ചായത്ത് രാജ് നിയമം 203-ാം വകുപ്പിലെ 4(2)-ാം ഉപവകുപ്പ് പ്രകാരം സർക്കാർ നിശ്ചയിക്കുന്ന അടിസ്ഥാന വസ്തുനികുതി നിരക്കുകളുടെ പരിധിക്ക് വിധേയമായി 3-ാം ഉപവകുപ്പ് പ്രകാരം ഗ്രാമപഞ്ചായത്ത് ഒരിക്കൽ നിശ്ചയിക്കുന്ന അടിസ്ഥാന വസ്തുനികുതി നിരക്കുകൾക്കും അവ പ്രാബല്യത്തിൽ വരുന്ന തീയതി മുതൽ അഞ്ചു വർഷക്കാലയളവിലേക്ക് പ്രാബല്യമുണ്ടായിരിക്കുന്നതും തുടർന്ന് ഓരോ അഞ്ച് വർഷക്കാലം പൂർത്തിയാകുന്ന മുറയ്ക്ക് അടുത്ത അഞ്ച് വർഷക്കാലയളവിലേക്ക് പ്രാബല്യത്തിൽ വരത്തക്കവിധം അടിസ്ഥാന വസ്തുനികുതി നിരക്കുകൾ യഥാക്രമം സർക്കാരും ഗ്രാമപഞ്ചായത്തും നിലവിലുള്ള പരിധികളുടെയും നിരക്കുകളുടെയും മേൽ ഓരോ വർഷവും 5% എന്ന നിരക്കിൽ വർധനവ് വരുത്തി അപ്രകാരം 5 വർഷക്കാലയളവ് പൂർത്തിയാകുമ്പോൾ 25% വർധനവ് വരുന്ന വിധത്തിൽ പുതുക്കി നിശ്ചയിക്കേണ്ടതുമാണ്. പുതിയ കെട്ടിടങ്ങൾക്ക് 1-4-2011 മുതലും പഴയ കെട്ടിടങ്ങൾക്ക് 1-4-2013 മുതലുമാണ് നിലവിലുള്ള നികുതി പരിഷ്കരണത്തിന്റെ പ്രാബല്യത്തീയതി. 1-4-2011-ന് ശേഷം

5 വർഷം കഴിഞ്ഞതിനാലും 1-4-2013-ന് ശേഷം 5 വർഷം 1-4-2018-ന് കഴിയുമെന്നതിനാലും പുതിയ നികുതി പരിഷ്കരണത്തിന് ഇതോടൊപ്പം തന്നെ തുടർനടപടികൾ സ്വീകരിക്കാനുള്ള നിർദ്ദേശം നൽകേണ്ടതാണ്.

3. തദ്ദേശഭരണ സ്ഥാപനങ്ങളിൽ വസ്തുനികുതി സംബന്ധിച്ച് നിലവിലുള്ള ഡാറ്റാബേസ് സുതാര്യവും കൃത്യവും പൂർണ്ണവുമാണെന്ന് ഉറപ്പു വരുത്തുകയും തുടർപരിഷ്കരണ നടപടികളെല്ലാം ഈ ഡാറ്റാബേസ് അടിസ്ഥാനപ്പെടുത്തിയാകണമെന്നുള്ള ക്രമീകരണം നടത്തേണ്ടതുമാണ്.

4. തദ്ദേശഭരണ സ്ഥാപനങ്ങളിൽ GIS മാപ്പിംഗിലൂടെ IPMS (Integrated Property Management System) നടപ്പിലാക്കാൻ ജി.ഒ.(ആർ.ടി.) നം. 687/16/ത.സ്വ.ഭ.വ. തീയതി 19-2-2016 പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. നിലവിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലുള്ള ഐ.കെ.എം. സോഫ്റ്റ്‌വെയറുകളുമായി (സഞ്ചയ, സുലേഖ, സങ്കേത തുടങ്ങിയവ) IPMS സംവിധാനത്തെ സംയോജിപ്പിക്കാൻ സാങ്കേതികമായി സാധിക്കുമെന്നതിനാൽ ഇത് നടപ്പിലാക്കാനുള്ള നടപടികൾ ത്വരിതപ്പെടുത്താവുന്നതാണ്. IPMS സംവിധാനം നടപ്പിലാക്കിയ കളമശ്ശേരി നഗരസഭയിൽ കെട്ടിടങ്ങളുടെ മാത്രമല്ല തദ്ദേശസ്ഥാപനത്തിന്റെ എല്ലാ ആസ്തികളുടേയും കാര്യക്ഷമമായ വിവരശേഖരണം നടത്താൻ കഴിഞ്ഞിട്ടുണ്ട്. വസ്തുനികുതി സംബന്ധിച്ച വിവരശേഖരണത്തിൽ നിലനിൽക്കുന്ന അവ്യവസ്ഥകളുള്ള പരിഹാരമാർഗ്ഗമെന്ന നിലയിൽ ഈ സംവിധാനം പ്രസക്തമാണ്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2016-17-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, അധ്യായം 1)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

77. വസ്തു നികുതി പരിഷ്കരണ നടപടികൾക്ക് ആധികാരിക സ്ഥിരീകരണമില്ല എന്ന ഓഡിറ്റ് പരാമർശത്തിൻമേൽ മറുപടി ലഭ്യമാക്കിയിട്ടില്ലെന്നും 2016-17 വർഷം നിർവഹിച്ച ഓഡിറ്റിൽ വസ്തു നികുതി നിർണ്ണയവുമായി ബന്ധപ്പെട്ട പ്രധാനപ്പെട്ട അപാകതകളും ശിപാർശകളും റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും സമിതി ചൂണ്ടിക്കാട്ടിയപ്പോൾ ഈ വിഷയം നയപരമായി തീരുമാനമെടുക്കേണ്ട ഒന്നാണെന്നും ബന്ധപ്പെട്ട സെക്ഷനെ അറിയിച്ചിട്ടുണ്ടെങ്കിലും മറുപടി ലഭ്യമായിട്ടില്ലെന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറി & സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ ബോധിപ്പിച്ചു. മറുപടി എന്നത്തേയ്ക്ക് ലഭ്യമാക്കാമെന്ന് സമിതി ആരാഞ്ഞതിന് രണ്ട് മാസത്തിനുള്ളിൽ ലഭ്യമാക്കാമെന്ന് അഡീഷണൽ സെക്രട്ടറി മറുപടി നൽകി.

78. വകുപ്പിൽ നിന്നും ലഭ്യമാക്കിയ മറുപടിയുടെയും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ ആലക്കോട് (2.3), അയ്യൻകുന്ന് (2.2), ചേലോറ (2.1), ചെമ്പിലോട് (2.1), ചൊക്ലി (2.1), എടയ്ക്കാട് (2.1) എന്നീ ഗ്രാമപഞ്ചായത്തുകളുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

79. റിയാസ് എ., കെ. അബ്ദുസലാം എന്നിവരുടെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളുടെ കുടിശിക ഈടാക്കുന്നതിനായി ഫയൽ ചെയ്തിട്ടുള്ള കേസിന്റെ നിലവിലെ അവസ്ഥ സംബന്ധിച്ച് സമിതി ആരാഞ്ഞതിന് ഇരിക്കൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ഹാജരായിട്ടില്ലെന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറി മറുപടി നൽകി.

80. സെക്രട്ടറി ഹാജരാകണമെന്ന് അറിയിച്ചിരുന്നില്ലേയെന്ന് സമിതി തുടർന്ന് ആരാഞ്ഞു. ഹാജരാകണമെന്ന് അറിയിച്ചിരുന്നുവെന്നും ഇതുസംബന്ധിച്ച് രണ്ട് റിവ്യൂ മീറ്റിംഗുകൾ നടത്തുകയും യോഗത്തിൽ എല്ലാ സെക്രട്ടറിമാരും ഹാജരാകണമെന്നും അത്യാവശ്യകാരണങ്ങളാൽ സെക്രട്ടറിമാർ ഒഴിവാകുന്ന സാഹചര്യത്തിൽ യോഗത്തിൽ ഹാജരാകുന്ന ഉദ്യോഗസ്ഥർ ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട വിവരങ്ങൾ സെക്രട്ടറിയുമായി ബന്ധപ്പെട്ട് അപ്ഡേറ്റ് ചെയ്തുവരണമെന്നും നിർദ്ദേശിച്ചിരുന്നുവെന്നും തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറി വ്യക്തമാക്കി.

81. യോഗത്തിൽ ഹാജരാകാത്തതിനുള്ള ഇരിക്കൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ വിശദീകരണവും ഇരിക്കൂർ ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശത്തിന്റെ നിലവിലെ സ്ഥിതി സംബന്ധിച്ച റിപ്പോർട്ടും എത്രയും പെട്ടെന്ന് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

82. വകുപ്പിൽ നിന്നും ലഭ്യമാക്കിയ മറുപടിയുടെയും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ ഇരിക്കൂർ (2.3), കണിച്ചാർ (2.2), കണ്ണപുരം (2.3) എന്നീ ഗ്രാമപഞ്ചായത്തുകളുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

83. നിലവിൽ കണ്ണൂർ നഗരസഭയുടെ ഭാഗമാണെങ്കിലും കരിയാട് (2.2) ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം സംബന്ധിച്ച ഫയലുകൾ നഗരസഭയിൽ ലഭ്യമല്ലെന്നാണ് അറിയിച്ചിട്ടുള്ളതെന്ന് നിരീക്ഷിച്ച സമിതി കരിയാട് ഗ്രാമപഞ്ചായത്ത് കണ്ണൂർ നഗരസഭയിൽ ലയിപ്പിച്ചപ്പോൾ ഫയലുകൾ ലഭിച്ചിരുന്നില്ലേയെന്ന് ആരാഞ്ഞു. ഫയലുകൾ ലഭിച്ചിരുന്നില്ലായെന്ന് പാനൂർ നഗരസഭ സൂപ്രണ്ട് മറുപടി നൽകി.

84. റിപ്പോർട്ടിൽ കരിയാട് എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളതെങ്കിലും നിലവിൽ പാനൂർ നഗരസഭയാണെന്ന് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തി.

85. ഓഡിറ്റ് പരാമർശ വർഷത്തെ ഡിമാൻഡ് രജിസ്റ്ററുകൾ അടിയന്തരമായി കണ്ടെത്തി നടപടി വിശദീകരണ പത്രിക സർക്കാരിനും ബന്ധപ്പെട്ട രേഖകൾ ജില്ലാ ഓഡിറ്റിനും ഹാജരാക്കുവാൻ സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ടെന്നാണ് അറിയിച്ചിട്ടുള്ളതെന്ന് സമിതി ചൂണ്ടിക്കാട്ടിയപ്പോൾ ഇതിന്റെ പ്രാധാന്യം ആവർത്തിച്ച് ബോധ്യപ്പെടുത്തിയിട്ടുള്ളതാണെന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറി വ്യക്തമാക്കി.

86. രണ്ട് മാസത്തിനുള്ളിൽ ഇതുമായി ബന്ധപ്പെട്ട വിശദമായ റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശം നൽകി. നിലവിൽ തൊഴിൽ നികുതി ഈടാക്കുന്നുണ്ടെന്നും വിശദമായ റിപ്പോർട്ട് ലഭ്യമാക്കാമെന്നും പാനൂർ നഗരസഭ സൂപ്രണ്ട് അറിയിച്ചു.

87. വകുപ്പിൽ നിന്നും ലഭ്യമാക്കിയ മറുപടിയുടെയും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ കോട്ടയം (2.1), കുന്നോത്ത്പറമ്പ് (2.5), മലപ്പട്ടം (2.2), മലപ്പട്ടം (2.3), മങ്ങാട്ടിടം (2.1), മൊകേരി (2.1), നടുവിൽ (2.1), പന്ന്യന്നൂർ(2.1) എന്നീ ഗ്രാമപഞ്ചായത്തുകളുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

88. കണ്ണൂർ ജില്ലയിലെ പാനൂർ (2.4) ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട് എന്താണ് പറയാനുള്ളതെന്ന് സമിതി ആരാഞ്ഞതിന് ഓഡിറ്റ് പരാമർശ വർഷത്തെ രജിസ്റ്ററുകൾ ലഭിച്ചിട്ടില്ലെന്ന് പാനൂർ നഗരസഭ സൂപ്രണ്ട് മറുപടി നൽകി.

89. ഗ്രാമപഞ്ചായത്തുകൾ നഗരസഭയുമായി കൂട്ടിച്ചേർക്കുമ്പോൾ എത്ര വർഷമാണ് ഫയലുകൾ സൂക്ഷിക്കേണ്ടതെന്ന് സമിതി ആരാഞ്ഞു. ഗ്രാമപഞ്ചായത്തുകൾ കൂട്ടിച്ചേർക്കുമ്പോൾ നടപടിക്രമങ്ങൾ പാലിച്ച് എല്ലാ രേഖകളും ലഭ്യമായിട്ടുണ്ടെന്ന് നഗരസഭകൾ ഉറപ്പുവരുത്തേണ്ടതാണെന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറി & സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ സമിതിയെ ബോധിപ്പിച്ചു.

90. ഗ്രാമപഞ്ചായത്തുകൾ കൂട്ടിച്ചേർക്കുമ്പോൾ ഫയലുകളല്ല കൈമാറുന്നതെന്നും പ്രസ്തുത പ്രദേശം തന്നെ മുനിസിപ്പാലിറ്റിയുടെ ഭാഗമാവുകയാണെന്നും പഞ്ചായത്തിന്റെ ആസ്തികളും രജിസ്റ്ററുകളും കൈമാറുന്ന എന്ന് തത്വത്തിൽ പറയുന്നതാണെന്നും അവയെല്ലാം അവിടെത്തന്നെയാണുള്ളതെന്നും അവയുടെ കൃത്യമായ ഇൻഡന്റ് തയ്യാറാക്കി അവിടെത്തന്നെ സൂക്ഷിക്കേണ്ടതാണെന്നും അങ്ങനെ ചെയ്യാത്തതുകൊണ്ടാണ് ഫയൽ ലഭിച്ചിട്ടില്ല എന്ന് പറയേണ്ടിവരുന്നതെന്നും തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ഡയറക്ടർ വ്യക്തമാക്കി. ഫയൽ ലഭിച്ചിട്ടില്ലെങ്കിൽ അത് കണ്ടെത്തുന്നതിന് സ്ഥാപന മേധാവി പാലിക്കേണ്ട നടപടിക്രമങ്ങളുണ്ടെന്നും നടപടിക്രമങ്ങൾ പാലിച്ച് ഫയലുകൾ

കണ്ടെത്താൻ ശ്രമിക്കാതെ രജിസ്റ്ററുകൾ ലഭിച്ചില്ല എന്ന് പറയുന്നത് ശരിയല്ലെന്നും ചില സ്ഥലങ്ങളിൽ പോലീസിൽ പരാതി കൊടുത്തപ്പോൾ ഫയലുകൾ തിരികെ ലഭിച്ച സാഹചര്യമുണ്ടായിട്ടുണ്ടെന്നും അഡീഷണൽ ഡയറക്ടർ കൂട്ടിച്ചേർത്തു.

91. നടപടിക്രമങ്ങൾ പാലിച്ച് രജിസ്റ്ററുകൾ കണ്ടെത്താൻ എത്ര സമയം ആവശ്യമാണെന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറി & സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ ആരാഞ്ഞതിന് രജിസ്റ്ററുകൾ രണ്ട് മാസത്തിനുള്ളിൽ കണ്ടെത്തുന്നതിന് പരമാവധി ശ്രമിക്കാമെന്ന് പാനൂർ നഗരസഭ സൂപ്രണ്ട് മറുപടി നൽകി.

92. മൂന്ന് മാസത്തിനകം ഫയലുകൾ കണ്ടെത്തി റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

93. വകുപ്പിൽ നിന്നും ലഭ്യമാക്കിയ മറുപടിയുടെയും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ പാപ്പിനിശ്ശേരി (2.2), പരിയാരം (2.1), പാട്യം (2.1), പായം (2.4) എന്നീ ഗ്രാമപഞ്ചായത്തുകളുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

94. കണ്ണൂർ ജില്ലയിലെ ശ്രീകണ്ഠപുരം (2.1) ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട വിഷയത്തിൽ മഞ്ചപള്ളീൽ റീന സെബാസ്റ്റ്യന്റെ പക്കൽ നിന്നും വസ്തു നികുതി ഈടാക്കിയിട്ടുണ്ടോയെന്ന് സമിതി ആരാഞ്ഞു. 2013-14 കാലയളവിലെ വസ്തു നികുതി അടവാക്കുന്നതിന് പ്രസ്തുത വ്യക്തിക്ക് ഡിമാൻഡ് നോട്ടീസ് നൽകിയിരുന്നുവെന്നും 2024 മാർച്ച് 31-നകം മുഴുവൻ തുകയും അടച്ചുതീർക്കുമെന്ന് ടിയാൾ ഉറപ്പ് നൽകിയിട്ടുണ്ടെന്നും ശ്രീകണ്ഠപുരം മുനിസിപ്പാലിറ്റി സെക്രട്ടറി അറിയിച്ചപ്പോൾ വസ്തു നികുതി ഈടാക്കി ഓഡിറ്റ് വകുപ്പിന് റിപ്പോർട്ട് സമർപ്പിക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

95. വകുപ്പിൽ നിന്നും ലഭ്യമാക്കിയ മറുപടിയുടെയും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ തില്ലങ്കേരി (2.2), ഉളിക്കൽ (2.1) എന്നീ ഗ്രാമപഞ്ചായത്തുകളുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

### നിഗമനങ്ങളും ശിപാർശകളും

**96. 2016-17 വർഷം നിർവഹിച്ച ഓഡിറ്റിൽ വസ്തുനികുതി നിർണ്ണയവുമായി ബന്ധപ്പെട്ട പ്രധാനപ്പെട്ട അപാകതകളും ശിപാർശകളും റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് സമിതി വിലയിരുത്തുന്നു. വസ്തുനികുതി പരിഷ്കരണ നടപടികൾക്ക് ആധികാരിക സ്ഥിരീകരണമില്ലെന്ന ഓഡിറ്റ് പരാമർശത്തിൻമേൽ നയപരമായ തീരുമാനം കൈക്കൊണ്ട് രണ്ട് മാസത്തിനുള്ളിൽ മറുപടി ലഭ്യമാക്കണമെന്ന് സമിതി നിർദേശിക്കുന്നു.**

97. തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നുള്ള മറുപടിയുടെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ കണ്ണൂർ ജില്ലയിലെ ആലക്കോട് ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട് വസ്തു നികുതി ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല എന്ന ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

98. തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നുള്ള മറുപടിയുടെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ കണ്ണൂർ ജില്ലയിലെ അയ്യൻകുന്ന് ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട് വസ്തു നികുതി നിരക്ക് നിശ്ചയിച്ചത് രജിസ്റ്ററിലെ വസ്തുതകൾ പ്രകാരം വ്യത്യാസം കാണുന്നുവെന്ന ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

99. തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നുള്ള മറുപടിയുടെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ കണ്ണൂർ ജില്ലയിലെ ചേലോറ ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട വസ്തു നികുതി ഡിമാന്റ് രജിസ്റ്റർ, ബിൽഡിംഗ് രജിസ്റ്റർ എന്നിവ പൊരുത്തപ്പെടുന്നില്ല എന്ന ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

100. തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നുള്ള മറുപടിയുടെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ കണ്ണൂർ ജില്ലയിലെ ചെമ്പിലോട് ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

101. തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നുള്ള മറുപടിയുടെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ കണ്ണൂർ ജില്ലയിലെ ചൊക്ലി ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട വസ്തു നികുതി ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല എന്ന ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

102. തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നുള്ള മറുപടിയുടെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ കണ്ണൂർ ജില്ലയിലെ എടക്കാട് ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട വസ്തു നികുതി ഡിമാന്റ് രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല എന്ന ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

103. കണ്ണൂർ ജില്ലയിലെ ഇരിക്കൂർ ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശത്തിന്റെ നിലവിലെ സ്ഥിതി സംബന്ധിച്ച റിപ്പോർട്ട് അടിയന്തരമായി ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

104. തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നുള്ള മറുപടിയുടെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ കണ്ണൂർ ജില്ലയിലെ ഇരിക്കൂർ ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട വസ്തു നികുതി രജിസ്റ്ററുകൾ എഴുതി സൂക്ഷിക്കുന്നില്ല എന്ന ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

105. തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നുള്ള മറുപടിയുടെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ കണ്ണൂർ ജില്ലയിലെ കണിച്ചാർ ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട വസ്തു നികുതി ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല എന്ന ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

106. തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നുള്ള മറുപടിയുടെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ കണ്ണൂർ ജില്ലയിലെ കണ്ണപുരം ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട വസ്തു നികുതി ഡിമാന്റ് രജിസ്റ്റർ, കുടിശിക ഡിമാന്റ് രജിസ്റ്റർ എന്നിവ തയ്യാറാക്കിയിട്ടില്ല എന്ന ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

107. പാനൂർ നഗരസഭയുടെ ഭാഗമായ കരിയാട് ഗ്രാമപഞ്ചായത്തിൽ തൊഴിൽ നികുതി ഈടാക്കുവാൻ വേണ്ട നടപടികൾ സ്വീകരിച്ചതിനുശേഷം ആയത് സംബന്ധിച്ച വിശദമായ റിപ്പോർട്ട് രണ്ട് മാസത്തിനുള്ളിൽ ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

108. തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നുള്ള മറുപടിയുടെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ കണ്ണൂർ ജില്ലയിലെ കോട്ടയം ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട വസ്തു നികുതി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല എന്ന ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

109. തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നുള്ള മറുപടിയുടെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ കണ്ണൂർ ജില്ലയിലെ കുന്നോത്ത്പറമ്പ് ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട വസ്തു നികുതി വരവ് രജിസ്റ്ററുകൾ സൂക്ഷിച്ചിട്ടില്ല എന്ന ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

110. തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നുള്ള മറുപടിയുടെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ കണ്ണൂർ ജില്ലയിലെ മലപ്പട്ടം ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട വസ്തു നികുതി ഡിമാന്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല എന്ന ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

111. തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നുള്ള മറുപടിയുടെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ കണ്ണൂർ ജില്ലയിലെ മലപ്പട്ടം

ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട വസ്തു നികുതി-കുടിശിക ഡിമാന്റ് രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല എന്ന ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

112. തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നുള്ള മറുപടിയുടെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ മങ്ങാട്ടിടം ഗ്രാമ പഞ്ചായത്തുമായി ബന്ധപ്പെട്ട വസ്തു നികുതി ഡിമാന്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല എന്ന ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

113. തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നുള്ള മറുപടിയുടെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ മൊകേരി ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട വസ്തു നികുതി-അസസ്മെന്റ് രജിസ്റ്റർ, ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല എന്ന ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

114. തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നുള്ള മറുപടിയുടെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ നടുവിൽ ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട വസ്തു നികുതി-അസസ്മെന്റ് രജിസ്റ്റർ, ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല എന്ന ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

115. തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നുള്ള മറുപടിയുടെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ പന്ന്യന്നൂർ ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട വസ്തു നികുതി ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല എന്ന ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

116. കണ്ണൂർ ജില്ലയിലെ പാനൂർ ഗ്രാമപഞ്ചായത്തുമായി ബന്ധപ്പട്ട ഓഡിറ്റ് പരാമർശ വർഷത്തെ ഫയലുകൾ മൂന്ന് മാസത്തിനകം കണ്ടെത്തി ഓഡിറ്റ് വകുപ്പിന് റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

117. തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നുള്ള മറുപടിയുടെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ പാപ്പിനിശ്ശേരി ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട വസ്തു നികുതി-കുടിശിക പിരിച്ചെടുത്തിട്ടില്ല എന്ന ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

118. തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നുള്ള മറുപടിയുടെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ പരിയാരം ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട അൺഎയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നും വസ്തു നികുതി ഈടാക്കിയിട്ടില്ല എന്ന ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

**119. തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നുള്ള മറുപടിയുടെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ പാട്യം ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട വസ്തു നികുതി-അസസ്മെന്റ് രജിസ്റ്റർ, ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല എന്ന ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

**120. തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നുള്ള മറുപടിയുടെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ പായം ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട വസ്തു നികുതി ഈടാക്കിയിട്ടില്ല എന്ന ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

**121. കണ്ണൂർ ജില്ലയിലെ ശ്രീകണ്ഠപുരം ഗ്രാമപഞ്ചായത്തിലെ ശ്രീമതി മഞ്ചപള്ളീൽ റീന സെബാസ്റ്റ്യൻ എന്ന വ്യക്തിയിൽ നിന്നും വസ്തു നികുതി പൂർണ്ണമായും ഈടാക്കി ഓഡിറ്റ് വകുപ്പിന് റിപ്പോർട്ട് സമർപ്പിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.**

**122. തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നുള്ള മറുപടിയുടെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ തില്ലങ്കേരി ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട വസ്തു നികുതി-അസസ്മെന്റ് രജിസ്റ്റർ, ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല എന്ന ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

**123. തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നുള്ള മറുപടിയുടെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ ഉളിക്കൽ ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട വസ്തു നികുതി-കുടിശിക പിരിച്ചെടുക്കാൻ നടപടി സ്വീകരിക്കേണ്ടതാണ് എന്ന ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**തൊഴിൽ നികുതി**

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നികുതി വരുമാനത്തിൽ ഗണ്യമായ പങ്കുവഹിക്കുന്ന വരുമാന സ്രോതസ്സാണ് തൊഴിൽ നികുതി. കേരള പഞ്ചായത്ത് രാജ് നിയമം 205-ാം വകുപ്പ്, 1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ 13 മുതൽ 19 വരെയുമുള്ള നടപടിക്രമങ്ങൾ പാലിച്ച് കൊണ്ട് തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി എന്നിവ കൃത്യവും പൂർണ്ണവുമായി ഈടാക്കുന്നതിൽ ഗ്രാമപഞ്ചായത്തുകൾക്ക് ലക്ഷ്യം കൈവരിക്കാനാകുന്നില്ല.

സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ 2016-17 സാമ്പത്തിക വർഷം നടത്തിയ ഓഡിറ്റിൽ തൊഴിൽ നികുതി നിയമങ്ങളും ചട്ടങ്ങളും യഥാവിധി പാലിക്കാത്തതിനാൽ തൊഴിൽ നികുതി ഇനത്തിലുള്ള തനത് വരുമാനത്തിൽ കുറവ് ഉണ്ടാകുന്നതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 927 ഗ്രാമപഞ്ചായത്തുകളുടെ 2014-15 വർഷത്തെ

കണക്കുകൾ ഓഡിറ്റ് ചെയ്തതിൽ 594 ഗ്രാമപഞ്ചായത്തുകളിലും, 941 ഗ്രാമപഞ്ചായത്തുകളുടെ 2015-16 വർഷത്തെ കണക്കുകൾ ഓഡിറ്റ് ചെയ്തതിൽ 653 ഗ്രാമപഞ്ചായത്തുകളിലും തൊഴിൽ നികുതി സംബന്ധിച്ച വിവരങ്ങൾ ശേഖരിക്കൽ, രജിസ്റ്ററുകൾ തയ്യാറാക്കൽ, നോട്ടീസ് നൽകൽ, നികുതി നിർണ്ണയിക്കൽ, ഡിമാന്റ് ചെയ്യൽ, പിരിവ് എന്നിവയിൽ പോരായ്മകൾ കണ്ടെത്തിയിട്ടുണ്ട്.

**തൊഴിൽ നികുതി അപാകതകൾക്ക് ഉദാഹരണമായി ഒരു റിപ്പോർട്ടിലെ പരാമർശങ്ങൾ ചുവടെ ചേർക്കുന്നു.**

- **തൊഴിൽ നികുതി - രജിസ്റ്ററുകൾ പരിപാലിക്കുന്നില്ല**

1996-ലെ കേരള പഞ്ചായത്ത് ചട്ടങ്ങളിലെ ചട്ടം 18(2) പ്രകാരം ഗ്രാമപഞ്ചായത്ത് തൊഴിൽ നികുതിയുമായി ബന്ധപ്പെട്ട ഡിമാന്റ് രജിസ്റ്റർ, കുടിശിക ഡിമാന്റ് രജിസ്റ്റർ, സ്ഥാപന രജിസ്റ്റർ എന്നിവ പരിപാലിക്കുന്നില്ല. പത്രിക സമർപ്പിക്കുന്ന സ്ഥാപനങ്ങളുടെ വിവരം മാത്രം രജിസ്റ്ററിൽ രേഖപ്പെടുത്തി നികുതി ഈടാക്കുന്ന രീതിയാണ് അവലംബിക്കുന്നത്.

- **തൊഴിൽ നികുതി ഈടാക്കുന്നില്ല**

വിവിധ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും 2015-16, 1-ാം പാദ വർഷത്തെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ലെന്ന് രേഖകൾ വ്യക്തമാക്കുന്നു.

- **തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ്**

വരുമാനത്തിന് അനുസൃതമായി തൊഴിൽ നികുതി ഈടാക്കാത്തതിനാൽ തൊഴിൽ നികുതി വരവിൽ കുറവുണ്ടാകുന്നു. പതിനൊന്ന് വ്യക്തികളിൽ നിന്നും കുറവായി തൊഴിൽ നികുതി ഈടാക്കിയതായി കണ്ടെത്തിയിട്ടുണ്ട്.

- **സ്ഥാപന നികുതി ഈടാക്കിയില്ല**

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 204 പ്രകാരം ഗ്രാമപഞ്ചായത്ത് മേഖലയിൽ ലാഭേച്ഛയോടെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും ഓരോ അർദ്ധ വർഷവും സ്ഥാപന നികുതി ഈടാക്കുന്നതിന് ഗ്രാമപഞ്ചായത്തിന് അധികാരമുണ്ടെങ്കിലും, നടപടിക്രമങ്ങൾ പാലിക്കാത്തത് മൂലം 13 സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

**തൊഴിൽ നികുതി പിരിവിൽ സംസ്ഥാനത്തിലെ ഗ്രാമപഞ്ചായത്തുകളുടെ പൊതു അവസ്ഥ - 2016-17 വർഷത്തെ ഓഡിറ്റിൽ റിപ്പോർട്ട് ചെയ്യപ്പെട്ട വിവരങ്ങൾ ചുവടെ ചേർക്കുന്നു.**

(1) 2014-15 വാർഷികകണക്കുകൾ ഓഡിറ്റ് ചെയ്തതിൽ അപാകതകൾ റിപ്പോർട്ട് ചെയ്യപ്പെട്ട കണ്ണൂർ ജില്ലയിലെ പഞ്ചായത്തുകളുടെ വിവരം ഇതോടൊപ്പം ചേർക്കുന്നു.

| ക്രമ നമ്പർ | ജില്ല | 2014-15 വർഷം ആകെ ഓഡിറ്റ് ചെയ്ത ഗ്രാമ പഞ്ചായത്തുകളുടെ എണ്ണം | 2014-15 വർഷത്തിൽ തൊഴിൽ നികുതി പിരിവുമായി ബന്ധപ്പെട്ട അപാകതകൾ റിപ്പോർട്ട് ചെയ്യപ്പെട്ട പഞ്ചായത്തുകളുടെ എണ്ണം | അപാകതകൾ തരംതിരിച്ചതിന്റെ അടിസ്ഥാനത്തിൽ റിപ്പോർട്ട് ചെയ്യപ്പെട്ട ഗ്രാമപഞ്ചായത്തുകളുടെ എണ്ണം | | | |
|---|---|---|---|---|---|---|---|
| | | | | തൊഴിൽ നികുതി ഒടുക്കാൻ ബാധ്യസ്ഥമായ എല്ലാ സ്ഥാപനങ്ങളിൽനിന്നും ഈടാക്കുന്നില്ല (ഗ്രാമപഞ്ചായത്തുകളുടെ എണ്ണം) | തൊഴിൽ നികുതി ഈടാക്കാത്ത (പൂർണ്ണമായും പിരിച്ചെടുക്കുന്നില്ല) ഗ്രാമപഞ്ചായത്തുകളുടെ എണ്ണം | വരുമാനത്തിന് ആനുപാതികമായി തൊഴിൽ നികുതി ഈടാക്കുന്നതിൽ കുറവ് ഉണ്ടായ ഗ്രാമപഞ്ചായത്തുകളുടെ എണ്ണം | തൊഴിൽ നികുതി ഡിമാന്റ് ചെയ്യാത്തതും, രജിസ്റ്റർ സൂക്ഷിക്കാത്തതുമായ ഗ്രാമപഞ്ചായത്തുകളുടെ എണ്ണം |
| 13 | കണ്ണൂർ | 82 | 62 | 30 | 16 | 10 | 6 |

വിശദാംശം ചുവടെ ചേർക്കുന്നു :

| ഗ്രാമപഞ്ചായത്തിന്റെ പേര് | ഖണ്ഡിക നം. |
|---|---|
| ആലക്കോട് | 2.1 |
| ആറളം | 2.1 |
| അയ്യൻകുന്ന് | 2.5, 2.8 |
| അഴീക്കോട് | 2.1, 2.2 |
| ചപ്പാരപ്പടവ് | 2.1 |
| ചെമ്പിലോട് | 2.1 |
| ചെങ്ങളായി | 2.2, 2.3 |

| | |
|---|---|
| ചെറുകുന്ന് | 2.2, 2.3 |
| ചെറുപുഴ | 2.2 |
| ചെറുതാഴം | 2.4, 2.5, 2.7, 2.9 |
| ചിറയ്ക്കൽ | 2.1 |
| ചിറ്റാരിപ്പറമ്പ് | 2.3 |
| ധർമ്മടം | 2.1, 2.2, 2.3 |
| എടയ്ക്കാട് | 2.2 |
| എളയാവൂർ | 2.1 |
| എരമം-കുറ്റൂർ | 2.2 |
| എരഞ്ഞോളി | 2.2 |
| എരുവേശ്ശി | 2.2 |
| ഏഴോം | 2.1 |
| ഇരിക്കൂർ | 2.4 |
| കടന്നപ്പള്ളി പാണപ്പുഴ | 2.2 |
| കണ്ണപുരം | 2.4 |
| കരിവെള്ളൂർ പെരളം | 2.2 |
| കതിരൂർ | 2.3, 2.4 |
| കരിയാട് | 2.2 |
| കീഴല്ലൂർ | 2.2 |

| | |
|---|---|
| കീഴൂർ ചാവശ്ശേരി | 2.1 |
| കേളകം | 2.1 |
| കൊളച്ചേരി | 2.1 |
| കൂടാളി | 2.2 |
| കൊട്ടിയൂർ | 2.1 |
| കുഞ്ഞിമംഗലം | 2.4 |
| കുറുമാത്തൂർ | 2.1 |
| കുറ്റ്യാട്ടൂർ | 2.7 |
| മാടായി | 2.1 |
| മലപ്പട്ടം | 2.1 |
| മുണ്ടേരി | 2.2 |
| മുഴപ്പിലങ്ങാട് | 2.1 |
| നടുവിൽ | 2.3 |
| നാറാത്ത് | 2.1, 2.2 |
| ന്യൂമാഹി | 2.5 |
| പടിയൂർ കല്ല്യാട് | 2.1 |
| പള്ളിക്കുന്ന് | 2.3 |
| പന്ന്യന്നൂർ | 2.2 |

| | |
|---|---|
| പാനൂർ | 2.5 |
| പാപ്പിനിശ്ശേരി | 2.1 |
| പരിയാരം | 2.2 |
| പട്ടുവം | 2.1 |
| പായം | 2.1 |
| പയ്യാവൂർ | 2.3, 2.4 |
| പേരാവൂർ | 2.3, 2.4 |
| പെരിങ്ങളം | 2.1 |
| പൂഴാതി | 2.3 |
| രാമന്തളി | 2.1 |
| ശ്രീകണ്ഠപുരം | 2.2 |
| തൃപ്പങ്ങോട്ടൂർ | 2.1 |
| ഉദയഗിരി | 2.3 |
| ഉളിക്കൽ | 2.2 |
| വളപട്ടണം | 2.4, 2.5 |
| വേങ്ങാട് | 2.1 |

2. 2015-16 വാർഷികകണക്കുകൾ ഓഡിറ്റ് ചെയ്തതിൽ അപാകതകൾ റിപ്പോർട്ട് ചെയ്യപ്പെട്ട കണ്ണൂർ ജില്ലയിലെ പഞ്ചായത്തുകളുടെ വിവരം ഇതോടൊപ്പം ചേർക്കുന്നു.

| ക്രമ നം. | ജില്ല | 2015-16 വർഷം ആകെ ഓഡിറ്റ് ചെയ്ത ഗ്രാമപഞ്ചായത്തുകളുടെ എണ്ണം | 2015-16 വർഷത്തിൽ തൊഴിൽ നികുതി പിരിവുമായി ബന്ധപ്പെട്ട അപാകതകൾ റിപ്പോർട്ട് ചെയ്യപ്പെട്ട പഞ്ചായത്തുകളുടെ എണ്ണം | അപാകതകൾ തരംതിരിച്ചതിന്റെ അടിസ്ഥാനത്തിൽ റിപ്പോർട്ട് ചെയ്യപ്പെട്ട ഗ്രാമപഞ്ചായത്തുകളുടെ എണ്ണം | | | |
|---|---|---|---|---|---|---|---|
| | | | | തൊഴിൽ നികുതി ഒടുക്കാൻ ബാധ്യസ്ഥമായ എല്ലാ സ്ഥാപനങ്ങളിൽ നിന്നും ഈടാക്കുന്നില്ല (ഗ്രാമപഞ്ചായത്തുകളുടെ എണ്ണം) | തൊഴിൽ നികുതി ഈടാക്കാത്ത (പൂർണ്ണമായും പിരിച്ചെടുക്കുന്നില്ല) ഗ്രാമ പഞ്ചായത്തുകളുടെ എണ്ണം | വരുമാനത്തിന് ആനുപാതികമായി തൊഴിൽ നികുതി ഈടാക്കുന്നതിൽ കുറവ് ഉണ്ടായ ഗ്രാമപഞ്ചായത്തുകളുടെ എണ്ണം | തൊഴിൽ നികുതി ഡിമാന്റ് ചെയ്യാത്ത, രജിസ്റ്റർ സൂക്ഷിക്കാത്ത ഗ്രാമ പഞ്ചായത്തുകളുടെ എണ്ണം |
| 13 | കണ്ണൂർ | 71 | 48 | 39 | 21 | 5 | 11 |

വിശദാംശം ചുവടെ ചേർക്കുന്നു:

| ഗ്രാമപഞ്ചായത്തിന്റെ പേര് | ഖണ്ഡിക നം. |
|---|---|
| ആലക്കോട് | 2.3 |
| ആറളം | 2.4 |
| ചപ്പാരപ്പടവ് | 2.2 |
| ചെറുകുന്ന് | 2.1, 2.2 |
| ചെറുതാഴം | 2.2 |

| | |
|---|---|
| ചിറയ്ക്കൽ | 2.1,2.6 |
| ചിറ്റാരിപ്പറമ്പ് | 2.1 |
| ചൊക്ലി | 2.4, 2.5 |
| ധർമ്മടം | 2.1 |
| എരമംകുറ്റൂർ | 2.5 |
| എരുവേശ്ശി | 2.4 |
| ഏഴോം | 2.2,2.3 |
| ഇരിക്കൂർ | 2.2 |
| കടമ്പൂർ | 2.2 |
| കടന്നപ്പള്ളി പാണപ്പുഴ | 2.2 |
| കതിരൂർ | 2.3 |
| കല്ല്യാശ്ശേരി | 2.2 |
| കണിച്ചാർ | 2.8 |
| കാങ്കോൽ ആലപ്പടമ്പ | 2.5 |
| കരിവെള്ളൂർ പെരളം | 2.6 |
| കരിയാട് | 2.3 |
| കീഴൂർ ചാവശേരി | 2.6 |
| കേളകം | 2.2 |
| കൊളച്ചേരി | 2.3 |

മേൽ പട്ടികയിൽ വെളിപ്പെടുന്ന അപാകങ്ങൾ മുൻനിർത്തി നിലവിലെ നിയമ/ചട്ട നിഷ്കർഷകളും നടപടിക്രമങ്ങളും വിലയിരുത്തിയതിൽ ചുവടെ ചേർത്ത പ്രകാരമുള്ള പോരായ്മകൾ സംസ്ഥാന സർക്കാരിന്റെ നടപടികളിലൂടെ പരിഹരിക്കാവുന്നതായി കാണുന്നു.

| ക്രമ നം. | നിയമം/ ചട്ടം/ ഉത്തരവ് | നിർദ്ദിഷ്ട നടപടി | ഉത്തരവാദി | സമയപരിധി | നികുതി പിരിവിൽ ഉണ്ടാവുന്ന വീഴ്ച | വീഴ്ചയുടെ കാരണം |
|---|---|---|---|---|---|---|
| 1 | വകുപ്പ് 205(ബി)/ ചട്ടം 13, ചട്ടം 14 | സ്ഥലം ഉപയോഗിക്കുന്നവരുടെയും തൊഴിൽ ചെയ്യുന്ന വരുടെയും വിവരങ്ങളും മേൽവിലാസവും കെട്ടിടങ്ങളുടെയും സ്ഥലങ്ങളുടെയും ഉടമകളിൽനിന്ന് ആവശ്യപ്പെടൽ | സെക്രട്ടറി | ലിസ്റ്റ് ലഭിക്കേണ്ടത് നോട്ടീസിൽ പറയുന്ന സമയം എന്നാൽ നോട്ടീസ് നൽകേണ്ടത് എന്ന് എന്നത് വ്യക്തമല്ല. | സ്ഥാപനങ്ങളുടെയും/ തൊഴിൽ ചെയ്യുന്നവരുടെയും വിവരം പൂർണ്ണമായും ലഭ്യമല്ല. നികുതി ബാധ്യതയിൽ നിന്നും ഒഴിവാകുന്നു. | വകുപ്പിലും ചട്ടത്തിലും അനുശാസിക്കുന്ന പ്രകാരം സ്ഥാപനങ്ങളുടെയും നികുതിദായകരുടെയും വിവരങ്ങൾ ആവശ്യപ്പെടുന്ന നടപടി ക്രമം വ്യക്തമല്ല. |
| 2 | വകുപ്പ് 205 (സി) (എ)/ ചട്ടം 16 | ജോലി ചെയ്യുന്നവരുടെ ശമ്പളത്തെയും വരുമാനത്തെയും സംബന്ധിച്ച സ്റ്റേറ്റ്മെന്റ് | സെക്രട്ടറി | സ്റ്റേറ്റ്മെന്റ് ലഭിക്കേണ്ടത് നോട്ടീസിൽ പറയുന്ന സമയത്ത് എന്നാൽ നോട്ടീസ് | -ടി- | നിർദ്ദിഷ്ട നടപടി ക്രമം വ്യക്തമല്ല. |

| | | | | | | |
|---|---|---|---|---|---|---|
| | | ആവശ്യ പ്പെടൽ (ഫോറം I, ഫോറം II) | | നൽകേണ്ടത് എന്ന് എന്നത് വ്യക്തമല്ല. | | |
| 3 | ചട്ടം 17 | നികുതി നിർണ്ണയം | സെക്രട്ടറി | ഫോറം - II-ലെ വിവരങ്ങൾ ലഭ്യമായാ ലുടൻ | വിവരങ്ങ ളുടെ കൃത്യത ഉറപ്പാക്കാൻ കഴിയുന്നില്ല. നികുതി കുറവായി ഈടാ ക്കുന്നു. | ഫോറം II-ലെ വിവരങ്ങളുടെ കൃത്യത ഉറപ്പാക്കുന്ന വിധം വ്യക്തമല്ല. |
| 4 | ചട്ടം 18 | ചുമത്താവുന്ന നികുതി ഡിമാന്റ് ചെയ്യണം (ഫോറം - III) | സെക്രട്ടറി | -- | ഡിമാന്റ് ചെയ്യാ ത്തത് മൂലം നികുതി പൂർണ്ണ മായും പിരിച്ചെടു ക്കാൻ കഴിയു ന്നില്ല. | നികുതി കൃത്യമായി ഡിമാന്റ് ചെയ്യുന്നില്ല. |
| 5 | 205 (ഐ)/ ചട്ടം (18) (2) | ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കണം (ഫോറം V-ൽ) | സെക്രട്ടറി | -- | ഡിമാന്റ് ചെയ്യപ്പെടാ തിരിക്കാൻ കാരണ മാകുന്നു. | ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കു ന്നില്ല. |

**തൊഴിൽ നികുതി നടപടികൾ സമഗ്രവും കാര്യക്ഷമവും ആക്കുന്നതിലേക്ക് നിർദ്ദേശിക്കാവുന്ന നടപടികൾ പരിഗണനക്കായി സമർപ്പിക്കുന്നു.**

- തൊഴിൽ നികുതി നടപടിക്രമങ്ങളിലെ അവ്യക്തത മൂലം കെട്ടിടങ്ങളുടെയും സ്ഥലങ്ങളുടെയും ഉടമസ്ഥരിൽ നിന്നും സ്ഥലം ഉപയോഗിക്കുന്നവരുടെയും അവിടെ തൊഴിൽ ചെയ്യുന്നവരുടെയും വിവരങ്ങൾ ശേഖരിക്കുന്നതിനുള്ള സംവിധാനം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലില്ല. ആയതിനാൽ നോട്ടീസ് നൽകുന്നതിനും വിവരം ശേഖരിക്കുന്നതിനും വ്യക്തമായ നിർദ്ദേശം ഉണ്ടാകേണ്ടതാണ്.

- കെട്ടിട ഉടമകളിൽ നിന്നും സ്ഥലം ഉടമകളിൽ നിന്നും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ലഭ്യമാകുന്ന വിവരങ്ങൾ കാലികമാക്കുന്നതിനുള്ള ഡിജിറ്റൽ സംവിധാനം ഏർപ്പെടുത്താവുന്നതാണ്.

തദ്ദേശ സ്വയംഭരണ സ്ഥാപന ബിൽഡിംഗ് പെർമിറ്റ്, ലൈസൻസ്, ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ്, റസിഡൻഷ്യൽ സർട്ടിഫിക്കറ്റ് തുടങ്ങിയ സേവനങ്ങൾ വ്യക്തികൾക്ക്/സ്ഥാപനങ്ങൾക്ക് നൽകേണ്ടിവരുമ്പോൾ ടി വ്യക്തികളെയും സ്ഥാപനങ്ങളെയും സംബന്ധിച്ച എല്ലാ വിവരങ്ങളും ലഭ്യമാകുന്ന single data source സംവിധാനം കളമശ്ശേരി IPMS മാതൃകയിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഏർപ്പെടുത്താവുന്നതാണ്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2016-17-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, അധ്യായം 2)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

124. വകുപ്പിൽ നിന്നും ലഭ്യമാക്കിയ മറുപടിയുടെയും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ ആലക്കോട് (2.1), ആറളം (2.1), അയ്യൻകുന്ന് (2.5), അയ്യൻകുന്ന് (2.8), അഴീക്കോട് (2.1,2.2), ചപ്പാരപ്പടവ് (2.1), ചെമ്പിലോട് (2.1), ചെങ്ങളായി (2.2), ചെറുകുന്ന് (2.2,2.3), ചെറുപുഴ(2.2) എന്നീ ഗ്രാമപഞ്ചായത്തുകളുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

125. ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല എന്ന വിഷയത്തിൽ തൊഴിൽ നികുതി പൂർണ്ണമായും ഈടാക്കാത്തത് എന്തുകൊണ്ടാണെന്ന് സമിതി ആരാഞ്ഞു. ചെറുതാഴം ഗ്രാമപഞ്ചായത്ത് സെക്രട്ടറി ഹാജരായിട്ടില്ലാത്തതിനാൽ നിലവിലെ സ്ഥിതി സംബന്ധിച്ചുള്ള വ്യക്തമായ വിവരം ലഭ്യമല്ലായെന്ന് കണ്ണൂർ തദ്ദേശ

സ്വയംഭരണ വകുപ്പ് ഇന്റേണൽ വിജിലൻസ് ഓഫീസർ സമിതിയെ ബോധിപ്പിച്ചപ്പോൾ പ്രസ്തുത വിഷയത്തിന്റെ നിലവിലെ സ്ഥിതി, ക്ഷീര വ്യവസായ സംഘത്തിൽ ജോലി ചെയ്തിരുന്ന ജീവനക്കാർ, അതിൽ തൊഴിൽ നികുതി ഈടാക്കേണ്ടവർ എത്ര എന്നിവ സംബന്ധിച്ച വിശദമായ റിപ്പോർട്ടും സമിതി യോഗത്തിൽ ഹാജരാകാത്തതിനുള്ള വിശദീകരണവും അടിയന്തരമായി ലഭ്യമാക്കാൻ പഞ്ചായത്ത് സെക്രട്ടറിക്ക് നിർദ്ദേശം നൽകണമെന്ന് സമിതി നിർദ്ദേശിച്ചു.

126. വകുപ്പിൽ നിന്നും ലഭ്യമാക്കിയ മറുപടിയുടെയും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ ചെറുതാഴം (2.5), ചെറുതാഴം (2.7) (2.9), ചിറയ്ക്കൽ (2.1), ചിറ്റാരിപറമ്പ് (2.3), ധർമ്മടം (2.1), ധർമ്മടം (2.2), ധർമ്മടം (2.3) എന്നീ ഗ്രാമപഞ്ചായത്തുകളുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

127. വീട്ടുവാടക അലവൻസ് കൂട്ടിയിട്ടുള്ള വരുമാനത്തിന്മേൽ തൊഴിൽ നികുതി കണക്കാക്കി എന്ന പരാമർശം വകുപ്പിൽ നിന്നും ലഭ്യമാക്കിയ മറുപടിയുടെയും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

128. സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല എന്ന വിഷയത്തിൽ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ച 8 സ്ഥാപനങ്ങളിൽ 3 സ്ഥാപനങ്ങളുടെ തൊഴിൽ നികുതി മാത്രം ഈടാക്കി മറ്റ് സ്ഥാപനങ്ങളെ ഒഴിവാക്കിയത് എന്തുകൊണ്ടാണെന്ന് സമിതി ആരാഞ്ഞതിന്, 2015-ൽ എടക്കാട് പഞ്ചായത്ത് കോർപ്പറേഷന്റെ ഭാഗമായതിനാൽ ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട ഫയലുകൾ കണ്ടെത്താൻ സാധിക്കാത്തതിനാലാണ് തൊഴിൽ നികുതി ഈടാക്കാൻ കഴിയാത്തതെന്നും ബാക്കിയുള്ള സ്ഥാപനങ്ങളിൽ നിന്നും അടിയന്തരമായി തൊഴിൽ നികുതി ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും കണ്ണൂർ മുനിസിപ്പൽ കോർപ്പറേഷൻ അക്കൗണ്ട്സ് ഓഫീസർ സമിതിയെ ബോധിപ്പിച്ചു.

129. പ്രസ്തുത വിഷയം എത്രയും വേഗം പരിഹരിച്ച് രണ്ടാഴ്ചയ്ക്കകം റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശം നൽകി.

130. വകുപ്പിൽ നിന്നും ലഭ്യമാക്കിയ മറുപടിയുടെയും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ എളയാവൂർ (2.1) (എ) (ബി), എരമം-കുറ്റൂർ (2.2), എരഞ്ഞോളി (2.2), എരുവേശ്ശി (2.2), ഏഴോം (2.1), ഇരിക്കൂർ (2.4), കടന്നപ്പള്ളി-പാണപുഴ (2.2), കണ്ണപുരം (2.4), കരിവെള്ളൂർ-പേരളം (2.2), കതിരൂർ (2.3), കതിരൂർ(2.4), കാരിയാട് (2.2), കീഴല്ലൂർ (2.2) എന്നീ ഗ്രാമപഞ്ചായത്തുകളുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

131. കീഴൂർ ചാവശ്ശേരി (ഇരിട്ടി നഗരസഭ) (2.1) ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട തൊഴിൽ നികുതി-അപാകങ്ങൾ എന്ന ഓഡിറ്റ് പരാമർശം സംബന്ധിച്ച് എന്താണ് വ്യക്തമാക്കാനുള്ളതെന്ന് സമിതി ആരാഞ്ഞു. മജലീസ് ഇംഗ്ലീഷ് മീഡിയം സ്കൂളിലെ ജീവനക്കാർ അവരുടെ അടിസ്ഥാന ശമ്പളം അടിസ്ഥാനമാക്കി തൊഴിൽ നികുതി അടവാക്കിയതിനാലാണ് തൊഴിൽ നികുതി ഇനത്തിൽ കുറവുണ്ടായതെന്നും നിലവിൽ പ്രസ്തുത ജീവനക്കാർക്ക് അടിസ്ഥാന ശമ്പളം മാത്രമേ ലഭിക്കുന്നുള്ളൂവെന്നും മറ്റ് അലവൻസുകളൊന്നും ലഭിക്കുന്നില്ലെന്നും ഇരിട്ടി മുനിസിപ്പാലിറ്റി അസിസ്റ്റന്റ് സെക്രട്ടറി ബോധിപ്പിച്ചു. ഇതുസംബന്ധിച്ച് വിശദമായ റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

132. വകുപ്പിൽ നിന്നും ലഭ്യമാക്കിയ മറുപടിയുടെയും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ കേളകം (2.1), കൊളച്ചേരി (2.1), കൂടാളി (2.2), കൊട്ടിയൂർ (2.1), കുഞ്ഞിമംഗലം (2.4), കുറുമാത്തൂർ (2.1), കുറ്റ്യാട്ടൂർ (2.7), മാടായി (2.1), മലപ്പട്ടം (2.1), മുണ്ടേരി (2.2), മുഴപ്പിലങ്ങാട് (2.1), നടുവിൽ (2.3), നാറാത്ത് (2-1), നാറാത്ത് (2-2), ന്യൂമാഹി (2-5), പടിയൂർ കല്യാട്ട് (2.1) എന്നീ ഗ്രാമപഞ്ചായത്തുകളുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

133. 2013-14, 2014-15 എന്നീ വർഷങ്ങളിലെ തൊഴിൽ നികുതി രജിസ്റ്റർ അബ്സ്ട്രാക്ട് എഴുതി സാക്ഷ്യപ്പെടുത്തിയിട്ടില്ല എന്ന പള്ളിക്കുന്ന് (2.3) ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട പരാമർശം സംബന്ധിച്ച് എന്താണ് വ്യക്തമാക്കാനുള്ളതെന്ന് സമിതി ആരാഞ്ഞതിന്, പ്രസ്തുത വിഷയം സംബന്ധിച്ച ഫയലുകൾ നഗരസഭയിൽ ലഭിച്ചിട്ടില്ലെന്നും ഫയലുകൾ കണ്ടെത്തി എത്രയും വേഗം നടപടി സ്വീകരിക്കാമെന്നും കണ്ണൂർ മുനിസിപ്പൽ കോർപ്പറേഷൻ അക്കൗണ്ട്സ് ഓഫീസർ ബോധിപ്പിച്ചു. ഫയലുകൾ കണ്ടെത്തി അതുസംബന്ധിച്ച റിപ്പോർട്ട് എത്രയും പെട്ടെന്ന് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

134. വകുപ്പിൽ നിന്നും ലഭ്യമാക്കിയ മറുപടിയുടെയും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ പന്ന്യന്നൂർ (2.2) ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

135. പാനൂർ (2.5) ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശ വർഷത്തെ രജിസ്റ്ററുകൾ കണ്ടെത്തിയിട്ടുണ്ടോയെന്ന് സമിതി ആരാഞ്ഞു. പ്രസ്തുത പരാമർശം കെ.എസ്.ഇ.ബി. ഇലക്ട്രിക്കൽ സെക്ഷനുമായി ബന്ധപ്പെട്ടതാണെന്നും ഓഡിറ്റ് പരാമർശ വർഷത്തെ രജിസ്റ്ററുകൾ കണ്ടെത്താൻ കഴിഞ്ഞിട്ടില്ലെന്നും എന്നാൽ പരാമർശത്തിന്റെ അടിസ്ഥാനത്തിൽ നോട്ടീസ് നൽകിയിട്ടുണ്ടെന്നും പാനൂർ നഗരസഭ സൂപ്രണ്ട് മറുപടി നൽകി. നോട്ടീസ് അയച്ചാലും നിയമപരമായി തുക ഈടാക്കാൻ കഴിയില്ലെന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറേറ്റ്, അഡീഷണൽ ഡയറക്ടർ, വ്യക്തമാക്കി.

136. തുക ഈടാക്കുന്നതിന് എന്താണ് ചെയ്യാൻ സാധിക്കുകയെന്ന് സമിതി ആരാഞ്ഞതിന് സ്ഥാപനത്തിന്റെ/വസ്തുവിന്റെ വിശദാംശം നഗരസഭയുടെ കൈവശമില്ലെങ്കിൽ മൂന്ന് വർഷത്തിൽ കൂടുതലുള്ള നികുതി ഈടാക്കാൻ നിയമപ്രകാരം ബുദ്ധിമുട്ടാണെന്നും എന്നാൽ രജിസ്ട്രാർക്ക് കത്ത് നൽകിയാൽ സ്ഥാപനത്തിന്റെ/വസ്തുവിന്റെ വിശദാംശം ലഭിക്കുകയും അതുപയോഗിച്ച് തുടർ നടപടി സ്വീകരിക്കുകയും ചെയ്യാമെന്നും അഡീഷണൽ ഡയറക്ടർ ബോധിപ്പിച്ചു. ഇതുമായി ബന്ധപ്പെട്ട തുടർനടപടി റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശം നൽകി.

137. വകുപ്പിൽ നിന്നും ലഭ്യമാക്കിയ മറുപടിയുടെയും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ പാപ്പിനിശ്ശേരി(2.1), പരിയാരം (2.2), പട്ടുവം (2.1), പായം (2.1), പയ്യാവൂർ (2.3), പയ്യാവൂർ (2.4), പേരാവൂർ (2.3), പേരാവൂർ (2.4) എന്നീ ഗ്രാമപഞ്ചായത്തുകളുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

138. പെരിങ്ങളം(2.1) ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശ വർഷത്തെ രജിസ്റ്ററുകൾ കണ്ടെത്തിയിട്ടുണ്ടോയെന്നും ഫയലുകൾക്ക് കസ്റ്റോഡിയൻ ഉണ്ടാവില്ലേയെന്നും പെരിങ്ങളം മുനിസിപ്പാലിറ്റിയായി മാറിയതെന്നാണെന്നും സമിതി ആരാഞ്ഞതിന് 2015-ലാണ് പെരിങ്ങളം മുനിസിപ്പാലിറ്റിയായി മാറിയതെന്നും രജിസ്റ്ററുകൾ കണ്ടെത്തിയിട്ടില്ലെന്നും പാനൂർ മുനിസിപ്പാലിറ്റി വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നതെന്നും ഫയലുകൾ ഷഫിൾ ചെയ്ത് പല ഭാഗങ്ങളിലായി ഇട്ടിരിക്കുക യാണെന്നും പാനൂർ നഗരസഭ സൂപ്രണ്ട് മറുപടി നൽകി. ഫയലുകൾ കണ്ടെത്തി റിപ്പോർട്ട് അടിയന്തരമായി ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

139. വകുപ്പിൽ നിന്നും ലഭ്യമാക്കിയ മറുപടിയുടെയും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ പൂഴാതി (2.3), രാമന്തളി (2.1) എന്നീ ഗ്രാമപഞ്ചായത്തുകളുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കാൻ സമിതി തീരുമാനിക്കുകയും ചെയ്തു.

140. ശ്രീകണ്ഠപുരം ഗ്രാമപഞ്ചായത്തിൽ സ്ഥാപന മേധാവി സാക്ഷ്യപ്പെടുത്തി സമർപ്പിച്ച റിട്ടേണിന്റെ അടിസ്ഥാനത്തിലാണ് തൊഴിൽ നികുതി ഈടാക്കി യിരുന്നതെന്നും ഓഡിറ്റ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കുറവുവന്ന തുക അടവാക്കുന്നതിന് സ്ഥാപന മേധാവികൾക്ക് നോട്ടീസ് നൽകിയിട്ടുണ്ടെന്നുമാണ് അറിയിച്ചിട്ടുള്ളതെന്നും വ്യക്തമാക്കിയ സമിതി പ്രസ്തുത നോട്ടീസ് നൽകിയതെന്നാണെന്നും നിലവിലെ സ്ഥിതി എന്താണെന്നും ആരാഞ്ഞു. അതുസംബന്ധിച്ച തുടർനടപടികൾ

എടുക്കുന്നുണ്ടെന്നും മുൻ മാസവും നോട്ടീസ് നൽകിയിട്ടുണ്ടെന്നും ശ്രീകണ്ഠപുരം മുനിസിപ്പാലിറ്റി സെക്രട്ടറി അറിയിച്ചപ്പോൾ ഇതുമായി ബന്ധപ്പെട്ട റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

141. വകുപ്പിൽ നിന്നും ലഭ്യമാക്കിയ മറുപടിയുടെയും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ തൃപ്പങ്ങോട്ടൂർ (2.1), ഉദയഗിരി (2.3), ഉളിയ്ക്കൽ (2.2), വളപട്ടണം (2.4), വളപട്ടണം (2.5), വേങ്ങാട് (2.1) എന്നീ ഗ്രാമപഞ്ചായത്തുകളുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

142. വകുപ്പിൽ നിന്നും ലഭ്യമാക്കിയ മറുപടിയുടെയും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ ആലക്കോട് (2.3), ആറളം (2.4), ചപ്പാരപ്പടവ് (2.2), ചെറുകുന്ന് (2.1), ചെറുകുന്ന് (2.2), ചെറുതാഴം (2.2), ചിറയ്ക്കൽ (2.1), ചിറയ്ക്കൽ (2.6), ചിറ്റാരിപറമ്പ് (2.1), ചൊക്ലി (2.4), ചൊക്ലി (2.5), ധർമ്മടം (2.1), എരമം കുറ്റൂർ (2.5), എരുവേശ്ശി (2.4), ഏഴോം (2.2, 2.3), ഇരിക്കൂർ (2.2), കടമ്പൂർ (2.2), കടന്നപ്പള്ളി-പാണപ്പുഴ (2.2), കതിരൂർ (2.3), കല്ലിശ്ശേരി (2.2), കണിച്ചാർ (2.8) എന്നീ ഗ്രാമപഞ്ചായത്തുകളുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

143. സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിന് ഡിമാൻഡ് നോട്ടീസ് നൽകുന്നുണ്ടെന്നാണ് ഓഡിറ്റ് വകുപ്പ് അറിയിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കിയ സമിതി ഇതുസംബന്ധിച്ച നിലവിലെ അവസ്ഥ എന്താണെന്ന് ആരാഞ്ഞു. ആറ് സ്ഥാപനങ്ങളിൽ നിന്ന് തൊഴിൽ നികുതി ആവശ്യപ്പെട്ടിരുന്നില്ലെന്നും അത് കറക്ട് ചെയ്ത് റിപ്പോർട്ട് നൽകിയിട്ടുണ്ടെന്നും കാങ്കോൽ ആലപ്പടമ്പ ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ ബോധിപ്പിച്ചു.

144. റിപ്പോർട്ട് ലഭിച്ചിട്ടില്ലെന്ന് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ അറിയിച്ചപ്പോൾ റിപ്പോർട്ടിന്റെ പകർപ്പ് നൽകാമെന്ന് സെക്രട്ടറി മറുപടി നൽകി. ഏതൊക്കെ സ്ഥാപനങ്ങൾക്കാണ് ഡിമാൻഡ് നോട്ടീസ് നൽകിയതെന്ന് റിപ്പോർട്ടിൽ വ്യക്തമാക്കിയിട്ടുണ്ടോയെന്ന് സമിതി ആരാഞ്ഞതിന് റിപ്പോർട്ടിൽ വ്യക്തമാക്കി യിട്ടുണ്ടെന്ന് സെക്രട്ടറി മറുപടി നൽകി. റിപ്പോർട്ടിന്റെ പകർപ്പ് ഓഡിറ്റ് വിഭാഗത്തിന് നൽകണമെന്ന് സമിതി നിർദ്ദേശിച്ചു.

145. വകുപ്പിൽ നിന്നും ലഭ്യമാക്കിയ മറുപടിയുടെയും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ കരിവെള്ളൂർ പെരളം (2.6), കരിയാട്

(പാനൂർ നഗരസഭ) (2.3) എന്നീ ഗ്രാമപഞ്ചായത്തുകളുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

146. തൊഴിൽ നികുതി ഒടുക്കാത്ത സ്ഥാപനങ്ങൾക്ക് പ്രസ്തുത തുക ഒടുക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് നോട്ടീസ് നൽകിയിട്ടുണ്ടെന്നാണ് ഓഡിറ്റ് വകുപ്പ് അറിയിച്ചിട്ടുള്ളതെന്ന് വിലയിരുത്തിയ സമിതി ഇതുസംബന്ധിച്ച നിലവിലെ അവസ്ഥ എന്താണെന്ന് ആരാഞ്ഞതിന് തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെന്ന് ഇരിട്ടി മുനിസിപ്പാലിറ്റി അസിസ്റ്റന്റ് സെക്രട്ടറി മറുപടി നൽകി.

147. കീഴൂർ ചാവശേരി (2.6) ഗ്രാമപഞ്ചായത്തിനെ സംബന്ധിച്ച ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട നിലവിലെ അവസ്ഥ സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിച്ചു. ഇനിയും തൊഴിൽ നികുതി ലഭിക്കാനുണ്ടെന്നും അടയ്ക്കേണ്ടവരെ പല പ്രാവശ്യം നേരിൽ കണ്ട് ആവശ്യപ്പെടുമ്പോഴാണ് നികുതി അടയ്ക്കുന്നതെന്നും വ്യക്തമാക്കിയ ഇരിട്ടി മുനിസിപ്പാലിറ്റി അസിസ്റ്റന്റ് സെക്രട്ടറി അന്തിമ റിപ്പോർട്ട് ലഭ്യമാക്കാമെന്ന് സമിതിയെ അറിയിച്ചു.

148. വകുപ്പിൽ നിന്നും ലഭ്യമാക്കിയ മറുപടിയുടെയും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ കേളകം ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഖണ്ഡിക (2.2), ഖണ്ഡിക 2.2 (2), ഖണ്ഡിക 2.2 (3) എന്നിവയിലെ ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

149. ഈടാക്കാൻ ബാക്കിയുള്ള തൊഴിൽ നികുതി ഈടാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നുണ്ടെന്നാണ് ഓഡിറ്റ് വകുപ്പ് പറയുന്നതെന്ന് ചൂണ്ടിക്കാട്ടിയ സമിതി ഇതുമായി ബന്ധപ്പെട്ട് നിലവിലെ സ്ഥിതി വ്യക്തമാക്കാൻ കൊളച്ചേരി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയോട് ആവശ്യപ്പെട്ടു. സെക്രട്ടറി വന്നിട്ടില്ലെന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറേറ്റ് ജോയിന്റ് ഡയറക്ടർ സമിതിയെ ബോധിപ്പിച്ചു.

150. പ്രസ്തുത പരാമർശവുമായി ബന്ധപ്പെട്ട നിലവിലെ സ്ഥിതി സംബന്ധിച്ച റിപ്പോർട്ടും യോഗത്തിൽ ഹാജരാകാത്തതിനുള്ള സെക്രട്ടറിയുടെ വിശദീകരണവും അടിയന്തരമായി ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

**നിഗമനങ്ങളും ശിപാർശകളും**

**151. തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നുള്ള മറുപടിയുടെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ കണ്ണൂർ ജില്ലയിലെ ആലക്കോട് ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട സ്ഥാപന തൊഴിൽ നികുതി**

ഈടാക്കിയിട്ടില്ല, ജീവനക്കാരുടെ തൊഴിൽ നികുതി ഒടുക്കിയിട്ടില്ല എന്നീ ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

152. തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നുള്ള മറുപടിയുടെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ കണ്ണൂർ ജില്ലയിലെ ആറളം ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട തൊഴിൽ നികുതി കണക്കാക്കുന്നതിന് വീട്ടുവാടകബത്ത ഉൾപ്പെടുത്തുന്നു എന്ന ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

153. തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നുള്ള മറുപടിയുടെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ കണ്ണൂർ ജില്ലയിലെ അയ്യൻകുന്ന് ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ് എന്ന ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

154. തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നുള്ള മറുപടിയുടെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ കണ്ണൂർ ജില്ലയിലെ അയ്യൻകുന്ന് ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട സ്ഥാപന തൊഴിൽ നികുതി-സെൽഫ് ഫിനാൻസിംഗ് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നും ഈടാക്കാത്തത് സംബന്ധിച്ച ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

155. തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നുള്ള മറുപടിയുടെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ കണ്ണൂർ ജില്ലയിലെ അഴീക്കോട് ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട തൊഴിൽ നികുതി ഒടുക്കിയതിൽ കുറവ് വന്നത് സംബന്ധിച്ച ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

156. തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നുള്ള മറുപടിയുടെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ കണ്ണൂർ ജില്ലയിലെ ചപ്പാരപ്പടവ് ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട രജിസ്റ്റർ സൂക്ഷിപ്പിലെ അപാകങ്ങൾ, തൊഴിൽ നികുതി-സ്ഥാപന നികുതി ഈടാക്കുന്നില്ല എന്നീ ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

157. തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നുള്ള മറുപടിയുടെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ കണ്ണൂർ ജില്ലയിലെ ചേമ്പിലോട് ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട തൊഴിൽ നികുതി രജിസ്റ്റർ കുറ്റമറ്റ രീതിയിൽ സൂക്ഷിക്കുന്നില്ല എന്ന ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

158. തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നുള്ള മറുപടിയുടെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ കണ്ണൂർ ജില്ലയിലെ ചെങ്ങളായി ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട വീട്ടുവാടക ബത്ത കൂടി കണക്കിലെടുത്തുകൊണ്ട് തെറ്റായി തൊഴിൽ നികുതി ഈടാക്കി എന്ന ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

159. തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നുള്ള മറുപടിയുടെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ കണ്ണൂർ ജില്ലയിലെ ചെറുകുന്ന് ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട തൊഴിൽ നികുതി-അപാകങ്ങളെന്ന ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

160. തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നുള്ള മറുപടിയുടെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ കണ്ണൂർ ജില്ലയിലെ ചെറുപുഴ ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട തൊഴിൽ നികുതി, സ്ഥാപന നികുതി എന്നിവ സംബന്ധിച്ച ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

161. കണ്ണൂർ ജില്ലയിലെ ചെറുതാഴം ഗ്രാമപഞ്ചായത്തിൽ തൊഴിൽ നികുതി ഈടാക്കിയിട്ടില്ലെന്ന വിഷയത്തിന്റെ നിലവിലെ സ്ഥിതി, ക്ഷീര വ്യവസായ സംഘത്തിൽ ജോലി ചെയ്തിരുന്ന ജീവനക്കാരുടെ എണ്ണം, അതിൽ തൊഴിൽ നികുതി ഈടാക്കേണ്ടവർ എത്ര എന്നിവ സംബന്ധിച്ച വിശദമായ റിപ്പോർട്ട് അടിയന്തരമായി ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കണമെന്ന് സമിതി നിർദേശിക്കുന്നു.

162. തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നുള്ള മറുപടിയുടെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ കണ്ണൂർ ജില്ലയിലെ ചെറുതാഴം ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ലെന്ന ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

163. തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നുള്ള മറുപടിയുടെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ ചെറുതാഴം ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട വ്യാപാരികളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ലെന്ന ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

164. തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നുള്ള മറുപടിയുടെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ ചെറുതാഴം ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട സി.ബി.എസ്.ഇ. സ്കൂളിൽ നിന്നും ഈടാക്കുന്ന തൊഴിൽ നികുതി കുറവ് എന്ന ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

165. തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നുള്ള മറുപടിയുടെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ കണ്ണൂർ ജില്ലയിലെ ചിറയ്ക്കൽ ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട തൊഴിൽ നികുതി അപാകതകൾ എന്ന ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

166. തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നുള്ള മറുപടിയുടെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ കണ്ണൂർ ജില്ലയിലെ ചിറ്റാരിപറമ്പ് ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട തൊഴിൽ നികുതി ഈടാക്കിയിട്ടില്ല എന്ന ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

167. തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നുള്ള മറുപടിയുടെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ കണ്ണൂർ ജില്ലയിലെ ധർമ്മടം ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട തൊഴിൽ നികുതി 60 ദിവസം ജോലി ചെയ്തവരിൽ നിന്നും ഈടാക്കിയിട്ടില്ലെന്ന ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

168. തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നുള്ള മറുപടിയുടെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ ധർമ്മടം ഗ്രാമപഞ്ചായത്തു മായി ബന്ധപ്പെട്ട തൊഴിൽ നികുതി ഈടാക്കിയിട്ടില്ലെന്ന ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

169. തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നുള്ള മറുപടിയുടെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ ധർമ്മടം ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട സ്ഥാപന തൊഴിൽ നികുതി ഈടാക്കി യിട്ടില്ലെന്ന ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

170. തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നുള്ള മറുപടിയുടെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ കണ്ണൂർ ജില്ലയിലെ എടക്കാട് ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട വീട്ടുവാടക അലവൻസ് കൂട്ടിയിട്ടുള്ള വരുമാനത്തിന്മേൽ തൊഴിൽ നികുതി കണക്കാക്കി എന്ന ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

171. കണ്ണൂർ ജില്ലയിലെ എടക്കാട് ഗ്രാമപഞ്ചായത്തിൽ ഇനിയും തൊഴിൽ നികുതി ഈടാക്കാനുള്ള സ്ഥാപനങ്ങളിൽ നിന്നും അടിയന്തരമായി തൊഴിൽ നികുതി ഈടാക്കാനുള്ള നടപടികൾ സ്വീകരിച്ച ശേഷം രണ്ടാഴ്ചയ്ക്കകം റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

172. തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നുള്ള മറുപടിയുടെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ കണ്ണൂർ ജില്ലയിലെ എളയാവൂർ ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട സ്ഥാപന തൊഴിൽ നികുതി ഒടുക്കിയിട്ടില്ല എന്ന ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

173. തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നുള്ള മറുപടിയുടെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ കണ്ണൂർ ജില്ലയിലെ എളയാവൂർ ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല എന്ന ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

174. തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നുള്ള മറുപടിയുടെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ കണ്ണൂർ ജില്ലയിലെ എരമം-കുറ്റൂർ ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട സ്ഥാപന തൊഴിൽ നികുതി ഈടാക്കി യിട്ടില്ല, ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയതിലെ കുറവ് എന്നീ ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

175. തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നുള്ള മറുപടിയുടെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ കണ്ണൂർ ജില്ലയിലെ എരഞ്ഞോളി ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട തൊഴിൽ നികുതി-വരുമാനം മുഴുവൻ കണക്കിലെടുക്കാതെ നികുതി നിർണ്ണയം എന്ന ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

176. തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നുള്ള മറുപടിയുടെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ കണ്ണൂർ ജില്ലയിലെ എരുവേശ്ശി ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ് എന്ന ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

177. തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നുള്ള മറുപടിയുടെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ കണ്ണൂർ ജില്ലയിലെ ഏഴോം ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട തൊഴിൽ നികുതി ഈടാക്കിയിട്ടില്ല, സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല എന്നീ ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

178. തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നുള്ള മറുപടിയുടെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ കണ്ണൂർ ജില്ലയിലെ ഇരിക്കൂർ ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട സ്ഥാപന രജിസ്റ്റർ, തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി എന്നീ ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

179. തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നുള്ള മറുപടിയുടെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ കണ്ണൂർ ജില്ലയിലെ കടന്നപ്പള്ളി-പാണപ്പുഴ ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ് വന്നത്, തൊഴിൽ നികുതി ഈടാക്കിയില്ല, സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല എന്നീ ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

180. തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നുള്ള മറുപടിയുടെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ കണ്ണൂർ ജില്ലയിലെ കണ്ണപുരം ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട തൊഴിൽ നികുതി-സ്ഥാപന നികുതി ഈടാക്കിയില്ല എന്ന ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

181. തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നുള്ള മറുപടിയുടെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ കണ്ണൂർ ജില്ലയിലെ കരിവെള്ളൂർ-പെരളം ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട തൊഴിൽ നികുതി റിട്ടേൺസ് സമർപ്പിക്കുന്നതിൽ അപാകത എന്ന ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

182. തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നുള്ള മറുപടിയുടെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ കണ്ണൂർ ജില്ലയിലെ കതിരൂർ ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട സ്ഥാപന നികുതി ഈടാക്കിയില്ല, തൊഴിൽ നികുതി ഡിമാന്റ് ചെയ്യുകയും ഈടാക്കുകയും ചെയ്തില്ല എന്നീ ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

183. തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നുള്ള മറുപടിയുടെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ കതിരൂർ ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ് എന്ന ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

184. തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നുള്ള മറുപടിയുടെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ കണ്ണൂർ ജില്ലയിലെ കരിയാട് ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട തൊഴിൽ നികുതി-അപാകങ്ങൾ എന്ന ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

185. തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നുള്ള മറുപടിയുടെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ കണ്ണൂർ ജില്ലയിലെ കീഴല്ലൂർ ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട തൊഴിൽ നികുതി-റിട്ടേണിലെ അപാകതകൾ എന്ന ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

186. കണ്ണൂർ ജില്ലയിലെ ഇരിട്ടി നഗരസഭയിലെ കീഴൂർ ചാവശ്ശേരി മജലീസ് ഇംഗ്ലീഷ് മീഡിയം സ്കൂൾ ജീവനക്കാർക്ക് അടിസ്ഥാന ശമ്പളം മാത്രമേ ലഭിക്കുന്നുള്ളൂവെന്നും മറ്റ് അലവൻസുകളൊന്നും ലഭിക്കുന്നില്ലെന്നും ഇരിട്ടി മുനിസിപ്പാലിറ്റി ഉദ്യോഗസ്ഥൻ സമിതി മുമ്പാകെ ബോധിപ്പിച്ച സാഹചര്യത്തിൽ പ്രസ്തുത വിഷയം സംബന്ധിച്ച വിശദമായ റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

187. തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നുള്ള മറുപടിയുടെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ കണ്ണൂർ ജില്ലയിലെ കേളകം ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി, തൊഴിൽ നികുതി റിട്ടേൺസ്, തൊഴിൽ നികുതി രജിസ്റ്റർ എന്നീ ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

188. തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നുള്ള മറുപടിയുടെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ കണ്ണൂർ ജില്ലയിലെ കൊളച്ചേരി ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ്, സ്ഥാപന നികുതി അടവാക്കിയിട്ടില്ല എന്നീ ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

189. തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നുള്ള മറുപടിയുടെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ കണ്ണൂർ ജില്ലയിലെ കൂടാളി ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ നികുതി ഈടാക്കിയില്ല, തൊഴിൽ നികുതി സംബന്ധിച്ച റിട്ടേണുകൾ പരിശോധനയ്ക്ക് ലഭ്യമായില്ല എന്നീ ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

190. തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നുള്ള മറുപടിയുടെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ കണ്ണൂർ ജില്ലയിലെ കൊട്ടിയൂർ ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട തൊഴിൽ നികുതി പിരിച്ചെടുത്തിട്ടില്ല എന്ന ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

191. തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നുള്ള മറുപടിയുടെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ കണ്ണൂർ ജില്ലയിലെ കുഞ്ഞിമംഗലം ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട സ്ഥാപന തൊഴിൽ നികുതി/ തൊഴിൽ നികുതി എന്നിവ ഈടാക്കുന്നില്ല എന്ന ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

192. തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നുള്ള മറുപടിയുടെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ കണ്ണൂർ ജില്ലയിലെ കുറുമാത്തൂർ ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററിൽ വ്യക്തതയില്ല, സി.ബി.എസ്.ഇ. അഫിലിയേഷനുള്ള സ്കൂളുകൾക്ക് തൊഴിൽ നികുതി ചുമത്തുന്നത്, സ്ഥാപന രജിസ്റ്റർ സൂക്ഷിക്കുന്നില്ല എന്നീ ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

193. തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നുള്ള മറുപടിയുടെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ കണ്ണൂർ ജില്ലയിലെ കുറ്റ്യാട്ടൂർ ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട തൊഴിൽ നികുതി റിട്ടേൺ സ്ഥാപന മേധാവി സാക്ഷ്യപ്പെടുത്തിയിട്ടില്ല, റേഷൻകടകളിൽനിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്തിട്ടില്ല, അപേക്ഷകൾ സൂക്ഷ്മ പരിശോധന നടത്തുന്നില്ല എന്നീ ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

194. തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നുള്ള മറുപടിയുടെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ കണ്ണൂർ ജില്ലയിലെ മാടായി ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ജീവനക്കാരുടെ നികുതി അടവാക്കിയതിൽ കുറവ്, സ്ഥാപനങ്ങളുടെ തൊഴിൽ നികുതി അടവാക്കിയിട്ടില്ല എന്നീ ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

195. തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നുള്ള മറുപടിയുടെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ കണ്ണൂർ ജില്ലയിലെ മലപ്പട്ടം ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട തൊഴിൽ നികുതി ഈടാക്കിയിട്ടില്ല എന്ന ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

196. തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നുള്ള മറുപടിയുടെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ കണ്ണൂർ ജില്ലയിലെ മുണ്ടേരി ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ്, ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കാത്തത്, ട്രേഡേഴ്സ് ലിസ്റ്റ്/ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല എന്നീ ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

197. തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നുള്ള മറുപടിയുടെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ കണ്ണൂർ ജില്ലയിലെ മുഴപ്പിലങ്ങാട് ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട തൊഴിൽ നികുതി ഈടാക്കിയിട്ടില്ല, സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല, തൊഴിൽ നികുതി രജിസ്റ്റർ അപാകങ്ങൾ എന്നീ ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

198. തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നുള്ള മറുപടിയുടെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ കണ്ണൂർ ജില്ലയിലെ നടുവിൽ ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട സ്ഥാപന മേധാവി റിട്ടേൺ സാക്ഷ്യപ്പെടുത്താത്തത്, സ്ഥാപനങ്ങളുടെ പേര് രേഖപ്പെടുത്താത്തത്, റേഷൻകടകളുടെ തൊഴിൽ നികുതി സംബന്ധിച്ച്, വീട്ടുവാടക ബത്ത വരുമാനത്തിൽ ഉൾപ്പെടുത്തിയത് എന്നീ ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

199. തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നുള്ള മറുപടിയുടെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ കണ്ണൂർ ജില്ലയിലെ നാറാത്ത് ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട തൊഴിൽ നികുതി-ആകെ വരുമാനത്തിൽ വീട്ടുവാടക ബത്ത ഉൾപ്പെടുത്തേണ്ടതില്ല, സ്ഥാപന തൊഴിൽ നികുതി ഒടുക്കേണ്ടതാണ് എന്നീ ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

200. തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നുള്ള മറുപടിയുടെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ കണ്ണൂർ ജില്ലയിലെ ന്യൂമാഹി ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

201. തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നുള്ള മറുപടിയുടെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ കണ്ണൂർ ജില്ലയിലെ പടിയൂർ കല്യാട്ട് ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട സ്ഥാപന തൊഴിൽ നികുതി, തൊഴിൽ നികുതി ഈടാക്കിയിട്ടില്ല, ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല എന്നീ ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

202. കണ്ണൂർ ജില്ലയിലെ പള്ളിക്കുന്ന് ഗ്രാമപഞ്ചായത്തിൽ 2013-14, 2014-15 എന്നീ വർഷങ്ങളിലെ തൊഴിൽ നികുതി രജിസ്റ്റർ അബ്സ്ട്രാക്ട് എഴുതി സാക്ഷ്യപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട ഫയലുകൾ കണ്ടെത്തി നടപടി സ്വീകരിച്ച് അതുസംബന്ധിച്ച റിപ്പോർട്ട് അടിയന്തരമായി ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

203. തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നുള്ള മറുപടിയുടെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ കണ്ണൂർ ജില്ലയിലെ പന്ന്യന്നൂർ ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല എന്ന ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

204. കണ്ണൂർ ജില്ലയിലെ പാനൂർ ഗ്രാമപഞ്ചായത്തിൽ തൊഴിൽ നികുതി ഈടാക്കുന്നതുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശത്തിന്മേൽ തുടർനടപടി സ്വീകരിച്ച് അടിയന്തരമായി റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

205. തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നുള്ള മറുപടിയുടെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ കണ്ണൂർ ജില്ലയിലെ പാപ്പിനിശ്ശേരി ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല എന്ന ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

206. തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നുള്ള മറുപടിയുടെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ കണ്ണൂർ ജില്ലയിലെ പരിയാരം ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല, സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല എന്നീ ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

207. തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നുള്ള മറുപടിയുടെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ കണ്ണൂർ ജില്ലയിലെ പട്ടുവം ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട തൊഴിൽ നികുതി അടവാക്കിയതിലെ അപാകങ്ങൾ, സ്ഥാപന തൊഴിൽ നികുതി അടവാക്കിയില്ല എന്നീ ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

208. തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നുള്ള മറുപടിയുടെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ കണ്ണൂർ ജില്ലയിലെ പായം ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട തൊഴിൽ നികുതി-അപാകങ്ങൾ എന്ന ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

209. തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നുള്ള മറുപടിയുടെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ കണ്ണൂർ ജില്ലയിലെ പയ്യാവൂർ ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട് 60 ദിവസത്തിൽ കൂടുതൽ ജോലി ചെയ്തിട്ടും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല, സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല എന്നീ ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

210. തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നുള്ള മറുപടിയുടെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ കണ്ണൂർ ജില്ലയിലെ പേരാവൂർ ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട് സ്ഥാപന നികുതി ഈടാക്കിയിട്ടില്ല, രണ്ടാം അർദ്ധവർഷത്തിൽ തൊഴിൽ നികുതി അടച്ചില്ല എന്നീ ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

211. കണ്ണൂർ ജില്ലയിലെ പെരിങ്ങളം ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശ വർഷത്തെ രജിസ്റ്ററുകൾ, ഫയലുകൾ എന്നിവ കണ്ടെത്തി റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് അടിയന്തരമായി ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

212. തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നുള്ള മറുപടിയുടെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ കണ്ണൂർ ജില്ലയിലെ പൂഴാതി ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട തൊഴിൽ നികുതി രേഖകളുടെയും രജിസ്റ്ററുകളുടെയും പരിപാലനം എന്ന ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

213. തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നുള്ള മറുപടിയുടെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ കണ്ണൂർ ജില്ലയിലെ രാമന്തളി ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട സ്ഥാപന തൊഴിൽ നികുതി, ജീവനക്കാരുടെ തൊഴിൽ നികുതി എന്നിവ ഈടാക്കിയിട്ടില്ല എന്നീ ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

214. കണ്ണൂർ ജില്ലയിലെ ശ്രീകണ്ഠപുരം ഗ്രാമപഞ്ചായത്തിൽ സ്ഥാപന മേധാവി സാക്ഷ്യപ്പെടുത്തി സമർപ്പിച്ച റിട്ടേണിന്റെ അടിസ്ഥാനത്തിലാണ് തൊഴിൽ നികുതി ഈടാക്കിയിരുന്നതെന്ന് സമിതി മനസ്സിലാക്കുന്നു. കുറവുവന്ന തുക അടവാക്കുന്നതിന് സ്ഥാപന മേധാവികൾക്ക് നോട്ടീസ് നൽകിയിട്ടുണ്ടെന്ന് സമിതി വിലയിരുത്തുന്നു. ശ്രീകണ്ഠപുരം ഗ്രാമപഞ്ചായത്തിൽ തൊഴിൽ നികുതി ഈടാക്കുന്നതുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശത്തിന്മേൽ അടിയന്തരമായി റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

215. തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നുള്ള മറുപടിയുടെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ കണ്ണൂർ ജില്ലയിലെ തൃപ്പങ്ങോട്ടൂർ ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി എന്നിവ ഈടാക്കിയിട്ടില്ല എന്നീ ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

216. തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നുള്ള മറുപടിയുടെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ കണ്ണൂർ ജില്ലയിലെ ഉദയഗിരി ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട് സ്ഥാപനങ്ങൾ/സ്വകാര്യ ധനമിടപാട് സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല എന്ന ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

217. തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നുള്ള മറുപടിയുടെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ കണ്ണൂർ ജില്ലയിലെ ഉളിയ്ക്കൽ ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട് തൊഴിൽ നികുതി ഈടാക്കിയില്ല എന്ന ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

218. തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നുള്ള മറുപടിയുടെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ കണ്ണൂർ ജില്ലയിലെ വളപട്ടണം ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട് സ്ഥാപന തൊഴിൽ നികുതി ഈടാക്കുന്നില്ല, ജീവനക്കാരുടെ തൊഴിൽ നികുതി ഒടുക്കുന്നില്ല, ക്ഷേത്ര ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല, രജിസ്റ്ററിൽ വരുമാനം രേഖപ്പെടുത്തുന്നില്ല, അക്ഷയ കേന്ദ്രങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല എന്നീ ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

219. തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നുള്ള മറുപടിയുടെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ കണ്ണൂർ ജില്ലയിലെ വളപട്ടണം ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട സ്ഥാപന തൊഴിൽ നികുതി-സി.ബി.എസ്.ഇ. സ്കൂൾ യഥാർഥ വരുമാനം രേഖപ്പെടുത്തുന്നില്ല എന്ന ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

220. തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നുള്ള മറുപടിയുടെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ കണ്ണൂർ ജില്ലയിലെ വേങ്ങാട് ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട് സ്ഥാപനങ്ങളുടെ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല, അർദ്ധവർഷത്തിൽ 60 ദിവസത്തിൽ കൂടുതൽ തദ്ദേശഭരണ സ്ഥാപനങ്ങളിൽ ജോലിചെയ്യിട്ടുണ്ടെങ്കിൽ തൊഴിൽ നികുതി ഈടാക്കണമെന്ന മാനദണ്ഡം പാലിച്ചിട്ടില്ല, ഉത്സവബത്ത/ബോണസ് ഇരു പകുതിയിലും ഉൾപ്പെടുത്തിയില്ല എന്നീ ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

221. തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നുള്ള മറുപടിയുടെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ കണ്ണൂർ ജില്ലയിലെ ആലക്കോട് ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട് സ്ഥാപന തൊഴിൽ നികുതി, അക്ഷയ കേന്ദ്രങ്ങളിൽ നിന്നും തൊഴിൽ നികുതി എന്നിവ ഈടാക്കുന്നില്ല എന്നീ ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

222. തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നുള്ള മറുപടിയുടെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ കണ്ണൂർ ജില്ലയിലെ ആറളം ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട് തൊഴിൽ നികുതി നിർണയം, നികുതി, സ്ഥാപന തൊഴിൽ നികുതി എന്നിവ ഈടാക്കിയില്ല, അസസ്മെന്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല, തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ് എന്നീ ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

223. തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നുള്ള മറുപടിയുടെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ കണ്ണൂർ ജില്ലയിലെ ചപ്പാരപ്പടവ് ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട് സ്ഥാപന തൊഴിൽ നികുതി ഈടാക്കുന്നില്ല എന്ന ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

224. തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നുള്ള മറുപടിയുടെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ കണ്ണൂർ ജില്ലയിലെ ചെറുകുന്ന് ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട് ക്ഷേത്ര ജീവനക്കാരിയിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്യുന്നില്ല, സ്ഥാപന തൊഴിൽ നികുതി ഈടാക്കാത്തതിനാലുള്ള വരുമാനനഷ്ടം എന്നീ ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

225. തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നുള്ള മറുപടിയുടെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ കണ്ണൂർ ജില്ലയിലെ ചെറുതാഴം ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട് സ്ഥാപന തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ്, തൊഴിൽ നികുതി ഡിമാന്റ് ചെയ്തില്ല എന്നീ ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

226. തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നുള്ള മറുപടിയുടെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ കണ്ണൂർ ജില്ലയിലെ ചിറയ്ക്കൽ ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട് തൊഴിൽനികുതി ഈടാക്കിയിട്ടില്ല, ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയതിന്റെ വിവരം ലഭ്യമല്ല എന്നീ ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

227. തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നുള്ള മറുപടിയുടെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ കണ്ണൂർ ജില്ലയിലെ ചിറ്റാരിപറമ്പ് ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട് സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല എന്ന ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

228. തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നുള്ള മറുപടിയുടെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ കണ്ണൂർ ജില്ലയിലെ ചൊക്ലി ഗ്രാമപഞ്ചായത്തിൽ നിന്നും സ്ഥലം മാറിപ്പോയ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല, കെ.എസ്.ഇ.ബി. സ്ഥാപന തൊഴിൽ നികുതി അടച്ചിട്ടില്ല എന്നീ ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

229. തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നുള്ള മറുപടിയുടെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ കണ്ണൂർ ജില്ലയിലെ ധർമ്മടം ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട് തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ് എന്ന ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

230. തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നുള്ള മറുപടിയുടെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ കണ്ണൂർ ജില്ലയിലെ എരമം കുറ്റൂർ ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട് സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല എന്ന ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

231. തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നുള്ള മറുപടിയുടെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ കണ്ണൂർ ജില്ലയിലെ എരുവേശ്ശി ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട് തൊഴിൽ നികുതി ഈടാക്കുന്നതിന് നിയമപ്രകാരമുള്ള നോട്ടീസുകൾ നൽകുന്നില്ല എന്ന ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

232. തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നുള്ള മറുപടിയുടെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ കണ്ണൂർ ജില്ലയിലെ ഏഴോം ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട് തൊഴിൽ നികുതി ഈടാക്കിയിട്ടില്ല, സ്ഥാപന നികുതി ഈടാക്കിയില്ല എന്നീ ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

233. തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നുള്ള മറുപടിയുടെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ കണ്ണൂർ ജില്ലയിലെ ഇരിക്കൂർ ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട് തൊഴിൽ നികുതി-വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളുടെ ഉടമസ്ഥർക്ക് നോട്ടീസ് നൽകി ഈടാക്കുന്നില്ല എന്ന ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

234. തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നുള്ള മറുപടിയുടെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ കണ്ണൂർ ജില്ലയിലെ കടമ്പൂർ ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട് തൊഴിൽ നികുതി റിട്ടേണുകൾ വാങ്ങിക്കാതെ

വ്യാപാരികളിൽ നിന്നും നികുതി ഈടാക്കുന്നു, തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററിൽ പുതിയ സ്ഥാപനങ്ങളെ ചേർക്കുന്നതിന് വേണ്ടിയുള്ള നിയമാനുസൃത നടപടികൾ സ്വീകരിക്കുന്നില്ല എന്നീ ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

235. തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നുള്ള മറുപടിയുടെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ കണ്ണൂർ ജില്ലയിലെ കടന്നപ്പള്ളി-പാണപ്പുഴ ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട് സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല എന്ന ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

236. തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നുള്ള മറുപടിയുടെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ കണ്ണൂർ ജില്ലയിലെ കതിരൂർ ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട് തൊഴിൽ നികുതി ഈടാക്കിയില്ല എന്ന ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

237. തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നുള്ള മറുപടിയുടെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട് സ്ഥാപന തൊഴിൽ നികുതി ഈടാക്കേണ്ടതാണ്, തൊഴിൽ നികുതി ഒടുക്കിയ സ്ഥാപനങ്ങളുടെ എണ്ണത്തിൽ കുറവ്-കാരണം രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല എന്നീ ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

238. തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നുള്ള മറുപടിയുടെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ കണ്ണൂർ ജില്ലയിലെ കണിച്ചാർ ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട് സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല എന്ന ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

239. കണ്ണൂർ ജില്ലയിലെ കാങ്കോൽ ആലപ്പടമ്പ ഗ്രാമപഞ്ചായത്ത് സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിന് ഡിമാൻഡ് നോട്ടീസ് നൽകുന്നുണ്ടെന്ന് സമിതി വിലയിരുത്തുന്നു. ആറ് സ്ഥാപനങ്ങളിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയതുമായി ബന്ധപ്പെട്ട നടപടി റിപ്പോർട്ട് ഓഡിറ്റ് വിഭാഗത്തിന് നൽകണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

240. തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നുള്ള മറുപടിയുടെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ കണ്ണൂർ ജില്ലയിലെ കരിവെള്ളൂർ-പെരളം ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട് സ്ഥാപന തൊഴിൽ

**നികുതി-ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കിയില്ല എന്ന ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

**241. തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നുള്ള മറുപടിയുടെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ കണ്ണൂർ ജില്ലയിലെ കരിയാട് (പാനൂർ നഗരസഭ) ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ചില സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും ഒന്നാം അർദ്ധവർഷം നികുതി ഈടാക്കിയില്ല എന്ന ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

**242. തൊഴിൽ നികുതി ഒടുക്കാത്ത സ്ഥാപനങ്ങൾക്ക് പ്രസ്തുത തുക ഒടുക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് കണ്ണൂർ ജില്ലയിലെ കീഴൂർ ചാവശേരി ഗ്രാമപഞ്ചായത്ത് നോട്ടീസ് നൽകിയിട്ടുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട നിലവിലെ അവസ്ഥ സംബന്ധിച്ച റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.**

**243. തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നുള്ള മറുപടിയുടെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ കണ്ണൂർ ജില്ലയിലെ കേളകം ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഖണ്ഡിക (2.2)-ലെ തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി ഒടുക്കിയിട്ടില്ല, ഖണ്ഡിക 2.2(2)-ലെ തൊഴിൽ നികുതി ഒടുക്കിയിട്ടില്ല, ഖണ്ഡിക 2.2(3)-ലെ തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ് എന്നീ ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

**244. കണ്ണൂർ ജില്ലയിലെ കൊളച്ചേരി ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശത്തിന്റെ നിലവിലെ സ്ഥിതി സംബന്ധിച്ച റിപ്പോർട്ട് അടിയന്തരമായി ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.**

ഓഡിറ്റ് ഖണ്ഡിക

**നടീൽ വസ്തുക്കളുടെ വില്പന - പിരിഞ്ഞുകിട്ടാനുള്ളത് - 1.43 കോടി രൂപ**

[കണ്ണൂർ ജില്ലാ പഞ്ചായത്ത് 2017-18 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 2-1]

കണ്ണൂർ ജില്ലാപഞ്ചായത്തിന് കീഴിലുള്ള ഫാമുകളിൽ നിന്ന് വിവിധ സ്ഥാപനങ്ങൾക്ക് വിത്തുകൾ, തൈകൾ എന്നിവ നൽകിയിട്ടുണ്ട്. ഫാമുകളിൽ നിന്നും ലഭ്യമാക്കിയ വിവരങ്ങൾ പ്രകാരം 2017-18 വരെയുള്ള കാലയളവിൽ നടീൽ വസ്തുക്കൾ നൽകിയ

വകയിൽ വിവിധ സ്ഥാപനങ്ങളിൽ നിന്ന് 1.43 കോടി രൂപ ലഭിക്കാനുണ്ട്. ഈ തുക ഓഡിറ്റ് തീയതി വരെയും പിരിച്ചെടുത്തിട്ടില്ല. വിശദവിവരം ചുവടെ കൊടുക്കുന്നു.

- **സംസ്ഥാന വിത്തുൽപാദന കേന്ദ്രം, കാങ്കോൽ**

| ക്രമ നം. | വർഷം | ലഭിക്കാൻ ബാക്കിയുള്ള തുക |
|---|---|---|
| 1 | 2013-14 | 3,88,654 |
| 2 | 2014-15 | 4,29,790 |
| 3 | 2015-16 | 1,15,645 |
| 4 | 2016-17 | 6,17,640 |
| 5 | 2017-18 | 4,34,223 |
| ആകെ | | 19,85,952 |

- **ജില്ലാ കൃഷിത്തോട്ടം, കരിമ്പം തളിപ്പറമ്പ**

| ക്രമ നം. | വർഷം | ലഭിക്കാൻ ബാക്കിയുള്ള തുക |
|---|---|---|
| 1 | 2016-17 | 15,77,428 |
| 2 | 2017-18 | 68,42,677 |
| ആകെ | | 84,20,105 |

- **സ്റ്റേറ്റ് സീഡ് ഫാം, വേങ്ങാട്**

| ക്രമ നം. | വർഷം | ലഭിക്കാൻ ബാക്കിയുള്ള തുക |
|---|---|---|
| 1 | 2012-13 | 3,41,400 |
| 2 | 2013-14 | 1,94,600 |
| 3 | 2014-15 | 2,47,200 |
| 4 | 2015-16 | 17,959 |
| 5 | 2016-17 | 1,32,700 |
| 6 | 2017-18 | 7,404 |
| ആകെ | | 9,41,263 |

- **കോക്കനട്ട് നഴ്സറി, പാലയാട്**

| ക്രമ നം. | വർഷം | ലഭിക്കാൻ ബാക്കിയുള്ള തുക |
|---|---|---|
| 1 | 2015-16 | 68,150 |
| 2 | 2016-17 | 17,500 |
| 3 | 2017-18 | 28,85,636 |
| ആകെ | | 29,71,286 |

ഫാം റവന്യൂ യഥാസമയം ലഭിക്കുന്നുവെന്ന് ഫാമുകളുടെ ചുമതലയുള്ള ഓഫീസർ ഉറപ്പ് വരുത്തേണ്ടതാണ്. 2017-18 വർഷത്തെ ജില്ലാപഞ്ചായത്തിന്റെ വാർഷിക ധനകാര്യ പത്രികയിലെ ബാലൻസ് ഷീറ്റിൽ ഇപ്രകാരം കിട്ടാനുള്ള തുക ഉൾപ്പെടുത്തിയിട്ടില്ല. റവന്യൂ പിരിച്ചെടുക്കുന്നതിലുണ്ടാകുന്ന വീഴ്ചമൂലം ജില്ലാ പഞ്ചായത്തിന് നഷ്ടം സംഭവിക്കുന്നതിന് ഉത്തരവാദി ഫാമുകളുടെ ചുമതലയുള്ള ഓഫീസർ ആണ്. ഫാം റവന്യൂ യഥാസമയം പിരിച്ചെടുക്കുന്നതിന് ഉചിതമായ നടപടികൾ ഭരണസമിതി സ്വീകരിക്കണമെന്നും ഓരോ സാമ്പത്തിക വർഷത്തിലും ലഭിക്കുവാൻ ബാക്കിയുള്ള തുക സംബന്ധിച്ച റിപ്പോർട്ട് ഫാം അധികൃതർ ജില്ലാ പഞ്ചായത്തിന് ലഭ്യമാക്കേണ്ടതാണെന്നും ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ട്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2018-19-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, അധ്യായം 1-1)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

245. സ്റ്റേറ്റ് സീഡ് ഫാം കാങ്കോൽ, ജില്ലാ കൃഷിത്തോട്ടം കരിമ്പം തളിപ്പറമ്പ, സ്റ്റേറ്റ് സീഡ് ഫാം വേങ്ങാട്, കോക്കനട്ട് നഴ്സറി പാലയാട് എന്നിവയുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശങ്ങളുടെ നിലവിലെ സ്ഥിതിയെന്താണെന്ന് സമിതി ആരാഞ്ഞു. 2017-18 വരെയുള്ള കാലയളവിൽ നടീൽ വസ്തുക്കൾ നൽകിയ വകയിൽ വിവിധ സ്ഥാപനങ്ങളിൽ നിന്ന് 1.43 കോടി രൂപയാണ് ലഭിക്കാനുണ്ടായിരുന്നതെന്നും അതിൽ പിരിഞ്ഞുകിട്ടിയ 85 ലക്ഷം രൂപ ജില്ലാപഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് അടച്ചിട്ടുണ്ടെന്നും ബാക്കി തുക ഫാമുകളുടെ അക്കൗണ്ടിൽ വന്നിട്ടുണ്ടെങ്കിലും ഏത് സ്ഥാപനത്തിൽ നിന്നാണ് അടച്ചതെന്നും ഏത് ഇനത്തിലാണ് വന്നതെന്നും അറിയാനുള്ള സൗകര്യം നിലവിലില്ലെന്നും അത് പരിഹരിക്കാൻ സമയം ആവശ്യമാണെന്നും കണ്ണൂർ ജില്ലാപഞ്ചായത്ത് സെക്രട്ടറി

സമിതിയെ ബോധിപ്പിച്ചു. കൃഷിഭവനുകളുടെ അക്കൗണ്ടിംഗ്, അതിർത്തി നിർണ്ണയം എന്നീ വിഷയങ്ങളിൽ സമിതി നിർദ്ദേശാനുസരണം ക്രമീകരണങ്ങൾ നടന്നുവരുന്നുണ്ടെന്നും അത് പൂർത്തിയാകുമ്പോൾ അക്കൗണ്ടിംഗ് സംവിധാനത്തിലുള്ള പ്രശ്നങ്ങൾ പരിഹരിക്കാൻ സാധിക്കുന്നതാണെന്നും തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറി & സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ തദവസരത്തിൽ വ്യക്തമാക്കി.

246. നടീൽ വസ്തുക്കൾ വിതരണം ചെയ്ത സ്ഥാപനങ്ങൾക്കെല്ലാം തുക തിരിച്ചടയ്ക്കാനുണ്ടെന്ന് കാണിച്ച് കത്തയച്ചാൽ ഏതൊക്കെ സ്ഥാപനങ്ങൾ അടച്ചിട്ടുണ്ടെന്ന് കണ്ടെത്താൻ സാധിക്കില്ലേയെന്ന് സമിതി ആരാഞ്ഞതിന് നാല് മാസം മുൻപ് ആ രീതിയിലും ശ്രമം നടത്തിയിരുന്നുവെന്നും എന്നാൽ വർഷങ്ങൾക്ക് മുൻപുള്ള പണമിടപാടായതിനാൽ കൃഷിഭവനിലെ ഉദ്യോഗസ്ഥർക്കും ഇതുസംബന്ധിച്ച് വ്യക്തമായ വിവരം ലഭ്യമല്ലെന്നും കണ്ണൂർ ജില്ലാപഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി.

247. പ്രസ്തുത വിഷയം എത്രയുംവേഗം പരിഹരിച്ച് റിപ്പോർട്ട് ലഭ്യമാക്കണമെന്നും ഭാവിയിൽ ഫലപ്രദമായ ഒരു അക്കൗണ്ടിംഗ് സംവിധാനം ഏർപ്പെടുത്തണമെന്നും സമിതി നിർദ്ദേശിച്ചു

**നിഗമനങ്ങളും ശിപാർശകളും**

**248. കൃഷി ഭവനുകളിൽ ഫലപ്രദമായ അക്കൗണ്ടിംഗ് സംവിധാനം ഏർപ്പെടുത്തണമെന്ന് സമിതി നിർദ്ദേശിക്കുന്നു. സ്റ്റേറ്റ് സീഡ് ഫാം കാങ്കോൽ, ജില്ലാ കൃഷിത്തോട്ടം കരിമ്പം തളിപ്പറമ്പ, സ്റ്റേറ്റ് സീഡ് ഫാം വേങ്ങാട്, കോക്കനട്ട് നഴ്സറി പാലയാട് എന്നിവയിന്മേലുള്ള ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട വിഷയങ്ങൾ അടിയന്തരമായി പരിഹരിച്ച് റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.**

<u>ഓഡിറ്റ് ഖണ്ഡിക</u>

**ജില്ലാപഞ്ചായത്ത് ഓഫീസിന് വാഹനം വാങ്ങൽ-സർക്കാർ നിർദ്ദേശം പാലിച്ചിട്ടില്ല - 14,81,394/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു**

[*കണ്ണൂർ ജില്ലാപഞ്ചായത്ത് 2017-18 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-2*]

- നിർവഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി
- പ്രോജക്ടിന്റെ പേര് - ജില്ലാപഞ്ചായത്ത് പുതിയ വാഹനം വാങ്ങൽ
- പ്രോജക്ട് നമ്പർ - 07/2018
- അടങ്കൽ -30,00,000 (തനത് ഫണ്ട്)
- വൗച്ചർ നമ്പർ - 21700575/16-09-2017 12,32,041/-

- വൗച്ചർ നമ്പർ - 21700599/20-09-2017 58,324/-
- വൗച്ചർ നമ്പർ - 21700608/27-09-2017 49,990/-
- വൗച്ചർ നമ്പർ - 21700609/28-09-2017 1,26,065/-
- വൗച്ചർ നമ്പർ - 21700737/ 08-11-2017 14,974/-
- ആകെ 14,81,394/-

ജി.ഒ.(ആർ.ടി.) 2528/2012/ത.സ്വ.ഭ.വ. തീയതി 06-09-2012 പ്രകാരം ത്രിതല പഞ്ചായത്തുകൾക്ക് വാഹനം വാങ്ങുന്നതിനുള്ള ഉയർന്ന പരിധി 10,00,000/- (പത്ത് ലക്ഷം രൂപയായി) നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ കണ്ണൂർ ജില്ലാപഞ്ചായത്തിന്റെ 30.06.2017-ലെ 69/17(2) തീരുമാന പ്രകാരം 12,32,041/- രൂപയുടെ ടൊയോട്ട ഇന്നോവ ക്രിസ്റ്റ വാഹനം Government e-Marketplace മുഖാന്തരം വാങ്ങുകയുണ്ടായി. വാഹനത്തിന്റെ രജിസ്ട്രേഷൻ, (1,26,065/-) ഇൻഷുറൻസ്, (58,324/-) അസസറീസ് (64,964/-) എന്നിവ ഉൾപ്പെടെ വാഹനം വാങ്ങുന്നതിന് 14,81,394/- രൂപ ചെലവഴിച്ചിട്ടുണ്ട്. സർക്കാർ നിശ്ചയിച്ച പരിധിയിലും അധികമായി തുക ചെലവഴിച്ചതിന് വിശദീകരണം നല്കുന്നതിന് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (12/15-02-2018) മറുപടിയായി പ്രസിഡന്റിന് ദീർഘദൂര യാത്രക്ക് ഉപയോഗിക്കുന്നതിന് അനുയോജ്യമായ വാഹനമെന്ന നിലക്കാണ് ടി വാഹനം വാങ്ങിയതെന്നും നടപടിക്ക് സാധൂകരണം ലഭിക്കുന്നതിനായി സർക്കാരിലേക്ക് അപേക്ഷിച്ചിട്ടുണ്ടെന്നും അറിയിക്കുകയുണ്ടായി. എന്നാൽ മേൽപറഞ്ഞ സർക്കാർ അനുമതി ലഭിക്കുന്നതിന് മുമ്പ് അധിക തുക ചെലവഴിച്ചത് ശരിയായ നടപടിയല്ല. ലഭിച്ച മറുപടി തൃപ്തികരമല്ല.

ജി.ഒ. (പി) 264/2004/ത.സ്വ.ഭ.വ. തീയതി 13-8-2004 പ്രകാരം ജില്ലാ പഞ്ചായത്തുകൾക്ക് 3 വാഹനം മാത്രമേ ഉണ്ടായിരിക്കാൻ പാടുള്ളൂ. കൂടുതൽ വാഹനങ്ങൾ ഉള്ള സ്ഥാപനം അവ ലേലം ചെയ്ത് വില്ക്കുകയോ, ഗവൺമെന്റ് അനുമതിയോടുകൂടി മറ്റ് സ്ഥാപനങ്ങൾക്കോ, ഓഫീസുകൾക്കോ കൈമാറുകയോ ചെയ്യണമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ജില്ലാപഞ്ചായത്ത് പ്രസിഡന്റിന് നിസ്സാൻ സണ്ണി കാറും, വൈസ് പ്രസിഡന്റിന് ബോലേറോ ജീപ്പും, സെക്രട്ടറിക്ക് അംബാസിഡർ കാറും ഔദ്യോഗിക വാഹനമായി ഉണ്ടായിരിക്കെ സർക്കാർ ഉത്തരവിന് അനുസൃതമല്ലാതെ, സർക്കാർ അനുമതിയില്ലാതെ പുതിയ വാഹനം വാങ്ങിയിട്ടുണ്ട്. ജി.ഒ. (ആർടി.) 637/2012 ത.സ്വ.ഭ.വ. തീയതി 1-3-2012 പ്രകാരം ജില്ലാപഞ്ചായത്ത് വൈസ് പ്രസിഡന്റ്മാരുടെ ഔദ്യോഗിക യാത്രകൾക്ക് വാഹനം വാങ്ങുന്നതിന് ഉത്തരവുള്ളതിനാൽ ജില്ലാപഞ്ചായത്തിന് 4 വാഹനം അനുവദനീയമാണെന്ന് ജില്ലാപഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. (1-11-2018-ലെ എച്ച്- 1751/2018 നമ്പർ കത്ത്). പ്രസ്തുത ഉത്തരവിൽ പരാമർശിച്ച ഉത്തരവ് ജി.ഒ. (ആർ.ടി.) 425/2012/ത.സ്വ.ഭ.വ. തീയതി. 10-2-2012 പ്രകാരം

പഞ്ചായത്തിൽ ലഭ്യമായ വാഹനങ്ങളിൽ ഒന്ന് വൈസ് പ്രസിഡന്റിന്റെ ഉപയോഗത്തിന് അനുവദിക്കാവുന്നതാണെന്നാണ് വ്യക്തമാക്കിയത്. നിലവിൽ ജില്ലാപഞ്ചായത്തിന് 4 വാഹനം വാങ്ങാമെന്നുള്ള ഉത്തരവ് ഇല്ലാതിരിക്കെ വാഹനം വാങ്ങിയ നടപടി ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. മേൽ കാരണങ്ങളാൽ ഈ ഇനത്തിൽ ചെലവഴിച്ച 14,81,394/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നതായി ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ട്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2018-19-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, അധ്യായം 1-2)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

249. വകുപ്പിൽ നിന്നും ലഭ്യമാക്കിയ മറുപടിയുടെയും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ ജില്ലാപഞ്ചായത്ത് ഓഫീസിന് വാഹനം വാങ്ങൽ-സർക്കാർ നിർദ്ദേശം പാലിച്ചിട്ടില്ലെന്ന കണ്ണൂർ ജില്ലാപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

**നിഗമനങ്ങളും ശിപാർശകളും**

**250. തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നുള്ള മറുപടിയുടെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ ജില്ലാപഞ്ചായത്ത് ഓഫീസിന് വാഹനം വാങ്ങൽ-സർക്കാർ നിർദ്ദേശം പാലിച്ചിട്ടില്ലെന്ന കണ്ണൂർ ജില്ലാപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**തൊഴിൽ പരിശീലനം-പരിശീലനാർഥികൾക്ക് യാത്രാബത്ത നൽകിയത് ക്രമവിരുദ്ധം - 2,58,750/- രൂപ നിരാകരിക്കുന്നു. 1,37,671/- രൂപ തടസ്സപ്പെടുത്തുന്നു**

[*കണ്ണൂർ ജില്ലാപഞ്ചായത്ത് 2017-18 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-10*]

- **പ്രോജക്ട് : 74/18 ഗാർമെന്റ് മെഷിനറി പരിശീലനം (വനിത), മാതമംഗലം**

- അടങ്കൽ : 7,50,000/- (വികസന ഫണ്ട്)
- ചെലവ് : 2,08,040/-
- ബിൽ നം. : 8/17-18/24.03.2018

- നിർവഹണോദ്യോഗസ്ഥൻ : മാനേജർ, ജില്ലാ വ്യവസായകേന്ദ്രം, കണ്ണൂർ
- **പ്രോജക്ട് : 72/18 ഗാർമെന്റ് മെഷിനറി പരിശീലനം (വനിത), കണ്ണൂർ**
- അടങ്കൽ : 7,50,000/- (വികസന ഫണ്ട്)
- ചെലവ് : 1,88,381/-
- ബിൽ നം. : 7/17-18/24.03.2018
- നിർവഹണോദ്യോഗസ്ഥൻ : മാനേജർ, ജില്ലാ വ്യവസായകേന്ദ്രം, കണ്ണൂർ

പ്രസ്തുത പദ്ധതി നിർവഹണത്തിലെ അപാകങ്ങൾ താഴെ കൊടുക്കുന്നു.

(a) തൊഴിൽ പരിശീലനങ്ങൾ ഗ്രാമ-ബ്ലോക്ക് പഞ്ചായത്തുകളാണ് ഏറ്റെടുക്കേണ്ടത്. ഇത്തരം പരിശീലനങ്ങൾ ജില്ലാപഞ്ചായത്തിന്റെ ചുമതലയല്ല. [ജി.ഒ.(എം.എസ്). 72/2017/ത.സ്വ.ഭ.വ. തീയതി.29.03.2017 ഖ.12.5.3]

(b) പരിശീലനാർഥികൾക്ക് യാത്രാബത്തയ്ക്ക് അർഹതയില്ല. എന്നാൽ 2,58,750/- രൂപ ഈ ഇനത്തിൽ ചെലവഴിച്ചിട്ടുണ്ട്. ഇത് ക്രമവിരുദ്ധമാണ്. (ആകെ 69 പേർ x 75/- x 50 ദിവസം)

(c) പരിശീലനച്ചെലവിന്റെ 10 ശതമാനം തുക പരിശീലനാർഥിയുടെ വിഹിതമായി പ്രോജക്ടിൽ വകയിരുത്തേണ്ടതാണ്. ആയത് പാലിച്ചിട്ടില്ല.

(d) ഓരോ പ്രോജക്ടിലും 40 പേർ വീതമുള്ള മൂന്നു ബാച്ചുകൾക്ക് പരിശീലനം നൽകാനാണ് ലക്ഷ്യമിട്ടിരുന്നത്. എന്നാൽ ഓരോ ബാച്ചിനു മാത്രമാണ് പരിശീലനം നൽകിയിട്ടുള്ളത്.

(e) പരിശീലനത്തിൽ പങ്കാളികളായവരുടെ ഹാജർ സംബന്ധിച്ച വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

(f) ഗ്രാമസഭ അംഗീകരിച്ച് ഗ്രാമപഞ്ചായത്തുകളിൽ നിന്ന് ലഭ്യമാക്കിയ ഗുണഭോക്തൃ ലിസ്റ്റ് ഉണ്ടായിരിക്കേ പത്രപരസ്യം വഴിയും ഗുണഭോക്താക്കളെ തെരഞ്ഞെടുത്തിട്ടുണ്ട്. ക്രമനമ്പർ ഒന്നിലെ പ്രോജക്ടിൽ 40 പേരിൽ 26 പേർ പത്രപരസ്യം വഴി തെരഞ്ഞെടുത്തവരാണ്. ഗ്രാമസഭ അംഗീകരിക്കാത്ത ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിയത് ശരിയല്ല.

(g) മോണിറ്ററിംഗ് റിപ്പോർട്ട്, പൂർത്തീകരണ റിപ്പോർട്ട് എന്നിവ ഹാജരാക്കിയിട്ടില്ല.

(h) പരിശീലനം വിജയകരമായി പൂർത്തിയാക്കിയവർക്ക് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം ഇല്ല.

(i) പരിശീലനം പൂർത്തിയാക്കിയവർക്ക് തൊഴിൽ ലഭ്യമാക്കാൻ പ്രോജക്റ്റിൽ വിഭാവനം ചെയ്തിട്ടുണ്ട്. ഇക്കാര്യത്തിൽ സ്വീകരിച്ച തുടർനടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണെന്നും യാത്രാബത്തയിനത്തിൽ നൽകിയ തുക തിരികെ ഈടാക്കേണ്ടതും മറ്റ് അപാകങ്ങൾക്ക് വിശദീകരണം നൽകേണ്ടതുമാണെന്ന് ഓഡിറ്റ് നിർദ്ദേശിച്ചിട്ടുണ്ട്.(ഓഡിറ്റ് എൻക്വയറി നം. 57/17-18 തീ. 31-10-2018)

മേൽ കാരണങ്ങളാൽ 2,58,750/- രൂപ ഓഡിറ്റിൽ നിരാകരിക്കുകയും 1,37,671/- രൂപ തടസ്സപ്പെടുത്തുകയും ചെയ്തതായി ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ട്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2018-19-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, അധ്യായം 1-3)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

251. തൊഴിൽ പരിശീലനം-പരിശീലനാർഥികൾക്ക് യാത്രാബത്ത നൽകിയത് ക്രമവിരുദ്ധം എന്ന ഓഡിറ്റ് ഖണ്ഡികയിലെ പദ്ധതി നിർവഹണത്തിലെ അപാകതകളായി ഓഡിറ്റ് വകുപ്പ് കണ്ടെത്തിയ (c) മുതൽ (i) വരെയുള്ള പരാമർശങ്ങൾക്ക് വ്യക്തമായ വിശദീകരണം ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

## നിഗമനങ്ങളും ശിപാർശകളും

**252. തൊഴിൽ പരിശീലനം-പരിശീലനാർഥികൾക്ക് യാത്രാബത്ത നൽകിയത് ക്രമവിരുദ്ധം എന്ന ഓഡിറ്റ് ഖണ്ഡികയിലെ കണ്ണൂർ ജില്ലാപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം പരിഗണിച്ച സമിതി പദ്ധതി നിർവഹണത്തിലെ അപാകതകളായി ഓഡിറ്റ് വകുപ്പ് കണ്ടെത്തിയ (c) മുതൽ (i) വരെയുള്ള പരാമർശങ്ങൾക്ക് വ്യക്തമായ വിശദീകരണം ലഭ്യമാക്കണമെന്ന് നിർദ്ദേശിക്കുന്നു.**

ഓഡിറ്റ് ഖണ്ഡിക

**2019-20 സാമ്പത്തിക വർഷം കേരളാ സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ് പ്രത്യേക ഓഡിറ്റ് റിപ്പോർട്ടുകളിലൂടെ സർക്കാരിന്റെ ശ്രദ്ധയിൽക്കൊണ്ടുവന്ന വിഷയങ്ങൾ**

**കണ്ണൂർ - മിർഖാത്തുൾ ഇസ്ലാം ജമാ അത്ത് കമ്മിറ്റി - വരവ് ചെലവ് കണക്കിന്മേലുള്ള പ്രത്യേക പരിശോധനാ റിപ്പോർട്ട്**

കണ്ണൂർ ജില്ലയിലെ വലിയന്നൂർ അംശം പുറത്തിൽ എന്ന സ്ഥലത്തെ മിർഖാത്തുൾ ഇസ്ലാം ജമാ അത്ത് കമ്മിറ്റിയുടെ 21-12-2010 മുതൽ 10-6-2015 വരെയുള്ള വരവ് ചെലവ് കണക്കുകളിലെ പ്രത്യേക ഓഡിറ്റ് റവന്യൂ (എഫ്) വകുപ്പിന്റെ G.O.Rt.(No)949/190RD തീയതി 22-3-2019 ഉത്തരവ് പ്രകാരം കണ്ണൂർ ജില്ലാ ഓഡിറ്റ് സ്പെഷ്യൽ ഓഡിറ്റ് നടത്തുകയുണ്ടായി.

- കണ്ണൂർ ജില്ലയിലെ വലിയന്നൂർ അംശം പുറത്തിൽ എന്ന സ്ഥലത്തെ മിർഖാത്തുൾ ഇസ്ലാം ജമാ അത്ത് കമ്മിറ്റിയുടെ 2010-2015 കാലയളവിലെ സാമ്പത്തിക ഇടപാടുകളുമായി ബന്ധപ്പെട്ട പരാതിയിൽ കോടതി നിർദ്ദേശ പ്രകാരം പോലീസ് കേസ് രജിസ്റ്റർ ചെയ്യുകയും കോടതിയിൽ വസ്തുനിഷ്ഠമായ ഓഡിറ്റ് റിപ്പോർട്ട് നൽകുന്നതിനായി കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിനെ ചുമതലപ്പെടുത്തണമെന്ന് സംസ്ഥാന പോലീസ് മേധാവി സർക്കാരിനോട് അഭ്യർത്ഥിക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ റവന്യൂ (എഫ്) വകുപ്പിന്റെ 22-3-2019-ലെ G.O.Rt.(No)949/190RD ഉത്തരവിലൂടെ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിനെ സ്പെഷ്യൽ ഓഡിറ്റിനായി ചുമതലപ്പെടുത്തി.

- കേന്ദ്ര വഖഫ് ആക്ട് 1995-ലെ സെക്ഷൻ 47(1)(സി) പ്രകാരവും 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 21-ാം വകുപ്പ് ഉപവകുപ്പ് (2)-ലേയും വ്യവസ്ഥകൾക്കും വിധേയമായാണ് സ്പെഷ്യൽ ഓഡിറ്റ് നടത്തിയത്.

- 21-12-2010 മുതൽ 10-6-2015 വരെയുള്ള വരവ്-ചെലവ് കണക്കുകളുടെ പരിശോധനയാണ് നടത്തിയത്.

**പ്രധാന ഓഡിറ്റ് നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു**

- വിശ്വാസികളായ പൊതുജനങ്ങളുടെയും അഭ്യുദയകാംക്ഷികളുടെയും സംഭാവന ഇനത്തിൽ ഭീമമായ സംഖ്യ വരവുണ്ടായിരിക്കെ ഇക്കാലയളവിൽ സ്ഥാപനത്തിന് ഒരു ബാങ്ക് അക്കൗണ്ട് ഇല്ലായിരുന്നു. ഇക്കാലയളവിൽ ലഭ്യമായ തുക ആരാണ് കൈവശം

വച്ചതെന്ന വിവരം ഓഡിറ്റിന് ലഭ്യമല്ലാത്തതിനാൽ അത് സംബന്ധിച്ച് അന്വേഷണം ആവശ്യമാണെന്ന് ഓഡിറ്റ് നിരീക്ഷിക്കുന്നു.

- ഇക്കാലയളവിൽ നടന്ന ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണത്തിന് അഡ്വാൻസായി ലഭിച്ച 20 ലക്ഷം രൂപ ഒരു രസീതിലൂടെ വരവ് വന്നു. 18 ലക്ഷം രൂപയുടെ ക്യാഷ് പേമെന്റ് വൗച്ചറിലെ ചെലവ് അക്കൗണ്ട് ചെയ്തിട്ടുള്ളതായും കാണുന്നു. പ്രവൃത്തിയുടെ രേഖകൾ ഓഡിറ്റിന് ലഭ്യമാക്കിയില്ല.

- ജമാ അത്ത് കമ്മിറ്റിയുടെ സ്വത്ത് വകകൾ കാണിക്കുന്ന ആസ്തി രജിസ്റ്റർ, ഭണ്ഡാര രജിസ്റ്റർ, സംഭാവനയായി ലഭിക്കുന്ന സ്വർണ്ണം, വെള്ളി തുടങ്ങിയവയുടെ സ്റ്റോക്ക് രേഖപ്പെടുത്തുന്ന ഇൻവെൻടറി രജിസ്റ്റർ എന്നിവ തയ്യാറാക്കി സൂക്ഷിക്കുന്നില്ല.

- രസീതുകളിലും ക്യാഷ് പേമെന്റ് വൗച്ചറുകളിലും വൈറ്റ്നർ ഉപയോഗിച്ച് വ്യാപകമായി തിരുത്തൽ വരുത്തിയിട്ടുള്ളത് സംശയാസ്പദമാണ്.

- പൊതുജനങ്ങളിൽ നിന്നും കൈപ്പറ്റുന്ന പണം, അവർ അർപ്പിച്ച വിശ്വാസം കാത്തു സൂക്ഷിക്കുന്ന രീതിയിൽ കൈകാര്യം ചെയ്യുന്നതിൽ കമ്മിറ്റി ഗുരുതരമായ വീഴ്ച വരുത്തിയതായി ഓഡിറ്റ് നിരീക്ഷിക്കുന്നു.

പ്രസ്തുത വിഷയത്തിന്മേലുള്ള തുടർനടപടികൾ സർക്കാരിൽ നിന്ന് ലഭ്യമായിട്ടില്ല.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2019-20-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഭാഗം-2, അധ്യായം-7.1)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

253. കണ്ണൂർ-മിർഖാത്തുൾ ഇസ്ലാം ജമാ അത്ത് കമ്മിറ്റി-വരവ് ചെലവ് കണക്കിന്മേലുള്ള പ്രത്യേക പരിശോധനാ റിപ്പോർട്ടുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശത്തെക്കുറിച്ച് എന്താണ് പറയാനുള്ളതെന്ന് സമിതി ആരാഞ്ഞതിന് മിർഖാത്തുൾ ഇസ്ലാം ജമാ അത്ത് കമ്മിറ്റിയുടെ സാമ്പത്തിക ഇടപാടുകളിലുണ്ടായ അപാകതകളിലെ പ്രധാന ഉത്തരവാദി കമ്മിറ്റി സെക്രട്ടറിയാണെന്നും ഓഡിറ്റ് പരാമർശപ്രകാരമുള്ള തുക ടിയാനിൽ നിന്നും ഈടാക്കാൻ നോട്ടീസ് നൽകിയത് നിലവിൽ ഹൈക്കോടതി സ്റ്റേ ചെയ്തിരിക്കുകയാണെന്നും അതിനെതിരെ എതിർ സത്യവാങ്മൂലം ഫയൽ ചെയ്യാനുള്ള

അടിയന്തര നടപടികൾ സ്വീകരിച്ചുവരികയാണെന്നും കേരള സംസ്ഥാന വഖഫ് ബോർഡ് ഡിവിഷണൽ ഓഫീസർ വ്യക്തമാക്കി.

254. കേസിന്റെ പുരോഗതി സംബന്ധിച്ചുള്ള വിവരം സമിതിയെ അറിയിക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

**നിഗമനങ്ങളും ശിപാർശകളും**

**255. കണ്ണൂർ ജില്ലയിലെ വലിയന്നൂർ അംശം പുറത്തിൽ ദേശത്തെ മിർഖാത്തുൾ ഇസ്ലാം ജമാ അത്ത് കമ്മിറ്റിയുടെ സാമ്പത്തിക ഇടപാടുകളിലുണ്ടായ അപാകതകളുമായി ബന്ധപ്പെട്ട ഹൈക്കോടതി കേസിന്റെ പുരോഗതി സംബന്ധിച്ചുള്ള റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.**

ടി. പി. രാമകൃഷ്ണൻ,
*അദ്ധ്യക്ഷൻ,*
*ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.*

തിരുവനന്തപുരം,
2025 ഫെബ്രുവരി 13.

അനുബന്ധം I

## പ്രധാനപ്പെട്ട നിഗമനങ്ങളും ശിപാർശകളും

| ക്രമ നമ്പർ | ഖണ്ഡിക നമ്പർ | വകുപ്പ് | നിഗമനങ്ങൾ/ ശിപാർശകൾ |
|---|---|---|---|
| (1) | (2) | (3) | (4) |
| 1 | 2 | തദ്ദേശസ്വയംഭരണ വകുപ്പ് | തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നുള്ള മറുപടിയുടെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ കണ്ണൂർ ജില്ലയിലെ ചെറുകുന്ന് ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 2 | 4 | ” | തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നുള്ള മറുപടി യുടെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ കണ്ണൂർ ജില്ലയിലെ പിണറായി ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 3 | 8 | തദ്ദേശ സ്വയംഭരണ വകുപ്പ്, ജലവിഭവ വകുപ്പ് | പൊതുടാപ്പുകളുടെ വെള്ളക്കരത്തിന്റെ ഇനത്തിൽ വ്യത്യാസം വന്ന കാലയളവിലെ കുടിശിക തുക നൽകിയോ എന്നത് സംബന്ധിച്ച് അന്വേഷിച്ച് റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കാൻ സമിതി നിർദ്ദേശിക്കുന്നു. |
| 4 | 13 | തദ്ദേശ സ്വയംഭരണ വകുപ്പ് | കണ്ണൂർ നഗരസഭയുടെ പരിധിയിലുള്ള ദൈവത്താർ കണ്ടി ഗവൺമെന്റ് യു. പി. സ്കൂൾ നിലവിൽ വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നതെന്ന് സമിതി മനസ്സിലാക്കുന്നു. തദ്ദേശസ്വയംഭരണ സ്ഥാപന ങ്ങൾക്ക് കൈമാറിക്കിട്ടിയ സ്ഥാപനമെന്ന നിലയിൽ അതിനെ നല്ല രീതിയിൽ പരിപാലിച്ചുകൊണ്ടു പോകേണ്ട ഉത്തരവാദിത്തം നഗരസഭയുടേതാണെന്ന് അഭിപ്രായപ്പെട്ട സമിതി ദൈവത്താർകണ്ടി ഗവൺമെന്റ് യു. പി. സ്കൂളിന്റെ ഭൗതിക സൗകര്യങ്ങൾ |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | നവീകരിക്കുന്നതിനും അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും കണ്ണൂർ നഗരസഭ അധികൃതർ വേണ്ടത്ര പ്രാധാന്യം നൽകുന്നില്ലെന്ന് നിരീക്ഷിക്കുന്നു. |
| 5 | 14 | തദ്ദേശസ്വയംഭരണ വകുപ്പ് | നിലവിൽ ദൈവത്താർകണ്ടി ഗവൺമെന്റ് യു. പി. സ്കൂൾ കെട്ടിടം പ്രവർത്തിക്കുന്നതിന്റെ സമീപത്തു തന്നെ സ്വന്തമായി സ്ഥലം കണ്ടെത്തുന്നതിനാവശ്യമായ അടിയന്തര നടപടി സ്വീകരിച്ച് ആയതിന്മേലുള്ള റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |
| 6 | 15 | ” | തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നുള്ള മറുപടിയുടെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ പാനൂർ നഗരസഭയിൽ ഉൾപ്പെട്ട കരിയാട് ഗ്രാമപഞ്ചായത്തിലെ ഗവ: യു.പി. സ്കൂളുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 7 | 24 | ” | കോളയാട് ഗ്രാമപഞ്ചായത്തിലെ മേനച്ചോടി ഗവൺമെന്റ് യു.പി. സ്കൂൾ കെട്ടിടത്തിന്റെ ഒന്നാം നിലയിൽ കൂട്ടിച്ചേർത്ത ക്ലാസ് മുറികളുടെ നിലവിലെ ഷീറ്റ് മേൽക്കൂര മാറ്റി കോൺക്രീറ്റ് ചെയ്തതിന് ശേഷം പ്രസ്തുത വിഷയത്തിന്മേൽ വിശദമായ റിപ്പോർട്ട് അടിയന്തരമായി ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |
| 8 | 25 | ” | തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നുള്ള മറുപടിയുടെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഇല്ലാത്ത കെട്ടിടങ്ങളിൽ ക്ലാസ്സ് റൂമുകൾ പ്രവർത്തിക്കുന്നുവെന്ന ഓഡിറ്റ് ഖണ്ഡികയിലെ കരിയാട് ഗ്രാമപഞ്ചായത്തിന്റെ (പാനൂർ നഗരസഭ) നിയന്ത്രണത്തിലുള്ള പുതുശ്ശേരി |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | ഗവൺമെന്റ് യു. പി. സ്കൂളുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 9 | 26 | തദ്ദേശസ്വയംഭരണ വകുപ്പ് | തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നുള്ള മറുപടിയുടെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഇല്ലാത്ത കെട്ടിടങ്ങളിൽ ക്ലാസ്സ് റൂമുകൾ പ്രവർത്തിക്കുന്നുവെന്ന ഓഡിറ്റ് ഖണ്ഡികയിലെ കരിയാട് ഗ്രാമപഞ്ചായത്തിലെ ഗവൺമെന്റ് യു.പി. സ്കൂളുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 10 | 27 | ” | കണ്ണൂർ നഗരസഭയെ സംബന്ധിച്ച ഓഡിറ്റ് പരാമർശം വന്ന് പത്ത് വർഷം കഴിഞ്ഞിട്ടും ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂൾ ഫോർ ഗേൾസിൽ അപകടാവസ്ഥയിലായ കെട്ടിടങ്ങൾ പൊളിച്ചുമാറ്റാത്തതിൽ സമിതി ആശങ്ക രേഖപ്പെടുത്തുന്നു. |
| 11 | 28 | ” | കണ്ണൂർ നഗരസഭയിലെ ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂൾ ഫോർ ഗേൾസിൽ പ്രൈമറി വിഭാഗത്തിന്റെ സമീപത്തായി അപകടാവസ്ഥയിലുള്ള കെട്ടിടങ്ങൾ അടിയന്തരമായി പൊളിച്ചുമാറ്റി ഓഡിറ്റ് വകുപ്പിന് ഒരു മാസത്തിനുള്ളിൽ റിപ്പോർട്ട് സമർപ്പിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |
| 12 | 29 | ” | കണ്ണൂർ ജില്ലാപഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള സ്കൂളുകളിൽ ചുറ്റുമതിൽ നിർമ്മിക്കാൻ അവശേഷിക്കുന്നതിൽ, ആയതിന്റെ നിർമ്മാണം പൂർത്തീകരിച്ച് അന്തിമ റിപ്പോർട്ട് ഒരു മാസത്തിനുള്ളിൽ സമർപ്പിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |
| 13 | 32 | ” | കണ്ണൂർ ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂൾ ഫോർ ഗേൾസിൽ ഉപയോഗിച്ച |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | കൊണ്ടിരുന്ന ഹൈസ്കൂൾ വിഭാഗത്തിന്റെ ഭാഗമായുള്ള കഞ്ഞിപ്പുര പൊളിച്ച് മാറ്റുവാനുള്ള നടപടി സ്വീകരിച്ച് ഒരു മാസത്തിനകം റിപ്പോർട്ട് സമർപ്പിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |
| 14 | 33 | തദ്ദേശസ്വയംഭരണ വകുപ്പ് | തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നുള്ള മറുപടിയുടെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ കണ്ണൂർ ജില്ലയിലെ മൊകേരി ഗ്രാമപഞ്ചായത്തിലെ മൊകേരി ഈസ്റ്റ് ഗവൺമെന്റ് യു. പി. സ്കൂളുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 15 | 35 | ” | തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നുള്ള മറുപടിയുടെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ കണ്ണൂർ ജില്ലാപഞ്ചായത്തിലെ ചെറുകുന്ന് ഗവൺമെന്റ് വെൽഫെയർ ഹയർ സെക്കന്ററി സ്കൂളുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 16 | 37 | ” | തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നുള്ള മറുപടിയുടെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ കണ്ണൂർ നഗരസഭയിലെ ഗവൺമെന്റ് ടി.ടി.ഐ. (മെൻ)-മായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 17 | 39 | ” | തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നുള്ള മറുപടിയുടെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ കണ്ണൂർ ജില്ലയിലെ കരിയാട് ഗ്രാമപഞ്ചായത്തിന്റെ (പാനൂർ നഗരസഭ) അധീനതയിലുള്ള സ്കൂളുകളുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |

| (1) | (2) | (3) | (4) |
|---|---|---|---|
| 18 | 41 | തദ്ദേശസ്വയംഭരണ വകുപ്പ് | തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നുള്ള മറുപടിയുടെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ കണ്ണൂർ നഗരസഭയുടെ കീഴിലെ വിദ്യാലയങ്ങളുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 19 | 43 | ” | തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നുള്ള മറുപടി യുടെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ കണ്ണൂർ ജില്ലയിലെ കരിയാട് ഗ്രാമപഞ്ചായത്തിലെ (പാനൂർ നഗരസഭ) സ്കൂളുകളുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 20 | 47 | ” | തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നുള്ള മറുപടി യുടെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ കണ്ണൂർ ജില്ലയിലെ കോളയാട് ഗ്രാമപഞ്ചായത്തിന് കീഴിലുള്ള സ്കൂളുകളുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 21 | 48 | ” | തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നുള്ള മറുപടി യുടെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ തലശ്ശേരി നഗരസഭയിലെ അടച്ചുപൂട്ടൽ ഭീഷണി നേരിടുന്ന സ്കൂളുകൾ എന്ന വിഷയവുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 22 | 49 | ” | തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നുള്ള മറുപടി യുടെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ യാത്രാ സൗകര്യം ഇല്ലാത്തതിനാൽ പട്ടികവർഗ്ഗ വിഭാഗ ത്തിലെ കുട്ടികൾ തുടർപഠനം ഒഴിവാക്കുന്നുവെന്ന |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | ഓഡിറ്റ് ഖണ്ഡികയിലെ കോളയാട് ഗ്രാമപഞ്ചായ ത്തിലെ പാലത്തുവയൽ യു. പി. സ്കൂളുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 23 | 51 | തദ്ദേശസ്വയംഭരണ വകുപ്പ് | തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നുള്ള മറുപടി യുടെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ കണ്ണൂർ ജില്ലയിലെ കരിയാട് ഗ്രാമപഞ്ചായത്തു (പാനൂർ നഗരസഭ)മായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 24 | 53 | ” | തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നുള്ള മറുപടിയുടെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ വിദ്യാഭ്യാസ മേഖലയിൽ തദ്ദേശ സ്ഥാപനങ്ങൾ ചെലവഴിക്കുന്ന തുകയിലധികവും എസ്.എസ്.എ. വിഹിതം എന്ന ഓഡിറ്റ് ഖണ്ഡികയിലെ കണ്ണൂർ ജില്ലാപഞ്ചായത്ത്, കണ്ണൂർ നഗരസഭ എന്നിവയുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 25 | 55 | ” | തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നുള്ള മറുപടിയുടെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ കണ്ണൂർ ജില്ലയിലെ കോളയാട് ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 26 | 56 | ” | തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നുള്ള മറുപടിയുടെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ കണ്ണൂർ ജില്ലയിലെ മൊകേരി ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |

| (1) | (2) | (3) | (4) |
|---|---|---|---|
| 27 | 58 | തദ്ദേശസ്വയംഭരണ വകുപ്പ് | തലശ്ശേരി നഗരസഭയിൽ വ്യവസായ എസ്റ്റേറ്റിനായി ഏറ്റെടുത്ത സ്ഥലത്ത് നിലവിൽ പ്രവർത്തിക്കുന്ന വ്യവസായ സംരംഭങ്ങളുടെ എണ്ണം, മറ്റ് വിശദാംശം എന്നിവ സംബന്ധിച്ച് വ്യക്തമായ റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |
| 28 | 60 | ” | തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നുള്ള മറുപടിയുടെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ കണ്ണൂർ നഗരസഭയുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 29 | 62 | ” | തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നുള്ള മറുപടിയുടെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ തില്ലങ്കേരി ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 30 | 64 | ” | തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നുള്ള മറുപടിയുടെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ പെർഫോമൻസ് ഗ്രാന്റിന്റെ വിനിയോഗം കാര്യക്ഷമമല്ല എന്ന ഓഡിറ്റ് ഖണ്ഡികയിലെ തില്ലങ്കേരി ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 31 | 65 | ” | തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നുള്ള മറുപടിയുടെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ പെർഫോമൻസ് ഗ്രാന്റിന്റെ വിനിയോഗം കാര്യക്ഷമമല്ല എന്ന ഓഡിറ്റ് ഖണ്ഡികയിലെ മുഴക്കുന്ന് ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |

| (1) | (2) | (3) | (4) |
|---|---|---|---|
| 32 | 66 | തദ്ദേശസ്വയംഭരണ വകുപ്പ് | തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നുള്ള മറുപടിയുടെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ പെർഫോമൻസ് ഗ്രാന്റിന്റെ വിനിയോഗം കാര്യക്ഷമമല്ല എന്ന ഓഡിറ്റ് ഖണ്ഡികയിലെ പയ്യന്നൂർ മുനിസിപ്പാലിറ്റിയുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 33 | 67 | ” | തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നുള്ള മറുപടിയുടെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ പെർഫോമൻസ് ഗ്രാന്റിന്റെ വിനിയോഗം കാര്യക്ഷമമല്ല എന്ന ഓഡിറ്റ് ഖണ്ഡികയിലെ കണ്ണൂർ നഗരസഭയുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 34 | 69 | ” | തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നുള്ള മറുപടിയുടെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ മാർക്കറ്റ്/ ഷോപ്പിംഗ് കോംപ്ലക്സ്/ ബസ്സ്റ്റാന്റ്/ കമ്മ്യൂണിറ്റി ഹാൾ എന്നിവയുടെ വിശദാംശങ്ങൾ ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല എന്ന ഓഡിറ്റ് ഖണ്ഡികയിലെ കണ്ണൂർ ജില്ലയിലെ മട്ടന്നൂർ നഗരസഭയുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 35 | 70 | ” | തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നുള്ള മറുപടിയുടെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ മാർക്കറ്റ്/ ഷോപ്പിംഗ് കോംപ്ലക്സ്/ബസ്സ്റ്റാന്റ്/ കമ്മ്യൂണിറ്റി ഹാൾ എന്നിവയുടെ വിശദാംശങ്ങൾ ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല എന്ന ഓഡിറ്റ് |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | ഖണ്ഡികയിലെ കണ്ണൂർ ജില്ലയിലെ തലശ്ശേരി നഗരസഭയുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 36 | 72 | തദ്ദേശസ്വയംഭരണ വകുപ്പ് | തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നുള്ള മറുപടി യുടെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ കണ്ണൂർ ജില്ലയിലെ കങ്കോൽ ആലപ്പടമ്പ് ഗ്രാമപഞ്ചായത്തു മായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 37 | 74 | ” | തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നുള്ള മറുപടിയുടെ അടിസ്ഥാനത്തിൽ കണ്ണൂർ നഗരസഭയുടെ ഭാഗമായ ചേലോറ ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 38 | 76 | ” | കണ്ണൂർ ജില്ലയിലെ കണ്ണപുരം ഗ്രാമപഞ്ചായത്തിലെ തെരുവ് വിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കാനുള്ള പ്രവൃത്തി എത്രയും വേഗം പൂർത്തിയാക്കി റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |
| 39 | 96 | ” | 2016-17 വർഷം നിർവഹിച്ച ഓഡിറ്റിൽ വസ്തുനികുതി നിർണ്ണയവുമായി ബന്ധപ്പെട്ട പ്രധാനപ്പെട്ട അപാകതകളും ശിപാർശകളും റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് സമിതി വിലയിരുത്തുന്നു. വസ്തുനികുതി പരിഷ്കരണ നടപടികൾക്ക് ആധികാരിക സ്ഥിരീകരണമില്ലെന്ന ഓഡിറ്റ് പരാമർശത്തിൻമേൽ നയപരമായ തീരുമാനം കൈക്കൊണ്ട് രണ്ട് മാസത്തിനുള്ളിൽ മറുപടി ലഭ്യമാക്കണമെന്ന് സമിതി നിർദേശിക്കുന്നു. |

| (1) | (2) | (3) | (4) |
|---|---|---|---|
| 40 | 97 | തദ്ദേശസ്വയംഭരണ വകുപ്പ് | തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നുള്ള മറുപടിയുടെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ കണ്ണൂർ ജില്ലയിലെ ആലക്കോട് ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട് വസ്തു നികുതി ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല എന്ന ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 41 | 98 | ” | തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നുള്ള മറുപടിയുടെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ കണ്ണൂർ ജില്ലയിലെ അയ്യൻകുന്ന് ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട് വസ്തു നികുതി നിരക്ക് നിശ്ചയിച്ചത് രജിസ്റ്ററിലെ വസ്തുതകൾ പ്രകാരം വ്യത്യാസം കാണുന്നുവെന്ന ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 42 | 99 | ” | തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നുള്ള മറുപടിയുടെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ കണ്ണൂർ ജില്ലയിലെ ചേലോറ ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട വസ്തു നികുതി ഡിമാന്റ് രജിസ്റ്റർ, ബിൽഡിംഗ് രജിസ്റ്റർ എന്നിവ പൊരുത്തപ്പെടുന്നില്ല എന്ന ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 43 | 100 | ” | തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നുള്ള മറുപടിയുടെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ കണ്ണൂർ ജില്ലയിലെ ചെമ്പിലോട് ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |

| (1) | (2) | (3) | (4) |
|---|---|---|---|
| 44 | 101 | തദ്ദേശസ്വയംഭരണ വകുപ്പ് | തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നുള്ള മറുപടിയുടെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ കണ്ണൂർ ജില്ലയിലെ ചൊക്ലി ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട വസ്തു നികുതി ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല എന്ന ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 45 | 102 | ” | തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നുള്ള മറുപടിയുടെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ കണ്ണൂർ ജില്ലയിലെ എടക്കാട് ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട വസ്തു നികുതി ഡിമാന്റ് രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല എന്ന ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 46 | 103 | ” | കണ്ണൂർ ജില്ലയിലെ ഇരിക്കൂർ ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശത്തിന്റെ നിലവിലെ സ്ഥിതി സംബന്ധിച്ച റിപ്പോർട്ട് അടിയന്തരമായി ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |
| 47 | 104 | ” | തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നുള്ള മറുപടിയുടെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ കണ്ണൂർ ജില്ലയിലെ ഇരിക്കൂർ ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട വസ്തു നികുതി രജിസ്റ്ററുകൾ എഴുതി സൂക്ഷിക്കുന്നില്ല എന്ന ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 48 | 105 | ” | തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നുള്ള മറുപടിയുടെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ കണ്ണൂർ ജില്ലയിലെ കണിച്ചാർ ഗ്രാമപഞ്ചായത്തുമായി |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | ബന്ധപ്പെട്ട വസ്തുനികുതി ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല എന്ന ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 49 | 106 | തദ്ദേശസ്വയംഭരണ വകുപ്പ് | തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നുള്ള മറുപടിയുടെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ കണ്ണൂർ ജില്ലയിലെ കണ്ണപുരം ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട വസ്തു നികുതി ഡിമാന്റ് രജിസ്റ്റർ, കുടിശിക ഡിമാന്റ് രജിസ്റ്റർ എന്നിവ തയ്യാറാക്കിയിട്ടില്ല എന്ന ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 50 | 107 | ” | പാനൂർ നഗരസഭയുടെ ഭാഗമായ കരിയാട് ഗ്രാമപഞ്ചായത്തിൽ തൊഴിൽ നികുതി ഈടാക്കുവാൻ വേണ്ട നടപടികൾ സ്വീകരിച്ചതിനു ശേഷം ആയത് സംബന്ധിച്ച വിശദമായ റിപ്പോർട്ട് രണ്ട് മാസത്തിനുള്ളിൽ ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കണ മെന്ന് സമിതി നിർദ്ദേശിക്കുന്നു. |
| 51 | 108 | ” | തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നുള്ള മറുപടിയുടെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ കണ്ണൂർ ജില്ലയിലെ കോട്ടയം ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട വസ്തു നികുതി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല എന്ന ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 52 | 109 | ” | തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നുള്ള മറുപടിയുടെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ കണ്ണൂർ ജില്ലയിലെ കുന്നോത്ത്പറമ്പ് ഗ്രാമപഞ്ചായത്തു മായി ബന്ധപ്പെട്ട വസ്തുനികുതി വരവ് രജിസ്റ്ററുകൾ സൂക്ഷിച്ചിട്ടില്ല എന്ന ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |

| (1) | (2) | (3) | (4) |
|---|---|---|---|
| 53 | 110 | തദ്ദേശസ്വയംഭരണ വകുപ്പ് | തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നുള്ള മറുപടിയുടെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ കണ്ണൂർ ജില്ലയിലെ മലപ്പട്ടം ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട വസ്തു നികുതി ഡിമാന്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല എന്ന ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 54 | 111 | ” | തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നുള്ള മറുപടിയുടെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ കണ്ണൂർ ജില്ലയിലെ മലപ്പട്ടം ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട വസ്തു നികുതി-കുടിശിക ഡിമാന്റ് രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല എന്ന ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 55 | 112 | ” | തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നുള്ള മറുപടിയുടെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ മങ്ങാട്ടിടം ഗ്രാമ പഞ്ചായത്തുമായി ബന്ധപ്പെട്ട വസ്തു നികുതി ഡിമാന്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല എന്ന ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 56 | 113 | ” | തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നുള്ള മറുപടിയുടെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ മൊകേരി ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട വസ്തു നികുതി-അസസ്മെന്റ് രജിസ്റ്റർ, ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല എന്ന ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |

| (1) | (2) | (3) | (4) |
|---|---|---|---|
| 57 | 114 | തദ്ദേശസ്വയംഭരണ വകുപ്പ് | തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നുള്ള മറുപടിയുടെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ നടുവിൽ ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട വസ്തു നികുതി-അസസ്സ്മെന്റ് രജിസ്റ്റർ, ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല എന്ന ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 58 | 115 | ” | തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നുള്ള മറുപടിയുടെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ പന്ന്യന്നൂർ ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട വസ്തു നികുതി ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല എന്ന ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 59 | 116 | ” | കണ്ണൂർ ജില്ലയിലെ പാനൂർ ഗ്രാമപഞ്ചായത്തുമായി ബന്ധപ്പട്ട ഓഡിറ്റ് പരാമർശ വർഷത്തെ ഫയലുകൾ മൂന്ന് മാസത്തിനകം കണ്ടെത്തി ഓഡിറ്റ് വകുപ്പിന് റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |
| 60 | 117 | ” | തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നുള്ള മറുപടി യുടെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ പാപ്പിനിശ്ശേരി ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട വസ്തുനികുതി-കുടിശിക പിരിച്ചെടുത്തിട്ടില്ല എന്ന ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 61 | 118 | ” | തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നുള്ള മറുപടി യുടെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ പരിയാരം ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട അൺ എയ്ഡഡ് |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നും വസ്തു നികുതി ഈടാക്കിയിട്ടില്ല എന്ന ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 62 | 119 | തദ്ദേശസ്വയംഭരണ വകുപ്പ് | തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നുള്ള മറുപടിയുടെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ പാട്യം ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട വസ്തു നികുതി-അസസ്മെന്റ് രജിസ്റ്റർ, ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല എന്ന ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 63 | 120 | ” | തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നുള്ള മറുപടിയുടെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ പായം ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട വസ്തു നികുതി ഈടാക്കിയിട്ടില്ല എന്ന ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 64 | 121 | ” | കണ്ണൂർ ജില്ലയിലെ ശ്രീകണ്ഠപുരം ഗ്രാമപഞ്ചായത്തിലെ ശ്രീമതി മഞ്ചപള്ളീൽ റീന സെബാസ്റ്റ്യൻ എന്ന വ്യക്തിയിൽ നിന്നും വസ്തു നികുതി പൂർണ്ണമായും ഈടാക്കി ഓഡിറ്റ് വകുപ്പിന് റിപ്പോർട്ട് സമർപ്പിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |
| 65 | 122 | ” | തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നുള്ള മറുപടിയുടെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ തില്ലങ്കേരി ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട വസ്തു നികുതി-അസസ്മെന്റ് രജിസ്റ്റർ, ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല എന്ന ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |

| (1) | (2) | (3) | (4) |
|---|---|---|---|
| 66 | 123 | തദ്ദേശസ്വയംഭരണ വകുപ്പ് | തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നുള്ള മറുപടിയുടെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ ഉളിക്കൽ ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട വസ്തു നികുതി-കുടിശിക പിരിച്ചെടുക്കാൻ നടപടി സ്വീകരിക്കേണ്ടതാണ് എന്ന ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 67 | 151 | ” | തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നുള്ള മറുപടിയുടെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ കണ്ണൂർ ജില്ലയിലെ ആലക്കോട് ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട സ്ഥാപന തൊഴിൽനികുതി ഈടാക്കിയിട്ടില്ല, ജീവനക്കാരുടെ തൊഴിൽനികുതി ഒടുക്കിയിട്ടില്ല എന്നീ ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 68 | 152 | ” | തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നുള്ള മറുപടിയുടെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ കണ്ണൂർ ജില്ലയിലെ ആറളം ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട തൊഴിൽ നികുതി കണക്കാക്കുന്നതിന് വീട്ടുവാടകബത്ത ഉൾപ്പെടുത്തുന്നു എന്ന ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 69 | 153 | ” | തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നുള്ള മറുപടിയുടെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ കണ്ണൂർ ജില്ലയിലെ അയ്യൻകുന്ന് ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ് എന്ന ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |

| (1) | (2) | (3) | (4) |
|---|---|---|---|
| 70 | 154 | തദ്ദേശസ്വയംഭരണ വകുപ്പ് | തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നുള്ള മറുപടിയുടെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ കണ്ണൂർ ജില്ലയിലെ അയ്യൻകുന്ന് ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട സ്ഥാപന തൊഴിൽ നികുതി-സെൽഫ് ഫിനാൻസിംഗ് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നും ഈടാക്കാത്തത് സംബന്ധിച്ച ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 71 | 155 | ” | തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നുള്ള മറുപടിയുടെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ കണ്ണൂർ ജില്ലയിലെ അഴീക്കോട് ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട തൊഴിൽ നികുതി ഒടുക്കിയതിൽ കുറവ് വന്നത് സംബന്ധിച്ച ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 72 | 156 | ” | തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നുള്ള മറുപടിയുടെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ കണ്ണൂർ ജില്ലയിലെ ചപ്പാരപ്പടവ് ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട രജിസ്റ്റർ സൂക്ഷിപ്പിലെ അപാകങ്ങൾ, തൊഴിൽ നികുതി-സ്ഥാപന നികുതി ഈടാക്കുന്നില്ല എന്നീ ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 73 | 157 | ” | തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നുള്ള മറുപടിയുടെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ കണ്ണൂർ ജില്ലയിലെ ചേമ്പിലോട് ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട തൊഴിൽ നികുതി രജിസ്റ്റർ കുറ്റമറ്റ രീതിയിൽ സൂക്ഷിക്കുന്നില്ല എന്ന ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |

| (1) | (2) | (3) | (4) |
|---|---|---|---|
| 74 | 158 | തദ്ദേശസ്വയംഭരണ വകുപ്പ് | തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നുള്ള മറുപടിയുടെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ കണ്ണൂർ ജില്ലയിലെ ചെങ്ങളായി ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട വീട്ടുവാടക ബത്ത കൂടി കണക്കിലെടുത്തുകൊണ്ട് തെറ്റായി തൊഴിൽ നികുതി ഈടാക്കി എന്ന ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 75 | 159 | ” | തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നുള്ള മറുപടിയുടെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ കണ്ണൂർ ജില്ലയിലെ ചെറുകുന്ന് ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട തൊഴിൽ നികുതി-അപാകങ്ങളെന്ന ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 76 | 160 | ” | തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നുള്ള മറുപടിയുടെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ കണ്ണൂർ ജില്ലയിലെ ചെറുപുഴ ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട തൊഴിൽ നികുതി, സ്ഥാപന നികുതി എന്നിവ സംബന്ധിച്ച ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 77 | 161 | ” | കണ്ണൂർ ജില്ലയിലെ ചെറുതാഴം ഗ്രാമപഞ്ചായത്തിൽ തൊഴിൽ നികുതി ഈടാക്കിയിട്ടില്ലെന്ന വിഷയത്തിന്റെ നിലവിലെ സ്ഥിതി, ക്ഷീര വ്യവസായ സംഘത്തിൽ ജോലി ചെയ്തിരുന്ന ജീവനക്കാരുടെ എണ്ണം, അതിൽ തൊഴിൽ നികുതി ഈടാക്കേണ്ടവർ എത്ര എന്നിവ സംബന്ധിച്ച വിശദമായ റിപ്പോർട്ട് അടിയന്തരമായി ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കണമെന്ന് സമിതി നിർദേശിക്കുന്നു. |

| (1) | (2) | (3) | (4) |
|---|---|---|---|
| 78 | 162 | തദ്ദേശസ്വയംഭരണ വകുപ്പ് | തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നുള്ള മറുപടിയുടെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ കണ്ണൂർ ജില്ലയിലെ ചെറുതാഴം ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ലെന്ന ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 79 | 163 | ” | തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നുള്ള മറുപടി യുടെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ ചെറുതാഴം ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട വ്യാപാരികളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ലെന്ന ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 80 | 164 | ” | തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നുള്ള മറുപടി യുടെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ ചെറുതാഴം ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട സി.ബി.എസ്.ഇ. സ്കൂളിൽ നിന്നും ഈടാക്കുന്ന തൊഴിൽ നികുതി കുറവ് എന്ന ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 81 | 165 | ” | തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നുള്ള മറുപടിയുടെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ കണ്ണൂർ ജില്ലയിലെ ചിറയ്ക്കൽ ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട തൊഴിൽ നികുതി അപാകതകൾ എന്ന ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 82 | 166 | ” | തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നുള്ള മറുപടിയുടെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ കണ്ണൂർ ജില്ലയിലെ ചിറ്റാരിപറമ്പ് ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട തൊഴിൽ നികുതി ഈടാക്കിയിട്ടില്ല എന്ന ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 83 | 167 | തദ്ദേശസ്വയംഭരണ വകുപ്പ് | തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നുള്ള മറുപടിയുടെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ കണ്ണൂർ ജില്ലയിലെ ധർമ്മടം ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട തൊഴിൽ നികുതി 60 ദിവസം ജോലി ചെയ്തവരിൽ നിന്നും ഈടാക്കിയിട്ടില്ലെന്ന ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 84 | 168 | ” | തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നുള്ള മറുപടിയുടെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ ധർമ്മടം ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട തൊഴിൽ നികുതി ഈടാക്കിയിട്ടില്ലെന്ന ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 85 | 169 | ” | തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നുള്ള മറുപടിയുടെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ ധർമ്മടം ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ലെന്ന ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 86 | 170 | ” | തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നുള്ള മറുപടിയുടെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ കണ്ണൂർ ജില്ലയിലെ എടക്കാട് ഗ്രാമപഞ്ചായത്തുമായി |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | ബന്ധപ്പെട്ട വീട്ടുവാടക അലവൻസ് കൂട്ടിയിട്ടുള്ള വരുമാനത്തിന്മേൽ തൊഴിൽ നികുതി കണക്കാക്കി എന്ന ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 87 | 171 | തദ്ദേശസ്വയംഭരണ വകുപ്പ് | കണ്ണൂർ ജില്ലയിലെ എടക്കാട് ഗ്രാമപഞ്ചായത്തിൽ ഇനിയും തൊഴിൽ നികുതി ഈടാക്കാനുള്ള സ്ഥാപനങ്ങളിൽ നിന്നും അടിയന്തരമായി തൊഴിൽ നികുതി ഈടാക്കാനുള്ള നടപടികൾ സ്വീകരിച്ച ശേഷം രണ്ടാഴ്ചയ്ക്കകം റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |
| 88 | 172 | ” | തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നുള്ള മറുപടിയുടെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ കണ്ണൂർ ജില്ലയിലെ എളയാവൂർ ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട സ്ഥാപന തൊഴിൽ നികുതി ഒടുക്കിയിട്ടില്ല എന്ന ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 89 | 173 | ” | തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നുള്ള മറുപടിയുടെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ കണ്ണൂർ ജില്ലയിലെ എളയാവൂർ ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല എന്ന ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 90 | 174 | ” | തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നുള്ള മറുപടിയുടെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ കണ്ണൂർ ജില്ലയിലെ എരമം-കുറ്റൂർ ഗ്രാമപഞ്ചായത്തുമായി |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | ബന്ധപ്പെട്ട സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല, ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയതിലെ കുറവ് എന്നീ ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 91 | 175 | തദ്ദേശസ്വയംഭരണ വകുപ്പ് | തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നുള്ള മറുപടിയുടെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ കണ്ണൂർ ജില്ലയിലെ എരഞ്ഞോളി ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട തൊഴിൽ നികുതി - വരുമാനം മുഴുവൻ കണക്കിലെടുക്കാതെ നികുതി നിർണ്ണയം എന്ന ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 92 | 176 | ” | തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നുള്ള മറുപടിയുടെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ കണ്ണൂർ ജില്ലയിലെ എരുവേശ്ശി ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ് എന്ന ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 93 | 177 | ” | തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നുള്ള മറുപടിയുടെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ കണ്ണൂർ ജില്ലയിലെ ഏഴോം ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട തൊഴിൽ നികുതി ഈടാക്കിയിട്ടില്ല, സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല എന്നീ ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 94 | 178 | ” | തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നുള്ള മറുപടിയുടെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ കണ്ണൂർ ജില്ലയിലെ ഇരിക്കൂർ ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട സ്ഥാപന രജിസ്റ്റർ, തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി എന്നീ ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 95 | 179 | തദ്ദേശസ്വയംഭരണ വകുപ്പ് | തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നുള്ള മറുപടിയുടെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ കണ്ണൂർ ജില്ലയിലെ കടന്നപ്പള്ളി-പാണപ്പുഴ ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ് വന്നത്, തൊഴിൽ നികുതി ഈടാക്കിയില്ല, സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല എന്നീ ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 96 | 180 | ” | തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നുള്ള മറുപടിയുടെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ കണ്ണൂർ ജില്ലയിലെ കണ്ണപുരം ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട തൊഴിൽ നികുതി-സ്ഥാപന നികുതി ഈടാക്കിയില്ല എന്ന ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 97 | 181 | ” | തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നുള്ള മറുപടിയുടെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ കണ്ണൂർ ജില്ലയിലെ കരിവെള്ളൂർ-പെരളം ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട തൊഴിൽ നികുതി റിട്ടേൺസ് സമർപ്പിക്കുന്നതിൽ അപാകത എന്ന ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |

| (1) | (2) | (3) | (4) |
|---|---|---|---|
| 98 | 182 | തദ്ദേശസ്വയംഭരണ വകുപ്പ് | തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നുള്ള മറുപടിയുടെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ കണ്ണൂർ ജില്ലയിലെ കതിരൂർ ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട സ്ഥാപന നികുതി ഈടാക്കിയില്ല, തൊഴിൽ നികുതി ഡിമാന്റ് ചെയ്യുകയും ഈടാക്കുകയും ചെയ്തില്ല എന്നീ ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 99 | 183 | ” | തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നുള്ള മറുപടിയുടെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ കതിരൂർ ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ് എന്ന ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 100 | 184 | ” | തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നുള്ള മറുപടിയുടെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ കണ്ണൂർ ജില്ലയിലെ കരിയാട് ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട തൊഴിൽ നികുതി-അപാകങ്ങൾ എന്ന ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 101 | 185 | ” | തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നുള്ള മറുപടിയുടെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ കണ്ണൂർ ജില്ലയിലെ കീഴല്ലൂർ ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട തൊഴിൽ നികുതി-റിട്ടേണിലെ അപാകതകൾ എന്ന ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |

| (1) | (2) | (3) | (4) |
| --- | --- | --- | --- |
| 102 | 186 | തദ്ദേശസ്വയംഭരണ വകുപ്പ് | കണ്ണൂർ ജില്ലയിലെ ഇരിട്ടി നഗരസഭയിലെ കീഴൂർ ചാവശ്ശേരി മജലീസ് ഇംഗ്ലീഷ് മീഡിയം സ്കൂൾ ജീവനക്കാർക്ക് അടിസ്ഥാന ശമ്പളം മാത്രമേ ലഭിക്കുന്നുള്ളൂവെന്നും മറ്റ് അലവൻസുകളൊന്നും ലഭിക്കുന്നില്ലെന്നും ഇരിട്ടി മുനിസിപ്പാലിറ്റി ഉദ്യോഗസ്ഥൻ സമിതി മുമ്പാകെ ബോധിപ്പിച്ച സാഹചര്യത്തിൽ പ്രസ്തുത വിഷയം സംബന്ധിച്ച വിശദമായ റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |
| 103 | 187 | ” | തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നുള്ള മറുപടിയുടെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ കണ്ണൂർ ജില്ലയിലെ കേളകം ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി, തൊഴിൽ നികുതി റിട്ടേൺസ്, തൊഴിൽ നികുതി രജിസ്റ്റർ എന്നീ ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 104 | 188 | ” | തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നുള്ള മറുപടിയുടെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ കണ്ണൂർ ജില്ലയിലെ കൊളച്ചേരി ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ്, സ്ഥാപന നികുതി അടവാക്കിയിട്ടില്ല എന്നീ ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 105 | 189 | ” | തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നുള്ള മറുപടിയുടെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ കണ്ണൂർ ജില്ലയിലെ കുടാളി ഗ്രാമപഞ്ചായത്തുമായി |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ നികുതി ഈടാക്കിയില്ല, തൊഴിൽ നികുതി സംബന്ധിച്ച റിട്ടേണുകൾ പരിശോധനയ്ക്ക് ലഭ്യമായില്ല എന്നീ ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 106 | 190 | തദ്ദേശസ്വയംഭരണ വകുപ്പ് | തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നുള്ള മറുപടിയുടെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ കണ്ണൂർ ജില്ലയിലെ കൊട്ടിയൂർ ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട തൊഴിൽ നികുതി പിരിച്ചെടുത്തിട്ടില്ല എന്ന ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 107 | 191 | ” | തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നുള്ള മറുപടിയുടെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ കണ്ണൂർ ജില്ലയിലെ കുഞ്ഞിമംഗലം ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട സ്ഥാപന തൊഴിൽ നികുതി/ തൊഴിൽ നികുതി എന്നിവ ഈടാക്കുന്നില്ല എന്ന ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 108 | 192 | ” | തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നുള്ള മറുപടിയുടെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ കണ്ണൂർ ജില്ലയിലെ കുറുമത്തൂർ ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററിൽ വ്യക്തതയില്ല, സി.ബി.എസ്.ഇ. അഫിലിയേഷനുള്ള സ്കൂളുകൾക്ക് തൊഴിൽ നികുതി ചുമത്തുന്നത്, സ്ഥാപന രജിസ്റ്റർ സൂക്ഷിക്കുന്നില്ല എന്നീ ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |

| (1) | (2) | (3) | (4) |
|---|---|---|---|
| 109 | 193 | തദ്ദേശസ്വയംഭരണ വകുപ്പ് | തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നുള്ള മറുപടിയുടെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ കണ്ണൂർ ജില്ലയിലെ കുറ്റ്യാട്ടൂർ ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട തൊഴിൽ നികുതി റിട്ടേൺ സ്ഥാപന മേധാവി സാക്ഷ്യപ്പെടുത്തിയിട്ടില്ല, റേഷൻകടകളിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്തിട്ടില്ല, അപേക്ഷകൾ സൂക്ഷ്മ പരിശോധന നടത്തുന്നില്ല എന്നീ ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 110 | 194 | ” | തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നുള്ള മറുപടിയുടെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ കണ്ണൂർ ജില്ലയിലെ മാടായി ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ജീവനക്കാരുടെ നികുതി അടവാക്കിയതിൽ കുറവ്, സ്ഥാപനങ്ങളുടെ തൊഴിൽ നികുതി അടവാക്കിയിട്ടില്ല എന്നീ ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 111 | 195 | ” | തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നുള്ള മറുപടിയുടെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ കണ്ണൂർ ജില്ലയിലെ മലപ്പട്ടം ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട തൊഴിൽ നികുതി ഈടാക്കിയിട്ടില്ല എന്ന ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 112 | 196 | ” | തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നുള്ള മറുപടിയുടെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ കണ്ണൂർ ജില്ലയിലെ മുണ്ടേരി ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട തൊഴിൽ നികുതി ഈടാക്കിയതിൽ |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | കുറവ്, ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കാത്തത്, ട്രേഡേഴ്സ് ലിസ്റ്റ്/ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല എന്നീ ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 113 | 197 | തദ്ദേശസ്വയംഭരണ വകുപ്പ് | തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നുള്ള മറുപടിയുടെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ കണ്ണൂർ ജില്ലയിലെ മുഴപ്പിലങ്ങാട് ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട തൊഴിൽ നികുതി ഈടാക്കിയിട്ടില്ല, സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല, തൊഴിൽ നികുതി രജിസ്റ്റർ അപാകങ്ങൾ എന്നീ ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 114 | 198 | ” | തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നുള്ള മറുപടിയുടെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ കണ്ണൂർ ജില്ലയിലെ നടുവിൽ ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട സ്ഥാപന മേധാവി റിട്ടേൺ സാക്ഷ്യപ്പെടുത്താത്തത്, സ്ഥാപനങ്ങളുടെ പേര് രേഖപ്പെടുത്താത്തത്, റേഷൻകടകളുടെ തൊഴിൽ നികുതി സംബന്ധിച്ച്, വീട്ടുവാടക ബത്ത വരുമാനത്തിൽ ഉൾപ്പെടുത്തിയത് എന്നീ ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 115 | 199 | ” | തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നുള്ള മറുപടിയുടെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ കണ്ണൂർ ജില്ലയിലെ നാറാത്ത് ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട തൊഴിൽ നികുതി-ആകെ വരുമാനത്തിൽ വീട്ടുവാടക ബത്ത ഉൾപ്പെടുത്തേണ്ടതില്ല, |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | സ്ഥാപന തൊഴിൽ നികുതി ഒടുക്കേണ്ടതാണ് എന്നീ ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 116 | 200 | തദ്ദേശസ്വയംഭരണ വകുപ്പ് | തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നുള്ള മറുപടിയുടെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ കണ്ണൂർ ജില്ലയിലെ ന്യൂമാഹി ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 117 | 201 | ” | തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നുള്ള മറുപടി യുടെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ കണ്ണൂർ ജില്ലയിലെ പടിയൂർ കല്യാട്ട് ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട സ്ഥാപന തൊഴിൽ നികുതി, തൊഴിൽ നികുതി ഈടാക്കിയിട്ടില്ല, ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല എന്നീ ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 118 | 202 | ” | കണ്ണൂർ ജില്ലയിലെ പള്ളിക്കുന്ന് ഗ്രാമപഞ്ചായ ത്തിൽ 2013-14, 2014-15 എന്നീ വർഷങ്ങളിലെ തൊഴിൽ നികുതി രജിസ്റ്റർ അബ്സ്ട്രാക്റ്റ് എഴുതി സാക്ഷ്യപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട ഫയലുകൾ കണ്ടെത്തി നടപടി സ്വീകരിച്ച് അതുസംബന്ധിച്ച റിപ്പോർട്ട് അടിയന്തരമായി ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |
| 119 | 203 | തദ്ദേശസ്വയംഭരണ വകുപ്പ് | തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നുള്ള മറുപടിയുടെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ കണ്ണൂർ ജില്ലയിലെ പന്ന്യന്നൂർ ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട സ്ഥാപന തൊഴിൽ നികുതി |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | ഈടാക്കിയിട്ടില്ല എന്ന ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 120 | 204 | തദ്ദേശസ്വയംഭരണ വകുപ്പ് | കണ്ണൂർ ജില്ലയിലെ പാനൂർ ഗ്രാമപഞ്ചായത്തിൽ തൊഴിൽ നികുതി ഈടാക്കുന്നതുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശത്തിന്മേൽ തുടർനടപടി സ്വീകരിച്ച് അടിയന്തരമായി റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |
| 121 | 205 | ” | തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നുള്ള മറുപടിയുടെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ കണ്ണൂർ ജില്ലയിലെ പാപ്പിനിശ്ശേരി ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല എന്ന ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 122 | 206 | ” | തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നുള്ള മറുപടിയുടെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ കണ്ണൂർ ജില്ലയിലെ പരിയാരം ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല, സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല എന്നീ ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 123 | 207 | ” | തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നുള്ള മറുപടിയുടെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ കണ്ണൂർ ജില്ലയിലെ പട്ടുവം ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട തൊഴിൽ നികുതി അടവാക്കിയതിലെ അപാകങ്ങൾ, സ്ഥാപന തൊഴിൽ നികുതി അടവാക്കിയില്ല എന്നീ ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |

| (1) | (2) | (3) | (4) |
|---|---|---|---|
| 124 | 208 | തദ്ദേശസ്വയംഭരണ വകുപ്പ് | തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നുള്ള മറുപടിയുടെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ കണ്ണൂർ ജില്ലയിലെ പായം ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട തൊഴിൽ നികുതി-അപാകങ്ങൾ എന്ന ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 125 | 209 | ” | തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നുള്ള മറുപടിയുടെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ കണ്ണൂർ ജില്ലയിലെ പയ്യാവൂർ ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട് 60 ദിവസത്തിൽ കൂടുതൽ ജോലി ചെയ്തിട്ടും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല, സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല എന്നീ ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 126 | 210 | ” | തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നുള്ള മറുപടിയുടെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ കണ്ണൂർ ജില്ലയിലെ പേരാവൂർ ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട് സ്ഥാപന നികുതി ഈടാക്കിയിട്ടില്ല, രണ്ടാം അർദ്ധവർഷത്തിൽ തൊഴിൽ നികുതി അടച്ചില്ല എന്നീ ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 127 | 211 | ” | കണ്ണൂർ ജില്ലയിലെ പെരിങ്ങളം ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശ വർഷത്തെ രജിസ്റ്ററുകൾ, ഫയലുകൾ എന്നിവ കണ്ടെത്തി റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് അടിയന്തരമായി ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |

| (1) | (2) | (3) | (4) |
|---|---|---|---|
| 128 | 212 | തദ്ദേശസ്വയംഭരണ വകുപ്പ് | തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നുള്ള മറുപടിയുടെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ കണ്ണൂർ ജില്ലയിലെ പൂഴാതി ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട തൊഴിൽ നികുതി രേഖകളുടെയും രജിസ്റ്ററുകളുടെയും പരിപാലനം എന്ന ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 129 | 213 | ” | തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നുള്ള മറുപടിയുടെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ കണ്ണൂർ ജില്ലയിലെ രാമന്തളി ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട സ്ഥാപന തൊഴിൽ നികുതി, ജീവനക്കാരുടെ തൊഴിൽ നികുതി എന്നിവ ഈടാക്കിയിട്ടില്ല എന്നീ ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 130 | 214 | ” | കണ്ണൂർ ജില്ലയിലെ ശ്രീകണ്ഠപുരം ഗ്രാമപഞ്ചായത്തിൽ സ്ഥാപന മേധാവി സാക്ഷ്യപ്പെടുത്തി സമർപ്പിച്ച റിട്ടേണിന്റെ അടിസ്ഥാനത്തിലാണ് തൊഴിൽ നികുതി ഈടാക്കിയിരുന്നതെന്ന് സമിതി മനസ്സിലാക്കുന്നു. കുറവുവന്ന തുക അടവാക്കുന്നതിന് സ്ഥാപന മേധാവികൾക്ക് നോട്ടീസ് നൽകിയിട്ടുണ്ടെന്ന് സമിതി വിലയിരുത്തുന്നു. ശ്രീകണ്ഠപുരം ഗ്രാമപഞ്ചായത്തിൽ തൊഴിൽനികുതി ഈടാക്കുന്നതുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശത്തിന്മേൽ അടിയന്തരമായി റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |

| (1) | (2) | (3) | (4) |
|---|---|---|---|
| 131 | 215 | തദ്ദേശ സ്വയംഭരണ വകുപ്പ് | തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നുള്ള മറുപടിയുടെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ കണ്ണൂർ ജില്ലയിലെ തൃപ്പങ്ങോട്ടൂർ ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി എന്നിവ ഈടാക്കിയിട്ടില്ല എന്നീ ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 132 | 216 | ” | തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നുള്ള മറുപടിയുടെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ കണ്ണൂർ ജില്ലയിലെ ഉദയഗിരി ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട് സ്ഥാപനങ്ങൾ/സ്വകാര്യ ധനമിടപാട് സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല എന്ന ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 133 | 217 | ” | തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നുള്ള മറുപടിയുടെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ കണ്ണൂർ ജില്ലയിലെ ഉളിക്കൽ ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട് തൊഴിൽ നികുതി ഈടാക്കിയില്ല എന്ന ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 134 | 218 | ” | തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നുള്ള മറുപടിയുടെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ കണ്ണൂർ ജില്ലയിലെ വളപട്ടണം ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട് സ്ഥാപന തൊഴിൽ നികുതി ഈടാക്കുന്നില്ല, ജീവനക്കാരുടെ തൊഴിൽ |

| (1) | (2) | (3) | (4) |
| --- | --- | --- | --- |
| | | | നികുതി ഒടുക്കുന്നില്ല, ക്ഷേത്ര ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല, രജിസ്റ്ററിൽ വരുമാനം രേഖപ്പെടുത്തുന്നില്ല, അക്ഷയ കേന്ദ്രങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല എന്നീ ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 135 | 219 | തദ്ദേശസ്വയംഭരണ വകുപ്പ് | തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നുള്ള മറുപടിയുടെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ കണ്ണൂർ ജില്ലയിലെ വളപട്ടണം ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട സ്ഥാപന തൊഴിൽ നികുതി-സി.ബി.എസ്.ഇ. സ്കൂൾ യഥാർഥ വരുമാനം രേഖപ്പെടുത്തുന്നില്ല എന്ന ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 136 | 220 | ” | തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നുള്ള മറുപടിയുടെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ കണ്ണൂർ ജില്ലയിലെ വേങ്ങാട് ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട് സ്ഥാപനങ്ങളുടെ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല, അർദ്ധവർഷത്തിൽ 60 ദിവസത്തിൽ കൂടുതൽ തദ്ദേശഭരണ സ്ഥാപനങ്ങളിൽ ജോലിചെയ്തിട്ടുണ്ടെങ്കിൽ തൊഴിൽ നികുതി ഈടാക്കണമെന്ന മാനദണ്ഡം പാലിച്ചിട്ടില്ല, ഉത്സവബത്ത/ബോണസ് ഇരു പകുതിയിലും ഉൾപ്പെടുത്തിയില്ല എന്നീ ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 137 | 221 | ” | തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നുള്ള മറുപടിയുടെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ കണ്ണൂർ ജില്ലയിലെ ആലക്കോട് ഗ്രാമപഞ്ചായത്തുമായി |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | ബന്ധപ്പെട്ട് സ്ഥാപന തൊഴിൽ നികുതി, അക്ഷയ കേന്ദ്രങ്ങളിൽ നിന്നും തൊഴിൽ നികുതി എന്നിവ ഈടാക്കുന്നില്ല എന്നീ ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 138 | 222 | തദ്ദേശസ്വയംഭരണ വകുപ്പ് | തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നുള്ള മറുപടിയുടെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ കണ്ണൂർ ജില്ലയിലെ ആറളം ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട് തൊഴിൽനികുതി നിർണയം, നികുതി, സ്ഥാപന തൊഴിൽ നികുതി എന്നിവ ഈടാക്കിയില്ല, അസസ്മെന്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല, തൊഴിൽ നികുതി ഈടാക്കി യതിൽ കുറവ് എന്നീ ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 139 | 223 | ” | തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നുള്ള മറുപടിയുടെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ കണ്ണൂർ ജില്ലയിലെ ചപ്പാരപ്പടവ് ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട് സ്ഥാപന തൊഴിൽ നികുതി ഈടാക്കുന്നില്ല എന്ന ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 140 | 224 | ” | തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നുള്ള മറുപടിയുടെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ കണ്ണൂർ ജില്ലയിലെ ചെറുകുന്ന് ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട് ക്ഷേത്ര ജീവനക്കാരിയിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്യുന്നില്ല, സ്ഥാപന തൊഴിൽ നികുതി ഈടാക്കാത്തതിനാലുള്ള വരുമാനനഷ്ടം എന്നീ ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |

| (1) | (2) | (3) | (4) |
| --- | --- | --- | --- |
| 141 | 225 | തദ്ദേശസ്വയംഭരണ വകുപ്പ് | തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നുള്ള മറുപടിയുടെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ കണ്ണൂർ ജില്ലയിലെ ചെറുതാഴം ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട് സ്ഥാപന തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ്, തൊഴിൽ നികുതി ഡിമാന്റ് ചെയ്തില്ല എന്നീ ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 142 | 226 | ” | തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നുള്ള മറുപടിയുടെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ കണ്ണൂർ ജില്ലയിലെ ചിറക്കൽ ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട് തൊഴിൽ നികുതി ഈടാക്കിയിട്ടില്ല, ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയതിന്റെ വിവരം ലഭ്യമല്ല എന്നീ ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 143 | 227 | ” | തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നുള്ള മറുപടിയുടെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ കണ്ണൂർ ജില്ലയിലെ ചിറ്റാരിപറമ്പ് ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട് സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല എന്ന ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 144 | 228 | ” | തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നുള്ള മറുപടിയുടെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ കണ്ണൂർ ജില്ലയിലെ ചൊക്ലി ഗ്രാമപഞ്ചായത്തിൽ നിന്നും സ്ഥലം മാറിപ്പോയ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല, |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | കെ.എസ്.ഇ.ബി. സ്ഥാപന തൊഴിൽ നികുതി അടച്ചിട്ടില്ല എന്നീ ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 145 | 229 | തദ്ദേശസ്വയംഭരണ വകുപ്പ് | തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നുള്ള മറുപടിയുടെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ കണ്ണൂർ ജില്ലയിലെ ധർമ്മടം ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട് തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ് എന്ന ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 146 | 230 | ” | തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നുള്ള മറുപടിയുടെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ കണ്ണൂർ ജില്ലയിലെ എരമം കുറ്റൂർ ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട് സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല എന്ന ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 147 | 231 | ” | തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നുള്ള മറുപടിയുടെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ കണ്ണൂർ ജില്ലയിലെ എരുവേശ്ശി ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട് തൊഴിൽ നികുതി ഈടാക്കുന്നതിന് നിയമപ്രകാരമുള്ള നോട്ടീസുകൾ നൽകുന്നില്ല എന്ന ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 148 | 232 | ” | തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നുള്ള മറുപടിയുടെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ കണ്ണൂർ ജില്ലയിലെ ഏഴോം ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട് തൊഴിൽ നികുതി ഈടാക്കിയിട്ടില്ല, |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | സ്ഥാപന നികുതി ഈടാക്കിയില്ല എന്നീ ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 149 | 233 | തദ്ദേശസ്വയംഭരണ വകുപ്പ് | തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നുള്ള മറുപടിയുടെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ കണ്ണൂർ ജില്ലയിലെ ഇരിക്കൂർ ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട് തൊഴിൽ നികുതി-വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളുടെ ഉടമസ്ഥർക്ക് നോട്ടീസ് നൽകി ഈടാക്കുന്നില്ല എന്ന ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 150 | 234 | ” | തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നുള്ള മറുപടിയുടെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ കണ്ണൂർ ജില്ലയിലെ കടമ്പൂർ ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട് തൊഴിൽ നികുതി റിട്ടേണുകൾ വാങ്ങിക്കാതെ വ്യാപാരികളിൽ നിന്നും നികുതി ഈടാക്കുന്നു, തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററിൽ പുതിയ സ്ഥാപനങ്ങളെ ചേർക്കുന്നതിന് വേണ്ടിയുള്ള നിയമാനുസൃത നടപടികൾ സ്വീകരിക്കുന്നില്ല എന്നീ ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 151 | 235 | ” | തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നുള്ള മറുപടിയുടെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ കണ്ണൂർ ജില്ലയിലെ കടന്നപ്പള്ളി-പാണപ്പുഴ ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട് സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല എന്ന ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |

| (1) | (2) | (3) | (4) |
|---|---|---|---|
| 152 | 236 | തദ്ദേശസ്വയംഭരണ വകുപ്പ് | തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നുള്ള മറുപടിയുടെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ കണ്ണൂർ ജില്ലയിലെ കതിരൂർ ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട് തൊഴിൽ നികുതി ഈടാക്കിയില്ല എന്ന ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 153 | 237 | ” | തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നുള്ള മറുപടിയുടെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട് സ്ഥാപന തൊഴിൽ നികുതി ഈടാക്കേണ്ടതാണ്, തൊഴിൽ നികുതി ഒടുക്കിയ സ്ഥാപനങ്ങളുടെ എണ്ണത്തിൽ കുറവ്-കാരണം രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല എന്നീ ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 154 | 238 | ” | തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നുള്ള മറുപടിയുടെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ കണ്ണൂർ ജില്ലയിലെ കണിച്ചാർ ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട് സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല എന്ന ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 155 | 239 | ” | കണ്ണൂർ ജില്ലയിലെ കാങ്കോൽ ആലപ്പടമ്പ ഗ്രാമപഞ്ചായത്ത് സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിന് ഡിമാൻഡ് നോട്ടീസ് നൽകുന്നുണ്ടെന്ന് സമിതി വിലയിരുത്തുന്നു. ആറ് സ്ഥാപനങ്ങളിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയതുമായി ബന്ധപ്പെട്ട നടപടി റിപ്പോർട്ട് ഓഡിറ്റ് വിഭാഗത്തിന് നൽകണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |

| (1) | (2) | (3) | (4) |
|---|---|---|---|
| 156 | 240 | തദ്ദേശസ്വയംഭരണ വകുപ്പ് | തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നുള്ള മറുപടിയുടെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ കണ്ണൂർ ജില്ലയിലെ കരിവെള്ളൂർ-പെരളം ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട് സ്ഥാപന തൊഴിൽ നികുതി-ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കിയില്ല എന്ന ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 157 | 241 | ” | തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നുള്ള മറുപടിയുടെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ കണ്ണൂർ ജില്ലയിലെ കരിയാട് (പാനൂർ നഗരസഭ) ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ചില സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും ഒന്നാം അർദ്ധവർഷം നികുതി ഈടാക്കിയില്ല എന്ന ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 158 | 242 | ” | തൊഴിൽ നികുതി ഒടുക്കാത്ത സ്ഥാപനങ്ങൾക്ക് പ്രസ്തുത തുക ഒടുക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് കണ്ണൂർ ജില്ലയിലെ കീഴൂർ ചാവശേരി ഗ്രാമപഞ്ചായത്ത് നോട്ടീസ് നൽകിയിട്ടുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട നിലവിലെ അവസ്ഥ സംബന്ധിച്ച റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |
| 159 | 243 | ” | തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നുള്ള മറുപടിയുടെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ കണ്ണൂർ ജില്ലയിലെ കേളകം ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഖണ്ഡിക (2.2)-ലെ തൊഴിൽ |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | നികുതി, സ്ഥാപന തൊഴിൽ നികുതി ഒടുക്കിയിട്ടില്ല, ഖണ്ഡിക 2.2(2)-ലെ തൊഴിൽ നികുതി ഒടുക്കിയിട്ടില്ല, ഖണ്ഡിക 2.2(3)-ലെ തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ് എന്നീ ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 160 | 244 | തദ്ദേശസ്വയംഭരണ വകുപ്പ് | കണ്ണൂർ ജില്ലയിലെ കൊളച്ചേരി ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശത്തിന്റെ നിലവിലെ സ്ഥിതി സംബന്ധിച്ച റിപ്പോർട്ട് അടിയന്തരമായി ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |
| 161 | 248 | ” | കൃഷി ഭവനുകളിൽ ഫലപ്രദമായ അക്കൗണ്ടിംഗ് സംവിധാനം ഏർപ്പെടുത്തണമെന്ന് സമിതി നിർദ്ദേശിക്കുന്നു. സ്റ്റേറ്റ് സീഡ് ഫാം കാങ്കോൽ, ജില്ലാ കൃഷിത്തോട്ടം കരിമ്പം തളിപ്പറമ്പ, സ്റ്റേറ്റ് സീഡ് ഫാം വേങ്ങാട്, കോക്കനട്ട് നഴ്സറി പാലയാട് എന്നിവയിന്മേലുള്ള ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട വിഷയങ്ങൾ അടിയന്തരമായി പരിഹരിച്ച് റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |
| 162 | 250 | ” | തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നുള്ള മറുപടിയുടെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ ജില്ലാ പഞ്ചായത്ത് ഓഫീസിന് വാഹനം വാങ്ങൽ-സർക്കാർ നിർദ്ദേശം പാലിച്ചിട്ടില്ലെന്ന കണ്ണൂർ ജില്ലാപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 163 | 252 | ” | തൊഴിൽ പരിശീലനം-പരിശീലനാർഥികൾക്ക് യാത്രാബത്ത നൽകിയത് ക്രമവിരുദ്ധം എന്ന |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | ഓഡിറ്റ് ഖണ്ഡികയിലെ കണ്ണൂർ ജില്ലാപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം പരിഗണിച്ച സമിതി പദ്ധതി നിർവഹണത്തിലെ അപാകതകളായി ഓഡിറ്റ് വകുപ്പ് കണ്ടെത്തിയ (c) മുതൽ (i) വരെയുള്ള പരാമർശങ്ങൾക്ക് വ്യക്തമായ വിശദീകരണം ലഭ്യമാക്കണമെന്ന് നിർദ്ദേശിക്കുന്നു. |
| 164 | 255 | തദ്ദേശസ്വയംഭരണ വകുപ്പ്, റവന്യൂ (എഫ്) വകുപ്പ് | കണ്ണൂർ ജില്ലയിലെ വലിയന്നൂർ അംശം പുറത്തിൽ ദേശത്തെ മിർഖാത്തുൾ ഇസ്ലാം ജമാ അത്ത് കമ്മിറ്റിയുടെ സാമ്പത്തിക ഇടപാടുകളിലുണ്ടായ അപാകതകളുമായി ബന്ധപ്പെട്ട ഹൈക്കോടതി കേസിന്റെ പുരോഗതി സംബന്ധിച്ചുള്ള റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |

**സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ 2013-14, 2016-17 വർഷങ്ങളിലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട കണ്ണൂർ ജില്ലയിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട പരാമർശങ്ങളിന്മേൽ സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന ഓഡിറ്റ് ന്യൂനതാ പരിഹാര പത്രിക**

| ഖണ്ഡിക | സമിതി റിപ്പോർട്ടിന്റെ ശിപാർശ | ശിപാർശയിന്മേൽ സ്വീകരിച്ച നടപടി |
|---|---|---|
| | **2013-14** | |
| 5.1.5.13 | **കുടിവെള്ള പദ്ധതികളുടെ നിർവ്വഹണം ഗുണഭോക്തൃ സമിതികൾക്ക് കൈമാറിയിട്ടില്ല.**<br>**തദ്ദേശഭരണസ്ഥാപനങ്ങൾക്ക് അധിക ബാധ്യത**<br>**ചെറുകുന്ന് ഗ്രാമപഞ്ചായത്ത്**<br>ചെറുകുന്ന് ഗ്രാമപഞ്ചായത്തിൽ 7 കുടിവെള്ള പദ്ധതികൾ കരാർ വച്ച് ഗുണഭോക്തൃ സമിതികൾക്ക് കൈമാറിയിട്ടുണ്ടെങ്കിലും ഇവയുടെ ചെലവുകൾ പഞ്ചായത്ത് ഫണ്ടിൽ നിന്നാണ് വഹിക്കുന്നത്. | **ചെറുകുന്ന് ഗ്രാമപഞ്ചായത്ത്**<br>ഗ്രാമപഞ്ചായത്തിന്റെ 7 കുടിവെള്ള പദ്ധതികളിൽ ഒരു പട്ടിക ജാതി കുടിവെള്ള പദ്ധതി ഒഴികെ 6 കുടിവെള്ള പദ്ധതികളും ഗുണഭോക്തൃ സമിതിക്ക് കൈമാറിയിട്ടുണ്ടെന്നും എസ്.സി ഗുണഭോക്താക്താക്കളുടെ കുടിവെള്ള പദ്ധതികളുടെ ഇലക്ട്രിസിറ്റി ചാർജ്ജ് പഞ്ചായത്ത് ഫണ്ടിൽ നിന്നാണ് അടച്ചുവരുന്നതെന്നും തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്. |
| 5.1.5.14 | **കുടിവെള്ള പദ്ധതികളുടെ ആസ്തി സംരക്ഷണം കാര്യക്ഷമമല്ല.**<br>പിണറായി ഗ്രാമപഞ്ചായത്ത്<br>പിണറായി ഗ്രാമപഞ്ചായത്തിൽ ഭൂമി രജിസ്റ്റർ ചെയ്ത് പഞ്ചായത്തിന് കൈമാറിയ കുടിവെള്ള പദ്ധതികൾ 5 എണ്ണം മാത്രമാണ്. | **പിണറായി ഗ്രാമപഞ്ചായത്ത്**<br>പിണറായി ഗ്രാമപഞ്ചായത്തിലെ താഴെ ചേർത്ത 5 കുടിവെള്ള പദ്ധതികളുടെ ഭൂമി രജിസ്റ്റർ ചെയ്ത് ഗ്രാമപഞ്ചായത്തിന് കൈമാറിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ നിർമ്മിച്ച് നടപ്പിലാക്കിയ കുടിവെള്ള പദ്ധതികളിൽ കിണർ, പമ്പ് ഹൌസ്, എന്നിവയിൽ ഭൂരിഭാഗവും പദ്ധതി നടപ്പിലാക്കുന്ന പ്രദേശത്തെ ഗുണഭോക്താക്കളുടെയോ സമീപവാസികളുടെയോ സമ്മതപത്രം പ്രകാരം ലഭ്യമായ ഭൂമിയിൽ നിർമ്മിച്ചവയാണ്. ആയതിനാലാണ് ഗ്രാമ |

| | | |
|---|---|---|
| | | പഞ്ചായത്തിന് ഭൂമി രജിസ്റ്റർ ചെയ്ത് കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിക്കാതെ പോയത്. ഗ്രാമപഞ്ചായത്തിൽ 19 വാർഡുകളിലായി നിലവിൽ 7 കുടിവെള്ള പദ്ധതികളാണ് കുടിവെള്ള പദ്ധതയിലെ മുഴുവൻ സംവിധാനങ്ങളും ഉപയുക്തമാക്കിക്കൊണ്ട് പ്രവർത്തിക്കുന്നത്. ജലജീവൻ മിഷൻ പദ്ധതി നടപ്പിലാക്കിയതോടെ കുടിവെള്ള കണക്ഷൻ ആവശ്യമായ 6152 എണ്ണം കുടുംബങ്ങൾക്കും കുടിവെള്ള കണക്ഷൻ ലഭ്യമാക്കിയിട്ടുണ്ട്. പൂർണ്ണമായും പ്രവർത്തന ക്ഷമമല്ലാത്ത കുടിവെള്ള പദ്ധതികളിലെ കുടിവെള്ളം ലഭ്യമായ കിണറുകൾ വൃത്തിയാക്കി ആളുകൾ ഉപയോഗിച്ച് വരുന്നുണ്ട്. |
| 5.1.5.16 | <u>പൊതുടാപ്പുകളുടെ എണ്ണം സംയുക്തപരിശോധന യിലൂടെ തിട്ടപ്പെടുത്തുന്നില്ല.</u><br><u>തലശ്ശേരി നഗരസഭ</u><br>തലശ്ശേരി നഗരസഭയിൽ 2010-11 മുതൽ 704 പൊതുടാപ്പുകളുടെ വെള്ളക്കരമാണ് ഈടാക്കുന്നത്. എന്നാൽ ഇതുമായി ബന്ധപ്പെട്ട് സംയുക്ത പരിശോധന നടത്തിയിട്ടില്ല. | <u>തലശ്ശേരി നഗരസഭ</u><br>13.06.2022 മുതൽ 02.07.2022 വരെ വാട്ടർ അതോറിറ്റി ഉദ്യോഗസ്ഥരും നഗരസഭ ഉദ്യോഗസ്ഥരും തലശ്ശേരി നഗരസഭയിലെ പൊതുടാപ്പുകളുടെ സംയുക്ത പരിശോധന നടത്തി നഗരസഭ പരിധിയിൽ ഉള്ള 570 പൊതുടാപ്പുകളിൽ 40 ടാപ്പുകൾ പ്രവർത്തിക്കുന്നില്ലെന്ന് കണ്ടെത്തിയിട്ടുണ്ടെന്നും 2022 ഡിസംബർ മാസം മുതൽ നഗരസഭ 530 പൊതുടാപ്പുകളുടെ വെള്ളക്കരം ഒടുക്കി വരുന്നുണ്ടെന്നും ഒഴിവാക്കാൻ സാധിക്കുന്ന പൊതുടാപ്പുകൾ കണ്ടെത്തി ആയവ ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിച്ച് വരികയാണെന്നും തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്. |
| 5.2.4.1 | <u>പൊതു വിദ്യാലയങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ</u> | <u>കണ്ണൂർ നഗരസഭ</u> |

141

**അപര്യാപ്തം**

**വാടകകെട്ടിടത്തിൽ പ്രവർത്തിക്കുന്ന സ്കൂളുകൾ:-**

| വിദ്യാഭ്യാസ സ്ഥാപനം | തദ്ദേശസ്വയംഭരണ സ്ഥാപനം |
|---|---|
| ഗവ:യുപി.എസ്. ദൈവത്താർകണ്ടി | കണ്ണൂർ നഗരസഭ |
| ഗവ: യുപി. സ്കൂൾ | കരിയാട് ഗ്രാമപഞ്ചായത്ത് |

കണ്ണൂർ നഗരസഭയുടെ പരിധിയിലുള്ള ദൈവത്താർകണ്ടി ഗവ.യു.പി സ്കൂൾ, നിലവിൽ വാടക കെട്ടിടത്തിലാണ് പ്രവർത്തിച്ചു വരുന്നത്. പ്രസ്തുത സ്കൂൾ സ്കൂളിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് സ്കൂൾ പരിധിയിൽ നഗരസഭയ്ക്ക് സ്വന്തമായി സ്ഥലം ഇല്ലാത്തതിനാലാണ് പുതിയകെട്ടിടം നിർമ്മിക്കാൻ സാധിക്കാത്തത്. പ്രസ്തുത സ്കൂളിൻറെ സമീപത്തായി അനുയോജ്യമായ സ്ഥലം ലഭിക്കുന്ന സാഹചര്യത്തിൽ നഗരസഭ പുതിയ സ്കൂൾ കെട്ടിടം നിർമ്മിക്കുന്ന കാര്യം പരിഗണിക്കുന്നതാണെന്നും അനുയോജ്യമായ സ്ഥലം ലഭ്യമാണോ എന്നറിയിക്കുന്നതിന് 06/03/2024-ന് ജില്ലാ കലക്ടർക്ക് കത്തു നൽകിയിരിക്കുകയാണ് എന്നും തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്

**കരിയാട് ഗ്രാമപഞ്ചായത്ത്(പാനൂർ നഗരസഭ)**

പാനൂർ നഗരസഭയിൽ ഉൾപ്പെട്ട കരിയാട് ഗ്രാമപഞ്ചായത്തിലെ ഗവ. യു.പി സ്കൂൾ കരിയാടിന് സ്വന്തമായി സ്ഥലമോ കെട്ടിടമോ ഇല്ലായിരുന്നു. 2013-14 ഓഡിറ്റ് കാലയളവിൽ വാടകകെട്ടിടത്തിലാണ് ടി സ്കൂൾ പ്രവർത്തിച്ചുവന്നിരുന്നത്. വാടകകെട്ടിടം തകർച്ചയുടെ വക്കിലായതിനാൽ തൊട്ടടുത്ത മദ്രസ കെട്ടിടത്തിലാണ് കഴിഞ്ഞ 7 വർഷമായി സ്കൂൾ പ്രവർത്തിച്ചുവന്നിരുന്നത്. വാടകകെട്ടിടം സ്ഥിതിചെയ്യുന്ന സ്ഥലം പള്ളികമ്മിറ്റിയുടെ പേരിലാണ്. പള്ളി കമ്മിറ്റിയുടെ പേരിലുള്ള സ്ഥലമായതിനാൽ കെട്ടിട നിർമ്മാണത്തിന് സർക്കാരിൽ നിന്ന് ധനസഹായങ്ങൾ ലഭിച്ചിരുന്നില്ല. സ്കൂൾ സ്ഥിതിചെയ്യുന്ന

| | | |
|---|---|---|
| | | ഭാഗങ്ങളിൽ ഭൂമിയുടെ വില ക്രമാതീതമായി ഉയർന്നതിനാൽ സർക്കാർ ഫണ്ട് ഉപയോഗിച്ച് പുതിയ സ്ഥലം കണ്ടെത്തുവാൻ കഴിഞ്ഞിരുന്നില്ല. സ്കൂൾ അൺഎക്കണോമിക്കൽ ആയി അടച്ചുപൂട്ടാതിരിക്കാൻ പള്ളി കമ്മിറ്റിയുടെ സ്ഥലത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ പാലിച്ചുകൊണ്ട് സ്കൂൾ നിർമ്മിക്കാൻ അനുമതി നൽകുകയും തുടർന്ന് . 2022 ൽ പൊതുജനങ്ങളുടെ ഫണ്ട് ഉപയോഗിച്ച് പുതുതായി ഇരുനില സ്കൂൾ കെട്ടിടം നിർമ്മിച്ചുവെന്നും ടി കെട്ടിടത്തിലാണ് നിലവിൽ ഗവ.യു.പി സ്കൂൾ പ്രവർത്തിച്ചുവരുന്നതാണെന്നും. ടി സ്കൂളിന് ചുറ്റുമതിൽ, പാചകപ്പുര, ടോയിലറ്റ് എന്നിവ നവീകരിച്ചിട്ടുണ്ടെന്നും തദ്ദേശ സ്വയംഭരണ പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്. |
| 5.2.4.2 | **സ്കൂൾ കെട്ടിടങ്ങളുടെ അവസ്ഥ ശോചനീയം**<br><br>**കരിയാട് ഗ്രാമപഞ്ചായത്ത്**<br>കരിയാട് ഗ്രാമപഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള പുതുശ്ശേരി ഗവൺമെന്റ് യു.പി.സ്കൂൾ 1984 ൽ ഫ്ളഡ് റിലീഫ് ഫണ്ട് ഉപയോഗിച്ച് നിർമിച്ച കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. കോൺക്രീറ്റ് മേൽക്കൂരയുള്ള കെട്ടിടം തകർച്ചയുടെ വക്കിലാണ്. ഇതിന്റെ പലഭാഗങ്ങളും തകർന്ന് കോൺക്രീറ്റിന് ഉപയോഗിച്ച കമ്പി പുറത്തുകാണുന്ന നിലയിലാണ്. എങ്കിലും പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനിയർ ഈ സ്കൂളിന് 30.05.2012 ന് ഫിറ്റ്നസ് അനുവദിച്ചതായി കാണുന്നു. | **കരിയാട് ഗ്രാമപഞ്ചായത്ത്(പാനൂർ നഗരസഭ )**<br>കരിയാട് , കിടഞ്ഞി മേഖലകളിൽ വെള്ളപ്പൊക്കം ഉണ്ടാകുന്ന സമയത്ത് ആളുകളെ പാർപ്പിച്ചുവരുന്ന കെട്ടിടത്തിലാണ് പുതുശ്ശേരി ഗവ.യു.പി സ്കൂൾ പ്രവർത്തിച്ചുവരുന്നത്. പ്രസ്തുത സ്കൂൾ മുസ്ലിം കലണ്ടർ പ്രകാരമാണ് പ്രവർത്തിച്ചുവരുന്നത്. പിൽക്കാലത്ത് നാട്ടുകാരുടെ നിരന്തര അഭ്യർത്ഥന പ്രകാരം പ്രസ്തുത കെട്ടിടം വിദ്യാഭ്യാസ വകുപ്പിന് കൈമാറി. അപകടാവസ്ഥയിലായിരുന്ന കെട്ടിടത്തിന് 2016 ൽ കുത്തുപറമ്പ് എം.എൽ.എ ബഹു. കെ.പി. മോഹനൻ അവർകളുടെ പ്രാദേശിക ഫണ്ടുപയോഗിച്ച് 75 ലക്ഷം രൂപ വകയിരുത്തി നിലവിലുള്ള കെട്ടിടം പൊളിച്ച്മാറ്റി ഫൗണ്ടേഷൻ ഉൾപ്പെടെ ഒരു നില കെട്ടിടം പണിയുകയും 2018 ൽ കൂത്തുപറമ്പ് എം.എൽ.എ ബഹു.കെ.കെ. ശൈലജ ടീച്ചറുടെ |

| | | |
|---|---|---|
| | **അപകടാവസ്ഥയിലുള്ള കെട്ടിടങ്ങൾ പൊളിച്ചുനീക്കിയില്ല**<br>**കണ്ണൂർ നഗരസഭ**<br>കണ്ണൂർ നഗരസഭയിലെ ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂർ ഫോർ ഗേൾസിൽ പ്രൈമറി വിഭാഗത്തിന്റെ സമീപത്തായി രണ്ട് കെട്ടിടങ്ങൾ അപകടാവസ്ഥയിലാണ് സ്ഥിതി ചെയ്യുന്നത്. വർഷങ്ങൾക്കു മുമ്പ് തന്നെ നഗരസഭയിലെ എഞ്ചിനിയറിംഗ് വിഭാഗം ഈ കെട്ടിടം അൺഫിറ്റാണെന്ന് സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ട്. അപകടാവസ്ഥയിലായ ഈ കെട്ടിടത്തിന്റെ വളരെയടുത്തായാണ് പ്രൈമറി വിഭാഗത്തിലെ ഒന്നാം ക്ലാസ്സ് മുതലുള്ള കുട്ടികൾ പഠിക്കുന്നത്. കുട്ടികളുടെ ജീവന് തന്നെ ഭീഷണിയായ മേൽ കെട്ടിടങ്ങൾ നാളിതുവരെ പൊളിച്ചുനിക്കിയിട്ടില്ല. | പ്രാദേശികവികസന ഫണ്ടുപയോഗിച്ച് 1 കോടി രൂപ വകയിരുത്തി ഇരുനിലകെട്ടിടം പണിയുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത ഗവ. സ്കൂളിലെ കുട്ടികളുടെ കൊഴിഞ്ഞുപോക്ക് തടയുന്നതിന് താൽക്കാലികമായി ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റ് അസി. എഞ്ചിനീയർ അനുവദിച്ച് നൽകിയിട്ടുണ്ട് . 2022 മുതൽ പുതിയ 20 ക്ലാസ് മുറികൾ ഉള്ള ഇരുനില കോൺക്രീറ്റ് കെട്ടിടത്തിലാണ് സ്കൂൾ പ്രവർത്തിച്ചു വരുന്നതെന്നും തദ്ദേശ സ്വയംഭരണ പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്.<br>**കണ്ണൂർ നഗരസഭ**<br>കണ്ണൂർ നഗരസഭിലെ ഗവൺമെൻറ് വൊക്കേഷണൽ ഹയർ സെക്കൻററി സ്കൂൾ ഫോർ ഗേൾസിൽ പ്രൈമറി വിഭാഗത്തിൻറെ സമീപത്തായുള്ള അപാകടാവസ്ഥയിലുള്ള രണ്ടു കെട്ടിടങ്ങൾ നിലവിൽ പൊളിച്ചു മാറ്റുന്നതിനായി സർവ്വേ റിപ്പോർട്ട് തയ്യാറാക്കി, ലേലനടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും ലേല നടപടികൾ അംഗീകരിക്കുന്നതിന് കൗൺസിൽ മുമ്പാകെ സമർപ്പിക്കുകയും . വിദ്യാർത്ഥികൾ ടി സ്ഥലത്തേക്ക് പ്രവേശിക്കാതിരിക്കാനുള്ള കരുതൽ നടപടികൾ സ്വീകരിക്കുവാൻ സ്കൂൾ പ്രിൻസിപ്പിളിന് നൽകിയിട്ടുള്ളതായും തദ്ദേശ സ്വയംഭരണ പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്. |
| | **സ്കൂൾ കെട്ടിടങ്ങളുടെ അവസ്ഥ ശോചനീയം**<br>**യു.പി. സ്കൂൾ കെട്ടിടം 2 വാർഡുകളിലായി 3 കിലോമീറ്റർ അകലത്തിൽ**<br>**കോളയാട് ഗ്രാമപഞ്ചായത്ത്** | **കോളയാട് ഗ്രാമപഞ്ചായത്ത്** |

261|25

| | | |
|---|---|---|
| | കോളയാട് ഗ്രാമപഞ്ചായത്തിലെ 2 വാർഡുകളിലാ യാണ് മേനച്ചോടി ഗവ. യു.പി. സ്കൂൾ സ്ഥിതി ചെയ്യുന്നത്. ഒന്നുമുതൽ അഞ്ച് വരെ ക്ലാസ്സുകൾ മേനച്ചോടിയിലെ കെട്ടിടങ്ങളിലും 6, 7 ക്ലാസ്സുകൾ മേനച്ചോടിയിൽ നിന്നും ഏതാണ്ട് 3 കിലോമീറ്റർ അകലെ ആര്യപ്പറമ്പിലുമാണ് പ്രവർത്തിക്കുന്നത്. എന്നാൽ മേനച്ചോടിയിലുള്ള കെട്ടിടത്തിലാണ് ഓഫീസ് പ്രവർത്തിക്കുന്നത്. കമ്പ്യൂട്ടർ ലാബും ലൈബ്രറി പുസ്തകങ്ങളും മേനച്ചോടിയിലെ കെട്ടിടത്തിലായതിനാൽ ഇതിന്റെ പ്രയോജനം ആര്യപ്പറമ്പിലെ കുട്ടികൾക്കും ലഭിക്കുന്നില്ല. സ്കൂൾ കെട്ടിടങ്ങൾ തമ്മിലുള്ള അകലം 3 കിലോമീറ്റർ ആയതിനാൽ പ്രധാന അദ്ധ്യാപികയ്ക്ക് മേൽനോട്ടം നടത്തുന്നതിന് പ്രയാസം നേരിടുന്നുണ്ട്. | കോളയാട് ഗ്രാമപഞ്ചായത്തിലെ മേനച്ചോടി ഗവ. യു.പി സ്കൂൾ കെട്ടിടം രണ്ട് വാർഡുകളിൽ സ്ഥിതി ചെയ്തിരുന്നത് ഇപ്പോൾ മേനച്ചോടി എന്ന സ്ഥലത്ത് മാത്രമായാണ് പ്രവർത്തിച്ചു വരുന്നത്. മേനച്ചോടി സ്കൂൾ കെട്ടിടം ആവശ്യത്തിന് ക്ലാസ് മുറികൾ കൂട്ടിച്ചേർത്ത് വിപുലീകരിച്ചിട്ടുണ്ട്. ആര്യപ്പറമ്പിലെ സ്കൂൾ കെട്ടിടം ഉപയോഗശൂന്യമായി കിടക്കുന്നത് കെട്ടിടം നശിച്ച് പോകുന്നതിന് ഇടയാക്കുമെന്നതിനാൽ ഗ്രാമപഞ്ചായത്തിന്റെ അപേക്ഷ പരിഗണിച്ച് വിദ്യാഭ്യാസ വകുപ്പിന്റെ അനുമതിയോട് കൂടി പ്രസ്തുത കെട്ടിടത്തിൽ ബഡ്സ് സ്കൂൾ പ്രവർത്തിച്ച് വരുന്നുണ്ടെന്നുള്ള വിവരം ബോധിപ്പിക്കുന്നു. |
| 5.2.4.6 | <u>**ഉച്ചഭക്ഷണ വിതരണം അനുബന്ധ സൗകര്യങ്ങൾ അപര്യാപ്തം**</u><br><u>**കണ്ണൂർ നഗരസഭ**</u><br>ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂൾ ഫോർ ഗേൾസ് ഹൈസ്കൂൾ വിഭാത്തിന്റെ ഭാഗമായുള്ള കഞ്ഞിപ്പുര അപകടാവസ്ഥയിലാണ് സ്ഥിതി ചെയ്യുന്നത്. കഞ്ഞിപ്പുരയുടെ തൂണുകൾ പഴകി ദ്രവിച്ചിരിക്കുന്നു. തൂണുകളിൽ നിന്ന് സിമന്റ് അടർന്ന് വീണ് കെട്ടിടം ഏതു സമയത്തും നിലം പൊത്താവുന്ന അവസ്ഥയിലാണ്. | <u>**കണ്ണൂർ നഗരസഭ**</u><br>കണ്ണൂർ ഗവ:വൊക്കേഷണൽ ഹയർ സെക്കൻററി സ്കൂൾ ഫോർ ഗേൾസ് ഹൈസ്കൂൾ വിഭാഗത്തിൻറെ ഭാഗമായുള്ള കഞ്ഞിപ്പുര നിലവിൽ ഉപയോഗിച്ചു വരുന്നില്ല. പുതിയ കഞ്ഞിപ്പുര നിർമ്മിച്ച് ഉപയോഗിച്ചു വരുന്നുണ്ട് പഴയ കഞ്ഞിപ്പുര പൊളിച്ചു മാറ്റുന്നതിന് സർവ്വേറിപ്പോർട്ട് തയ്യാറാക്കി, ലേലനടപടികൾ സ്വീകരിച്ചതായും ലേല നടപടികൾ അംഗീകരിക്കുന്നതിന് കൗൺസിൽ മുമ്പാകെ സമർപ്പിക്കുകയും . വിദ്യാർത്ഥികൾ ടി സ്ഥലത്തേക്ക് പ്രവേശിക്കാതിരിക്കാനുള്ള കരുതൽ നടപടികൾ സ്വീകരിക്കുവാൻ പ്രിൻസിപ്പിളിന് നൽകിയിട്ടുള്ളതായും തദ്ദേശ സ്വയംഭരണ പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട് |

| | | |
|---|---|---|
| | **മൊകേരി ഗ്രാമപഞ്ചായത്ത്**<br>കണ്ണൂർ ജില്ലയിലെ മൊകേരി ഗ്രമപഞ്ചായത്തിലെ മൊകേരി ഈസ്റ്റ് ഗവൺമെന്റ് യു.പി.സ്കൂളിൽ, സ്കൂൾ കെട്ടിടത്തിനുള്ളിൽ ക്ലാസ്സ് മുറിയോട് ചേർന്ന മുറിയിലാണ് പാചകം ചെയ്യുന്നത്. സ്കൂൾ മെയിന്റനൻസ് ഗ്രാന്റുപയോഗിച്ച് 2011-12 കാലയളവിൽ ഒരു പാചകപ്പുരയും സ്റ്റോർ മുറിയും വിറകുപുരയും നിർമിച്ചിട്ടുണ്ടെങ്കിലും അടുപ്പ് നിർമ്മിക്കാത്തതുകൊണ്ട് ഈ പാചകപ്പുരയും സ്റ്റോർ മുറിയും ഉപയോഗിക്കുന്നില്ല. അടുക്കളക്കായി നിർമ്മിച്ച മുറികൾ ക്ലാസ്സ് മുറികളായിട്ടാണ് ഉപയോഗിക്കുന്നത്. | **മൊകേരിഗ്രാമപഞ്ചായത്ത്**<br>മൊകേരി ഈസ്റ്റ് ഗവ. യു.പി. സ്കൂളിൽ അടുക്കളക്കായി നിർമ്മിച്ച മുറികളിൽനിന്ന് ക്ലാസ് മുറികൾഒഴിവാക്കി സ്കൂൾകെട്ടിടത്തിൽതന്നെ ആക്കിയിട്ടുണ്ട്. അടുക്കളക്കായി നിർമ്മിച്ച മുറികൾഅടുക്കളയായി തന്നെ ഉപയോഗിച്ചു വരുന്നുണ്ട്. നിലവിലുള്ള ഗ്യാസ് കണക്ഷൻ ഉപയോഗിച്ച് പാചകം പ്രസ്തുത അടുക്കളയിൽതന്നെ നടത്തി വരുന്നുണ്ടെന്ന വിവരം സമർപ്പിക്കുന്നു. ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് അപേക്ഷിക്കുന്നു. |
| 5.2.4.8 | **ശൗചാലയ സൗകര്യങ്ങൾ ശോചനീയം**<br>**കണ്ണൂർ നഗരസഭ**<br>കണ്ണൂർ നഗരസഭയിലെ ഗവൺമെന്റ് ടി.ടി.ഐ.(മെൻ) ലെ ശൗചാലയങ്ങൾക്ക് സെപ്റ്റി ടാങ്ക് നിർമ്മിച്ചിട്ടില്ല. മാലിന്യം പുറത്ത് പോകാൻ വഴിയില്ലാത്തതുകൊണ്ടുള്ള അനാരോഗ്യപരമായ ചുറ്റുപാടിൽ ഇത് ഉപയോഗിക്കുവാൻ സാധിക്കുന്നില്ല. | **കണ്ണൂർ നഗരസഭ**<br>കണ്ണൂർ നഗരസഭയിലെ ഗവൺ മെന്റ് ടി.ടി.ഐ (മെൻ) ലെ ശൗചാലയത്തിന് നിലവിൽ പുതിയ സെപ്റ്റിക് ടാങ്ക് നിർമ്മിച്ചിട്ടുണ്ടെന്നും . നിലവിലുണ്ടായിരുന്ന ടാങ്കിൽ നിന്നും മലിനജലം ഒഴുകുന്നത് തടയുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും അനാരോഗ്യപരമായ ചുറ്റുപാടുകൾ യാതൊന്നും നിലവിലില്ലെന്നും എന്ന് തദ്ദേശ സ്വയംഭരണ പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്. |
| 5.2.4.11 | **സ്കൂളുകളിലെ ലാബ് സൗകര്യങ്ങൾ അപര്യാപ്തം**<br><br>**കരിയാട് ഗ്രാമപഞ്ചായത്ത്**<br>കണ്ണൂർ ജില്ലയിലെ കരിയാട് ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള സ്കൂളുകളിൽ ലാബോറട്ടറി നവീകരണത്തിന് പതിനൊന്നാം പദ്ധതി കാലയളവിലും 12-ാം പദ്ധതിയുടെ ആദ്യവർഷവും തുക വകയിരുത്തുകയോ | **കരിയാട് ഗ്രാമപഞ്ചായത്ത്(പാനൂർ നഗരസഭ )**<br>സ്വന്തമായി കെട്ടിടം ഇല്ലാത്തതിനാലാണ് കരിയാട് ഗ്രാമപഞ്ചായത്തിലെ സ്കൂളുകൾക്ക് 11, 12 പദ്ധതി കാലയളവിൽ സ്കൂൾ ലാബ് സൗകര്യങ്ങൾക്ക് തുക വകയിരുത്താതിരുന്നത്. എന്നാൽ 2022ൽ സ്കൂൾ കെട്ടിടം പുതുക്കി പണിയുകയും അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. യുപി സ്കൂൾ പുതുശ്ശേരിക്ക് ലാബ് സൗകര്യങ്ങൾ |

| | | |
|---|---|---|
| | ചെലവഴിക്കുകയോ ചെയ്തിട്ടില്ല. ഗവൺമെന്റ് യു.പി.എസ്. പുളശ്ശേരിയിൽ സയൻസ് ലാബിലേയ്ക്ക് ആവശ്യമുള്ള ഉപകരണങ്ങളൊന്നും തന്നെയില്ല. | ഏർപ്പെടുത്തുകയും ഫർണിച്ചർ ലഭ്യമാക്കുന്നതിന് ആവശ്യമായ തുക വകയിരുത്തുകയും ചെയ്തിട്ടുണ്ട്. കൂടാതെ എസ്.എസ്.എ മുഖേനയും കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ സ്കൂളിന് ലഭ്യമാക്കിയിട്ടുണ്ടെന്നും തദ്ദേശ സ്വയംഭരണ പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| 5.2.4.12 | <u>**വിവര സാങ്കേതിക വിദ്യയ്ക്ക് വേണ്ടത്ര പ്രാധാന്യം നൽകുന്നില്ല**</u><br><u>**കണ്ണൂർ നഗരസഭ**</u><br>ഗവൺമെന്റ് : വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂൾ ഫോർ ഗേൾസ് (ഹൈസ്കൂൾ വിഭാഗം)<br><u>കമ്പ്യൂട്ടർ പരിശീലനം നടത്താൻ പ്രത്യേക അദ്ധ്യാപകർ ഇല്ല.</u><br><br><u>**അടിസ്ഥാന സൗകര്യങ്ങളില്ല – കമ്പ്യൂട്ടറുകൾ ഉപയോഗിക്കാതെ കൂട്ടി ഇട്ടിരിക്കുന്നു.**</u><br><u>**കണ്ണൂർ നഗരസഭ**</u><br>കണ്ണൂർ നഗരസഭയുടെ കീഴിലെ 19 വിദ്യാലയങ്ങളിൽ ഐ.ടി.@ സ്കൂൾ പ്രോജക്റ്റ്, എം.എൽ.എ ഫണ്ട്, മുനിസിപ്പൽ ഫണ്ട്, എസ്.എസ്.എ. ഫണ്ട്, പി.ടി.എ ഫണ്ട് തുടങ്ങിയവ ഉപയോഗിച്ച് കമ്പ്യൂട്ടറുകളും ലാപ് ടോപ്പുകളും 2009 മുതൽ വാങ്ങിയിട്ടുണ്ട്. എന്നാൽ 90% കമ്പ്യൂട്ടറുകളും പ്രവർത്തന ക്ഷമമല്ല. | <u>**കണ്ണൂർ നഗരസഭ**</u><br>ഓഡിറ്റ് പരാമർശിച്ച കാലഘട്ടത്തിൽ നഗരസഭയ്ക്ക് വിട്ടുകിട്ടിയ 19 വിദ്യാലയങ്ങളിൽ IT@ School പ്രൊജക്റ്റ് നടപ്പിലാക്കുന്നതിന് സ്ഥാപനങ്ങളിൽ ആവശ്യമായ അടിസ്ഥാന സൗകര്യം കുറവായതിനാലും ആവശ്യമായ സ്ഥിരം അധ്യാപകരില്ലാത്തതിനാലും എം.എൽ.എ ഫണ്ട്, മുനിസിപ്പൽ ഫണ്ട്, എസ്.എസ്.എ ഫണ്ട്, പി.ടി.എ ഫണ്ട്, തുടങ്ങിയവ ഉപയോഗിച്ച് വാങ്ങിയ കമ്പ്യൂട്ടറുകൾ യഥാസമയം ഇൻസ്റ്റാൾ ചെയ്ത് സമയബന്ധിതമായി പ്രവർത്തന ക്ഷമമാക്കുന്നതിന് ചില സാങ്കേതിക കാരണങ്ങൾക്കൊണ്ട് കഴിയാതെ വന്നു. തുടർ വർഷങ്ങളിൽ കെട്ടിടങ്ങളുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും പുതിയ വെർഷനിലുള്ള കമ്പ്യൂട്ടറുകൾ വാങ്ങി സ്കൂളുകൾക്ക് നൽകി IT@ School പ്രൊജക്റ്റുകൾ നല്ല രീതിയിൽ നടപ്പിലാ ക്കുകയും വിദ്യാഭ്യാസ മേഖലയിലെ വിദ്യാഭ്യാസ നിലവാരവും മറ്റും നഗരസഭയിലെ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി പരിശോധിച്ചു വരുന്നുണ്ട്. നിലവിൽ പ്രസ്തുത പദ്ധതി വിജയകരമായി പ്രവർത്തിച്ച് വരുന്നുണ്ടെന്നും തദ്ദേശ സ്വയംഭരണ പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്. |
| 5.2.4.14 | <u>**സർക്കാർ വിദ്യാലയങ്ങളിലെ കൊഴിഞ്ഞുപോക്ക്**</u> | |

| | | |
|---|---|---|
| | **വിദ്യാർത്ഥികളുടെ എണ്ണത്തിൽ ഗണ്യമായ കുറവ്- കാരണം വിശകലനം ചെയ്തിട്ടില്ല.**<br><br>**കരിയാട് ഗ്രാമപഞ്ചായത്ത്**<br><br>1992 - 96 അധ്യായനവർഷം കണ്ണൂർ ജില്ലയിലെ കരിയാട് ഗ്രാപഞ്ചായത്തിന് കൈമാറിക്കിട്ടിയ രണ്ട് സർക്കാർ സ്കൂളുകളിലും കൂടി ആകെ 20 ഡിവിഷനുകളിലായി 857 വിദ്യാർത്ഥികൾ ഉണ്ടായിരുന്നു. 18 വർഷത്തിനുശേഷം 72% വിദ്യാർത്ഥികളുടെ കുറവാണ് പഞ്ചായത്തിലെ സർക്കാർ സ്കൂളുകളിൽ ഉണ്ടായിട്ടുണ്ട്. എന്നാൽ ഇതിന്റെ കാരണം പഞ്ചായത്ത് വിശകലനം ചെയ്യുകയോ സർക്കാരിനെ അറിയിക്കുകയോ ചെയ്തിട്ടില്ല. | **കരിയാട് ഗ്രാമപഞ്ചായത്ത്(പാനൂർ മുനിസിപാലിറ്റി)**<br><br>2013-14 കാലഘട്ടത്തിൽ സ്കൂളിൽ ഭൗതിക സാഹചര്യങ്ങൾ ഇല്ലാത്തതിനാലാണ് തൊട്ടടുത്ത അൺ എയ്ഡഡ് സ്ഥാപനങ്ങളിലേക്ക് കുട്ടികളുടെ കൊഴിഞ്ഞുപോക്ക് ഉണ്ടായിട്ടുള്ളത്. നിലവിൽ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തിയും ജനകീയ ഇടപെടലുകളുടെയും അടിസ്ഥാനത്തിൽ വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് പരമാവധി കുറയ്ക്കുവാൻ കഴിഞ്ഞിട്ടുണ്ട്. നിലവിൽ 165 കുട്ടികൾ ഈ വിദ്യാലയത്തിൽ പഠിക്കുന്നുണ്ടെന്നും തദ്ദേശ സ്വയംഭരണ പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്. |
| 5.2.4.15 | **സർക്കാർ-എയ്ഡഡ് സ്കൂളുകളിലെ അഡ്മിഷൻ നിലവാരം ഒരു താരതമ്യം**<br><br>**അടച്ചുപൂട്ടൽ ഭീഷണി നേരിടുന്ന പൊതു വിദ്യാലയങ്ങൾ**<br>**തലശ്ശേരി നഗരസഭ**<br><br>നഗരസഭാ പരിധിയിൽ ഒരു ക്ലാസ്സിൽ ശരാശരി 10 കുട്ടികളിൽ താഴെമാത്രം വിദ്യാർത്ഥികളുള്ള 34 പൊതു വിദ്യാലയങ്ങൾ ഉണ്ട്. ഉത്തരം വിദ്യാലയങ്ങളുടെ ഗുണമേന്മയും, കാര്യക്ഷമതയും വർദ്ധിധിച്ച് കുട്ടികളെ ആകർഷിക്കുന്നതിനുള്ള നവീനമായ പദ്ധതികൾ ആവിഷ്കരിച്ച് നടപിലാക്കുന്നതിന് നഗരസഭയുടെ പ്രത്യേക ശ്രദ്ധ പതിയേണ്ടതാണ്. | **തലശ്ശേരി നഗരസഭ**<br><br>പൊതു വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ പഠന നിലവാരം മെച്ചപ്പെട്ടതും, സർക്കാർ തലത്തിൽ കുട്ടികൾക്ക് മെച്ചപ്പെട്ട ഉച്ചഭക്ഷണം, യൂണിഫോം, പഠനോപകരണങ്ങൾ എന്നിവ സൗജന്യമായി വിതരണം ചെയ്യുന്നുണ്ടെങ്കിലും നഗരസഭ പരിധിയിലെ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും അൺഎയിഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളുടേയും എണ്ണ കൂടുതൽ കാരണം പൊതു വിദ്യാലയങ്ങളിൽ കുട്ടികളുടെ എണ്ണത്തിൽ വർദ്ധനവ് ഉണ്ടാകാത്തതിന് പ്രധാകാരണം.. പൊതു വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി എസ് എസ് കെ വിഹിതം വകയിരുത്തി പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. 2022-23, 2023- |

| | | |
|---|---|---|
| | | 24 വർഷങ്ങളിലായി 90 ലക്ഷം രൂപ എസ് എസ് കെ വിഹിതം ചെലവഴിച്ചിട്ടുണ്ട്. ഓഡിറ്റിൽ പരാമർശിക്കുന്ന സ്കൂളുകളിൽ കോടിയേരി ഈസ്റ്റ് ജെ.ബി.എസ് ഒഴികെയുള്ള എല്ലാ സ്കൂളുകളിലും വിദ്യാർത്ഥികളുടെ എണ്ണം വർദ്ധിച്ചിട്ടുണ്ട്. കോടിയേരി ഈസ്റ്റ് ജ.ബി.എസ് സ്കൂൾ വിദ്യാർത്ഥികളും ഇല്ലാത്തതിനാൽ നിലവിൽ പ്രവർത്തിക്കുന്നില്ലെന്നും തദ്ദേശ സ്വയംഭരണ പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്. |
| | **<u>സർക്കാർ-എയ്ഡഡ് സ്കൂളുകളിലെ അഡ്മിഷൻ നിലവാരം ഒരു താരതമ്യം</u>**<br><br>**<u>കോളയാട് ഗ്രാമപഞ്ചായത്ത്</u>**<br>1995-96 അധ്യായനവർഷം കോളയാട് ഗ്രാമപഞ്ചായത്തിന് കൈമമാറികിട്ടിയ 6 പ്രൈമറി സ്കൂളുകളിലും കൂടിയായി 842 വിദ്യാർത്ഥികൾ ഉണ്ടായിരുന്നു. എന്നാൽ പഞ്ചായത്തിന് കൈമാറികിട്ടി 18 വർഷത്തിനുശേഷം ഈ 6 സ്കൂളുകളിലുമായി 497 വിദ്യാർത്ഥികൾ മാത്രമേ ഉള്ളൂ. അതായത് 1995-96 മുതൽ 2013-14 വരെ 21% വിദ്യാർത്ഥികളുടെ കുറവാണ് ഉണായിട്ടുള്ളത്. കൊമ്മേരി ഗവൺമെന്റ് യു.പി.സ്കൂളിൽ 1 മുതൽ 4 വരെയുള്ള ക്ലാസ്സുകളിലായി വെറും 8 കുട്ടികളും, 1-ാം ക്ലാസ്സിൽ ഒരു കുട്ടിയും മാത്രമാണ് ഉള്ളത്. ഈ സ്കൂളിലെ 8 കുട്ടികൾക്ക് വേണ്ടിയാണ് 4 അധ്യാപകരുടെയും ഒരു പി.റ്റി.സി.എമ്മിന്റെയും സേവനം വിനിയോഗിക്കുന്നത്. | **<u>കോളയാട് ഗ്രാമപഞ്ചായത്ത്</u>**<br>1995-96 അധ്യയന വർഷത്തിൽ ഗ്രാമപഞ്ചായത്തിന് കൈമാറി കിട്ടിയ 6 പ്രൈമറി സ്കൂളിലും കൂടിയായി 842 വിദ്യാർത്ഥികളുണ്ടായിരുന്നു. എന്നാൽ 18 വർഷത്തിന് ശേഷം(2013 ൽ) ടി സ്കൂളുകളിൽ 497 വിദ്യാർത്ഥികൾ മാത്രമെ ഉള്ളൂ. അൺ എയിഡഡ് സ്ഥാപനങ്ങളും, ഇംഗ്ലീഷ് മീഡിയം വിദ്യാഭ്യാസത്തോടുള്ള പൊതു സമൂഹത്തിന്റെ ആഭിമുഖ്യം ആ കാലഘട്ടത്തിൽ പ്രകടമായിരുന്നു. കൂടാതെ ജനന നിരക്ക് കുറഞ്ഞതും വിദ്യാലയങ്ങളിൽ കുട്ടികളുടെ എണ്ണത്തിൽ കുറവ് വരാൻ കാരണമായിട്ടുണ്ട്. ഈ കാലഘട്ടത്തിൽ കോളയാട് പഞ്ചായത്തിൽ പുന്നപ്പാലത്തും, കണ്ണവത്തും രണ്ട് അൺഎയിഡഡ് ഇംഗ്ലീഷ് മീഡിയം സ്ഥാപനങ്ങൾ ആരംഭിച്ചിട്ടുള്ളതും കുട്ടികളുടെ ഒഴുക്ക് ഈ സ്ഥാപനങ്ങളിലേക്ക് ഉണ്ടായിട്ടുള്ളതുമാണ്. എന്നാൽ സർക്കാരിന്റെ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി പൊതു വിദ്യാലയങ്ങൾ ശക്തിപ്പെട്ടിട്ടുണ്ട്. 2013 ൽ നിന്ന് |

| | | |
|---|---|---|
| | **<u>യാത്രാ സൗകര്യം ഇല്ല-പട്ടിക വിഭാഗത്തിലെ കുട്ടികൾ ഇടർ പഠനം ഒഴിവാക്കുന്ന</u>**<br>**<u>പെരുവയൽ ആദിവാസി സങ്കേതം</u>**<br>കണ്ണൂർ ജില്ലയിലെ പ്രധാനപ്പെട്ട ആദിവാസി സങ്കേതമായ പെരുവയലിൽ നിന്നും ഏറ്റവും അടുത്ത ഹൈസ്കൂളിൽ എത്തി ചേരുന്നതിന് ചുരുങ്ങിയത് 10 മുതൽ 15 കി.മീ. വരെ കണ്ണവം റിസർവ്വ് വനത്തിലൂടെ യാത്ര ചെയ്യേണ്ടതുണ്ട്. നിലവിൽ പെരുവയലിൽ ഒരു യു.പി.സ്കൂൾ മാത്രമാണ് ഉള്ളത് (പാലത്തുവയൽ യു.പി.സ്കൂൾ). യാത്രാസാകര്യം ഇല്ലാത്തതിനാൽ ഈ സ്കൂളിൽ നിന്നും പാസാകുന്ന ഭൂരിപക്ഷം പട്ടികവർഗ്ഗ വിദ്യാർത്ഥികളും ഹൈസ്കൂൾ വിദ്യാഭ്യാസം നേടുന്നില്ല എന്നാണ് സ്കൂൾ അധികൃതർ വിശദീകരിച്ചിട്ടുള്ളത്. ആയതിനാൽ പട്ടികവർഗ്ഗ വിദ്യാർത്ഥികൾ ഇടർ പഠനം ഒഴിവാക്കുന്നത് പരിഹരിക്കാനാവശ്യമായ സാധ്യതകൾ പഞ്ചായത്ത് തേടേണ്ടതുണ്ട്.<br><u>അനാദായകരമായ സ്കൂളുകൾ</u> : കണ്ണൂർ – 449 | 2023 ലേക്ക് എത്തുമ്പോൾ കുട്ടികളുടെ എണ്ണത്തിൽ വലിയൊരു കുറവ് ഉണ്ടായിട്ടില്ലെന്ന് മാത്രമല്ല ചില സ്കൂളുകളിൽ കുട്ടികളുടെ എണ്ണത്തിൽ വർദ്ധനവ് ഉണ്ടായിട്ടുള്ളതായും കാണാൻ കഴിയും. പ്രത്യേകിച്ചും കൊമ്മേരി സ്കൂളിൽ 2013-14 ൽ 8 കുട്ടികൾ ഉണ്ടായിരുന്നത് 2022-23 ൽ 45 കുട്ടികൾ ഉണ്ടായിട്ടുള്ളതുമാണ്.<br>**<u>പെരുവയൽ ആദിവാസി സങ്കേതം</u>**<br>കോളയാട് ഗ്രാമപഞ്ചായത്തിലെ പെരുവയൽ ആദിവാസി മേഖലയിൽ പെട്ട സ്ഥലത്തെ കുട്ടികൾക്ക് ഉന്നതപഠനത്തിനായി യാത്രാ സൌകര്യം ഉറപ്പ് വരുത്തുന്നതിന് 'ഗോത്ര സാരഥി' എന്ന പേരിൽ പദ്ധതി ആരംഭിച്ചിട്ടുണ്ട്. നിലവിൽ കോളയാട് ഗ്രാമപഞ്ചായത്തിലെ പട്ടികവർഗ്ഗ മേഖലയിൽ ധാരാളം കുട്ടികൾ ഉന്നത വിദ്യാഭ്യാസം നേടുന്നുണ്ട്. |
| 5.2.4.16 | **<u>കരിയാട് ഗ്രാമപഞ്ചായത്ത് (പാനൂർ മുനിസിപാലിറ്റി)</u>**<br>**<u>തദ്ദേശസ്ഥാപനങ്ങൾ വിദ്യാഭ്യാസ മേഖലയ്ക്ക് വകയിരുത്തുന്ന തുകകൾ അപര്യാപ്തം</u>**<br>കേരളത്തിലെ ഭൂരിപക്ഷം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും പശ്ചാത്തലമേഖലയിലും സേവനമേഖലയിലും വിദ്യാഭ്യാസമേഖലയ്ക്ക് നീക്കിവയ്ക്കുന്ന തുക | വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയ തുക പൂർണ്ണമായും ചെലവഴിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുള്ളതായും കഴിഞ്ഞ വർഷങ്ങളിൽ തുക പൂർണ്ണമായും വിനിയോഗിച്ചിട്ടുണ്ടെന്നും തദ്ദേശ സ്വയംഭരണ പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്. |

| | | |
|---|---|---|
| | ഇപ്പോം പരിമിതമാണ്. സ്കൂളുകളുടെ അടിസ്ഥാനസൗകര്യ വികസനത്തിനും അക്കാദമിക മികവ് വർദ്ധിപ്പിക്കുന്നതിനും ഇത് തീർത്തും അപര്യാപ്തവുമാണ്. ആവശ്യകത വിലയിരുത്താതെയുള്ള നാമമാത്രമായ വകയിരുത്തൽ വിദ്യാഭ്യാസ മേഖലയുടെ പ്രവർത്തനങ്ങൾക്ക് പര്യാപ്തമല്ല. | |
| 5.2.4.18 | <u>സ്കൂൾ വിദ്യാഭ്യാസ മേഖലയും സർവ്വശിക്ഷാ അഭിയാനും</u><br><u>വിദ്യാഭ്യാസ മേഖലയിൽ തദ്ദേശസ്ഥാപനങ്ങൾ ചെലവഴിക്കുന്ന തുകയിലധികവും എസ്.എസ്.എ. വിഹിതം</u><br><br><u>വിദ്യാഭ്യാസമേഖലയിൽ ചെലവഴിച്ചതും, എസ്.എസ്.എയ്ക്ക് നൽകിയതുമായ തുകകളുടെ താരതമ്യം</u><br><u>കണ്ണൂർ നഗരസഭ (2011-12) & (2012-13)</u> | വിദ്യാഭ്യാസ മേഖലയിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ചെലവഴിക്കുന്ന പദ്ധതി വിഹിതത്തിന്റെ ഏറിയ പങ്കും എസ്.എസ്.എ വിഹിതമായാണ് അടവാക്കുന്നത്. സർക്കാർ നിശ്ചയിക്കുന്ന തുക തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വികസന ഫണ്ടിൽ നിന്നും നിർബന്ധമായി നൽകി വരുന്നുണ്ട്. 2011-12 കാലഘട്ടത്തിൽ വിദ്യാഭ്യാസ മേഖലയിൽ കണ്ണൂർ നഗരസഭ 59,91,400/- രൂപയും എസ്.എസ്.എ വിഹിതമായി 36,99,003/- രൂപയും 2012-13 സാമ്പത്തിക വർഷത്തിൽ 58,28,494/-രൂപയും എസ്.സ്.എ വിഹിതമായി 37,59,225/- രൂപയും സർക്കാർ നിർദ്ദേശ പ്രകാരം അടവാക്കിയിട്ടുണ്ടെന്ന് തദ്ദേശ സ്വയംഭരണ പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്. |
| 5.2.4.19 | <u>വിദ്യാഭ്യാസ മേഖലയിലെ നൂതന ആശയ പ്രവർത്തനങ്ങൾ</u><br><u>കോളയാട് ഗ്രാമപഞ്ചായത്ത്</u><br>കോളയാട് ഗ്രാമപഞ്ചായത്തിലെ വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ 2011-12-ൽ തയ്യാറാക്കിയ പഠന ഡോക്യുമെന്ററിയാണ് കാവ പൊലി. ഗ്രാമപഞ്ചായത്തിലെ കാവുകളെപ്പറ്റിയും അവയിലെ ആചാരാനുഷ്ഠാനങ്ങളെപറ്റിയും ഡോക്യുമെന്ററി വിശദമായി | <u>കോളയാട് ഗ്രാമപഞ്ചായത്ത്</u><br>പ്രാദേശിക ചരിത്ര പഠനത്തിന് ഏറ്റവും സഹായകരമാണ് കാവുകളെ കുറിച്ചും തെയ്യങ്ങളെ കുറിച്ചുമുള്ള പഠനം എന്ന പഞ്ചായത്തിന്റെ തിരിച്ചറിവിൽ നിന്നാണ് ഫോക് ലോർ ഗവേഷകരുടെ മേൽനോട്ടത്തിൽ ഗ്രാമപഞ്ചായത്തിലെ വിദ്യാർത്ഥികൾ നടത്തിയ പൈതൃക പഠനവും കാവേപൊലി എന്ന പഠനവിഭവ ഡോക്യുമെൻററിയും. ഈ ഡോക്യുമെൻററിയിൽ ഗ്രാമപഞ്ചായത്തിലെ കാവുകളെ കുറിച്ചും |

| | | |
|---|---|---|
| | പ്രതിപാദിക്കുന്നു. ഫോക് ലോർ ഗവേഷകരുടെ മേൽനോട്ടത്തിലാണ് ഈ സംരംഭം പൂർത്തിയാക്കിയത്.<br>**<u>മൊകേരി ഗ്രാമപഞ്ചായത്ത്</u>**<br>മൊകേരി ഗ്രാമപഞ്ചായത്തിലെ കുരാറ സർക്കാർ എൽ.പി.സ്കൂളിൽ 2013-14 അധ്യായന വർഷം മുതൽ നടപ്പാക്കി വരുന്ന നൂതനാശയ പ്രവർത്തനമാണ് അറിമ. ബഹുവർഷ പദ്ധതിയായാണ് ഇത് ആസൂത്രണം ചെയ്തിട്ടുള്ളത്. അവധിക്കാലത്ത് കളികളിലൂടെ പഠനത്തിലേക്ക് കുട്ടികളെ നയിക്കുക, വായനയുടെ പുതുലോകം കുട്ടികൾക്ക് പരിചയപ്പെടുത്തുക, തെറ്റുകൾ കുറഞ്ഞ ഭാഷ സ്വായത്തമാക്കുക എന്നിവയാണ് ഈ പ്രവർത്തനത്തിന്റെ പ്രധാന ലക്ഷ്യങ്ങൾ. പദ്ധതിയുടെ ഭാഗമായി നവാഗമം എന്ന പേരിൽ 2013 ലെ പ്രവേശനോത്സവം നടത്തി. മഴപ്പതിപ്പ് "മഴക്കാലം"എന്ന പേരിലും, ശാസ്ത്രപ്പതിപ്പ "തീനാളം"എന്ന പേരിലും കയ്യെഴുത്തു മാസികകളായി ഇതിനോടകം പുറത്തിറക്കിയിട്ടുണ്ട്. | അവയുടെ ആചാരാനുഷ്ഠാനങ്ങളെകുറിച്ചും വിശദമായി പ്രതിപാദിക്കുന്നുണ്ട്. ഈ റിപ്പോർട്ട് മലബാറിലെ തെയ്യങ്ങളെ കുറിച്ചുള്ള പഠനത്തിന് സഹായകരമായ ഒരു രേഖയാണെന്ന വിവരം സമർപ്പിക്കുന്നു.<br>**<u>മൊകേരി ഗ്രാമപഞ്ചായത്ത്</u>**<br>അവധിക്കാലം വായനയും കളികളും ഉല്ലാസയാത്രകളുമായി നല്ല രീതിയിൽ പ്രയോജനപ്പെടുത്തുവാൻ ഈ അറിമ എന്ന പഠനപ്രവർത്തനം വഴി സാധിച്ചിട്ടുണ്ട്. അതോടൊപ്പം കുട്ടികളിൽ ഭാഷ നല്ലരീതിയിൽ കൈകാര്യം ചെയ്യുവാനുള്ള കഴിവ് വർദ്ധിപ്പിക്കാനും സാധിച്ചിട്ടുണ്ട്.<br>പദ്ധതിയുടെ ഭാഗമായി നവാഗമം എന്ന പേരിൽ 2013 ലെ പ്രവേശനോത്സവം നടത്തി. മഴപ്പതിപ്പ് "മഴക്കാലം" എന്ന പേരിലും, ശാസ്ത്രപ്പതിപ്പ് "തീനാളം" എന്ന പേരിലും കയ്യെഴുത്തു മാസികകളായി ഇതിനോടകം പുറത്തിറക്കിയിട്ടുണ്ട്. |
| 5.3.5.2 | **<u>ചെറുകിട വ്യവസായ മേഖലയിൽ വകയിരുത്തുന്ന തുകകൾ ശരിയാംവിധം ചെലവഴിക്കുന്നില്ല.</u>**<br><br><u>തലശ്ശേരി നഗരസഭ – വ്യവസായ മേഖലയിൽ</u><br>പതിനൊന്നാം പദ്ധതി - നീക്കിവെച്ച തുക - 68,62,286/-<br>ചിലവഴിച്ച തുക - 43,50,971/-<br>16.11%<br>2012-13 - നീക്കിവെച്ച തുക- 53,41,234/-<br>ചിലവഴിച്ച തുക - 0 0 % | <u>തലശ്ശേരി നഗരസഭ</u><br>പതിനൊന്നാം പദ്ധതി കാലഘട്ടത്തിൽ മാടപ്പീടിക തൊഴിൽ പരിശീലന കേന്ദ്രം, മാടപ്പീടിക വ്യാവസായ കേന്ദ്രത്തിന് വാട്ടർ ടാങ്ക് നിർമ്മാണം എന്നീ പദ്ധതികൾ 2013-14, 2014-15 സാമ്പത്തിക വർഷത്തിൽ സ്പിൽ ഓവരായി ഉൾപ്പെടുത്തി തുക ചെലവഴിച്ചിട്ടുണ്ട്.<br>നിലവിലെ പദ്ധതികളിൽ വ്യവസായ മേഖല, സ്വയം തൊഴിൽ എന്നിവയ്ക്കായി തുക വകയിരുത്തുകയും അവ നല്ല |

261/25.

| | | |
|---|---|---|
| | | രീതിയിൽ നടപ്പിലാക്കി തുക ചെലവഴിക്കുകയും ചെയ്യുന്നുണ്ട്. 2020-21 വർഷത്തിൽ 19,25,000/- രൂപയും 2021-22 വർഷത്തിൽ 4,12,485/- രൂപയും വ്യവസായ മേഖലക്കായി പൂർണമായും ചെലവഴിച്ചിട്ടുണ്ട്. 2022-23 വർഷം വനിതകൾക്കുള്ള സ്വയം തൊഴിൽ പദ്ധതിക്കായി വകയിരുത്തിയ 9,90,000/- രൂപ പൂർണ്ണമായും ചെലവഴിക്കാൻ സാധിച്ചിട്ടുണ്ടെന്നും തദ്ദേശ സ്വയംഭരണ പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്. |
| 5.3.5.6 | **<u>ചെറുകിട വ്യവസായ/തൊഴിൽ സംരംഭങ്ങൾ നിഷ്ക്രിയ ആസ്തികളായി മാറുന്നു.</u>**<br><u>അടച്ചുപൂട്ടപ്പെട്ട/പ്രവർത്തനം നിലച്ച ചെറുകിട/വ്യവസായ തൊഴിൽ ശാലയുടെ ഉദാഹരണം</u><br><br>**<u>കണ്ണൂർ നഗരസഭ</u>** | **<u>കണ്ണൂർ നഗരസഭ</u>**<br>കണ്ണൂർ നഗരസഭാ പരിധിയിൽ തയ്യൽ, തൊഴിൽ പരിശീലന കേന്ദ്രത്തിനു വേണ്ടി സ്ഥാപിച്ച തയ്യൽ മെഷീനുകളും മറ്റും ഉപയോഗപ്പെടുത്തി നിലവിൽ ഒരു കുടുംബശ്രീ ഗാർമെന്റ് യൂണിറ്റ് പ്രവർത്തിച്ചു വരുന്നുണ്ടെന്നും വനിതകളുടെ ഒരു തൊഴിൽ സംരംഭത്തിനായി ഉപയോഗപ്പെടുത്തി വരുന്നതിനാലും നിലവിൽ പ്രസ്തുത മെഷിനികൾ പ്രവർത്തനക്ഷമമാണെന്നും തദ്ദേശ സ്വയംഭരണ പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്. |
| 5.3.5.16 | **<u>സർക്കാർ ഉത്തരവുകൾ/സബ്സിഡി മാർഗ്ഗരേഖകൾ ലംഘിച്ച പദ്ധതികൾ നടപ്പിലാക്കുന്നു.</u>** | വിവിധ പദ്ധതികളും പ്രോജക്ടുകളും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ആവിഷ്കരിക്കുമ്പോൾ പലപ്പോഴും ഓഡിറ്റിൽ പരാമർശിക്കും പ്രകാരം നിലവിലുള്ള സർക്കാർ ഉത്തരവുകളും സബ്സിഡി മാർഗ്ഗരേഖകളും ലംഘിച്ച് പദ്ധതി നടപ്പിലാക്കുന്നതും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതാണ് ടി വിധത്തിൽ മാർഗ്ഗരേഖയിൽ നിന്നും വ്യതിചലിച്ചുകൊണ്ടും സർക്കാർ ഉത്തരവുകൾക്ക് ഘടകവിരുദ്ധമായി പദ്ധതി നിർവ്വഹണം |

നടത്തുന്നതിനെതിരെ കർശനമായ താക്കീത് വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സർക്കാർ നൽകിയിട്ടുള്ളതും ആയത് ആവർത്തിക്കാതിരിക്കാൻ ഇക്കാര്യം സൂക്ഷ്മമായി നിരീക്ഷിക്കുകയും ചെയ്തു വരുന്നുണ്ട്.

**തില്ലങ്കേരി ഗ്രാമപഞ്ചായത്ത്**

തില്ലങ്കേരി പഞ്ചായത്തിൽ 11,12 പദ്ധതികളിൽ നടപ്പിലാക്കിയ പ്രോജക്ടുകളിൽ താഴെ പറയുന്നവ സബ്സിഡി മാർഗ്ഗരേഖ/സർക്കാർ ഉത്തരവുകൾ ലംഘിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

| പ്രോജക്ടിന്റെ പേര് | ചെലവഴിച്ച തുക | മാർഗ്ഗരേഖ ലംഘനത്തിന്റെ സംക്ഷിപ്തം |
|---|---|---|
| ഖാദി പരിശീലനം 2008-09 | 1,18,500/- വികസന ഫണ്ട് (ജനറൽ) | പരിശീലന- ത്തിനുള്ള തുക പരിശീലനം നടത്തുന്നതിനു മുമ്പ് തന്നെ പിൻവലിച്ച് കണ്ണൂർ സർവ്വോദയ സംഘത്തിന് നൽകി. ഇത് സ.ഉ. (എം.എസ്) 177/06/ധനം, തീയതി 12.04.2006 ഉത്തരവിന് വിരുദ്ധമാണ്. |
| ഖാദി നൂൽനൂൽപ്പ് കേന്ദ്രത്തിന് വർക്കിംഗ് സ്റ്റാന്റ് - 2012-13 | 48,600/- (വികസന ഫണ്ട് 13th എഫ്. സി) | 29.09.12 ലെ ജി.ഒ (എം.എസ്) നമ്പർ 248/12/തസ്വഭവ ഉത്തരവു പ്രകാരമുള്ള സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 4 പ്രകാരം സബ്സിഡി പ്രോജക്ടിന്റെ മൂന്നിലൊരുഭാഗം മാത്രമേ നൽകാൻ പാടുള്ളൂ. എന്നാൽ ഖാദി കേന്ദ്രത്തിന് വർക്കിംഗ് സ്റ്റാൻഡ് നൽകുന്നതിനുള്ള മുഴുവൻ തുകയും വികസന ഫണ്ടിൽ |

**തില്ലങ്കേരി ഗ്രാമപഞ്ചായത്ത്**

തില്ലങ്കേരി ഗ്രമപഞ്ചായത്തിന്റെ 2008-09 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി സ്വയം തൊഴിൽ പരിശീലനം നൽകി വനിതകളെ സ്വയം പര്യാപ്തതയിലേക്ക് നയിക്കുക എന്നാ ഉദ്ദേശത്തോടു കൂടിയാണ് വനിതകൾക്ക് ചർക്കയിൽ നൂൽ നൂല്പന്നതിനുള്ള പരിശീലന പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. എന്നാൽ പദ്ധതി ലക്ഷ്യപ്രാപ്തി കൈവരിച്ചിട്ടുണ്ടെന്നും പ്രസ്തുത കാലയളവിൽ ധാരാളം വനിതകൾ ടി തൊഴിൽ ചെയ്തിരുന്നു എന്നും ബോധിപ്പിക്കുന്നു. ടി പദ്ധതിയുടെ പ്രൊജക്റ്റ് കോപ്പി, പരിശിലനാർഥികളുടെ ഹാജർ പട്ടിക, പരിശീലനം വിജയകരമായി പൂർത്തീകരിച്ചതിന്റെ സാക്ഷ്യപത്രം, ബില്ലുകളും വൌച്ചറുകളും എന്നിവ സംസ്ഥാന ഓഡിറ്റ് വകുപ്പ് മുമ്പാകെ സമർപ്പിച്ചിട്ടുണ്ടെന്നും ആയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പരാമർശം നിലവിൽ ഒഴിവാക്കി നൽകണമെന്നും അപേക്ഷിക്കുന്നു.

| | | |
|---|---|---|
| | നിന്നാണ് ചെലവഴിച്ചത്. | |
| 6.1.2 | **പെർഫോമൻസ് ഗ്രാന്റിന്റെ വിനിയോഗം കാര്യക്ഷമമല്ല.**<br>പെർഫോമൻസ് ഗ്രാന്റ് വിനിയോഗിക്കുന്നതിൽ പല തദ്ദേശഭരണസ്ഥാപനങ്ങളും വേണ്ടത്ര ശ്രദ്ധ ചെലുത്തുന്നില്ല.<br><br>**പെർഫോമൻസ് ഗ്രാന്റ് വിനിയോഗം മുനിസിപ്പാലിറ്റികളിൽ**<br>**പയ്യന്നൂർ മുനിസിപ്പാലിറ്റി:**<br>2011-12 – ലഭിച്ച തുക -40,57,000/-, നടപ്പാക്കിയ പദ്ധതികൾ – 11<br>ചെലവ് - 23,90,086/- , ചെലവ് % - 58.9<br>2012-13 - ലഭിച്ച തുക -83,28,000/-, നടപ്പാക്കിയ പദ്ധതികൾ –13<br>ചെലവ് - 61,90,724/-, ചെലവ് % - 74.33<br>**കണ്ണൂർ മുനിസിപ്പാലിറ്റി:**<br>2011-12 – ലഭിച്ച തുക -27,16,000/-, നടപ്പാക്കിയ പദ്ധതികൾ – 0<br>ചെലവ് - 0 , ചെലവ് % - 02012-13 - ലഭിച്ച തുക -55,75,000/-, നടപ്പാക്കിയ പദ്ധതികൾ – 5<br>ചെലവ് - 29,83,525/-, ചെലവ് % - 53.51 | **പയ്യന്നൂർ മുനിസിപ്പാലിറ്റി:**<br>2011-12 വർഷം പദ്ധതി വിഹിതത്തിൻറെ വിനിയോഗം കെ.എൽ.ജി.എസ്.ഡി.പി പദ്ധതി വിഹിതമായി പയ്യന്നൂർ മുൻസിപ്പാലിറ്റിക്ക് 2011-12 സാമ്പത്തിക വർഷം ലഭിച്ച 40,57,000/- രൂപ വകയിരുത്തി 11 പ്രവർത്തികളാണ് ആസൂത്രണം ചെയ്യുത്. 11. പ്രവൃത്തികളിൽ 5 പ്രവൃത്തികൾ പദ്ധതി വർഷം തന്നെ പൂർത്തീകരിക്കുകയും പൂർത്തിയാക്കാൻ സാധിക്കാത്ത ആറ് പ്രവൃത്തികൾ 2012-13 വർഷത്തിൽ സ്പിൽഓവർ ആയി ഉൾപ്പെടുത്തി പൂർത്തീകരിക്കുകയും ചെയ്തു. ചെലവഴിക്കാൻ ബാക്കിയുണ്ടായ 16,66,914/- 2012-13 സാമ്പത്തിക വർത്തിലേയ്ക്ക് ക്യാരി ഓവർ ചെയ്തിട്ടുള്ളതുൾപ്പടെ 99,94,914/-രൂപയാണ് 2012-13 വർഷത്തെ 15 പദ്ധതിക്കായി വകയിരുത്തിയത്. ഇതിൽ ആറ് സ്പിൽഓവർ പ്രവൃത്തികളും 9 പുതിയ പ്രവൃത്തികളും ഉൾപ്പെടുന്നു. ആറ് സ്പിൽഓവർ പ്രവൃത്തികളും പൂർത്തീകരിച്ചു. ഒൻപത് പ്രവൃത്തികളിൽ 5 പ്രവൃത്തികൾ പദ്ധതി വർഷം തന്നെ പൂർത്തീകരിച്ചു. പൂർത്തിയാകാത്ത പ്രവൃത്തികൾ സ്പിൽഓവറായി പൂർത്തീകരിക്കാൻ സാധിച്ചു. ബാലൻസ് തുകയായ 37,89,628/- രൂപ തൊട്ടടുത്ത വർഷത്തേക്ക് ക്യാരിഓവർ ചെയ്ത് പദ്ധതിപ്രവർത്തനങ്ങൾക്ക് വിനിയോഗിച്ചു. കെ.എൽ.ജി.എസ്.ഡി.പി.യുടെ വാർഷിക പ്രവർത്തന വിലയിരുത്തൽ ചട്ടക്കൂടിന്റെ ഖണ്ഡിക 2.1.1 പ്രകാരം പെർഫോമൻസ് ഗ്രാൻറ് തുക ലഭിക്കുന്നതിന് വിലയിരുത്തൽ നടത്തുന്നതിന്റെ തൊട്ട് മുമ്പുള്ള വർഷം |

| | | |
|---|---|---|
| | | കെ.എൽ.ജി.എസ്.ഡി.പി പെർഫോർമൻസ് ഗ്രാൻറ്, വികസനഫണ്ട് - പൊതുമൂലധനം, വികസനഫണ്ട് - പ്രത്യേക ഘടകപദ്ധതി - മൂലധനവും വികസനഫണ്ടും - കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാൻറ് - മൂലധനം എന്നിവയുടെ കുറഞ്ഞത് 80 ശതമാനം ചെലവഴിക്കണമെന്ന് വ്യവസ്ഥ ചെയ്യു. 2013-14 വർഷത്തെ പെർഫോർമൻസ് ഗ്രാൻറ് തുക ലഭിച്ചിട്ടുണ്ട് 2013-14 സാമ്പത്തിക വർഷത്തെ പെർഫോമൻസ് ഗ്രാൻറ് ലഭിക്കുന്നതിനുള്ള സ.ഉ (സാധാ) നം.1731/2011/തസ്വഭവ, തീയ്യതി 20/07/2011 പ്രകാരമുള്ള മാനദണ്ഡത്തിൽ സർക്കാർ ഭേദഗതി വരുത്തുകയുണ്ടായി. പ്രോജക്ട് ഡയറക്ടറുടെ ശുപാർശയിന്മേൽ 2013-14 & 2014-15 സാമ്പത്തിക വർഷങ്ങളിൽ യഥാക്രമം 91,28,000/-, 1,09,27,000/- രൂപയും അനുവദിച്ചിട്ടുണ്ടെന്നും തദ്ദേശ സ്വയംഭരണ പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്.<br>**കണ്ണൂർ നഗരസഭ**<br>2011-12 & 2012-13 കാലഘട്ടത്തിൽ ഇത്തരം സ്പെഷ്യൽ ഫണ്ടുകളുടെ വിനിയോഗം കാര്യക്ഷമമായി സാധ്യമാക്കിയിട്ടില്ലെന്നും എന്നിരുന്നാലും 50% ത്തിലധികം ചിലവഴിച്ചിട്ടുണ്ടെന്നും തദ്ദേശ സ്വയംഭരണ പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| | **പെർഫോമൻസ് ഗ്രാന്റ് വിനിയോഗം ഗ്രാപഞ്ചായത്തുകളിൽ**<br>**തില്ലങ്കേരി ഗ്രാമപഞ്ചായത്ത്:**<br>2011-12 – ലഭിച്ച തുക -6,74,000/-, നടപ്പാക്കിയ പദ്ധതികൾ – 4 | തില്ലങ്കേരി ഗ്രാമപഞ്ചായത്ത്:<br>തില്ലങ്കേരി ഗ്രാമപഞ്ചായത്തിന് 2011-12 വർഷം പെർഫോമൻസ് ഗ്രാന്റ് ആയി ലഭിച്ച 674000/-രൂ. മുഴുവനായും ചെലവഴിക്കാൻ സാധിച്ചിരുന്നില്ലെങ്കിലും 520344/-രൂ. (77.28%) അതേ വർഷം ചെലവഴിച്ചിട്ടുണ്ട്. മാത്രമല്ല 2012- |

| | | |
|---|---|---|
| | ചെലവ് - 5,20,344/- , ചെലവ് % - 77.28<br>2012-13 - ലഭിച്ച ഇക -13,67,000/-, നടപ്പാക്കിയ പദ്ധതികൾ – 5<br>ചെലവ് - 12,89,768/-, ചെലവ് % - 94.3<br><br>മുഴക്കുന്ന് ഗ്രാമപഞ്ചായത്ത് :<br>2011-12 – ലഭിച്ച ഇക -10,38,000/-, നടപ്പാക്കിയ പദ്ധതികൾ –0<br>ചെലവ് - 0 , ചെലവ് % - 0<br>- | 13 വർഷം ലഭിച്ച രൂ 1367000/- രൂപയില് 1289768/- രൂപ (94.35%) 2012-13 വർഷം തന്നെ ചെലവഴിച്ചിട്ടുണ്ടെന്ന് ബോധിപ്പിക്കുന്നു. 2011-12 ൽ ചെറിയ ശതമാനം മാത്രമാണ് കുറവ് വന്നിട്ടുള്ളത്. ആയതിനാലാണ് 2013-14 വർഷത്തെ ഗ്രാന്റിൽ കുറവ് വരുത്തിയത്. പദ്ധതി ഫണ്ട് പൂർണ്ണമായും ചെലവഴിക്കുന്നതിൽ തുടർന്ന് വന്ന വർഷങ്ങളിൽ ശ്രദ്ധ ചെലുത്തിയിട്ടുണ്ടെന്ന വിവരം ബോധിപ്പക്കുന്നു.<br>**മുഴക്കുന്ന് ഗ്രാമ പഞ്ചായത്ത്**<br>മുഴക്കുന്ന് ഗ്രാമപഞ്ചായത്തിന് 2011-12 വർഷം പെർഫോമൻസ് ഗ്രാന്റ് ആയി ലഭിച്ച രൂ.1038000/- അതേ വർഷം ചെലവഴിക്കാൻ സാധിച്ചിരുന്നില്ല. എന്നാൽ 2012-13 വർഷം ലഭിച്ച രൂ. 2104000/- ഉം മുൻവർഷം ചെലവഴിക്കാത്ത രൂ.1038000/- ഉം അടക്കം ആകെ രൂ.3142000/- ൽ രൂ.2524363/- (80 ശതമാനത്തിനും മുകളിൽ) 2012-13 വർഷം തന്നെ ചെലവഴിച്ചിട്ടുണ്ടെന്ന് ബോധിപ്പിക്കുന്നു. 2011-12 ൽ തുക ചെലവഴിക്കാത്തതിന്റെ പേരിലാണ് 2013-14 വർഷത്തെ ഗ്രാന്റിൽ കുറവ്വ വരുത്തിയത്. പദ്ധതി ഫണ്ട് ചെലവഴിക്കുന്നതിൽ വരുന്ന വർഷങ്ങളിൽ ശ്രദ്ധിക്കുന്നതാണെന്നും ബോധിപ്പിക്കുന്നു. |
| 6.2 | **പൊതു മാർക്കറ്റ്/ഷോപ്പിംഗ് കോംപ്ലക്സ്/ ബസ്സ്റ്റാന്റ്/ കമ്യൂണിറ്റി ഹാൾ – ലേലം, വാടക, ലൈസൻസ്/ വരുമാനം -P- 182** | **മട്ടന്നൂർ നഗരസഭ**<br>മട്ടന്നൂർ നഗരസഭയുടെ ഉടമസ്ഥതയിൽ 5 ഷോപ്പിംഗ് കോംപ്ലക്സുകളും ഒരു ബസ്സ്റ്റാൻറ്, ഒരു പൊതുമാർക്കറ്റ് എന്നിവ നിലവിലുള്ളതാണ്. ഇവ വാടകയ്ക്കും പാട്ടത്തിനും നൽകുന്നതിലൂടെ തനത് വരുമാനത്തിൽ നല്ലൊരു ശതമാനം |
| 6.2.1 | **മാർക്കറ്റ് / ഷോപ്പിംഗ്കോംപ്ലക്സ് / ബസ് സ്റ്റാന്റ്/** | തുക ലഭ്യമാകുന്നുണ്ട്. നഗരസഭയുടെ പ്രസ്തുത |

| | | |
|---|---|---|
| | **<u>കമ്മ്യൂണിറ്റി ഹാൾ എന്നിവയുടെ വിശദാംശങ്ങൾ ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല.</u>**<br><br>**<u>മട്ടന്നൂർ നഗരസഭ</u>**<br>കണ്ണൂർ ജില്ലയിലെ മട്ടന്നൂർ നഗരസഭയുടെ ആസ്തി രജിസ്റ്ററിൽ 31.03.2009 വരെയുള്ള ആസ്തികൾ മാത്രമേ രേഖപ്പെടുത്തിയിട്ടുള്ളൂ. | ആസ്തികൾനിയമാനുസൃതം കൈമാറ്റം ചെയ്തുവരുന്നതിനും, പരമാവധി വരുമാനം നേടുന്നതിന് മത്സരാധിഷ്ഠിത ടെണ്ടറുകളിലൂടെ ലൈസൻസികളെ കണ്ടെത്തുന്നുണ്ടെന്നും ആസ്തികൾ നല്ല നിലയിൽ പരിപാലിച്ചുവരുന്നുണ്ടെന്നും ഇവയുമായി ബന്ധപ്പെട്ട രേഖകൾ കൃത്യമായി സൂക്ഷിക്കുന്നതിലൂടെ നഗരസഭയ്ക്ക് ലഭിക്കേണ്ട വരുമാനം നഷ്ടപ്പെട്ടുപോകാതെ നിലനിർത്തുവാൻ സാധിക്കുന്നുണ്ടെന്നും നിലവിലുള്ള ഷോപ്പിംഗ് കോംപ്ലക്സുകൾ, ബസ്സ്റ്റാൻറ്, പൊതുമാർക്കറ്റ് എന്നിവ സംബന്ധിച്ച വിവരങ്ങൾ ആസ്തിരജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഐ.കെ.എം. വികസിപ്പിച്ച സചിത്ര സോഫ്റ്റ്വെയർ നിലവിൽവന്നതുമുതൽ നഗരസഭയിൽ പുതുതായി സൃഷ്ടിക്കപ്പെടുന്ന എല്ലാ ആസ്തികളും കൃത്യമായി രേഖപ്പെടുത്തിവരുന്നുണ്ടെന്നും 2009 ന് ശേഷം സൃഷ്ടിക്കപ്പെട്ടിട്ടുള്ള എല്ലാ ആസ്തികളും സചിത്ര ആപ്ലിക്കേഷനിൽ കൃത്യമായി രേഖപ്പെടുത്തുന്നത് വഴി നഗരസഭാ ആസ്തികളുടെ വിശദാംശങ്ങൾ കൃത്യമായി സൂക്ഷിക്കാൻ കഴിയുന്നു വെന്നും തദ്ദേശ സ്വയംഭരണ പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്. |
| | **<u>തലശ്ശേരി നഗരസഭ</u>**<br>തലശ്ശേരി നഗരസഭയുടെ ആസ്തി രജിസ്റ്റിൽ ഭൂമി, കെട്ടിടം, റോഡ് എന്നീ ആസ്തികൾ സ്ഥിതിചെയ്യുന്ന വാർഡ്, അവയുടെ മതിപ്പവില എന്നിവ രേഖപ്പെടുത്തുന്നില്ല. | **<u>തലശ്ശേരി നഗരസഭ</u>**<br>നിലവിൽ നഗരസഭയിലെ മാർക്കറ്റ്/ഷോപ്പിംഗ് സെന്റർ/ബസ്സ്റ്റാന്റ്/കമ്മ്യൂണിറ്റി ഹാൾ എന്നിവയുടെ വിശദാംശങ്ങളും, കെട്ടിടം, റോഡ് അവ സ്ഥിതി ചെയ്യുന്ന വാർഡ് എന്നിവയും ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. നഗരകാര്യ ഡയറക്ടറുടെ 20-05-2017 ലെ ഇ 6-30800/17 നമ്പർ നിർദേശ |

| | | |
|---|---|---|
| | | പ്രകാരം ആസ്തി സംബന്ധിച്ച വിവരങ്ങൾ സചിത്ര സോഫ്റ്റ് വെയറിൽ അപ്ഡേറ്റ് ചെയ്യുന്നുണ്ടെന്നും തദ്ദേശ സ്വയംഭരണ പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്. |
| 6.3 | **തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ സാധനങ്ങളുടെയും സേവനങ്ങളുടെയും സമാഹരണം** കങ്കോൽ | **കങ്കോൽ ആലപ്പടമ്പ് ഗ്രാമ പഞ്ചായത്ത്** സാധനങ്ങൾ സമാഹരിക്കുന്നത് പ്രൊക്യോർമെന്റ് കമ്മിറ്റി തീരുമാന പ്രകാരമാണെങ്കിലും 08.11.2010-ലെ ജി.ഒ(പി).259/2010/ത.സ്വ.ഭ.വ. നമ്പർ ഉത്തരവിൽ പ്രതിപാദിക്കുന്ന രീതിയിൽ പഞ്ചായത്തുതലവിധി നടക്കുന്നില്ല എന്നതാണ് ഓഡിറ്റ് പരാമർശം. നിലവിൽ പഞ്ചായത്ത് പ്രൊക്യോർമെന്റ് മാന്വൽ അനുസരിച്ച് തന്നെയാണ് സാധനങ്ങൾ വാങ്ങിക്കാറുള്ളത്. എസ്റ്റിമേറ്റ് തയ്യാറാക്കൽ, സാധനങ്ങളുടെയും സേവനങ്ങളുടെയും സാക്ഷ്യപ്പെടുത്തൽ, മൂല്യനിർണ്ണയം എന്നിവയിലുള്ള അപാകതകൾ ഗൗരവമായി കണ്ട് തുടർ വർഷങ്ങളിൽ നടപടി സ്വീകരിച്ചിട്ടുണ്ടെന്നും മേലിൽ ഇത്തരം ന്യൂനതകൾ ആവർത്തിക്കുന്നതല്ലെന്നും ബോധിപ്പിക്കുന്നു. |
| 6.3.2 | **പ്രൊക്യുർമെന്റ് സൈക്കിൾ – ആദ്യപടി പാലിക്കപ്പെടുന്നില്ല.** മിക്കവാറും ഗ്രാമപഞ്ചായത്തുകൾ സമാഹരണ സൈക്കിളിന്റെ ആദ്യപടിയായ ആവശ്യം നിർണ്ണയിക്കൽ | നിലവിൽ എല്ലാ ഗ്രാമപഞ്ചായത്തുകളിലും പ്രൊക്യൂർമെൻറ് കമ്മിറ്റി രൂപീകരിച്ച് ആയതിൻറെ തീരുമാനപ്രകാരവും |

| | | |
|---|---|---|
| | നടത്താതെയാണ് ചുമതലകളുടെ നിർവ്വഹണത്തിനാവശ്യമായ സാമഗ്രികൾ, അനിവാര്യ ചുമതലകളുടെ നിർവ്വഹണത്തിനാവശ്യമായ സാമഗ്രികൾ എന്നിവ വാങ്ങുന്നത്. മുൻ വർഷങ്ങളിലെ ഉപയോഗം മുൻനിർത്തി ഓരോ വർഷവും ആവശ്യമായ സാധനങ്ങളുടെ പട്ടിക നിർവ്വഹണ ഉദ്യോഗസ്ഥരുടെ ടെക്നിക്കൽ ടീം (വർക്കിംഗ് ഗ്രൂപ്പ്) വർഷാരംഭത്തിൽ തയ്യാറാക്കുന്നില്ല. | മേൽനോട്ടത്തിലും തന്നെയാണ് സാധനങ്ങളുടേയും സേവനങ്ങളുടേയും സമാഹരണം നടത്തുന്നതെന്നും തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്. |
| 6.4 | **തെരുവ് വിളക്കുകളുടെ സംരക്ഷണവും അറ്റകുറ്റപ്പണികളും** വ്യക്തമായ മാർഗ്ഗ നിർദ്ദേശങ്ങൾ തെരുവുവിളക്കുകളുടെ സംരക്ഷണവും അറ്റകുറ്റപ്പണിയും സംബന്ധിച്ച് പുറപ്പെടുവിച്ചിട്ടുണ്ടെങ്കിലും പരിശോധന നടത്തിയ ഭൂരിഭാഗം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ഇത് നടപ്പിലാക്കുന്നതിൽ വീഴ്ച വരുത്തിയിട്ടുണ്ട്.<br><br>**കണ്ണപുരം**<br>തെരുവുവിളക്കുകളുടെ എണ്ണം, ഇനം, വാട്സ് എന്നിവ രേഖപ്പെടുത്തിയ രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും കെ.എസ്.ഇ.ബിയും പഞ്ചായത്തും സംയുക്ത പരിശോധന നടത്തി നിലവിൽ പ്രവർത്തിക്കാത്ത വിളക്കുകളുടെ വിശദാംശങ്ങൾ ശേഖരിച്ചിട്ടില്ല. ആയതിനാൽ പ്രവർത്തിക്കാത്ത വിളക്കുകൾക്ക് വൈദ്യുത ചാർജ്ജ് അടവാക്കുന്നു. | **കണ്ണപുരം**<br>തെരുവ് വിളക്കുകളുടെ സംയുക്ത പരിശോധന നടത്തിയിട്ടുണ്ട്. മീറ്റർ സ്ഥാപിക്കുന്നതിന് വേണ്ടി 30.03.2013 ന് കെ.എസ്.ഇ.ബി ക്ക് 132500/- രൂപ ഡെപ്പോസിറ്റ് ചെയ്തിരുന്നു. എന്നാൽ മീറ്റർ സ്ഥാപിക്കൽ നടപടി പൂർത്തിയാക്കിയിട്ടില്ല. നിലവിൽ എല്ലാ വർഷവും തെരുവ് വിളക്ക് വാർഷിക അറ്റകുറ്റപ്പണി നടത്തുന്നതിനാൽ പ്രവർത്തിക്കാത്ത വിളക്കുകൾക്ക് വൈദ്യുതി ചാർജ്ജ് അടക്കുന്ന സാഹചര്യം നിലനിൽക്കുന്നില്ല. |

| 2016-17 | | |
|---|---|---|
| **അദ്ധ്യായം-1** | **വസ്തുനികുതി പരിഷ്കരണ നടപടികൾക്ക് ആധികാരിക സ്ഥിതീകരണമില്ല.**<br>ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം | |
| | അനുബന്ധം -3<br>**ആലക്കോട് - ഖ. 2.3**<br>വസ്തുനികുതി ഡിമാൻറ് രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല | വസ്തു നികുതി ഡിമാൻറ് രജിസ്റ്റർ തയ്യാറാക്കിയത് 18/01/2018 തീയ്യതിയിലെ ഓഡിറ്റ് അദാലത്തിൽ സമർപ്പിക്കുകയും ആയത് പ്രകാരം പരാമർശം ഒഴിവാക്കിയിട്ടുണ്ടെന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്. |
| | **അയ്യൻകുന്ന്- ഖ. 2.2**<br>വസ്തു നികുതി നിരക്ക് നിശ്ചയിച്ചത് രജിസ്റ്ററിലെ വസ്തുതകൾ പ്രകാരം വ്യത്യാസം കാണുന്നു.<br>2013-14, 2014-15 വർഷങ്ങളിലെ ന്യൂബിൽഡിംഗ് രജിസ്റ്ററിൽ കൊടുത്തിരിക്കുന്ന തറ വിസ്തീർണ്ണം, ഇളവുകൾ, വർദ്ധനവ് പ്രകാരം നിശ്ചയിച്ച നികുതി നിരക്കിൽ വ്യത്യാസം കാണുന്നു. | വസ്തു നികുതി പുതുക്കി നിർണ്ണയ പ്രക്രിയ ആരംഭിച്ച് സഞ്ചയ സോഫ്റ്റ് വെയറിൽ ന്യൂ ബിൽഡിംഗ് രജിസ്റ്ററിലെ കെട്ടിടത്തിന്റെ വിവരങ്ങൾ അതേ പടി രേഖപ്പെടുത്തിയപ്പോൾ സോഫ്റ്റ് വെയറിൽ ജനറേറ്റ് ചെയ്ത നികുതിയാണ് ടി കാലയളവിൽ ഈടാക്കി വന്നിട്ടുള്ളതെന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്. |
| | **ചേലോറ ( കണ്ണൂർ കോർപ്പറേഷൻ )- ഖ. 2.1**<br>ചേലോറ വസ്തുനികുതി ഡിമാൻറ് രജിസ്റ്റർ, ബിൽഡിംഗ് രജിസ്റ്റർ എന്നിവ പൊരുത്തപ്പെടുന്നില്ല. ചേലോറ ഗ്രാമപഞ്ചായത്തിൽ 2014-15 വർഷം ഒക്ടോബർ മാസംവരെ 19 വാർഡ് പ്രകാരമുള്ള കെട്ടിടങ്ങളുടെ ഡിമാൻറ് നമ്പറുകളാണ് 14-15 വർഷത്തെ ന്യൂ ബിൽഡിംഗ് രജിസ്റ്ററിൽ ചേർത്തിട്ടുള്ളത്. സഞ്ചയ സോഫ്റ്റ്വെയറിൽ നിന്ന് ജനറേറ്റ് ചെയ്തു വരുന്ന ഡിമാൻറ് നമ്പറുകൾ | ഓഡിറ്റ് പരാമർശ പ്രകാരമുള്ള അപാകതകൾ സോഫ്റ്റ്വെയറിൽ അപ്ഡേഷൻ നടത്തി പരിഹരിച്ചിട്ടുണ്ട്. 01/01/2024 മുതൽ k-smart സോഫ്റ്റ് വെയറിലേക്ക് മാപ്പ് ചെയ്ത് എല്ലാ കെട്ടിട നമ്പറുകളും ഡിമാൻറിൽ ഉൾപ്പെടുത്തി മുൻവർഷങ്ങളിലുള്ള കുടിശ്ശിക ഈടാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുള്ളതാണ്. സഞ്ചയയിലുള്ള ഡിജിറ്റൽ സിഗ്നേച്ചർ ചെയ്ത 14944 കെട്ടിടങ്ങൾ കെ.സ്മാർട്ടിലേക്ക് പോർട്ട് ചെയ്തിട്ടുണ്ട്. പൊളിച്ചു നീക്കിയ കെട്ടിടങ്ങളുടേയും നികുതി ഒഴിവ് |

| | | |
|---|---|---|
| | പുതിയ വാർഡ് പ്രകാരമാണ്. നികുതി പരിഷ്കരണ വുമായി ബന്ധപ്പെട്ട് പഴയ കെട്ടിടങ്ങളുടെ നികുതി നിശ്ചയിക്കുമ്പോൾ കെട്ടിട ത്തിൻറെ ഡിമാൻറ് നമ്പറും ന്യൂ ബിൽഡിംഗ് രജിസ്റ്റർ പ്രകാരമുള്ള പുതിയ ഡിമാൻറ് നമ്പറും ഇടകലർന്നിട്ടാണ് വന്നിട്ടുള്ളത്. മാത്രമല്ല രജിസ്റ്റർ പ്രകാരമുള്ള ഡിമാൻറ് നമ്പറും സഞ്ചയയിൽ നിന്ന് ജനറേറ്റ് ചെയ്ത ഡിമാൻറ് നമ്പറും തമ്മിൽ യാതൊരു ബന്ധവുമില്ല. | അനുവദിച്ചിട്ടുള്ള കെട്ടിടങ്ങളുടേയും വിവരങ്ങൾ നിലവിൽ രേഖപ്പെടുത്തുന്നതിന് സോഫ്റ്റ്വെയറിൽ സൗകര്യം ലഭിക്കുന്നില്ല. ആയത് ലഭിക്കുന്ന മുറയ്ക്ക് രേഖപ്പെടുത്തുന്നതാണെന്നും തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്. |
| <u>2.1</u> | **<u>ചെമ്പിലോട് - ഖ. 2.1</u>** | സമാഹൃത റിപ്പോർട്ടിൽ അനുബന്ധം 3 ൽ ചെമ്പിലോട് ഗ്രാമ പഞ്ചായത്തിന്റെ പേര് ഉൾപ്പെട്ടിട്ടുണ്ടെങ്കിലും 2014-15 വർഷത്തെ കെ.എസ്.എ.ഡി. ഓഡിറ്റ് റിപ്പോർട്ടിൽ വസ്തു നികുതി സംബന്ധിച്ച പരാമർശമില്ലെന്ന വിവരം സമർപ്പിക്കുന്നു. ഖണ്ഡിക 2-1 തൊഴിൽ നികുതി സംബന്ധിച്ച പരാമർശമാണെന്നും ബോധിപ്പിക്കുന്നു |
| <u>2.1</u> | **<u>ചൊക്ലി - ഖ. 2.1</u>**<br>2014-15 സാമ്പത്തിക വർഷത്തേക്കുള്ള വസ്തു നികുതി ഡിമാൻറ് രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല. ആയതിനാൽ വസ്തുനികുതി ,ഗ്രന്ഥശാലാവരി ഇനത്തിൽ വാർഷിക കണക്കിൽ കാണിച്ചിട്ടുള്ള തുകകളുടെ കൃത്യത ഓഡിറ്റിൽ ഉറപ്പുവരുത്തുവാൻ സാധിച്ചിട്ടില്ല. | സഞ്ചയസോഫ്റ്റ് വെയറിൽ ഡിമാൻറ് രജിസ്റ്റർ തയ്യാറാക്കിയിട്ടുണ്ടെന്നും ആയത് പ്രകാരമാണ് 2014-15 മുതൽ നികുതി ഈടാക്കി വരുന്നതെന്നും നിലവിൽ വസ്തുനികുതി ലൈബ്രറി സെസ് എന്നിവ കൃത്യമായി ഡിമാൻഡ് ചെയ്യുകയും തുക ഈടാക്കുകയും ചെയ്യുന്നുണ്ടെന്നും തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്. |
| <u>2.1</u> | **<u>ഇടയ്ക്കാട്- ഖ. 2.1</u>** | നിലവിൽ ഇടയ്ക്കാട് ഗ്രാമപഞ്ചായത്ത് കണ്ണൂർ കോർപ്പറേഷൻ പരിധിയിലാണ്. ഓഡിറ്റ് പരാമർശ വർഷത്തെ ഡിമാന്റ് രജിസ്റ്ററുകൾ നിലവിൽ കണ്ണൂർ കോർപ്പറേഷന് ഇടയ്ക്കാട് ഗ്രാമപഞ്ചായത്തിൽ നിന്നും ലഭ്യമാക്കിയ രേഖകളുടെ കൂട്ടത്തിൽ നിന്നും കണ്ടെത്തുന്നതിന് കാലതാമസം |

| | | |
|---|---|---|
| | | നേരിടുന്നതായി സർക്കാർ നടത്തിയ അവലോകനയോഗത്തിൽ കോർപ്പറേഷൻ സെക്രട്ടറി അറിയിക്കുകയുണ്ടായി. ആയത് അടിയന്തരമായി കണ്ടെത്തി നടപടി വിശദീകരണ പത്രിക സർക്കാരിനും ബന്ധപ്പെട്ട രേഖകൾ ജില്ലാ ഓഡിററിനും ഹാജരാക്കുവാൻ സർക്കാർ നിർദ്ദേശം നൽകിയിട്ടുള്ള വിവരം ബോധിപ്പിച്ചുകൊള്ളുന്നു. |
| 2.2, | ഇരിക്കൂർ - ഖ. 2.2,<br>**അനധികൃത കെട്ടിടങ്ങളുടെ വസ്തുനികുതി ഈടാക്കുന്നില്ല** –പഞ്ചായത്തിന് വരുമാന നഷ്ടം<br>പഞ്ചായത്തിലെ എല്ലാ അനധികൃത നിർമ്മാണങ്ങളും കണ്ടെത്തി ചട്ടങ്ങൾക്കനുസൃതമായി നികുതി ഈടാക്കുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ച് വിവരം അറിയിക്കേണ്ടതാണ്. | അനധികൃത നിർമ്മാണങ്ങൾ നടത്തി എന്ന് കണ്ടെത്തിയിട്ടുള്ളതിൽ നടുക്കണ്ടിയിലകത്ത് മുഹമ്മദ് അസ്ലം, കെ അയൂബ് , എന്നിവർ നിബന്ധനകൾ പാലിച്ച് വസ്തു നികുതി പഞ്ചായത്തിൽ ഒടുക്കിയിട്ടുണ്ടെന്നും ശ്രീ റിയാസ് എ, ശ്രീ.കിണാക്കൂൽ അബ്ദുൾസലാം എന്നിവർക്കെതിരെ കണ്ണൂർ ഫസ്റ്റ് ക്ലാസ് ജുഡീഷ്യൽ മജിസ്ട്രേറ്റ് മുമ്പാകെ പ്രോസിക്യൂഷൻ നടപടി സ്വീകരിച്ചിട്ടുണ്ടെന്നും വിചാരണ നടന്നുവരുന്നുവെന്നും തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്. |
| | **ഇരിക്കൂർ - ഖ. 2.3**<br>വസ്തു നികുതി രജിസ്റ്ററുകൾ എഴുതി സൂക്ഷിക്കുന്നില്ല | ഓഡിറ്റ് വർഷത്തിനു ശേഷമുള്ള വര്ഷങ്ങളിൽ ഡിമാൻറ് രജിസ്റ്ററുകൾ കൃത്യമായി എഴുതി സൂക്ഷിക്കാറുണ്ടെന്നും നിലവിൽ വസ്തു നികുതിയുമായി ബന്ധപ്പെട്ട സഞ്ചയ സോഫ്റ്റ് വെയർ ഉപയോഗിക്കുന്നുണ്ടെന്നും വസ്തു നികുതി 100 ശതമാനം പിരിച്ചെടുത്തിട്ടുണ്ടെന്നും തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്. |
| **2.2 (2014-** | **കാഞ്ചിയാർ - ഖ. 2.2**<br>വസ്തുനികുതി ഡിമാൻറ് രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല | വസ്തുനികുതി വിവരങ്ങൾ സഞ്ചയ പോർട്ടലിൽ അപ്ഡേറ്റ് ചെയ്യുന്നതുമായി ബന്ധപ്പെട്ട് ചില സാങ്കേതിക പ്രശ്നങ്ങൾ |

| | | |
|---|---|---|
| 15) | | സംഭവിച്ചതിനാൽ 2014-15 ഓഡിറ്റ് കാലയളവിൽ സഞ്ചയ സോഫ്റ്റ് വെയറിൽനിന്നുള്ള ഡിമാൻറ് രജിസ്റ്ററിൻറെ പ്രിൻറൗട്ട് ഹാജരാക്കാൻ സാധിച്ചിരുന്നില്ല. എന്നാൽ പിന്നീട് ഈ പ്രശ്നം പരിഹരിക്കുകയും പ്രിൻറൗട്ട് ലഭ്യമാകുകയും ചെയ്തിട്ടുള്ളതാണ്. വസ്തുനികുതിയുടെ 5% തുകയായ ഗ്രന്ഥശാലാവരി സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം കൃത്യമായി കണക്കാക്കപ്പെടുകയും ആയത് സംസ്ഥാന ലൈബ്രറി കൗൺസിലിലേക്ക് എല്ലാ സാമ്പത്തിക വർഷത്തിലും അടവാക്കി വരുന്നതുമാണെന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്. |
| 2.3 | **കണ്ണപുരം - ഖ. 2.3**<br>വസ്തു നികുതി ഡിമാന്റ് രജിസ്റ്റർ, കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ എന്നിവ തയ്യാറാക്കിയിട്ടില്ല.<br>ആയത് പൂർത്തിയാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. | 2015-16 ൽ വസ്തു നികുതി പരിഷ്കരണ നടപടികൾ പൂർത്തീകരിക്കുകയും ഡിമാന്റ് രജിസ്റ്റർ കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ എന്നിവ തയ്യാറാക്കുകയും എല്ലാ കെട്ടിടങ്ങൾക്കും 2013 ഏപ്രിൽ 1ാം തീയ്യതി പ്രാബല്യത്തിൽ പുതുക്കിയ നികുതിയും കുടിശ്ശിക സഹിതം ഈടാക്കുകയും ചെയ്തിട്ടുണ്ടെന്നും. ആയതിന്റെ ഭാഗമായി ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുകയും കാലികമാക്കി പരിപാലിച്ച് വരുന്നുണ്ടെന്നും തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്. |
| 2.2 | **കാര്യാട് - ഖ. 2.2** | നിലവിൽ ഇടയ്ക്കാട് ഗ്രാമപഞ്ചായത്ത് കണ്ണൂർ കോർപ്പറേഷൻ പരിധിയിലാണ്. ഓഡിറ്റ് പരാമർശ വർഷത്തെ ഡിമാന്റ് രജിസ്റ്ററുകൾ നിലവിൽ കണ്ണൂർ കോർപ്പറേഷന് കാര്യാട് ഗ്രാമപഞ്ചായത്തിൽ നിന്നും ലഭ്യമാക്കിയ രേഖകളുടെ കൂട്ടത്തിൽ നിന്നും കണ്ടെത്തുന്നതിന് കാലതാമസം |

| | | |
|---|---|---|
| | | നേരിട്ടുന്നതായി സർക്കാർ നടത്തിയ അവലോകനയോഗത്തിൽ കോർപ്പറേഷൻ സെക്രട്ടറി അറിയിക്കുകയുണ്ടായി. ആയത് അടിയന്തരമായി കണ്ടെത്തി നടപടി വിശദീകരണ പത്രിക സർക്കാരിനും ബന്ധപ്പെട്ട രേഖകൾ ജില്ലാ ഓഡിററിനും ഹാജരാക്കുവാൻ സർക്കാർ നിർദ്ദേശം നൽകിയിട്ടുള്ള വിവരം ബോധിപ്പിച്ചുകൊള്ളുന്നു. |
| **2.1** | **കോട്ടയം - ഖ. 2.1**<br>2014-15 വർഷത്തെ വസ്തു നികുതി ഈടാക്കുന്നതുമായി ബന്ധപ്പെട്ട രജിസ്റ്ററുകൾ ഒന്നും തന്നെ ഗ്രാമ പഞ്ചായത്തിൽ സൂക്ഷിക്കുകയോ ഓഡിറ്റിന് ഹാജരാക്കുകയോ ചെയ്തിട്ടില്ല. 2014-15 വർഷത്തെ വസ്തു നികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട് സൂക്ഷിക്കേണ്ട എല്ലാ രജിസ്റ്ററുകളും എഴുതി പൂർത്തിയാക്കി, എൻട്രികൾ പൂർണ്ണമാക്കി ഓഡിറ്റിന് ഹാജരാക്കേ്ണ്ടതാണ്. | 2014-15 സാമ്പത്തിക വർഷത്തിൽ മുഴുവൻ വസ്തു നികുതിയും പിരിച്ചെടുത്തിട്ടുണ്ട്. നിലവിലുള്ള മുഴുവൻ കെട്ടിടങ്ങളേയും സഞ്ചയയിൽ ഉൾപ്പെടുത്തുകയും വസ്തു നികുതി ചുമത്തുകയും ചെയ്തിട്ടുണ്ട്. 2013-14, 2014-15 വർഷങ്ങളിൽ വസ്തു നികുതി ഒഴിവാക്കപ്പെട്ട കെട്ടിടങ്ങളുടെ എഴുതി തള്ളൽ സംബന്ധിച്ച ലിസ്റ്റ് സഞ്ചയ സോഫ്റ്റ് വെയറിൽ നിന്നും പ്രിൻറ് എടുത്ത് ഒപ്പ് വച്ച് സൂക്ഷിച്ചിട്ടുണ്ട്. . |
| **2.5** | **കന്നോത്ത് പറമ്പ് - ഖ. 2.5**<br>വസ്തുനികുതി വരവ് റജിസ്റ്ററുകൾ സൂക്ഷിച്ചിട്ടില്ല.<br>ഗ്രാമപഞ്ചായത്ത് 2013-14 ൽ പുതുക്കിയ വസ്തുനികുതി നിർണ്ണയ പ്രകാരം വസ്തുനികുതി നിർണ്ണയിച്ചത് സംബന്ധിച്ച യാതൊരു രേഖകളും ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. ഗ്രാമപഞ്ചായത്തിൻറെ പ്രധാന വരവിനമായ വസ്തുനികുതി സംബന്ധിച്ച റജിസ്റ്ററുകൾ പൂർണ്ണമാക്കേണ്ടതാണ്. | പഞ്ചായത്തിലെ മുഴുവൻ കെട്ടിടങ്ങളുടെയും കൃത്യമായ വിവരശേഖരണം നടത്തി വസ്തു നികുതി പരിഷ്കരിക്കുകയും, സഞ്ചയഡാറ്റാബേസിൽ രേഖപ്പെടുത്തി അംഗീകരിച്ച് 2013- 14 മുതലുള്ള കുടിശ്ശിക ഉൾപ്പെടെ ഈടാക്കി 2018-19 വർഷം മുതൽകുടിശ്ശിക ഇല്ലാതെ 2022-23 വർഷംവരെ 100 ശതമാനം വസ്തുനികുതിപിരിച്ചെടുത്തിട്ടുണ്ടുണ്ടെന്നും തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്. |
| **2.2(2014 -15)** | **മലപ്പട്ടം - ഖ. 2.2,**<br>വസ്തുനികുതി ഡിമാന്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ഓഡിറ്റിന് ഹാജരാക്കിയിട്ടുള്ള 2014-15 വർഷത്തെ ന്യൂബിൽഡിംഗ് | ന്യൂ ബിൽഡിംഗ് രജിസ്റ്റർ പ്രകാരമുള്ള എല്ലാ കെട്ടിടങ്ങളുടെയും നികുതി ഡിമാൻഡ് ചെയ്തിട്ടുണ്ട്. 31/03/2015 ലെ സഞ്ചയ സോഫ്റ്റ്‌വെയർ ഡിമാൻഡ് പ്രകാരമുള്ള വസ്തു നികുതി |

| | | |
|---|---|---|
| | രജിസ്റ്റർ പ്രകാരം മലപ്പട്ടം ഗ്രാമപഞ്ചായത്തിൽ 142 പുതിയ കെട്ടിടങ്ങളുണ്ട്. എന്നാൽ ഡിമാന്റ് രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ മുഴുവൻ കെട്ടിടങ്ങളുടെയും നികുതി ഡിമാന്റ് ചെയ്തിട്ടുണ്ടോയെന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല. സഞ്ചയ സോഫ്റ്റ് വെയറിൽ നിന്നെടുത്ത കമ്പ്യൂട്ടർ പ്രിന്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. | ഡിമാൻഡ് പരിശോധിച്ച് ഉറപ്പ് വരുത്തിയാണ് തൻ വർഷം ധനകാര്യപത്രികയിൽഉൾപ്പെടുത്തിയിട്ടുള്ളത്. സഞ്ചയ സോഫ്റ്റ്‌വെയർ അതാത് വർഷം, ലോക്ക് ചെയ്യാത്തതിനാൽ പ്യൂരിഫിക്കേഷൻ വഴിയും അഡ്വാൻസ് അഡ്ജസ്റ്റ്മെൻറ് ചെയ്തു വരുന്നതിനാലും, മുൻവർഷത്തെ അതേ കണക്ക് പിന്നീട് ജനറേറ്റ് ചെയ്യാൻ സാധിക്കാത്തതിനാൽ ഓഡിറ്റ് മുമ്പാകെ കണക്ക് ബോധ്യപ്പെടുത്താൻ സാധിക്കാതെ വരാറുണ്ടെന്നും തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്. |
| **2.3(2014 -15)** | **മലപ്പട്ടം ഗ്രാമപഞ്ചായത്ത്**<br>വസ്തുനികുതി – കുടിശിശിക ഡിമാന്റ് രജിസ്ററർ എഴുതി സൂക്ഷിച്ചിട്ടില്ല. | സഞ്ചയ സോഫ്റ്റ്‌വെയർ അതാത് വർഷം ലോക്ക് ചെയ്യാത്തതിനാൽ പ്യൂരിഫിക്കേഷൻ വഴിയും അഡ്വാൻസ് അഡ്ജസ്റ്റ്മെൻറ് ചെയ്തു വരുന്നതിനാലും; മുൻവർഷത്തെ അതേ കണക്ക് പിന്നീട് ജനറേറ്റ് ചെയ്യാൻ സാധിക്കാത്തതിനാൽ ഓഡിറ്റ് മുമ്പാകെ കണക്ക് ബോധ്യപ്പെടുത്താൻ സാധിക്കാതെ വരാറുണ്ടെന്നും അക്കൗണ്ടിംഗ് മാർഗ്ഗ നിർദ്ദേശപ്രകാരം തന്നെയാണ് വാർഷിക കണക്കുകൾ തയ്യാറാക്കിയതെന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്. |
| **2.1** | **മങ്ങാട്ടിടം - ഖ. 2.1**<br><br>2014-15 വർഷത്തെ വസ്തുനികുതി ഡിമാൻറ് രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല. ഡിമാൻറ് രജിസ്റ്ററുകൾ തയ്യാറാക്കി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്. | മാങ്ങാട്ടിടം ഗ്രാമപഞ്ചായത്തിലെ മുഴുവൻ കെട്ടിടങ്ങളുടെയും വസ്തു നികുതി സംബന്ധിച്ച രജിസ്റ്ററുകളും രേഖകളും സഞ്ചയ സോഫ്റ്റ് വെയറിലെ നിന്നും പ്രിന്റ് എടുത്ത് സൂക്ഷിച്ചിട്ടുണ്ടെന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്. പ്രസ്തുത രജിസ്റ്ററുകൾ കാലികമാക്കി ഓഡിറ്റിന് ഹാജരാക്കുന്നതിനുള്ള നിർദ്ദേശവും |

| | | |
|---|---|---|
| | | സർക്കാർ പ്രിൻസിപ്പൽ ഡയറക്ടർക്ക് നൽകിയിട്ടുണ്ട്. |
| **2.1** | **മൊകേരി - ഖ. 2.1**<br>2014-15 സാമ്പത്തിക വർഷം വസ്തു നികുതി - അസസ്മെൻറ് രജിസ്റ്റർ, ഡിമാൻറ് രജിസ്റ്റർ, എന്നിവ എഴുതി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ അസസ്മെൻറ് രജിസ്റ്റർ പ്രകാരമുള്ള നികുതി എല്ലാ നികുതിദായകരിൽ നിന്നും ഈടാക്കിയോ എന്നും ഈ ഇനത്തിൽ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടുള്ള തുകകളുടെ കൃത്യതയും പരിശോധിക്കാൻ സാധിച്ചിട്ടില്ല. | 2014-15 .സാമ്പത്തിക വർഷം വസ്തു നികുതി - അസസ്മെൻറ് രജിസ്റ്റർ, ഡിമാൻറ് രജിസ്റ്റർ, എന്നിവ തയ്യാറാക്കി സൂക്ഷിച്ചിട്ടുണ്ടെന്നും<br>ഓഡിറ്റ് അദാലത്തിന് ശേഷം 2014-15 വർഷം തീർപ്പാക്കാൻ ബാക്കിയുള്ള പരാമർശങ്ങളിൽ പ്രസ്തുത പരാമർശം അവശേഷിക്കുന്നില്ലെന്നും തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്. |
| | **നടുവിൽ - ഖ. 2.1**<br>വസ്തു നികുതി പരിഷ്കരണ നടപടികൾക്ക് ആധികാരിക സ്ഥിരീകരണം ഇല്ല.2013-14,2014-15 സാമ്പത്തിക വർഷത്തേക്കുള്ള വസ്തു നികുത് ഡിമാൻറ് രജിസ്റ്റർ ഗ്രാമപഞ്ചായത്ത് തയ്യാറാക്കിയിട്ടില്ല. ആയതിനാൽ വസ്തു നികുതി ഗ്രന്ഥശാല വഴി ഇനത്തിൽ വാർഷിക കണക്കിൽ കാണിച്ചിട്ടുള്ള തുകയുടെ കൃത്യത ഉറപ്പ് വരുത്താൻ സാധിച്ചിട്ടില്ല. | ഗ്രാമ പഞ്ചായത്തിൽ ഡിമാൻറ്,കളക്ഷൻ,ബാലൻസ് സ്റ്റേറ്റ്മെന്റ് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് സമർപ്പിച്ചിട്ടുള്ളതുമാണെന്ന് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്. |
| **3.1** | **പടിയൂർ-കല്യാട് - ഖ.3.1** | റിപ്പോർട്ട് വർഷത്തിൽ വസ്തു നികുതിയുമായി ബന്ധപ്പെട്ട പരാമർശങ്ങൾ ഒന്നും തന്നെ ഇല്ലെന്ന് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്. |
| **2.1** | **പന്ന്യന്നൂർ – ഖ. 2.1**<br>വസ്തുനികുതി ഡിമാൻറ് രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല. | ഓഡിറ്റ് പരാമർശ ലഭ്യമായിതിനെ തുടർന്ന് 2017-18 വർഷം 100 ശതമാനം നികുതി പിരിവും (കുടിശ്ശിക ഉൾപ്പടെ) പൂർത്തീകരിക്കുകയും സഞ്ചയ സോഫ്റ്റ് വെയറിൽ നിന്നും ലഭ്യമായ അസസ്മെൻറ് രജിസ്റ്ററിൻറെ പ്രിൻറൗട്ട് സൂക്ഷിച്ച് |

| | | |
|---|---|---|
| | | വരുന്നതായും പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്. ആയത് ഓഡിറ്റിന് സമർപ്പിക്കുന്നതിനുള്ള നിർദ്ദേശം സർക്കാർ നൽകിയിട്ടുണ്ട്. |
| | **<u>പാനൂർ – ഖ. 2.4</u>**<br>വസ്തുനികുതി . | നിലവിൽ പാനൂർ മുനിസിപ്പാലിറ്റിയായി മാറിയിട്ടുള്ളതും ഓഡിറ്റ് പരാമർശ വർഷത്തെ രജിസ്റ്ററുകൾ കണ്ടെത്ത കണ്ടെത്തുന്നതിന് കാലതാമസം നേരിടുന്നതായി സർക്കാർ നടത്തിയ അവലോകനയോഗത്തിൽ നഗരസഭാ സെക്രട്ടറി അറിയിക്കുകയുണ്ടായി. ആയത് അടിയന്തരമായി കണ്ടെത്തി നടപടി വിശദീകരണ പത്രിക സർക്കാരിനും ബന്ധപ്പെട്ട രേഖകൾ ജില്ലാ ഓഡിററിനും ഹാജരാക്കുവാൻ സർക്കാർ നിർദ്ദേശം നൽകിയിട്ടുള്ള വിവരം ബോധിപ്പിച്ചുകൊള്ളുന്നു. |
| **<u>2-2</u>** | **<u>പാപ്പിനിശ്ശേരി - ഖ. 2.2</u>**<br>വസ്തു നികുതി – കുടിശ്ശിക പിരിച്ചെടുത്തിട്ടില്ല<br>2014-15 സാമ്പത്തിക വർഷം വസ്തു നികുതി ഡിമാൻറ് രജിസ്റ്ററും കുടിശ്ശിക ഡിമാൻറ് രജിസ്റ്ററും ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കിയതിൽ ഗ്രാമപഞ്ചായത്തിൻറെ 2014-15 സാമ്പത്തിക വർഷത്തിൽ കുടിശ്ശികയായി 31,45,341/- രൂപ പിരിച്ചെടുക്കാൻ ബാക്കിയുണ്ട്. വസ്തു നികുതിയിലെ കുടിശ്ശിക പിരിച്ചെടുക്കാൻ ഊർജ്ജിത നടപടി സ്വീകരിക്കേണ്ടതാണ്. കൂടാതെ വസ്തു നികുതി രജിസ്റ്ററും വാർഷിക ധനകാര്യ പത്രികയും തമ്മിൽ വ്യത്യാസം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്..ആയത് വിശദീകരിക്കേണ്ടതാണ്. | ഓഡിറ്റ് പരാമർശം ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് പരാമർശിച്ച തുകയുൾപ്പെടെ മുഴുവൻ തുകയും പിരിച്ചെടുത്ത് 2016-17,2017-18,2018-19 സാമ്പത്തിക വർഷങ്ങളിൽ വസ്തു നികുതി പിരിവിൽ 100 ശതമാനം നേട്ടം കൈവരിക്കുകയും രജിസ്റ്റർ സൂക്ഷിപ്പിലെ അപാകതകൾ പരിഹരിക്കുകയും ചെയ്തിട്ടുണ്ടെന്ന് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്. |

| | | |
|---|---|---|
| 2.1 | **പരിയാരം - ഖ. 2.1**<br>അൺ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നും വസ്തു നികുതി ഈടാക്കിയില്ല. | ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിട്ടുള്ള അൺ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നും ഗ്രാമ പഞ്ചായത്ത് വസ്തു നികുതി ഈടാക്കിയിട്ടുണ്ടെന്ന് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്. |
| 2.1 | **പാട്യം - ഖ. 2.1**<br>വസ്തു നികുതി – അസസ്സ്മെന്റ് രജിസ്റ്റർ, ഡിമാന്റ് രജിസ്റ്റർ എന്നിവ തയ്യാറാക്കിയിട്ടില്ല | നിലവിൽ അസസ്സ്മെന്റ് രജിസ്റ്റർ, ഡിമാന്റ് രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുന്നുണ്ടെന്ന് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്. |
| 2.4 | **പായം - ഖ. 2.4** | സമാഹൃത റിപ്പോർട്ടിൽ പരാമർശിക്കപ്പെട്ട ഖണ്ഡിക, 2014-15 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടില്ലെന്ന് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്. |
| 2.1 | **ശ്രീകണ്ഠപുരം - ഖ. 2.1**<br>താഴെ പറയുന്നവരിൽ നിന്നും വസ്തുനികുതി ഈടാക്കിയിട്ടില്ല കയ്യാർകണ്ടി മുനമ്പത്ത് ആമിന, പന്തലൂർക്കാരൻ പ്രിൻസൺ, ഞാറ്റാൽ പുതിയ പുരയിൽ അബ്ദുൾ സലാം, കാഞ്ഞിരങ്ങാട്ട് സണ്ണി, കരിമറ്റം ജോസ്, മപള്ളീൽ റീന സെബാസ്റ്റ്യൻ, പ്രസിഡൻറ് ശ്രീ.ഇളംമരുമകൻ ക്ഷേത്രം, തൈവളപ്പിൽ മറിയം, പുളിമൂട്ടിൽ മഹേശ്വരൻ, തിടിൽ കുറ്റാട്ട് പ്രസാദ്(ജന്മമാറ്റം നാരായണൻ), വളയത്ത് തോമസ് | ഓഡിറ്റിൽ പരാമർശിച്ചിട്ടുള്ള ശ്രീ.ഇളംമരുമകൻ ക്ഷേത്രം ആരാധനാലയമാണ്. മപള്ളീൽ റീന സെബാസ്റ്റ്യന് 2013-14 മുതൽ വസ്തു നികുതി അടവാക്കുന്നതിന് ഡിമാൻറ് നോട്ടീസ് നൽകിയിട്ടുണ്ട്. വളയത്ത് തോമസ് എന്നയാളുടെ കെട്ടിടം 2013-14 മുതൽ പൊളിച്ചുമാറ്റിയ കെട്ടിടമാണെന്നും പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്. |
| 2.2 | **തില്ലങ്കേരി - ഖ. 2.2**<br>വസ്തുനികുതി -അസ്സസ്സ്മെന്റ് രജിസ്റ്റർ, ഡിമാന്റ് രജിസ്റ്റർ കാലികമാക്കിയിട്ടില്ല | സഞ്ചയ സോഫ്റ്റ്‌വെയർ മുഖേനെയാണ് വസ്തുനികുതി അസ്സസ്സ്മെന്റ് രജിസ്റ്റർ, ഡിമാന്റ് രജിസ്റ്റർ എന്നിവ തയ്യാറാക്കി കാലികമാക്കി സൂക്ഷിച്ചുവരുന്നുണ്ടെന്ന് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്. |

| | | |
|---|---|---|
| | **ഉളിക്കൽ – ഖ. 2.1**<br>വസ്തു നികുതി-ഭീമമായ കുടിശിക പിരിച്ചെടുക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. | ഉളിക്കൽ ഗ്രാമപഞ്ചായത്തിലെ പരാമർശിത വർഷം മുതൽ 2022-23 വരെയുള്ള വസ്തുനികുതി കുടിശ്ശിക കോടതി നടപടികളിൽ ഉള്ളത് ഒഴികെ പൂർണ്ണമായും പിരിച്ചെടുത്തിട്ടുണ്ടെന്ന് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്. |
| | **തൊഴിൽ നികുതി** | |
| **അദ്ധ്യായം-2** | 2014-15 വാർഷിക കണക്കുകൾ ഓഡിറ്റ് ചെയ്ത സ്ഥാപനങ്ങളിൽ അപാകതകൾ റിപ്പോർട്ട് ചെയ്യപ്പെട്ട പഞ്ചായത്തുകളുടെ വിവരം- ഓഡിറ്റ് വർഷം - 2014-15 | |
| 2-1(a) 2014-15 (1) | **ആലക്കോട് ഗ്രാമപഞ്ചായത്ത്** 2.1<br>തൊഴിൽ നികുതി ഈടാക്കിയതിൽ അപാകത_ | തൊഴിൽ നികുതിയുമായി ബന്ധപ്പെട്ട പരാമർശത്തിന്മേലുള്ള മുഴുവൻ തുകയും ഗ്രാമപഞ്ചായത്തിൽ ഒടുക്കിയിട്ടുള്ളതാണെന്നും പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്. |
| 2.1 (2014-15) | **ആറളം - ഖ. 2.1**<br>തൊഴിൽ നികുതി കണക്കാക്കുന്നതിന് വീട്ടുവാടക ബത്ത ഉൾപ്പെടുത്തുന്നു | പരാമർശത്തിലെ അപാകത നിലവിൽ പരിഹരിച്ചിട്ടുള്ളതാണ്. നിലവിൽ തൊഴിൽ നികുതി ഈടാക്കുന്നത് വീട്ടു വാടക ബത്ത ഒഴിവാക്കിയിട്ടുള്ള വരുമാനത്തിനാണ്. |
| 2.5 (2014-15) എ | **അയ്യൻകുന്ന്**<br>തൊഴിൽ നികുതി ഈടാക്കിയതിലെ കുറവ്<br>അയ്യൻകുന്ന് ഗ്രാമപഞ്ചായത്ത് 2013-14, 2014-15 വർഷങ്ങളിലെ തൊഴിൽ നികുതി പരിശോധനയിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു | ഓഡിറ്റിൽ പരാമർശിക്കപ്പെട്ടിട്ടുള്ള തൊഴിൽ നികുതി പഞ്ചായത്ത് ഫണ്ടിലേയ്ക്ക് അടവാക്കിയിട്ടുള്ളതായി തദ്ദേശ സ്വയംഭരണ പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്. ടി സാഹചര്യത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കാവുന്നതാണെന്ന് സമിതി മുമ്പാകെ ബോധിപ്പിച്ചുകൊള്ളുന്നു. |
| 2.5 (ബി) | **പ്രിസംപ്റ്റീവ് പ്രൊഫഷണൽ ടാക്സ് ഈടാക്കിയതിലെ** | All Kerala Private Banks Association and Othes Vs State of |

| | | |
|---|---|---|
| | **കുറവ്.**<br>സർക്കാർഉത്തരവ് നം.ജിഒ(പി)143/2008 തസ്വഭവ 27/5/2008 പ്രകാരവും രണ്ടാം ധനകാര്യ കമ്മീഷന്റെ ശുപാർശ 9(4)പ്രകാരവും സ്വന്തമായി ജോലിചെയ്യുന്ന വ്യക്തികളിൽനിന്നും പ്രിസംപ്റ്റീവ് പ്രൊഫഷണൽ ടാക്സ് നിശ്ചിത നിരക്കിൽഈടാക്കാൻവ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ താഴെ പറയുന്നവരിൽ നിന്നും നികുതി ഈടാക്കിയവരിൽ കുറവ് കാണുന്നു. | Kerala & Others എന്ന കേസിന്റെ വിധിയിൽ ബഹുമാനപ്പെട്ട ഹൈക്കോടതി 27.05.2008 തീയതിയിലെ ജി. ഒ. (പി) 143/2008 ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം നികുതി ഈടാക്കേണ്ടതില്ലെന്നും തൊഴിൽ നികുതി ചട്ടത്തിൽ പറഞ്ഞിരിക്കുന്ന രീതിയിൽ വരുമാനത്തിന്റെ അടിസ്ഥാനത്തിൽ നികുതി ഈടാക്കിയാൽ മതിയെയെന്ന സർക്കാർ നിർദ്ദേശിച്ച രീതിയിൽ വരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് നികുതി നിശ്ചയിച്ച് ഈടാക്കിയിട്ടുള്ളത്. ആയതിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കാവുന്നതാണെന്ന് സമിതി മുമ്പാകെ ബോധിപ്പിച്ചുകൊള്ളുന്നു. |
| **2.8 (2014-15)** | സ്ഥാപന തൊഴിൽ നികുതി സെൽഫ് ഫിനാൻസിംഗ് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നും ഈടാക്കാത്തത് സംബന്ധിച്ച്. 2013-14, 2014-15 വർഷങ്ങളിൽ ഡോൺബോസ്കോ കോളേജ്, അങ്ങാടിക്കടവിൽ നിന്നും സ്ഥാപന തൊഴിൽനികുതി ഈടാക്കിയിട്ടില്ല. തൊഴിൽനികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. | ഓഡിറ്റിൽ പരാമർശിച്ച 2013-14, 2014-15 വർഷങ്ങളിലെ ഡോൺബോസ്കോ കോളേജ്, അങ്ങാടിക്കടവിന്റെ സ്ഥാപന തൊഴിൽ നികുതി 5000/- രൂപ അടവാക്കുകയും വിവരം ഓഡിറ്റ് വകുപ്പിന് അറിയിക്കുകയും ചെയ്തിട്ടുണ്ടെന്ന് പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ടുചെയ്തിട്ടുള്ള വിവരം സമിതി മുമ്പാകെ ബോധിപ്പിക്കുന്നു. |
| <u>ഖ.2.1 (2014-15)</u><br><br><u>2.2</u> | <u>**അഴിക്കോട് ഗ്രാമപഞ്ചായത്ത്**</u><br><u>തൊഴിൽനികുതി ഒടുക്കിയതിൽ കുറവ് വന്നത് സംബന്ധിച്ച്</u><br><u>**തൊഴിൽനികുതി അപാകതകൾ**</u><br><u>തൊഴിൽ നികുതി രജിസ്റ്റർ സൂക്ഷിക്കുന്നില്ല.</u> | ഓഡിറ്റ് പരാമർശത്തിന്റെ അടിസ്ഥാനത്തിൽ ജീവനക്കാരുടെ തൊഴിൽ നികുതിയിനത്തിൽ ആകെ 1050/- രൂപ ഒടുക്കിയിട്ടുണ്ടെന്നും തൊഴിൽ നികുതി ഡിമാൻഡ് രജിസ്റ്റർ നിലവിൽ എഴുതിസൂക്ഷിച്ചു വരുന്നുണ്ടെന്നും. തൊഴിൽ നികുതി അടക്കാൻ ബാധ്യസ്ഥരായ മുഴുവനാളുകൾക്കും ഡിമാൻഡ് നോട്ടീസ് നൽകി തൊഴിൽ നികുതി പിരിച്ചെടുക്കുന്നുണ്ടെന്നും തൊഴിൽനികുതി സംബന്ധിച്ചുള്ള എല്ലാ അപാകതകളും |

| | | |
|---|---|---|
| (2014-15) | | നിലവിൽ പരിഹരിച്ചിട്ടുണ്ടെന്നും പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്. |
| 2.1<br>(2014-15) | **ചപ്പാരപ്പടവ് -**<br>**തൊഴിൽ നികുതി ചുമത്തുന്നതിലെ വീഴ്ചകൾ**<br>1) രജിസ്റ്റർ സൂക്ഷിച്ചതിലെ അപാകതകൾ<br>2013-14, 2014-15 വർഷത്തെ തൊഴിൽ നികുതി ഈടാക്കുന്നതുമായി ബന്ധപ്പെട്ട് ഗ്രാമ പഞ്ചായത്തിന്റെ പരിധിയിൽ വരുന്ന ഓഫീസുകളുടെയും സ്ഥാപനങ്ങളുടെയും പേര് വിവരങ്ങൾ അടങ്ങുന്ന രജിസ്റ്റർ വ്യാപാരികളുടെയും കമ്പനികളുടെയും വിവരങ്ങൾ അടങ്ങിയ രജിസ്റ്റർ പിരിച്ചെടുക്കാൻ ബാക്കിയുള്ള തുക സംബന്ധിച്ച കടിശ്ശിക രജിസ്റ്റർ എന്നിവ ഗ്രാമ പഞ്ചായത്തിൽ എഴുതി സൂക്ഷിച്ചിട്ടില്ല. | ഗ്രാമപഞ്ചായത്ത് പരിധിയിൽ വരുന്ന ഓഫീസുകളുടെയും സ്ഥാപനങ്ങളുടെയും പേരു വിവരങ്ങൾ അടങ്ങിയ രജിസ്റ്റർ കടിശ്ശിക രജിസ്റ്റർ എന്നിവ നിലവിൽ എഴുതി സൂക്ഷിച്ചുവരുന്നതായി തദ്ദേശ സ്വയംഭരണ പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്. |
| 2.1(2) | **തൊഴിൽ നികുതി സ്ഥാപന നികുതി ഈടാക്കുന്നില്ല.**<br>ഗ്രാമ പഞ്ചായത്തിന്റെ പരിധിക്കുള്ളിൽ വരുന്ന ചില സ്ഥാപനങ്ങൾ തൊഴിൽ നികുതി, സ്ഥാപന നികുതി എന്നിവ കൊടുക്കാതിരിക്കുക, വരുമാനം കുറച്ചുകാണിക്കുക എന്നിവ ചെയ്യുന്നതായി ഓഡിറ്റിന് ബോധ്യപ്പെട്ടിട്ടുണ്ട്. | ഓഡിറ്റിൽ പരാമർശിച്ചിട്ടുള്ള ഇർഫാനിയ അറബിക് കോളേജ് എന്ന സ്ഥാപനത്തിൽ വേതനം പറ്റി ജോലി ചെയ്യുന്ന ജീവനക്കാരില്ലാത്തതിനാൽ തുക ഈടാക്കിയിട്ടില്ല എന്നും, എം എച്ച് ഹോസ്പിറ്റൽ, കുവേരി സർവ്വീസ് സഹകരണ ബാങ്ക് ഈവനിംഗ് ബ്രാഞ്ച് എന്നിവയിൽ നിന്ന് യഥാക്രമം 5000/- രൂപ, 3750/- രൂപയും ഈടാക്കിയിട്ടുണ്ടെന്നും, പൂണംകോട് കടവ് കമ്മിറ്റി പ്രവർത്തിക്കാത്തതിനാൽ തൊഴിൽ നികുതി ഈടാക്കിയിട്ടില്ലെന്നും, പി.എം.ജെ.വുഡ് ഇൻഡസ്ട്രീസ് മാർട്ടിൻ ഇൻഡസ്ട്രീസ്, എസ്. എസ്. സ്റ്റോൺക്രഷർ, മായ കോഫി വർക്ക്സ് എന്നിവയിൽ നിന്നും ജീവനക്കാരുടെ വേതനത്തിനനുസരിച്ച് തൊഴില് നികുതി നിലവിൽ ഈടാക്കി വരുന്നതായും, പവർ ഇന്ത്യ എഞ്ചിനീയറിംഗ് കമ്പനി പ്രവർത്തനം നിറുത്തിയതായും പ്രിൻസിപ്പൽ ഡയറക്ടർ |

| | | |
|---|---|---|
| | | സർക്കാരിൽ അറിയിച്ചിട്ടുണ്ട്. |
| 2.1 (2014-15) | **ചേമ്പിലോട് ഗ്രാമപഞ്ചായത്ത്**<br>തൊഴിൽ നികുതി രജിസ്റ്റർ കുറ്റമറ്റ രീതിയിൽ എഴുതി സൂക്ഷിക്കുന്നില്ല. ജീവനക്കാർക്ക് സ്ഥലം മാറ്റം ഉണ്ടാകുമ്പോൾ എന്ന് റിലീവ് ചെയ്യുവെന്നോ ജോയിന്റ് ചെയ്യു എന്നോ രേഖപ്പെടുത്തുന്നില്ല. അതുകൊണ്ട് തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടോ എന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല | തൊഴിൽ നികുതി രജിസ്റ്ററിൽ ജീവനക്കാർർക്ക് സ്ഥലംമാറ്റം ഉണ്ടാകുമ്പോൾ റിലീവ് ചെയ്ത വിവരവും ജോയിൻ ചെയ്ത വിവരവും രേഖപ്പെടുത്തി കാലികമാക്കി സൂക്ഷിക്കുകയും വിവരം ഓഡിറ്റ് അധികാരികളെ രേഖാമൂലം അറിയിക്കുകയും ചെയ്തിട്ടുണ്ടെന്ന് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്. |
| | 2014-15 വർഷത്തിലെ ജീവനക്കാരുടെ ഒന്നാം അർദ്ധ വർഷത്തെ തൊഴിൽ നികുതി രജിസ്റ്ററിൽ എഴുതിയ തുകയും റിട്ടേൺ പ്രകാരം ജീവനക്കാർ സമർപ്പിച്ച തുകയും തമ്മിൽ വ്യത്യാസം കാണുന്നത് സംബന്ധിച്ച്. | റിട്ടേൺ പ്രകാരം ജീവനക്കാർ സമർപ്പിച്ച തുക തൊഴിൽ രജിസ്റ്ററിലേക്ക് പകർത്തുമ്പോൾ വന്ന ക്ലറിക്കൽ പിഴവിന്റെ ഫലമായാണ് രജിസ്റ്ററിലെ തുകയും റിട്ടേണിലെ തുകയും തമ്മിൽ വ്യത്യാസം വന്നിട്ടു ണ്ട് അപാകത പരിഹരിച്ച് രജിസ്റ്റർ കൃത്യമാക്കി ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടുണ്ടെന്ന് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്. |
| 2.1 | **ചെങ്ങളായി ഗ്രാമപഞ്ചായത്ത്- ഖ. 2.1**<br><br>D & O ലൈസൻസ് ഫീസ്- പൊതു അപാകങ്ങൾ | ഓഡിറ്റ് നിർദ്ദേശങ്ങൾ നിലവിൽ പാലിച്ച് വരുന്നുണ്ട്. എല്ലാ അപേക്ഷകളിലും വിറ്റുവരവ് രേഖപ്പെടുത്തി മാത്രമേ ലൈസൻസ് അനുവദിക്കുന്നുള്ളു. മലീനീകരണ നിയന്ത്രണ ബോർഡിന്റെസാക്ഷ്യപത്രം, സാനിറ്റേഷൻ സർട്ടിഫിക്കറ്റ് തുടങ്ങിയവ ആവശ്യമുള്ള പക്ഷം ആയത് ഹാജരാക്കിയതിന് ശേഷം മാത്രമാണ് ലൈസൻസ് അനുവദിച്ച് വരുന്നത്. ചെങ്ങളായി ഗ്രാമപഞ്ചായത്തിലെ എല്ലാ റേഷൻ കടകളിൽ നിന്നും ലൈസൻസ് ഫീസും തൊഴിൽ നികുതിയും നിലവിൽ ഈടാക്കി വരുന്നുണ്ടെന്ന് സ്വയംഭരണ പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്. |

| | | |
|---|---|---|
| 2.2.1 | **ചെറുകുന്ന് ഗ്രാമപഞ്ചായത്ത്**<br>തൊഴിൽ നികുതി അപാകങ്ങൾ-സ്ഥാപന തൊഴിൽനികുതി ഈടാക്കാത്തത്.<br>1) ബി.എസ്.എൻ. എൽ, ചെറുകുന്ന്<br>2) ബട്ടർഫ്ലൈ ഇംഗ്ലീഷ് മീഡിയം സ്കൂൾ, ചെറുകുന്ന് | സ്ഥാപന തൊഴിൽ നികുതി അടക്കുന്നതിൽ നിന്നും ബി.എസ്.എൻ.എൽ ഓഫീസിനെ ഒഴിവാക്കിയിട്ടുണ്ടെന്നും ബട്ടർഫ്ലൈ ഇംഗ്ലീഷ് മീഡിയം സ്കൂളിന്റെ സ്ഥാപന തൊഴിൽനികുതി ഓഡിറ്റ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഒടുക്കിയിട്ടുണ്ടെന്നും സ്വയംഭരണ പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്. . |
| 2.2.(2) | **ചെറുകുന്ന് ഗ്രാമപഞ്ചായത്ത്**<br>തൊഴിൽ നികുതിഈടാക്കിയതിൽകുറവ് വന്നത്. തങ്കമണി എംവി, ഓഫീസ് പ്യൂൺ (ബിഎസ്എൻഎൽ ചെറുകുന്ന്) -ൽ കുറവുവന്ന തുക ബന്ധപ്പെട്ട ജീവനക്കാരിയിൽനിന്നോ അല്ലാത്തപക്ഷം ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നോ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ വരവയ്ക്കേണ്ടതാണ്. | ബിഎസ്എൻഎൽ ഓഫീസിലെ ജീവനക്കാരിയായ ശ്രീമതി.തങ്കമണി എന്നവർ 2013-14, 2014-15 വർഷത്തെ കുറവ് വന്നതൊഴിൽ നികുതി11.06.2017 തീയ്യതിയിൽ അടവാക്കിയിട്ടുണ്ടെന്ന് സ്വയംഭരണ പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്. |
| | **ചെറുകുന്ന് ഗ്രാമപഞ്ചായത്ത്**<br>ജീവനക്കാരുടെ 2014/15 രണ്ടാം അർദ്ധ വർഷത്തെ തൊഴിൽ നികുതി ബന്ധപ്പെട്ട രജിസ്റ്ററിൽ രേഖപ്പെടുത്തിയി ട്ടില്ല. | ചെറുകുന്ന് ഗ്രാമപഞ്ചായത്തിലെ ജീവനക്കാരുടെ 2014-15 രണ്ടാം അർദ്ധ വർഷത്തെ തൊഴിൽ നികുതി ബന്ധപ്പെട്ട രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ടെന്ന് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്. |
| | **ചെറുകുന്ന് ഗ്രാമപഞ്ചായത്ത്**<br>ഫയലിനോടൊപ്പമുള്ള റിട്ടേണുകൾ പൂർണ്ണമല്ല. മുഴുവൻ വിവരങ്ങളും ഉൾപ്പെടുത്തിയ സ്റ്റേറ്റ് മെന്റ് സഹിതം പ്രസ്തുത അർദ്ധവർഷം തൊഴിൽ നികുതി ഒടുക്കിയതുമായി ബന്ധപ്പെട്ട രേഖകൾ പരിശോധനയ്ക്കായി ഹാജരാക്കേണ്ടതാണ്. | റിട്ടേണുകൾ എഴുതി സൂക്ഷിച്ചിട്ടുണ്ട്. ജീവനക്കാരുടെ 2014-15 രണ്ടാം അർദ്ധ വർഷത്തെ തൊഴിൽ നികുതി 03.03..2015 തീയ്യതിയിൽ ഒടുക്കിയിട്ടുണ്ടെന്ന് തദ്ദേശ സ്വയംഭരണ പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്. |
| 2.2.3 | **ചെറുകുന്ന് ഗ്രാമപഞ്ചായത്ത്** | |

| | | |
|---|---|---|
| | കണ്ണൂർ ജില്ല എക്സ് സർവ്വീസ് മെൻ മൾട്ടിപർപ്പസ് കമ്പനി ലിമിറ്റഡ് പ്രസിഡണ്ട് തൊഴിൽ നികുതി അടവാക്കിയിട്ടില്ല. തൊഴിൽ നികുതി അടവാക്കുന്നതിനുള്ള വരുമാന പരിധിയിൽ വരുന്നുണ്ടെങ്കിൽ തൊഴിൽ നികുതി അടവാക്കുന്നതിൽ നിന്നും ഇളവ് അനുവദിച്ചതിന്റെ കാരണം അറിയിക്കുന്നതിനായി നല്കിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി നല്കിയിട്ടില്ല. | കണ്ണൂർ ജില്ല എക്സ് സർവ്വീസ് മെൻ മൾട്ടി പർപ്പസ് കമ്പനി ലിമിറ്റഡിന്റെ സ്ഥാപന നികുതി യും പ്രസിഡണ്ടിന്റെ തൊഴിൽ നികുതിയും ഒടുക്കിയിട്ടുണ്ടെന്ന് തദ്ദേശ സ്വയംഭരണ പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്. |
| **2.2(2014 -2015)** | **ചെറുപുഴ ഗ്രാമപഞ്ചായത്ത് –ഖ. 2.2**<br>**തൊഴിൽ നികുതി അപാകതകൾ**<br>(എ) 2012-13 രണ്ടാം അർദ്ധവർഷം തൊഴിൽ നികുതി ചുമത്തിയ ചില സ്ഥാപനങ്ങൾ 2013-14 ഡിമാന്റിൽ ഉൾപ്പെട്ടിട്ടില്ല.<br>(ബി) സ്ഥാപന തൊഴിൽനികുതി ഈടാക്കിയിട്ടില്ല ടേൺ ഓവറിന്റെ അടിസ്ഥാനത്തിലുള്ള സ്ഥാപന തൊഴിൽനികുതി ഓഡിറ്റ് വർഷങ്ങളിൽ ചില സ്ഥാപനങ്ങളിൽ നിന്നും ഈടാക്കിയിട്ടില്ല.<br>സി.തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ് വന്നത്<br>കൊശമറ്റം ഫിനാൻസ് പ്രൈവറ്റ് ലിമിറ്റഡ് ജീവനക്കാരായ ലിനി മോഹനൻ, സുനിത കെ. വി എന്നിവരുടെ അടിസ്ഥാന ശമ്പളം 6750 രൂപ എന്ന് ചേർത്ത് 6750:6=40500 ന് ആനുപാതികമായ നികുതി (300 രൂപ) ഈടാക്കാതെ 180 രൂപ വിതമാണ് ഈടാക്കിയിട്ടുള്ളത്. കുറവ് വന്ന 240 രൂപ ഈടാക്കേണ്ടതാണ്.<br>ബി.എസ്.എൻ.എൽ, ചെറുപുഴ ജീവനക്കാരനായ വിജയൻ കെ, ടെലകോം മെക്കാനിക്ക് എന്നവരുടെ 2014-15 രണ്ടാം | ഓഡിറ്റിൽ പരാമർശിക്കുന്ന ക്രിസ്റ്റലൈൻ ചെലി സർവീസസ് പ്രൈവറ്റ് ലിമിറ്റഡ്, സ്കൈ ഗോൾഡ് എന്നീ സ്ഥാപനങ്ങൾ എന്നീ സ്ഥാപനങ്ങൾക്ക് എതിരെയുള്ള ഓഡിറ്റ് പരാമർശം ഒഴിവാക്കിയിട്ടുണ്ടെന്നും, മറ്റ് സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കാനുണ്ടായിരുന്ന ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെന്നും തിയറ്ററിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കുന്നുണ്ടെന്നും ഓഡിറ്റോറിയങ്ങൾ വിവിധ സംഘടനകളുടെയും പള്ളി, അമ്പലം എന്നിവയുടെയും കീഴിലുള്ളതാണെന്നും ഇൻറസ്റ്റ് മാർക്കറ്റിംഗ് & ഫിനാൻസ് ഓഡിറ്റ് വർഷം പ്രവർത്തിച്ചിരുന്നില്ലെന്നും കൊശമറ്റം ഫിനാൻസ്, ബി.എസ്.എൻ.എൽ എന്നീ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഇനത്തിൽ കുറവുവന്ന തുകയും ഗ്രാമപഞ്ചായതത് ജീവനക്കാരുടെ തൊഴിൽ നികുതിയിൽ കുറവ് വന്ന തുകയും കരാറുകാരിൽ നിന്ന് തൊഴിൽ നികുതിയും ഈടാക്കിയിട്ടുണ്ടെന്നും തദ്ദേശ സ്വയംഭരണ പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്. |

| | | |
|---|---|---|
| | അർദ്ധവർഷത്തെ വരുമാനം 174282 രൂപയാണെങ്കിലും തൊഴിൽ നികുതി ഇനത്തിൽ 1000 രൂപ മാത്രമാണ് ഈടാക്കിയത് കുറവുവന്ന 250 രൂപ ഈടാക്കി വരവുവയ്ക്കേണ്ടതാണ്.<br>ഗ്രാമപഞ്ചായതത് ജീവനക്കാരുടെ സറണ്ടർ, കടിശ്ശിക ഡി എ, ഉത്സവബത്ത തുടങ്ങിയ വരവിനങ്ങൾ സ്റ്റേറ്റ്മെൻറിൽ ഉൾപ്പെടുത്തിയിട്ടില്ല,<br>ഓഡിറ്റ് വർഷങ്ങളിൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിച്ചുവരുന്ന തീയറ്ററുകൾ ഓഡിറ്റോറിയങ്ങൾ ,ഡ്രൈവിംഗ് സ്കൂളുകൾ തുടങ്ങിയ സ്ഥാപനങ്ങളിൽ നിന്ന് തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. | |
| 2.4 | ചെറുതാഴം - ഖ. 2.4, 2.5, 2.7, 2.9<br>ചെറുതാഴം സർവ്വീസ് സഹകരണ ബാങ്കിലെ ചില ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.<br>ക്ഷീര വ്യവസായ സംഘത്തിലെ ജീവനക്കാരനിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. | ഓഡിറ്റിൽ പരാമർശിക്കുന്ന ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിന്റെ ഭാഗമായി ചെറുതാഴം സർവ്വീസ് സഹകരണ ബാങ്ക് സെക്രട്ടറി 4500/- രൂപ അടവാക്കിയിട്ടുണ്ട്.<br>ക്ഷീരവ്യവസായ സംഘത്തിലെ ജീവനക്കാരൻ കെ വി ദിവാകരൻ 2014 ഒക്ടോബർ മുതൽ നവംബർ മാസം വരെ മാത്രമേ ജോലിയിൽ ഉണ്ടായിരുന്നുള്ളൂ എന്നതിന്റെ അടിസ്ഥാനത്തിൽ തൊഴിൽ നികുതി ഈടാക്കിയിട്ടില്ലെന്നും തദ്ദേശ സ്വയംഭരണ പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്. |
| 2.5 | താഴെ ചേർത്ത സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി അടച്ചിട്ടില്ല.<br>1.നീതി കൺസ്യൂമർ സ്റ്റോർ - 2014-15(രണ്ടാം അർദ്ധവർഷ).<br>2..ഡിവിഷണൽ മാനേജർ, ന്യൂ ഇന്ത്യ അഷ്വറൻസ് കമ്പനി (2014-15 ഒന്നും രണ്ടും അർദ്ധവർഷം) | ഓഡിറ്റ് നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത സ്ഥാപനത്തിൽ നിന്നും നികുതി അടയ്ക്കണമെന്ന് ആവശ്യപ്പെട്ട് കത്ത് നൽകിയിട്ടുണ്ടെന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുള്ള വിവരം തദ്ദേശ സ്വയംഭരണ പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്. |

| | | |
|---|---|---|
| 2.7 | ഗ്രാമപഞ്ചായത്ത് പരിധിയിൽ **ജോലി**ചെയ്യുന്ന 18 ജീവനക്കാരിൽ **നിന്നും തൊഴിൽ നികുതി** ഈടാക്കിയിട്ടില്ല. | ഓഡിറ്റ് പരാമർശിക്കുന്ന 18 ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെന്ന് തദ്ദേശ സ്വയംഭരണ പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്. |
| | രജിസ്റ്ററിൽ ജീവനക്കാരുടെ പേര് വിവരം, വരുമാനം എന്നിവ ചേർത്തില്ല<br>**2-5 ഇ (d)**<br>2014-15 ഒന്നാം അർദ്ധവർഷം മഞ്ജുള ബോസ് അക്കൌണ്ടന്റ് എന്നവരുടെ തൊഴിൽ നികുതി രജിസ്റ്ററിൽ ചേർത്തില്ല<br>**2-5 ഇ (e)**<br>രണ്ടു വർഷത്തെ റിട്ടേണുകളിലും ജീവനക്കാരുടെ ബോണസ്/ ഉത്സവബത്ത, ലീവ് സറണ്ടർ എന്നിവ ഉൾപ്പെടുത്തിയതായി കാണുന്നില്ല.<br>**2-5 ഇ (f)**<br>എൽ എസ് ജി ഡി ജീവനക്കാരുടെ നികുതി ഒടുക്കിയതിന്റെ വിശദാംശങ്ങൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല<br>**2-5 ഇ (g)**<br>ക്ഷാമബത്ത കുടിശ്ശിക, ലീവ് സറണ്ടർ വരുമാനം റിട്ടേണിൽ കാണിക്കാത്തത് സംബന്ധിച്ച്.<br>**2-5 (h) 1 - 2-5 (h) 15**<br>ഡി &ഒ രജിസ്റ്റർ പ്രകാരം ലൈസൻസ് എടുത്ത് പ്രവർത്തിക്കുന്ന ചില സ്ഥാപനങ്ങൾ സ്ഥാപന രജിസ്റ്ററിൽ ഉൾപ്പെട്ടതായോ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതായോ കാണുന്നില്ല എന്നത് സംബന്ധിച്ച്.<br>**2-5 (ഐ)**<br>തൊഴിൽ നികുതി – സി ബി എസ് സി സ്കൂളുകൾ യഥാർത്ഥ വരുമാനം രേഖപ്പെടുത്തുന്നില്ല എന്നത് സംബന്ധിച്ച്. | 2-5 ഇ (b) അപാകത പരിഹരിച്ച ഫയലിൽ സൂക്ഷിച്ചിട്ടുണ്ടെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.<br><br>2-5 ഇ (c)<br>തൊഴിൽ നികുതി രജിസ്റ്ററിൽ ജീവനക്കാരുടെ പേര് വിവരം, വരുമാനം എന്നിവ ചേർത്തിട്ടുണ്ട്<br><br>2-5 ഇ (d<br>മഞ്ജുള ബോസ്,അക്കൗണ്ടന്റ് എന്നവരുടെ വരുമാനം രജിസ്റ്ററിൽ ചേർത്തിട്ടുണ്ട് . ആയതിനാൽ ഓഡിറ്റ് പരാമർശമൊഴിവാക്കിത്തരുവാൻ അപേക്ഷിക്കുന്നു<br>2-5 ഇ (e)<br>ന്യൂമാഹി ഗ്രാമപഞ്ചായത്ത് ജീവനക്കാരിൽ നിന്നും ജീവനക്കാരുടെ ബോണസ്/ ഉത്സവബത്ത, ലീവ് സറണ്ടർ എന്നിവ ഉൾപ്പെടുത്തി കൃത്യമായി തൊഴിൽ നികുതി പിരിച്ചെടുക്കുകയും ആയത് രജിസ്റ്ററിൽ രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.<br><br>2-5 ഇ (f)<br><br>എൽ.എസ്. ജി.ഡി ജീവനക്കാരിൽ നിന്നും 2013-14, 2014-15 വർഷങ്ങളിൽ തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ട്.<br><br>2-5 ഇ (g) |

ക്ഷാമബത്ത കുടിശ്ശിക ,ലീവ് സറണ്ടർ വരുമാനം എന്നിവ റിട്ടേണിൽ കാണിക്കുന്നുണ്ട്

2-5 (h) 1 – 2-5(h) 15

ഓഡിറ്റിൽ പരാമർശിച്ചിട്ടുള്ള തുക അടവാക്കിയിട്ടുണ്ട്

2-5 (ഐ)

സി ബി എസ് സി സ്കൂളുകൾ ജീവനക്കാർക്ക് നല്കിയ ശമ്പളത്തിനാനുപാതികമായി ഗ്രാമപഞ്ചായത്ത് തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ട്.

തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ ലഭ്യമാക്കിയിട്ടുള്ള ടി വിവരങ്ങൾ ബഹു സമിതി മുമ്പാകെ ബോധിപ്പിക്കുന്നു.

2.1 (2014-15)

**പടിയൂർ കല്ല്യാട്ട്**

**തൊഴിൽ നികുതി -അപാകതകൾ**

**എ)** സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

1

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് |
|---|---|
| 1 | സിഗ് ബ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ് സ്റ്റഡീസ് |
| 2 | മാവേലി സ്റ്റോർ, പടിയൂർ |
| 3 | മാവേലി സ്റ്റോർ,ബ്ലാത്തൂർ |

എ)

1.സിഗ് ബ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ് സ്റ്റഡീസ് – 2014-15 ലെ സ്ഥാപന തൊഴിൽ നികുതി 2500 രൂപ യും മാവേലി സ്റ്റോർ, പടിയൂരിന്റെ 2014-15 ലെ സ്ഥാപന തൊഴിൽ നികുതി 2500 രൂപയും മാവേലി സ്റ്റോർ ബ്ലാത്തൂരിന്റെ 2014-15 ലെ സ്ഥാപന തൊഴിൽ നികുതി 2500 രൂപ ഈടാക്കിയിട്ടുണ്ട്.

ബി)

പടിയൂർ മാവേലി സ്റ്റോറിൽ 2014-15 ഒന്നാം അർദ്ധ വർഷത്തിൽ മതിയായ കാലയളവിൽ ജോലി ചെയ്ത

| | | |
|---|---|---|
| | പ്രസ്തുത സ്ഥാപനങ്ങളിൽ വിറ്റുവരവിന്റെ അടിസ്ഥാനത്തിലുള്ള സ്ഥാപന തൊഴിൽ നികുതി ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ വരവ് വെക്കേണ്ടതാണ്.<br>**ബി)** <u>തൊഴിൽ നികുതി ഈടാക്കിയിട്ടില്ല</u><br>2014-15 ഒന്നാം അർദ്ധ വർഷത്തിൽ മാവേലി സ്റ്റോർ, പടിയൂരിൽ നിന്ന് ഷിജിമോൾ എം വി എന്നവരുടെ തൊഴിൽ നികുതി മാത്രമാണ് ഈടാക്കിയിട്ടുള്ളത് എന്നാൽ രണ്ടാം അർദ്ധവർഷത്തെ തൊഴിൽ നികുതി സ്ഥാപനത്തിലെ ജീവനക്കാർ ആരിൽ നിന്നും തന്നെ ഈടാക്കിയതായി കാണുന്നില്ല. സ്ഥാപനത്തിലെ ജീവനക്കാരുടെ 2014-15 രണ്ടാം അർദ്ധ വർഷത്തെ തൊഴിൽ നികുതി ഈടാക്കാത്തത് പരിശോധിച്ച് അനന്തര നടപടികൾ സ്വീകരിക്കേണ്ടതാണ്.<br>**സി)** ഗ്രാമപഞ്ചായത്ത് അതിർത്തിക്കുള്ളിൽ 60 ദിവസത്തിൽ കൂടുതൽ ജോലി ചെയ്ത ശാരി പി സി , സിഗ് ബ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ് സ്റ്റഡീസ് നിന്നും തൊഴിൽ നികുതി ഈടാക്കിയില്ല. | ജീവനക്കാർ ഇല്ലാതിരുന്നതിനാലാണ് തൊഴിൽ നികുതി ഈടാക്കാതിരുന്നത്. ശ്രീമതി. ഷിജിമോൾ എം.വി എന്നവരുടെ തൊഴിൽ നികുതി ഒന്നാം അദ്ധ വർഷം എന്ന് പിഴവായി രേഖപ്പെട്ടുത്തപ്പെട്ടതാണെന്നും ആയത് രണ്ടാം അർദ്ധ വർഷത്തേതാണെന്നും ബോധിപ്പിക്കുന്നു.<br>**സി)** ശ്രീമതി.ശാരി പി സി 2014-15 ഒന്നാം അർദ്ധ വർഷം തൊഴിൽ നികുതി ഈടാക്കുന്നതിലേക്ക് മതിയായ വേതനം ലഭ്യമായിരുന്നില്ല. ഏപ്രിൽ-മെയ് മാസങ്ങളിൽ വെക്കേഷൻ കാലയളവിൽ അവർക്ക് ശമ്പളം ഇല്ലായിരുന്നു.<br>തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ ലഭ്യമാക്കിയിട്ടുള്ള ടി വിവരങ്ങൾ ബഹു സമിതി മുമ്പാകെ ബോധിപ്പിക്കുന്നു. |
| <u>2.3</u> | <u>**വള്ളിക്കുന്ന്- ഖ. 2.3**</u> | നിലവിൽ കണ്ണൂർ മുനിസിപ്പാലിറ്റി പരിധിയിലാണ്. ഓഡിറ്റ് പരാമർശ വർഷത്തെ ഡിമാന്റ് രജിസ്റ്ററുകൾ നിലവിൽ കണ്ണൂർ മുനിസിപ്പാലിറ്റിയിൽ നിന്നും ലഭ്യമാക്കിയ രേഖകളുടെ കൂട്ടത്തിൽ നിന്നും കണ്ടെത്തുന്നതിന് കാലതാമസം നേരിട്ടുന്നതായി സർക്കാർ നടത്തിയ അവലോകനയോഗത്തിൽ നഗരസഭ സെക്രട്ടറി അറിയിക്കുകയുണ്ടായി. ആയത് അടിയന്തരമായി കണ്ടെത്തി നടപടി വിശദീകരണ പത്രിക സർക്കാരിനും |

| | | |
|---|---|---|
| | | ബന്ധപ്പെട്ട രേഖകൾ ജില്ലാ ഓഡിററിനും ഹാജരാക്കുവാൻ സർക്കാർ നിർദ്ദേശം നൽകിയിട്ടുള്ള വിവരം ബോധിപ്പിച്ചുകൊള്ളുന്നു. |
| 2.2 (2014-15) | **<u>പന്ന്യന്നൂർ</u>**<br><u>സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല</u> | ഓഡിറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥാപനങ്ങളുടെ വിറ്റുവരവിന്റെ അടിസ്ഥാനത്തിൽ തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ റിപ്പോർട്ട് ചെയ്തിട്ടുള്ള വിവരം ബഹു സമിതി മുമ്പാകെ ബോധിപ്പിക്കുന്നു. |
| <u>2.5</u> | **<u>പാനൂർ –ഖ. 2.5</u>** | നിലവിൽ പാനൂർ മുനിസിപ്പാലിറ്റിയായി മാറിയിട്ടുള്ളതും ഓഡിറ്റ് പരാമർശ വർഷത്തെ രജിസ്റ്ററുകൾ കണ്ടെത കണ്ടെത്തുന്നതിന് കാലതാമസം നേരിടുന്നതായി സർക്കാർ നടത്തിയ അവലോകനയോഗത്തിൽ നഗരസഭാ സെക്രട്ടറി അറിയിക്കുകയുണ്ടായി. ആയത് അടിയന്തരമായി കണ്ടെത്തി നടപടി വിശദീകരണ പത്രിക സർക്കാരിനും ബന്ധപ്പെട്ട രേഖകൾ ജില്ലാ ഓഡിററിനും ഹാജരാക്കുവാൻ സർക്കാർ നിർദ്ദേശം നൽകിയിട്ടുള്ള വിവരം ബോധിപ്പിച്ചുകൊള്ളുന്നു. |
| <u>2.1</u> | **<u>പാപ്പിനിശ്ശേരി - ഖ. 2.1</u>**<br>2014-15 വർഷത്തെ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ ഖണ്ഡിക 2-1 (വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ) കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. | ഓഡിറ്റിൽ നിരീക്ഷിച്ച തുക ചുവടെ കാണിച്ചിരിക്കുന്നതിൽ പ്രകാരം ഒടുക്കിയിട്ടുണ്ട്.<br>ദിലീപ് പി- ഒന്നാം അർദ്ധവർഷത്തൽ തുകകളൊന്നും നൽകിയിട്ടില്ല രണ്ടാം അർദ്ധ വർഷം – 120 രൂപ<br>**ഹംസ കെ-** ഒന്നാം അർദ്ധവർഷം -300 രൂപ , രണ്ടാം അർ-ദ്ധവർഷത്തിൽ തുകകളൊന്നും നൽകിയിട്ടില്ല<br>**ശശിധരൻ സി** – 2014-15 വർഷം - പ്രവൃത്തി ഏറ്റെടുത്തിട്ടില്ല.<br>തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ |

| | | |
|---|---|---|
| | | സർക്കാരിൽ റിപ്പോർട്ട് ചെയ്തിട്ടുള്ള ടി വിവരം ബഹു സമിതി മുമ്പാകെ ബോധിപ്പിക്കുന്നു. |
| 2.2 | **പരിയാരം - ഖ. 2.2**<br><br>**തൊഴിൽ നികുതി അപാകതകൾ**<br>പഞ്ചായത്ത് പരിധിയിൽ ജോലി ചെയ്യുന്ന ചില ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. | ഓഡിറ്റിൽ പരാമർശിക്കുന്ന ചില ജീവനക്കാർ പരിയാരം പഞ്ചായത്ത് പരിധിയില്ലുള്ള ഓഫീസുകളിൽ നിന്നു സ്ഥലം മാറുകയും അവർ ബന്ധപ്പെട്ട തദ്ദേശ സ്ഥാപനങ്ങളിൽ തൊഴിൽ നികുതി അടച്ചിട്ടുണ്ടെന്നും തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇതു സംബന്ധിച്ച് വിശദവിവരം ഓഡിറ്റിനെ ബോധ്യപ്പെടുത്തുന്നതിനുള്ള നിർദ്ദേശം പ്രിൻസിപ്പൽ ഡയറക്ടർക്ക് നൽകിയിട്ടുണ്ട്. |
| 2.1 | **പട്ടുവം - ഖ. 2.1**<br>താഴെ കൊടുത്തിരിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന നികുതി ഈടാക്കിയിട്ടില്ല<br>1) പയ്യന്നൂർ ഖാദി സെന്റർ, പയ്യന്നൂർ 2013-14 1 & IInd Half, 2014-15 1 & IInd Half<br>2) ബിഎസ്എൻഎൽ കണ്ണൂർ 2013-14 1 & IInd Half, 2014-15 1 & IInd Half<br>3) സീൻവുഡ് ഇൻഡസ്ട്രീസ് പട്ടുവം, 2013-14 1 & IInd Half | 1) പയ്യന്നൂർ ഖാദി സെന്റർ, പയ്യന്നൂർ എന്ന സ്ഥാപനത്തിൽ സ്ഥിരമായി ജോലിക്കാരില്ലാത്തതും ഉല്പാദനത്തിനനുസരിച്ച് ജോലിക്കാരെ ദിവസ വേതനത്തിന് നിയമിക്കുകയുമാണ് ചെയ്യുന്നത്.<br>2 ) ബി.എസ്.എൻ.എൽ സ്ഥാപന തൊഴിൽ നികുതി അടവാക്കുന്നതുമായി ബന്ധപ്പെട്ട് HC/SC കേസ് നിലനില്ക്കുന്നതിനാൽ ഒരു തസ്വദ സ്ഥാപനങ്ങൾക്കും നികുതി ഈടാക്കുന്നതിന് കഴിഞ്ഞിട്ടില്ലാത്തതാണ്.<br>3 ) സീൽ വുഡ് ഇൻഡസ്ട്രീസ് എന്ന സ്ഥാപനത്തിന്റെ 2013-14 സാമ്പത്തിക വർഷത്തിലെ I & II അർദ്ധ വർഷങ്ങളിലെ തൊഴിൽ നികുതി 30.08.2013-ൽ അടവാക്കിയിട്ടുള്ളതാണ്.<br>തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ റിപ്പോർട്ട് ചെയ്തിട്ടുള്ള ടി വിവരം ബഹു സമിതി മുമ്പാകെ ബോധിപ്പിക്കുന്നു. |

| | | |
|---|---|---|
| 2.1 (I) (2014-1) | <u>പായം - ഖ. 2.1</u><br>**തൊഴിൽ നികുതി പിരിവ് അപാകങ്ങൾ**<br>ചില ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല. | ഓഡിറ്റിൽ പരാമർശിക്കുന്ന ചില ജീവനക്കാർ പായം പഞ്ചായത്തിലും സ്ഥലം മാറിയ ജീവനക്കാർ ബന്ധപ്പെട്ട തദ്ദേശ സ്ഥാപനങ്ങളിലും തൊഴിൽ നികുതി അടച്ചിട്ടുണ്ടെന്നും തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇതു സംബന്ധിച്ച് വിശദവിവരം ഓഡിറ്റിനെ ബോധ്യപ്പെടുത്തുന്നതിനുള്ള നിർദ്ദേശം പ്രിൻസിപ്പൽ ഡയറക്ടർക്ക് നൽകിയിട്ടുണ്ട്. |
| 2.1 (II) 2014-15 | <u>പായം - ഖ. 2.1</u><br>പായം ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ചില സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന നികുതി ഈടാക്കിയതായി കാണുന്നില്ല. | 1) ഓഡിറ്റിൽ പരാമർശിച്ചിട്ടുള്ളതിൽ മണൽ വാരൽ തൊഴിലാളികളെ സംബന്ധിച്ച് തുടർച്ചയായി തൊഴിൽ കിട്ടാത്ത സാഹചര്യത്തിൽ തൊഴിൽ നികുതി അടവാക്കിയിരുന്നില്ല.<br>2) മൾട്ടി സ്പെഷ്യാലിറ്റി ഡെന്റൽ ക്ലിനിക് വള്ളിത്തോട് ഹോസ്പിറ്റൽ സ്ഥാപനം 2012-13 വരെ മാത്രമേ പ്രവർത്തിച്ചിട്ടുള്ളൂ.<br>3) പരാമർശിച്ചിട്ടുള്ള മറ്റ് സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരിൽ നിന്നും നികുതി ഈടാക്കിയിട്ടുണ്ടെന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇതു സംബന്ധിച്ച് വിശദവിവരം ഓഡിറ്റിനെ ബോധ്യപ്പെടുത്തുന്നതിനുള്ള നിർദ്ദേശം പ്രിൻസിപ്പൽ ഡയറക്ടർക്ക് നൽകിയിട്ടുണ്ട്. |
| 2.3 (2014-15) | <u>പയ്യാവൂർ –ഖ. 2.3, 2.4</u><br>60 ദിവസത്തിൽ കൂടുതൽ ജോലി ചെയ്തിട്ടും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. ഇത്തരം അവസരങ്ങളിൽ അവർ ജോലിചെയ്ത കാലയളവിനനുസൃതമായി നികുതി | ഓഡിറ്റിൽ പരാമർശിക്കുന്ന സ്ഥലം മാറിയ ജീവനക്കാർ ബന്ധപ്പെട്ട തദ്ദേശ സ്ഥാപനങ്ങളിൽ തൊഴിൽ നികുതി അടച്ചിട്ടുണ്ടെന്നും തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇതു |

| | | |
|---|---|---|
| | ഈടാക്കാനും അവർ സ്ഥലം മാറിപ്പോയ പഞ്ചായത്തിൽ നികുതി അടച്ചിട്ടുണ്ടെങ്കിൽ ആയത് ലഭ്യമാക്കാനും വേണ്ട നടപടികൾ സ്വീകരിക്കേണ്ടതുമാണ്. | സംബന്ധിച്ച് വിശദവിവരം ഓഡിറ്റിനെ ബോധ്യപ്പെടുത്തുന്നതിനുള്ള നിർദ്ദേശം പ്രിൻസിപ്പൽ ഡയറക്ടർക്ക് നൽകിയിട്ടുണ്ട് |
| 2.4 (2014-15) | **<u>പയ്യാവൂർ</u>**<br>സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.<br>1) സേക്രട്ട് ഹാർട്ട് എച്ച് എസ് എസ് (Un Aided)<br>2) കള്ള് ഷാപ്പ് കന്നത്തൂർ, പൊന്നുംപറമ്പ് , പൈസക്കരി, പാറക്കടവ്,<br>3) മഴപ്പേൽ എന്റർപ്രൈസസ് | 1) സേക്രട്ട് ഹാർട്ട് എച്ച് എസ് എസ് പയ്യാവൂർ 2012-13 വർഷം മുതൽ എയ്ഡഡ് സ്കൂളായി അംഗീകാരം ലഭിച്ചിട്ടുണ്ട്. മറ്റ് സ്ഥാപനങ്ങളുടെ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെന്നും തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| <u>2.3</u> | **<u>പേരാവൂർ 2.3</u>**<br>പേരാവൂർ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ചില സ്ഥാപനങ്ങളിൽനിന്നും സ്ഥാപന നികുതിയും ചില സ്ഥാപനങ്ങളിൽനിന്നും ജീവനക്കാരുടെ തൊഴിൽ നികുതിയും ഈടാക്കിയതായി കാണുന്നില്ല. | ഓഡിറ്റിൽ പരാമർശിച്ചിട്ടുള്ള ത്രീ സ്റ്റാർ ചിറ്റ്സ്, പേരാവൂർ, അൽ ഫലാഹ് സെൻട്രൽ സ്കൂൾ, മുരിങ്ങോടി എന്നീ സ്ഥാപനങ്ങൾ കുറഞ്ഞ ദിവസങ്ങൾ മാത്രമേ പ്രവർത്തിച്ചിരുന്നുള്ളൂ എന്നതിനാലാണ് നികുതി ഈടാക്കാതിരുന്നതെന്നും മറ്റ് സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന നികുതിയും ജീവനക്കാരുടെ തൊഴിൽ നികുതിയും ഈടാക്കിയിട്ടുള്ളതായും തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇതു സംബന്ധിച്ച് വിശദവിവരം ഓഡിറ്റിനെ ബോധ്യപ്പെടുത്തുന്നതിനുള്ള നിർദ്ദേശം പ്രിൻസിപ്പൽ ഡയറക്ടർക്ക് നൽകിയിട്ടുണ്ട് |
| <u>2.4(2014-15)</u> | **<u>പേരാവൂർ</u>**<br>ചില ജീവനക്കാർ ഒന്നാം അർദ്ധവർഷത്തിൽ തൊഴിൽ നികുതി അടക്കുകയും രണ്ടാം അർദ്ധവർഷത്തിൽ കാരണമൊന്നും രേഖപ്പെടുത്താതെ തൊഴിൽ നികുതി | ഓഡിറ്റിൽ പരാമർശിക്കുന്ന സ്ഥലം മാറിയ ജീവനക്കാർ ബന്ധപ്പെട്ട തദ്ദേശ സ്ഥാപനങ്ങളിൽ തൊഴിൽ നികുതി അടച്ചിട്ടുണ്ടെന്നും തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇതു |

| | | |
|---|---|---|
| | അടക്കാതിരിക്കുകയും ചെയ്തിട്ടുണ്ട്. | സംബന്ധിച്ച് വിശദവിവരം ഓഡിറ്റിനെ ബോധ്യപ്പെടുത്തുന്നതിനുള്ള നിർദ്ദേശം പ്രിൻസിപ്പൽ ഡയറക്ടർക്ക് നൽകിയിട്ടുണ്ട്. |
| | **<u>പെരിങ്ങളം - ഖ. 2.1</u>** | നിലവിൽ പെരിങ്ങളം മുനിസിപ്പാലിറ്റിയായി മാറിയിട്ടുള്ളതും ഓഡിറ്റ് പരാമർശ വർഷത്തെ രജിസ്റ്ററുകൾ കണ്ടെത കണ്ടെത്തുന്നതിന് കാലതാമസം നേരിടുന്നതായി സർക്കാർ നടത്തിയ അവലോകനയോഗത്തിൽ നഗരസഭാ സെക്രട്ടറി അറിയിക്കുകയുണ്ടായി. ആയത് അടിയന്തരമായി കണ്ടെത്തി നടപടി വിശദീകരണ പത്രിക സർക്കാരിനും ബന്ധപ്പെട്ട രേഖകൾ ജില്ലാ ഓഡിററിനും ഹാജരാക്കുവാൻ സർക്കാർ നിർദ്ദേശം നൽകിയിട്ടുള്ള വിവരം ബോധിപ്പിച്ചുകൊള്ളുന്നു. |
| | **<u>പുഴാതി - ഖ. 2.3</u>** | നിലവിൽ കണ്ണൂർ മുനിസിപ്പാലിറ്റി പരിധിയിലാണ്. ഓഡിറ്റ് പരാമർശ വർഷത്തെ ഡിമാന്റ് രജിസ്റ്ററുകൾ നിലവിൽ കണ്ണൂർ മുനിസിപ്പാലിറ്റിയിൽ നിന്നും ലഭ്യമാക്കിയ രേഖകളുടെ കൂട്ടത്തിൽ നിന്നും കണ്ടെത്തുന്നതിന് കാലതാമസം നേരിടുന്നതായി സർക്കാർ നടത്തിയ അവലോകനയോഗത്തിൽ നഗരസഭ സെക്രട്ടറി അറിയിക്കുകയുണ്ടായി. ആയത് അടിയന്തരമായി കണ്ടെത്തി നടപടി വിശദീകരണ പത്രിക സർക്കാരിനും ബന്ധപ്പെട്ട രേഖകൾ ജില്ലാ ഓഡിററിനും ഹാജരാക്കുവാൻ സർക്കാർ നിർദ്ദേശം നൽകിയിട്ടുള്ള വിവരം ബോധിപ്പിച്ചുകൊള്ളുന്നു. |
| <u>2.1</u> | **<u>രാമന്തളി - ഖ. 2.1</u>**<br>സ്ഥാപന നികുതി ഒടുക്കുവാൻ ബാക്കിയുള്ള സ്ഥാപനങ്ങളിൽ നിന്നും നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്. | ഓഡിറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥാപനങ്ങളിൽ നിന്നും നികുതി ഈടാക്കിയിട്ടുണ്ടെന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |

| | | |
|---|---|---|
| | | ഇതു സംബന്ധിച്ച് വിശദവിവരം ഓഡിറ്റിനെ ബോധ്യപ്പെടുത്തുന്നതിനുള്ള നിർദ്ദേശം പ്രിൻസിപ്പൽ ഡയറക്ടർക്ക് നൽകിയിട്ടുണ്ട് |
| 2.2 | **ശ്രീകണ്ഠപുരം - ഖ. 2.2**<br>**12-2-2 (സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.)** | സ്ഥാപന മേധാവി സാക്ഷ്യപ്പെടുത്തി സമർപ്പിച്ച റിട്ടേണിന്റെ അടിസ്ഥാനത്തിലാണ് തൊഴിൽ നികുതി ഈടാക്കിയിരുന്നതെന്നും ഓഡിറ്റ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കുറവുവന്ന തുക അടവാക്കുന്നതിന് സ്ഥാപന മേധാവികൾക്ക് നോട്ടീസ് നൽകിയിട്ടുണ്ടെന്നും പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്. |
| 2.1.1 (2014-15) | **തൃപ്പങ്ങോട്ടൂർ –ഖ. 2.1**<br>തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. കടവത്തൂർ സർവ്വീസ് സഹകരണ ബാങ്ക് ജീവനക്കാരായ സജിതകുമാരി, സിജിൻ എ പി എന്നവരുടെ 31.07.2013 വരെ ജോലി ചെയ്ത കാലയളവിലെ ഒന്നാം അർദ്ധ വാർഷിക തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | ശ്രീമതി.സജിതകുമാരി എന്നവർ പ്രസ്തുത കാലയളവിൽ സസ്പെൻഷനിൽ ആണെന്നും, ശ്രീ.സിജിൻ എ പി എന്നവർ ശമ്പള രഹിത ട്രെയിനിംഗ് അവധിയിൽ ആണെന്നും തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട് |
| 2.1.2 (2014-15) | **തൃപ്പങ്ങോട്ടൂർ**<br>2014-15 വർഷത്തിൽ ജീവനക്കാരുടെ രണ്ടാം അർദ്ധ വർഷ തൊഴിൽ നികുതി ഈടാക്കി. ഒന്നാം അർദ്ധ വർഷത്തിൽ നികുതി ഈടാക്കിയിട്ടില്ല | ഓഡിറ്റിൽ പരാമർശിച്ചതിൽ തൊഴിൽ നികുതി ഈടാക്കുന്നതിനായി വിളക്കോട്ടൂർ ബ്രാഞ്ച് പോസ്റ്റ് ഓഫീസ്, കടവത്തൂർ കള്ള് ഷാപ്പ്, ആധാരം എഴുത്ത് ഓഫീസ് എന്നിവർക്ക് കത്ത് നൽകിയെങ്കിലും തുക ഒടുക്കിയിട്ടില്ലെന്നും മറ്റ് സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെന്നും തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇതു സംബന്ധിച്ച് വിശദവിവരം ഓഡിറ്റിനെ ബോധ്യപ്പെടുത്തുന്നതിനുള്ള നിർദ്ദേശം പ്രിൻസിപ്പൽ |

| | | |
|---|---|---|
| | | ഡയറക്ടർക്ക് നൽകിയിട്ടുണ്ട് |
| 2.1.3 (2014-15) | **തൃപ്പങ്ങോട്ടൂർ**<br>സ്ഥാപന തൊഴിൽ നികുതി ഈടാക്കിയെങ്കിലും ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | ഓഡിറ്റിൽ പരാമർശിച്ചിട്ടുള്ള ജീവനക്കാരിൽ നിന്നും നികുതി ഈടാക്കിയിട്ടുണ്ടെന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇതു സംബന്ധിച്ച് വിശദവിവരം ഓഡിറ്റിനെ ബോധ്യപ്പെടുത്തുന്നതിനുള്ള നിർദ്ദേശം പ്രിൻസിപ്പൽ ഡയറക്ടർക്ക് നൽകിയിട്ടുണ്ട് |
| 2.1.4. (2014-15) | **തൃപ്പങ്ങോട്ടൂർ**<br>2014-15 വർഷത്തിലെ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | ഓഡിറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥാപനങ്ങളിൽ നിന്നും നികുതി ഈടാക്കിയിട്ടുണ്ടെന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇതു സംബന്ധിച്ച് വിശദവിവരം ഓഡിറ്റിനെ ബോധ്യപ്പെടുത്തുന്നതിനുള്ള നിർദ്ദേശം പ്രിൻസിപ്പൽ ഡയറക്ടർക്ക് നൽകിയിട്ടുണ്ട് |
| 2.3(2014-15) | **ഉദയഗിരി - ഖ. 2.3**<br>പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന നികുതി ഈടാക്കുന്നില്ല | ഓഡിറ്റിൽ പരാമർശിച്ചിട്ടുള്ള KSEB ഇലക്ട്രിക്കൽ സെക്ഷൻ 2014 ൽ ആണ് പ്രവർത്തനം ആരംഭിച്ചതെങ്കിലും ടി ഓഫീസിൽ പണമിടപാടുകൾ ഇല്ലായിരുന്നു ആയതിനാലാണ് സ്ഥാപന നികുതി ഈടാക്കാതിരുന്നത്. മറ്റ് സ്ഥാപനങ്ങളിൽ നിന്നും നികുതി ഈടാക്കിയിട്ടുണ്ടെന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇതു സംബന്ധിച്ച് വിശദവിവരം ഓഡിറ്റിനെ ബോധ്യപ്പെടുത്തുന്നതിനുള്ള നിർദ്ദേശം പ്രിൻസിപ്പൽ ഡയറക്ടർക്ക് നൽകിയിട്ടുണ്ട് |
| 2.2 | **ഉളിയ്ക്കൽ –ഖ. 2.2**<br>തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | ഓഡിറ്റ് ഖണ്ഡികയിൽ പരാമർശിക്കുന്ന വി.ഇ.ഒ മാരുടെ ഇരിക്കൂർ ഗ്രാമപഞ്ചായത്തിൽ ഈടാക്കിയിട്ടുണ്ടെന്ന് തദ്ദേശ |

| | | |
|---|---|---|
| | | സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇതു സംബന്ധിച്ച് വിശദവിവരം ഓഡിറ്റിനെ ബോധ്യപ്പെടുത്തുന്നതിനുള്ള നിർദ്ദേശം പ്രിൻസിപ്പൽ ഡയറക്ടർക്ക് നൽകിയിട്ടുണ്ട് |
| 2.4, 2.5 | **വളപട്ടണം - ഖ. 2.4, 2.5**<br>**തൊഴിൽനികുതി വരവിൽ അപാകതകൾ**<br>സ്ഥാപന .തൊഴിൽ നികുതി ഒടുക്കിയിട്ടില്ല. | പരാമർശത്തിൻറെ അടിസ്ഥാനത്തിൽ തുക ഒടുക്കുവരുത്തിയിട്ടുണ്ടെന്ന് സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇതു സംബന്ധിച്ച് വിശദവിവരം ഓഡിറ്റിനെ ബോധ്യപ്പെടുത്തുന്നതിനുള്ള നിർദ്ദേശം പ്രിൻസിപ്പൽ ഡയറക്ടർക്ക് നൽകിയിട്ടുണ്ട് |
| 2.4(B) | **വളപട്ടണം**<br>പഞ്ചായത്ത് പരിധിയിലുള്ള ചില സ്ഥാപനങ്ങളിലെ ജീവനക്കാർ തൊഴിൽ നികുതി അടക്കുന്നില്ല. | ഓഡിറ്റിൽ പരാമർശിക്കുന്ന ചില ജീവനക്കാർ പഞ്ചായത്ത് പരിധിയിൽ നിന്നും സ്ഥലം മാറി പോയിട്ടുള്ളതാണെന്നും മറ്റു ചില ജീവനക്കാർ താൽക്കാലിക ജീവനക്കാരായിരുന്നുവെന്നും അറഫ വുഡ് ഇൻഡസ്ട്രീസ് എന്ന സ്ഥാപനം നിലവിൽ പ്രവർത്തിക്കുന്നില്ലെന്നും തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇതു സംബന്ധിച്ച് വിശദവിവരം ഓഡിറ്റിനെ ബോധ്യപ്പെടുത്തുന്നതിനുള്ള നിർദ്ദേശം പ്രിൻസിപ്പൽ ഡയറക്ടർക്ക് നൽകിയിട്ടുണ്ട് |
| 2.4 (2015-16) സി | **വളപട്ടണം**<br>കളരി വാതുക്കൽ ക്ഷേത്രജീവനക്കാരിൽ നിന്നും തൊഴില് നികുതി ഈടാക്കാത്തത് | ഓഡിറ്റ് പരാമർശം പരിഗണിച്ച് ഇപ്പോൾ കൃത്യമായി കളരിവാതുക്കൽ ക്ഷേത്രജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നുണ്ടെന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| 2.4 | **വളപട്ടണം** | ഓഡിറ്റ് പരാമർശം പരിഗണിച്ച് പഞ്ചായത്ത് പരിധിയിലുള്ള |

| | | |
|---|---|---|
| (2015-16) ഡി | പഞ്ചായത്ത് പരിധിയിലുള്ള സതേൺ റെയിൽവേ ജീവനക്കാരുടെ തൊഴിൽ നികുതി സംബന്ധിച്ച് തൊഴിൽ നികുതി രജിസ്റ്ററിൽ വരുമാനത്തിൻറെ വിവരങ്ങളൊന്നും രേഖപ്പെടുത്തിയിട്ടില്ല. | സതേൺ റെയിൽവേ ജീവനക്കാരുടെ തൊഴിൽ നികുതി രജിസ്റ്ററിൽ വരുമാനത്തിന്റെ വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്തുന്നുണ്ടെന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ റിപ്പോർട്ട് |
| 2.4 (2015-16) ഇ | **വളപട്ടണം**<br>അക്ഷയ കേന്ദ്രത്തിൽ നിന്നും തൊഴില് നികുതി ഈടാക്കുന്നില്ല. | അക്ഷയ കേന്ദ്രത്തിൽ നിന്നും ഇപ്പോഴ് തൊഴില് നികുതി ഈടാക്കി വരുന്നുണ്ടെന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| 2.4 (2015-16) എഫ് | **വളപട്ടണം**<br>വളപട്ടണം സബ് രജിസ്ട്രർ ഓഫീസിൻറെ പരിധിയിൽ പ്രവർത്തിക്കുന്ന നിരവധി ആധാരം എഴുത്ത് ജോലിക്കാർ, വളപട്ടണം റെയിൽവെ സ്റ്റേഷൻ സിമൻറ് വാഗൺ ജോലിക്കാർ എന്നിവരിൽ നിന്നും തൊഴ്ൽ നികുതി ഈടാക്കാത്തതിനാൽ ലക്ഷക്കണക്കിന് രൂപയുടെ വരുമാന നഷ്ടം ഉണ്ടാകുന്നു. | വളപട്ടണം സബ് രജിസ്ട്രാർ ഓഫീസ് സ്ഥിതി ചെയ്യുന്നത് ചിറക്കൽ ഗ്രാമ പഞ്ചായത്തിലാണ് വളപട്ടണം ഗ്രാമ പഞ്ചായത്ത് പരിധിയിൽ ഒരു ആധാരം എഴുത്ത് ജോലിക്കാരൻ മാത്രമേ ഉള്ളൂ. ടിയാളിൽ നിന്നും തൊഴിൽ നികുതി ഈടാക്കി വരുന്നുണ്ട് . വളപട്ടണം റെയിൽവെ സ്റ്റേഷനിൽസ്ഥിരമായി സിമൻറ് വാഗൺ,സിമൻറ് ഡിസ്പോസൽ ജോലിക്കാരില്ലാത്തതിനാലാണ് തൊഴില് നികുതി ഈടാക്കാതിരുന്നതെന്നും തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| 2.1 | **വേങ്ങാട് ഗ്രാമപഞ്ചായത്ത്**<br>തൊഴിൽ നികുതി- സ്ഥാപനങ്ങളുടെ രജിസ്റ്റർ സൂക്ഷിക്കാത്തതും റിട്ടേൺ പരിശോധിക്കാത്തതും | ഓഡിറ്റ് പരാമർശത്തെ തുടർന്ന് നിർദ്ദേശം തുടർന്നുള്ള വർഷങ്ങളിൽ പാലിച്ച് വരുന്നുണ്ടെന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| | **കണ്ണൂർ ജില്ല – ഓഡിറ്റ് വർഷം - 2015-16**<br>**2015-16 വാർഷിക കണക്കുകൾ ഓഡിറ്റ് ചെയ്തതിൽ അപാകതകൾ റിപ്പോർട്ട് ചെയ്യപ്പെട്ട പഞ്ചായത്തുകളുടെ** | |

| | വിവരം | |
|---|---|---|
| 2.3 | **ആലക്കോട് - ഖ. 2.3**<br>ചില സ്ഥാപനങ്ങളിൽ നിന്നും രണ്ട് അർദ്ധ വർഷങ്ങളിലേയും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. | ആലക്കോട് ഗ്രാമപഞ്ചായത്ത്<br>ഓഡിറ്റ് പരാമർശത്തെ തുടർന്ന് തൊഴിൽ നികുതി ഈടാക്കേണ്ട മുഴുവൻ സ്ഥാപനങ്ങളുടേയും തൊഴിൽ നികുതി അടവാക്കിയിട്ടുള്ളതാണെന്നും എന്നാൽ<br>1.സെൻറ് മരിയാസ് ഹോമിയോ ക്ലിനിക്ക്,ആലക്കോട്, 2. ബേബി ഗോൾഡ് ലോൺ, ആലക്കോട് എന്നീ സ്ഥാപനങ്ങൾ 2014-15 വർഷം മുതൽ പ്രവർത്തനം നിർത്തിയിട്ടുള്ളതാണെന്നും നിലവിൽ പ്രവർത്തിക്കുന്നില്ലായെന്നും 3. ഹോളി ഫാമിലി എൽ പി എസ്, നെല്ലിപ്പാറ എന്ന സ്ഥാപനം എയ്ഡഡ് സ്കൂൾ ആകയാൽ സ്ഥാപന നികുതി ഈടാക്കുന്നില്ല എന്നും ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുണ്ടെന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| 2.4 | **ആറളം - ഖ. 2.4**<br>**a)തൊഴിൽ നികുതി കണക്കാക്കുന്നതിന് വീട്ടുവാടക ബത്ത കൂടി ഉൾപ്പെടുത്തി വരുമാനം കണക്കാക്കുന്നു.**<br>**b)സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല**<br>**c)തൊഴിൽ നികുതി ഈടാക്കിയിട്ടില്ല**<br>**d)അസസ്സ്മെന്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല**<br>**e)തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ്** | a)പരാമർശത്തിലെ അപാകത നിലവിൽ പരിഹരിച്ചിട്ടുള്ളതാണ്.<br>b)പരാമർശങ്ങളിൽ ഉൾപ്പെട്ടിട്ടുള്ള സ്ഥാപനങ്ങളിൽ നിന്നും 1,2 അർദ്ധവർഷങ്ങളിലെ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ട്.<br>c)2014-15 വർഷം പരാമർശത്തിൽ ഉൾപ്പെട്ടിട്ടുള്ള സ്ഥാപനങ്ങളിൽ നിന്നും 1, 2 അർദ്ധവർഷങ്ങളിലെ തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ട്.<br>d)നികുതി ചുമത്താവുന്ന വ്യക്തികളുടെയും സ്ഥാപനങ്ങളുടെയും പേര് വിവരങ്ങൾ അടങ്ങിയ അസസ്സ്മെന്റ് രജിസ്റ്റർ സൂക്ഷിച്ചുവരുന്നുണ്ട്. |

| | | |
|---|---|---|
| | | ഉ) ആറളംഫാമിംഗ് കോ-ഓർപ്പറേഷൻ, ആറളം എന്ന സ്ഥാപനത്തിലെ ജീവനക്കാരിൽ നിന്നും ഒന്നാം അർദ്ധവർഷം തൊഴിൽ നികുതി ഈടാക്കിയപ്പോൾ കുറവ് വന്ന തുക ഈടാക്കിയിട്ടുണ്ട്. <br> തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുള്ള ടി വിവരങ്ങൾ ബഹു സമിതി മുമ്പാകെ ബോധിപ്പിക്കുന്നു. |
| 2.2 | **ചപ്പാരപ്പടവ് - ഖ. 2.2** <br> 2015-16 വർഷത്തെ തൊഴിൽ നികുതി വരവ് പരിശോധിച്ചതിൽ ചില സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല. <br> ഈ സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന നികുതി ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ വരവ് വയ്ക്കേണ്ടതാണ്. | തുകകൾ ഈടാക്കിയതായി തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുള്ള വിവരം ബഹു സമിതി മുമ്പാകെ ബോധിപ്പിക്കുന്നു. |
| 2.1 <br><br><br><br><br><br><br> 2.2 | **ചെറുകുന്ന് - ഖ. 2.1 ,2.2** <br> ഖണ്ഡിക 2.1 <br> **ചെറുകുന്ന് ശ്രീ** അന്നപൂർണ്ണേശ്വരി ക്ഷേത്ര ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഡിമാൻറ് ചെയ്യുന്നില്ല. ഗ്രാമ പഞ്ചായത്തിന് ലക്ഷക്കണക്കിന് രൂപയുടെ വരുമാന **നഷ്ടം** <br> **ഖണ്ഡിക 2.2** <br> സ്ഥാപന തൊഴിൽനികുതിഈടാക്കിയതിലുള്ളവരുമാന നഷ്ടം 1)ബട്ടർഫ്ലൈഇംഗ്ലീഷ് മീഡിയംസ്കൂൾ, 2) മാവേലിസ്റ്റോർ,താവം | ഓഡിറ്റ് റിപ്പോർട്ടിൻറെ അടിസ്ഥാനത്തിൽ 2016-17 സാമ്പത്തീകവർഷം മുതൽ തൊഴിൽ നികുതി ഈടാക്കിവരുന്നുണ്ട്. <br> **ഖണ്ഡിക 2.2** <br> ബട്ടർഫ്ലൈ ഇംഗ്ലീഷ്മീഡിയംസ്കൂളിന്റെ സ്ഥാപന തൊഴിൽനികുതി ഒടുക്കിയിട്ടുണ്ടെന്നും മാവേലിസ്റ്റോർ, താവം സ്ഥാപന തൊഴിൽനികുതി ഒടുക്കിയിട്ടുണ്ടെന്നും തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുള്ള വിവരം ബഹു സമിതി മുമ്പാകെ ബോധിപ്പിക്കുന്നു. |

| | | |
|---|---|---|
| **2.2** | **ചെറുതാഴം - ഖ. 2.2**<br><br>തൊഴിൽ നികുതി ഡിമാൻറ് ചെയ്യാത്തത് -ചട്ടവിരുദ്ധം | പരാമർശത്തിൻറെ അടിസ്ഥാനത്തിൽ തൊഴിൽ നികുതി ഒടുക്കവരുത്തിയിട്ടുണ്ടെന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇതു സംബന്ധിച്ച് വിശദവിവരം ഓഡിറ്റിനെ ബോധ്യപ്പെടുത്തുന്നതിനുള്ള നിർദ്ദേശം പ്രിൻസിപ്പൽ ഡയറക്ടർക്ക് നൽകിയിട്ടുണ്ട് |
| 2.1 | **ചിറയ്ക്കൽ –ഖ. 2.1,**<br>സ്ഥാപന തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ്-11250/-രൂപയുടെ നഷ്ടം<br>ഖ 2.6 (2015-16) ചിറക്കൽ കോവിലകം ദേവസ്വം സെൻട്രൽ ഓഫീസിൻറെ എക്സിക്യൂട്ടീവ് ഓഫീസറിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. ക്ഷേത്രത്തിലെ തൊഴിൽ നികുതി ഒടുക്കുവാൻ ബാധ്യസ്ഥരായ എല്ലാ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. | തൊഴിൽ നികുതി അടവാക്കിയതിൽ കുറഞ്ഞു പോയവരുടെ തൊഴിൽ നികുതി 11250/-രൂപമുഴുവനായും അടവാക്കിയിട്ടുണ്ട്.<br><br>ചിറക്കൽ കോവിലകം ദേവസ്വം സെൻട്രൽ ഓഫീസിൻറെ റിട്ടേണിൽ എക്സിക്യൂട്ടീവ് ഓഫീസറുടേയും ജീവനക്കാരുടേയും പരാമർശത്തിൽ പറഞ്ഞിരിക്കുന്ന കാലഘട്ടത്തെ തൊഴിൽ നികുതി 31255/- രൂപ 15.10.2018 ൽ ഒടുക്കിയിട്ടുണ്ട് |
| 2.1 | **ചിറ്റാരിപ്പറമ്പ് - ഖ. 2.1**<br>സ്ഥാപന നികുതി ഈടാക്കിയിട്ടില്ല<br>ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ചില സ്ഥാപനങ്ങളിൽ/ വ്യാപാരികളിൽ നിന്നും 2015-16 വർഷത്തിൽ ഡി&ഒ ലൈസൻസി ഫീ ഈടാക്കിയിട്ടുണ്ടെങ്കിലും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. | പരാമർശത്തിൽ സൂചിപ്പിച്ച മുഴുവൻ സ്ഥാപനങ്ങളിൽ നിന്നും നിയമാനുസൃത തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെന്നും . പരാമർശത്തിൽ സൂചിപ്പിച്ച കണ്ണൂർ ജില്ലാ സഹകരണ ബേങ്ക് 2015-16 സാമ്പത്തിക വർഷത്തെ ഒന്നാം അർദ്ധവർഷം പ്രവർത്തനം ആരംഭിച്ചിട്ടില്ലെന്നും തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇതു സംബന്ധിച്ച് വിശദവിവരം ഓഡിറ്റിനെ ബോധ്യപ്പെടുത്തുന്നതിനുള്ള നിർദ്ദേശം പ്രിൻസിപ്പൽ ഡയറക്ടർക്ക് നൽകിയിട്ടുണ്ട് |

| | | |
|---|---|---|
| | ചൊക്ലി - ഖ. 2.4, 2.5<br>ഖണ്ഡിക 2.4<br><br>സ്ഥലം മാറിപ്പോയ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല<br>ഖണ്ഡിക 2.5 **ചൊക്ലി ഗ്രാമപഞ്ചായത്തിൽ 2015-16 വർഷം കെ.എസ്.ഇ.ബി സ്ഥാപന തൊഴിൽ നികുതി ഒടുക്കിയിട്ടില്ല, ആയത് ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ വരവ് വെക്കേണ്ടതാണ്.** | 2.4 സ്ഥലം മാറിപോയ മുഴുവൻ ജീവനക്കാരും തൊഴിൽ നികുതി ഒടുക്കിയത് സംബന്ധിച്ച് മേലധികാരികളുടെ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.<br>ഖണ്ഡിക 2.5<br>കെ.എസ്.ഇ.ബി സ്ഥാപന തൊഴിൽ നികുതിയായ 2500/-രൂപ 31.03.2018 ന് ഒടുക്കിയിട്ടുണ്ട്<br>മേൽ വിവരങ്ങൾ ഓഡിറ്റിനെ ബോധ്യപ്പെടുത്തുന്നതിനുള്ള നിർദ്ദേശം പ്രിൻസിപ്പൽ ഡയറക്ടർക്ക് നൽകിയിട്ടുണ്ട് |
| | ധർമ്മടം - ഖ. 2.1<br>**തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ് വന്നത്. 250/- രൂപയുടെ വരവ് നഷ്ടം. ഷാസിയ ടിപി അസ്സിസ്റ്റന്റ് പ്രൊഫസർ , കണ്ണൂർ യൂനിവേഴ്സിറ്റി എന്നവർ** | കുറവ് വന്ന 250/- രൂപ ധർമ്മടം ഗ്രാമപഞ്ചായത്തിൽ അടവാക്കിയിട്ടുണ്ട്. |
| | എരമം കുറ്റൂർ –ഖ. 2.5<br>**എരമം കുറ്റൂര് ഗ്രാമ പഞ്ചായത്ത് 2015-16 സാമ്പത്തിക വര്ഷം ചില സ്ഥാപനങ്ങളില് നിന്നും തൊഴില്നികുതി ഈടാക്കിയിട്ടില്ല. കുറവ് വന്ന ഇക ഈടാക്കി പഞ്ചായത്ത് ഫണ്ടില് വരവ് വെക്കേണ്ടാതാണ്** | **എരമം കുറ്റൂർ ഗ്രാമപഞ്ചായത്ത്** എരമം കുറ്റൂർ ഗ്രാമ പഞ്ചായത്തിൽ പ്രവർത്തിച്ച വരുന്ന ബി.എസ്.എൻ.എൽ കക്കറ, മാതമംഗലം,പെരുമ്പടവ്, പെരുവാമ്പ എന്നീ 4 സ്ഥാപനങ്ങളും 2014-15, 2015-16 കാലഘട്ടത്തിൽ ഓപ്പറേറ്റിവ് ആൻറ് മെയിൻറനൻസ് പ്രവർത്തനം മാത്രം നടത്തി വരുമാനം ലഭ്യമാകാത്ത സ്ഥാപനങ്ങളായതിനാൽ ഗ്രാമ പഞ്ചായത്ത് ഭരണ സമിതിയുടെ തീരുമാനം പ്രകാരം തൊഴിൽനികുതി ഡിമാൻറിൽ നിന്നും ഒഴിവാക്കുന്നതിനും ഭരണസമിതി തീരുമാനിച്ചിട്ടുള്ളതാണെന്ന് സെക്രട്ടറി അറിയിച്ചിട്ടുണ്ടെന്ന് തദ്ദേശ സ്വയംഭരണ പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്. |

| | | |
|---|---|---|
| | <u>ഏരുവേശ്ശി - ഖ. 2.4</u><br>തൊഴിൽ നികുതി ഈടാക്കുന്നതിന് നിയമപ്രകാരമായ നോട്ടീസ് നൽകുന്നില്ല | ഏരുവേശ്ശി ഗ്രാമപഞ്ചായത്ത് പരിധിയിൽ തൊഴിൽ കരം അടക്കുന്നതിന് ബാധ്യസ്ഥരായ എല്ലാ സ്ഥാപന മേധാവികൾക്കും, വ്യക്തികൾക്കും പഞ്ചായത്തിന് ലഭിക്കാനുള്ള മുഴുവൻ തൊഴിൽ കരവും 100 ശതമാനം പിരിച്ചെടുത്ത് വരുന്നുണ്ടെന്ന് തദ്ദേശ സ്വയംഭരണ പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്. |
| <u>2.2,</u> | <u>ഏഴോം - ഖ. 2.2, 2.3</u><br><u>ഖ.2.2</u><br>**<u>സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല</u>**<br>**ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും ബിസിനസ് നടത്തിയതിന്റെ ടേൺ ഓവർ അടിസ്ഥാത്തിൽ തൊഴിൽ നികുതി ഈടാക്കേണ്ടതാണ്** | ഓഡിറ്റിൽ പരാമർശിച്ചിട്ടുള്ള ബി.എസ്.എൻ.എൽ എന്ന സ്ഥാപനം ഓപ്പറേഷൻസ് &മെയിന്റനൻസ് വിഭാഗം മാത്രമാണ് പ്രവർത്തിക്കുന്നത്. ധനപരമായ യാതൊരു ഇടപാടുകളും നടക്കുന്നില്ല എന്നതിനാലാണ് സ്ഥാപന നികുതി ഈടാക്കാതിരുന്നത്. കോളേജ് ഓഫ് അപ്ലൈഡ് സയൻസ് നെരുവമ്പ്രം എന്ന സ്ഥാപനം ഗവ. അംഗീകൃത വിദ്യാഭ്യാസ സ്ഥാപനമായതിനാലാണ് തൊഴിൽ നികുതി ഈടാക്കാതിരുന്നത്. കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോ-ഓപ് ലിമിറ്റഡ് എന്ന സ്ഥാപനത്തിൽ പണമിടപാട് നടന്നുവരുന്നില്ലാത്തതിനാലാണ് വാർഷിക ടേണോവറിൻറെ അടിസ്ഥാനത്തിൽ നികുതി ഈടാക്കാതിരുന്നത്. ഖാദി സെന്റർ, പയ്യന്നൂർ എന്ന സ്ഥാപനത്തിൽ ഉത്പന്നങ്ങൾ വിൽപന നടത്തുന്നില്ല. ആയതിനാലാണ് ടേൺ ഓവർ കണക്കാക്കി തൊഴിൽ നികുതി ഈടാക്കാതിരുന്നത്. മറ്റുള്ള സ്ഥാപനങ്ങൾ തൊഴിൽ നികുതി ഒടുക്കിയിട്ടുണ്ടെന്ന് തദ്ദേശ സ്വയംഭരണ പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്. |
| <u>2.2</u> | <u>ഇരിക്കൂർ –ഖ. 2.2</u><br>തൊഴിൽ നികുതി – വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളുടെ | ഓഡിറ്റ് പരാമർശത്തെ തുടർന്നുള്ള വർഷങ്ങളിൽ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ നോട്ടീസ് നല്കുകയും |

| | | |
|---|---|---|
| | ഉടമസ്ഥർക്ക് നോട്ടീസ് നൽകി ഈടാക്കുന്നില്ല. | ആയത് പ്രകാരം തൊഴിൽനികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട് |
| 2.2(1)<br><br>2.2(2) | **കടമ്പൂർ –ഖ. 2.2(1)**<br>**തൊഴിൽ നികുതി റിട്ടേൺ വാങ്ങിക്കാതെ വ്യാപാരികളിൽ നിന്നും നികുതി ഈടാക്കുന്നു**<br><br>ഖണ്ഡിക 2.2(2)<br>**തൊഴിൽ നികുതി ഡിമാൻറ് രജിസ്റ്ററിൽ പുതിയ സ്ഥാപനങ്ങളെ ചേർക്കുന്നതിന് വേണ്ടിയുള്ള നിയമാനുസൃത നടപടികൾ -സ്വീകരിക്കുന്നില്ല.** | ഓഡിറ്റിൽ ചൂണ്ടിക്കാണിച്ച സ്ഥാപനങ്ങൾ , സാധനങ്ങൾ സ്റ്റോക്ക് ചെയ്യുന്നതിന് വേണ്ടിയുള്ളവയാണെന്നും പ്രസ്തുത സ്ഥാപനങ്ങളിൽ ഒരു ജീവനക്കാരൻ മാത്രമാണ് ജോലി ചെയ്തുവരുന്നതെന്നും ഫീൽഡുതല പരിശോധനയിൽ ബോധ്യപ്പെട്ടിട്ടുണ്ട്.ആയത് പ്രകാരം തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെന്ന് തദ്ദേശ സ്വയംഭരണ പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച വിശദാംശങ്ങൾ ഓഡിറ്റിനെ ബോധ്യപ്പെടുത്തേണ്ടതാണെന്നുള്ള നിർദ്ദേശം സർക്കാർ തദ്ദശസ്വയംഭരണ പ്രിൻസിപ്പൽ ഡയറക്ടർക്ക് നൽകിയിട്ടുണ്ട്.<br>**ഖണ്ഡിക 2.2(2)**<br>വാണിജ്യാവശ്യത്തിന് നിർമ്മിച്ച കെട്ടിടങ്ങളിൽ അനുമതി കൂടാതെ ബിസിനസ് സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുവെങ്കിൽ പ്രസ്തുത സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതിന്. ഗ്രാമ പഞ്ചായത്ത് തീരുമാനിച്ചിട്ടുണ്ടെന്ന് തദ്ദേശഭരണ പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്. |
| 2.2 | കടന്നപ്പള്ളി പാണപ്പുഴ –ഖ. 2.2<br>**കടന്നപ്പള്ളി ഗ്രാമ പഞ്ചായത്ത് പരിധിയിലെ ബി.എസ്.എൻ.എൽ, മെഡിക്കൽ കോളേജ്, എഞ്ചിനീയറിംഗ് കോളേജ് തുടങ്ങിയ സ്ഥാപനങ്ങളുടെയും ജീവനക്കാരുടെയും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.** | തൊഴിൽ നികുതി അടയ്ക്കാൻ ബാധ്യസ്ഥരായ ജീവനക്കാരുടെയും സ്ഥാപനങ്ങളുടേയും തൊഴിൽ നികുതി അടച്ചിട്ടുണ്ടെന്ന് തദ്ദേശഭരണ പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്. എന്നാൽ 2015-16 രണ്ടാം അർദ്ധവർഷത്തെ തൊഴിൽ നികുതി അടക്കാൻ ചില ജീവനക്കാർ ബാധ്യസ്ഥരല്ലെന്ന് രേഖാമൂലം അറിയിച്ചിട്ടുണ്ട്. |

| | | |
|---|---|---|
| | : | ബി.എസ്.എൻ.എൽ ലൈൻ ക്ലിയർ ചെയ്യാൻ 1 ടെക്ക്നീഷ്യൻ മാത്രമുള്ള ഒരു ചെറിയ മുറിയാണ് ഓഫീസായി പ്രവർത്തിക്കുന്നത്. ഇവിടെ പണമിടപാടോ വ്യാപാരമോ ഇല്ലാത്തതിനാൽ സ്ഥാപന തൊഴിൽ നികുതി അടച്ചിട്ടില്ല എന്ന് തദ്ദേശഭരണ പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച വിശദാംശങ്ങൾ ഓഡിറ്റിനെ ബോധ്യപ്പെടുത്തേണ്ടതാണെന്നുള്ള നിർദ്ദേശം സർക്കാർ തദ്ദശസ്വയംഭരണ പ്രിൻസിപ്പൽ ഡയറക്ടർക്ക് നൽകിയിട്ടുണ്ട്. |
| <u>2.3</u> | <u>**കതിരൂർ –ഖ. 2.3**</u><br><br><u>**തൊഴില് നികുതി ഈടാക്കിയില്ല.- പാരമെഡിക്കൽ സ്ഥാപനം നടത്തുന്ന താഴെ പറയുന്നവരിൽ നിന്നും നികുതി ഈടാക്കിയില്ല. 1.കെ ശൈലജ രാമദാസ്. 2.പി.കെ.ചന്ദ്രൻ**</u> | ഖണ്ഡികയിലെ പരാമർശം പരിശോധിച്ചു. ശ്രീമതി കെ ശൈലജ രാമദാസ്, കുളങ്ങരക്കണ്ടി ഹൌസ്, കതിരൂർ എന്നവരുടെ 2015-16 വർഷത്തെ തൊഴില് നികുതിയായ 1500/- രൂപയും ഡോ.പി.കെ ചന്ദ്രൻ, ഹരിശ്രീ, വേറ്റുമ്മല് എന്നവരുടെ 2015-16 വർഷത്തെ തൊഴില് നികുതിയായ 1000/- രൂപയും ഒടുക്കിയിട്ടുണ്ടെന്ന് തദ്ദേശഭരണ പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്. |
| <u>2.2</u> | <u>**കല്ലിശ്ശേരി - ഖ. 2.2**</u><br><u>തൊഴിൽ നികുതി ഈടാക്കൽ- അപാകങ്ങൾ</u><br><u>**സ്ഥാപന തൊഴിൽ നികുതി ഈടാക്കേണ്ടതാണ്**</u>.<br>2015-16 വർഷത്തിൽ ഗ്രാമപഞ്ചായത്തിലെ സ്ഥാപനങ്ങളിൽ നിന്നും വ്യക്തികളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. ചട്ടങ്ങളിൽ അനുശാസിക്കും പ്രകാരം തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. തൊഴിൽനികുതി | ഓഡിറ്റിൽ പരാമർശിച്ചിട്ടുള്ള തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെന്ന് തദ്ദേശഭരണ പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച വിശദാംശങ്ങൾ ഓഡിറ്റിനെ ബോധ്യപ്പെടുത്തേണ്ടതാണെന്നുള്ള നിർദ്ദേശം സർക്കാർ തദ്ദശസ്വയംഭരണ പ്രിൻസിപ്പൽ ഡയറക്ടർക്ക് നൽകിയിട്ടുണ്ട്. |

| | | |
|---|---|---|
| | ഒടുക്കിയ സ്ഥാപങ്ങളുടെ എണ്ണത്തിൽ കുറവ്- കാരണം രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല. | |
| 2.8 (2015-16) | **കാഞ്ചിയാർ—ഖ. 2.8**<br>**തൊഴിൽനികുതി-അപാകങ്ങൾ**<br>ചില സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽനികുതി ഈടാക്കിയില്ല. കോൺട്രാക്ടർമാരിൽനിന്നും തൊഴിൽനികുതി ഈടാക്കുന്നില്ല. തൊഴിൽനികുതി പിരിവിലെ അപാകങ്ങൾ പരിഹരിക്കേണ്ടതും തൊഴിൽനികുതി ചുമത്തി ഈടാക്കുവാൻ വേണ്ട നടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിക്കേണ്ടതുമാണ്. | പരാമർശിച്ചിരിക്കുന്ന സ്ഥാപനങ്ങളുടെയും, ജീവനക്കാരുടെയും തൊഴിൽനികുതി ഈടാക്കിയിട്ടുണ്ട്. തദ്ദേശഭരണ പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്. ഇത സംബന്ധിച്ച വിശദാംശങ്ങൾ ഓഡിറ്റിനെ ബോധ്യപ്പെടുത്തേണ്ടതാണെന്നുള്ള നിർദ്ദേശം സർക്കാർ തദ്ദശസ്വയംഭരണ പ്രിൻസിപ്പൽ ഡയറക്ടർക്ക് നൽകിയിട്ടുണ്ട്. |
| 2.5 (2015-16) | **കാങ്കോൽ ആലപ്പടമ്പ —ഖ. 2.5**<br>തൊഴിൽ നികുതി പരിശോധന അപാകങ്ങൾ - അസസ്മെൻറ് രജിസ്റ്റർ<br>തൊഴിൽ നികുതി ചുമത്താവുന്ന വ്യക്തികളുടെയും , സ്ഥാപനങ്ങളുടെയും പേര് വിവരങ്ങൾ അടങ്ങിയ അസസ്മെൻറ് രജിസ്റ്റർ ഗ്രാമപഞ്ചായത്തിൽ നാളിതുവരെയും തയ്യാറാക്കപ്പെട്ടിട്ടില്ല | 2016-17 വർഷം മുതൽ ഇൻസിറ്റിറ്റ്യൂഷൻ രജിസ്റ്റർ കൃത്യമായി പഞ്ചായത്തിൽ സൂക്ഷിച്ച് വരുന്നുണ്ട്. ഡിമാൻറ് നോട്ടീസ് നൽകുന്നതിൽ എല്ലാ സ്ഥാപനങ്ങളെയും ഉൾപ്പെടുത്തി വരുന്നുണ്ടെന്ന് തദ്ദേശഭരണ പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്. |
| 2.6 (2015-16)(I) 1 - 2.6 (III) | **കരിവെള്ളൂർ പെരളം - ഖ. 2.6** | ഓഡിറ്റിൽ പരാമർശിച്ചിട്ടുള്ള എം വി. രമേശൻ തൊഴിൽ നികുതി സ്ലാബിന്റെ പരിധിയിൽ വരാത്തതിനാൽ ഈടാക്കിയിരുന്നില്ലെന്നും<br>ടി.വി.സുകുമാരൻ- സ്റ്റേഷനറി, പടിഞ്ഞാറെ വീട്ടിൽ രാജൻ സ്റ്റേഷനറി, കാരിച്ചീരെ രാഘവൻ- അനാദി കച്ചവടം, മുരളീധരൻ.പി.കെ - തുണിക്കച്ചവടം, സുരേന്ദ്രൻ.പി.വി- ഹോട്ടൽ, |

| | | |
|---|---|---|
| | | മാടായി കണ്ണൻ- അനാദി കച്ചവടം, സജീവൻ. ഇ – ത്തുണിക്കച്ചവടം,<br>**നെന്മണിച്ചിരെ നാരായണന്- സ്റ്റേഷനറി** എന്നിവർ ലൈസൻസ് ഫീസ് 30/- വീതമാണ് ഈടാക്കിയത്. വരുമാനം വളരെ കുറവായതും ഉപജീവന മാർഗ്ഗം എന്ന നിലയിൽ നടത്തിവന്നിരുന്ന സ്ഥാപനങ്ങളുമായിരുന്നു. ആയതിനാൽ തൊഴിൽ നികുതി സ്ലാബിൽ വരാത്തതിനാൽ തൊഴിൽ നികുതി ഈടാക്കിയിരുന്നില്ല.<br>അക്കാദമി ട്യൂഷൻ സെന്ററിലെ ജീവനക്കാർ സ്ഥിരം ജീവനക്കാർ ആയിരുന്നില്ല തൊഴിൽ നികുതി ചുമത്താനാവശ്യമായ വരുമാനം ടിയാളുകൾക്ക് ലഭിക്കുന്നില്ലെന്ന് ബോധ്യമായതിൻറെ അടിസ്ഥാനത്തിലാണ് തൊഴിൽ നികുതി ഈടാക്കാതിരുന്നത്.<br>ബി.എസ്.എൻ.എൽ- I & II എക്യുപ്മെൻറ് സൂക്ഷിക്കുന്നതിനും അത്യാവശ്യ സർവ്വീസ് നടത്തുന്നതിനും വേണ്ടി പ്രവർത്തിച്ച് വന്നിരുന്ന ഒരു സ്ഥാപനമായിരുന്നു. നിലവിൽ പഞ്ചായത്ത് പരിധിയിൽ പ്രസ്തുത സ്ഥാപനം പ്രവർത്തിച്ചു വരുന്നില്ല.<br>മറ്റ് സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന നികുതിയും ജീവനക്കാരിൽ നിന്ന് തൊഴിൽ നികുതിയും ഈടാക്കിയിട്ടുണ്ടെന്ന് തദ്ദേശഭരണ പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച വിശദാംശങ്ങൾ ഓഡിറ്റിനെ ബോധ്യപ്പെടുത്തേണ്ടതാണെന്നുള്ള നിർദ്ദേശം സർക്കാർ തദ്ദശസ്വയംഭരണ പ്രിൻസിപ്പൽ ഡയറക്ടർക്ക് നൽകിയിട്ടുണ്ട്. |
| 2.3 | **കരിയാട്- ഖ. 2.3(പാനൂർ നഗരസഭ)** | **കരിയാട്- ഖ. 2.3(പാനൂർ നഗരസഭ)** |

| | | |
|---|---|---|
| | കരിയാട് ഗ്രാമപഞ്ചായത്തിലെ തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചപ്പോൾ ചില സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും ഒന്നാം അർദ്ധവർഷം നികുതി ഈടാക്കിയതായി കാണുന്നില്ല. | കുടിശ്ശിക ഒടുക്കാത്തവർക്ക് ചട്ടപ്രകാരമുള്ള നോട്ടീസ് നൽകി തുക പിരിച്ചെടുക്കുകയും പിരിച്ചെടുത്ത തുക അരിയർ ഡിമാൻറ് രജിസ്റ്ററിൽ എൻട്രി വരുത്തുകയും ചെയ്തിട്ടുണ്ടെന്ന് തദ്ദേശഭരണ പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച വിശദാംശങ്ങൾ ഓഡിറ്റിനെ ബോധ്യപ്പെടുത്തേണ്ടതാണെന്നുള്ള നിർദ്ദേശം സർക്കാർ തദ്ദേശസ്വയംഭരണ പ്രിൻസിപ്പൽ ഡയറക്ടർക്ക് നൽകിയിട്ടുണ്ട്. |
| 2.6 | **കീഴൂർ ചാവശ്ശേരി - ഖ. 2.6**<br>**(2015-16). <u>അപാകതകൾ</u>**<br>രണ്ട് അർദ്ധ വർഷവും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല . തൊഴിൽ നികുതി ഈടാക്കുമ്പോൾ വീട്ടുവടക ബത്ത കൂടി ഉൾപ്പെടുത്തി വരുമാനം കണക്കാക്കുന്ന രീതി ഒഴിവാക്കണം . തൊഴിൽ നികുതി റിട്ടേണിസിൽ പൂർണ വിവരങ്ങൾ കാണിക്കുന്നില്ല.<br>തൊഴിൽനികുതി എല്ലാ സ്ഥാപനങ്ങളിൽ നിന്നും ഈടാക്കിയിട്ടില്ല . രജിസ്റ്ററിൽ സംക്ഷിതം എഴുതി സാക്ഷ്യപ്പെടുത്തുന്നില്ല . അസസ്മെന്റ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല .തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ് | **<u>കീഴൂർ ചാവശ്ശേരി (ഇരിട്ടി നഗരസഭ)</u>** തൊഴിൽ നികുതി ഒടുക്കാത്ത സ്ഥാപങ്ങൾക്ക് ടി തുക ഒടുക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നോട്ടീസ് നല്കിയിട്ടുണ്ട്. നിലവിൽ തൊഴിൽ നികുതി ഈടാക്കുമ്പോൾ വീട്ടുവടക ബത്ത ഉൾപ്പെടുത്തുന്നില്ലെന്നും മറ്റ് അപാകതകൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും തദ്ദേശഭരണ പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച വിശദാംശങ്ങൾ ഓഡിറ്റിനെ ബോധ്യപ്പെടുത്തേണ്ടതാണെന്നുള്ള നിർദ്ദേശം സർക്കാർ തദ്ദേശസ്വയംഭരണ പ്രിൻസിപ്പൽ ഡയറക്ടർക്ക് നൽകിയിട്ടുണ്ട്. |
| **2.2(1)** | **കേളകം - ഖ. 2.2(1)**<br>1.എം.ജി.എൻ.ആർ.ഇ.ജി.എസ് ജീവനക്കാരുടെ തൊഴിൽ നികുതി (2015-16 വർഷം), 2.ക്ഷീര സഹകരണ സംഘം കേളകം, 3.ക്ഷീര സഹകരണ സംഘം ചെട്ട്യാംപറമ്പ് 4.കള്ള് ഷാപ്പ് കേളകം ജീവനക്കാരുടെ തൊഴിൽ നികുതി | **<u>കേളകം</u>**<br>പരാമർശത്തിൽ ക്രമനമ്പർ ഒന്നുമുതൽ 10 വരെ യുള്ള സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ട്. |

224

| | | |
|---|---|---|
| | സ്ഥാപന തൊഴിൽ നികുതി (1 അർധവർഷം), 5.കൊട്ടയൂർ മെറ്റൽസ് ജീവനക്കാരുടെ തൊഴിൽ നികുതി,സ്ഥാപന തൊഴിൽ നികുതി ഒന്നാം അർധവർഷം, 6.കേളകം ഇൻഡ്യൻ ഗ്യാസ് ഏജൻസി ജീവനക്കാരുടെ തൊഴിൽ നികുതി,സ്ഥാപന തൊഴിൽ നികുതി രണ്ടാം അർധ വർഷം, 7.മർച്ചൻറ്സ് വെൽഫെയർ കോപ്പറേറ്റീവ് സൊസൈറ്റി ജീവനക്കാരുടെ തൊഴിൽ നികുതി,സ്ഥാപന തൊഴിൽ നികുതി, 8.എൽ.എസ്.ജി.ഡി കേളകം ജി.പി ജീവനക്കാരുടെ തൊഴിൽ നികുതി ഒന്നാം അർധ വർഷം. 9.കെ.എസ്.എഫ്.ഇ സ്ഥാപന തൊഴിൽ നികുതി ഒന്നാം അർധ വർഷം, 10. മർച്ചൻറ്സ് വെൽഫെയർ കോപ്പറേറ്റീവ് സൊസൈറ്റി ജീവനക്കാരുടെ തൊഴിൽ നികുതി,സ്ഥാപന തൊഴിൽ നികുതി. | |
| | **ഖണ്ഡിക 2.2(2)**<br>1.ഡോ.ഷാഹുൽ ഹമീദ് ഗവ.ഹോമിയോ ഡിസ്പെൻസറി രണ്ടാം അർധ വർഷം തൊഴിൽ നികുതി ഒടുക്കിയിട്ടില്ല<br>**2.സിയാദ് കെ.സി ജെ.എച്ച്.ഐ ഗ്രേഡ് 1 ,പി.എച്ച്.സി കേളകം രണ്ടാം അർധ വർഷം** | **<u>കേളകം ഖണ്ഡിക 2.2(2)</u>**<br>പരാമർശ പ്രകാരമുള്ള തൊഴിൽ നികുതി ഒടുക്കിയിട്ടുണ്ട് |
| | **ഖണ്ഡിക 2.2(3)**<br>വ്യാപാരികളിൽ നിന്നും ടേൺ ഓവറിൻറെ അടിസ്ഥാനത്തിൽതൊഴില് നികുതി ഈടാക്കിയതിൽ 3890/- രൂപയുടെ കുറവ് വന്നിട്ടുണ്ട് | **<u>കേളകം ഖണ്ഡിക 2.2(3)</u>**<br>ഓഡിറ്റ് പരാമർശത്തിന്റെ അടിസ്ഥാനത്തിൽ കുറവുവന്ന തുക അടവാക്കിയിട്ടുണ്ട്.<br>മേൽ വിവരങ്ങൾ ഓഡിറ്റിനെ ബോധ്യപ്പെടുത്തുന്നതിനുള്ള നിർദ്ദേശ തദ്ദേശഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർക്ക് നൽകിയിട്ടുണ്ട്. |

| | | |
|---|---|---|
| 2.3 | **കൊളച്ചേരി - ഖ. 2.3**<br>ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കുന്നതിൽ കാര്യക്ഷമത പുലർത്തുന്നില്ല. | ഓഡിറ്റ് നിർദ്ദേശത്തെ തുടർന്ന് ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കുന്നതിൽ അതീവ ശ്രദ്ധ പുലർത്തുന്നുണ്ടെന്നും ചട്ടപ്രകാരമുള്ള ഫോറത്തിൽ തൊഴിൽ നികുതി നിർണ്ണയിക്കുന്നതിനാവശ്യമായ വരുമാനങ്ങൾ മാത്രം ഉൾപ്പെടുത്തി സ്റ്റേറ്റ്മെൻറുകൾ വാങ്ങുന്നതിന് ശ്രദ്ധിക്കുന്നുണ്ടെന്നും പിരിച്ചെടുക്കാനുള്ള നികുതികൾ ഈടാക്കി വരുന്നതായും വിഷയം ഗൗരവമായി കണ്ട് കൈകാര്യം ചെയ്യുന്നതാണെന്നും തദ്ദേശഭരണ പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച വിശദാംശങ്ങൾ ഓഡിറ്റിനെ ബോധ്യപ്പെടുത്തേണ്ട-താണെന്നുള്ള നിർദ്ദേശം സർക്കാർ തദ്ദേശസ്വയംഭരണ പ്രിൻസിപ്പൽ ഡയറക്ടർക്ക് നൽകിയിട്ടുണ്ട്. |

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, 2013-14 ലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും വിദ്യാഭ്യാസമേഖലയും എന്ന വിഷയത്തിലുള്ള ഓഡിറ്റ് പരാമർശങ്ങളിന്മേൽ കണ്ണൂർ ജില്ലാ പഞ്ചായത്തിനെ സംബന്ധിക്കുന്ന മറുപടി**

| ഖണ്ഡിക നമ്പർ | ഓഡിറ്റ് പരാമർശം | മറുപടി |
|---|---|---|
| 5.2.4.2 | **സ്കൂൾ കെട്ടിടങ്ങളുടെ അവസ്ഥ ശോചനീയം**<br><br>കണ്ണൂർ ജില്ലാ പഞ്ചായത്തിലെ ചെറുകുന്ന് ഗവൺമെന്റ് ഹയർ സെക്കണ്ടറി (ബോയ്സ്)സ്കൂളിലെ 5-ാം ക്ലാസ്സ് മുതൽ +2 വരെയുള്ള ക്ലാസ്സുകൾ നടത്താൻ നിലവിലുള്ള ക്ലാസ്സ് മുറികൾ പര്യാപ്തമല്ല. തകർച്ച ഭീഷണി നേരിടുന്ന കെട്ടിടത്തിന്റെ ഒരു ഭാഗത്ത് മാത്രമാണ് നിലവിൽ ക്ലാസ്സുകൾ നടക്കുന്നത്. | **കണ്ണൂർ ജില്ലാ പഞ്ചായത്ത്**<br>പൊതു വിദ്യാലയങ്ങളുടെ അടിസ്ഥാന സൗകര്യ വികസന ഫണ്ട് പ്രകാരം 2016-17 വർഷം 2.12 കോടി രൂപ ചെലവഴിച്ചു കൊണ്ട് പുതിയ സ്കൂൾ കെട്ടിടം നിർമ്മിച്ചിട്ടുണ്ട്. |
| | **പല സർക്കാർ സ്കൂൾ കെട്ടിടങ്ങളും ചുറ്റുമതിൽ കെട്ടി സംരക്ഷിച്ചിട്ടില്ല**<br><br>കണ്ണൂർ ജില്ലാ പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള 71 സ്കൂളുകളിൽ 33 സ്കൂളുകൾക്ക് ഭാഗികമായി മാത്രമാണ് ചുറ്റുമതിൽ ഉള്ളത്. ചുറ്റുമതിൽ ഉള്ള 34 സ്കൂളുകളിൽ തന്നെ 15 സ്കൂളുകളുടെ ചുറ്റുമതിൽ തകർന്ന നിലയിലാണ്. | കണ്ണൂർ ജില്ലാ പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള 72 സ്കൂളുകളിൽ 26 സ്കൂളുകൾക്ക് പൂർണ്ണമായും, 37 സ്കൂളുകൾക്ക് ഭാഗികമായും ചുറ്റുമതിൽ ഇതിനകം നിർമ്മിച്ചിട്ടുണ്ട്. 9 സ്കൂളുകൾക്ക് കൂടി ചുറ്റുമതിൽ നിർമ്മിക്കേണ്ടതുണ്ട്. ആവശ്യാനുസരണം മുൻഗണനാടിസ്ഥാനത്തിൽ ചുറ്റുമതിൽ ഉൾപ്പെടെയുള്ള മെയിന്റനൻസ് പ്രവർത്തികൾ എല്ലാ വർഷവും ഏറ്റെടുത്ത് നടപ്പിലാക്കുന്നുണ്ട്. ഫർണ്ണിച്ചർ, ക്ലാസ്സ് മുറികൾ, ടോയിലറ്റ് തുടങ്ങിയ വളരെ പ്രാധാന്യമുള്ളവയ്ക്ക് മുൻഗണന നൽകേണ്ടതുള്ളത് കൊണ്ടാണ് ചുറ്റുമതിൽ നിർമ്മിച്ചിട്ടുണ്ടെങ്കിലുംപൂർത്തീകരിക്കപ്പെടാതെ പോയതെന്നും വരും വർഷങ്ങളിൽ ഫണ്ടിന്റെ ലഭ്യതക്കനുസരിച്ച് ഏറ്റെടുത്ത് |

| | | |
|---|---|---|
| | | പൂർത്തീകരിക്കുന്നതാണെന്നും ജില്ലാ പഞ്ചായത്ത് സെക്രട്ടറി അറിയിച്ചിരിക്കുന്നു. |
| 5.2.4.7 | **സ്കൂളുകളിലെ ശുദ്ധജലവിതരണം കാര്യക്ഷമമല്ല**<br><br>കണ്ണൂർ ജില്ലാ പഞ്ചായത്തിലെ ചെറുകുന്ന് ഗവണ്മെന്റ് വെൽഫെയർ ഹയർ സെക്കന്ററി സ്കൂളിൽ സ്വന്തമായി കിണറുണ്ടെങ്കിലും ജലം ഉപയോഗ്യമല്ല. സ്കൂളിൽ 5 മഴവെള്ള സംഭരണികൾ നിർമ്മിച്ചിട്ടുണ്ടെങ്കിലും ഇതിൽ ശേഖരിക്കപ്പെടുന്ന വെള്ളം സ്കൂൾ കുട്ടികളുടെ ആവശ്യങ്ങൾക്ക് പര്യാപ്തമല്ല. 2 കിലോമീറ്ററോളം അകലെയുള്ള പഞ്ചായത്ത് കിണറിൽ നിന്ന് പൈപ്പ് മാർഗ്ഗമാണ് ഇപ്പോൾ സ്കൂളിൽ വെള്ളമെത്തിക്കുന്നത്. | പ്രദേശത്തെ പ്രത്യേകത കൊണ്ട് സ്കൂളിലെ കിണറിലെ വെള്ളം ഉപ്പ് രസമുള്ളതായതിനാൽ ഉപയോഗയോഗ്യമായിരുന്നില്ല. ടി സാഹചര്യത്തിലാണ് പഞ്ചായത്ത് കിണറിൽ നിന്നും പൈപ്പ് മാർഗ്ഗേന വെള്ളം കൊണ്ടു വരുന്ന സാഹചര്യമുണ്ടായത്. എന്നാൽ കേരള വാട്ടർ അതോറിറ്റിയുടെ കുടിവെള്ള പദ്ധതിയിലുൾപ്പെടുത്തി സ്കൂളിലെ കുടിവെള്ള പ്രശ്നം പരിഹരിച്ചിട്ടുണ്ട്. |
| 5.2.4.18 | **സ്കൂൾ വിദ്യാഭ്യാസമേഖലയും സർവ്വശിക്ഷാ അഭിയാനും വിദ്യാഭ്യാസ മേഖലയിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ചെലവഴിക്കുന്ന തുകയിലധികവും എസ്.എസ്.എ വിഹിതം-**<br><br>വിദ്യാഭ്യാസ മേഖലയിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ചെലവഴിക്കുന്ന വിഹിതത്തിന്റെ ഏറിയ പങ്കും എസ്.എസ്.എ യുള്ള വിഹിതമാണ്. വിദ്യാഭ്യാസ മേഖലയിലെ പദ്ധതി വിഹിതത്തിന്റെ വലിയൊരു ഭാഗം എസ്.എസ്.എ-യ്ക്ക് നൽകാനായി നീക്കി വെയ്ക്കുന്നതിനാൽ, ഈ മേഖലയിൽ സമഗ്രമായ മറ്റ് പദ്ധതികൾ ആവിഷ്കരിക്കാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കഴിയുന്നില്ല. ഇത് കൊണ്ട് തന്നെ, സ്കൂളുകളുടെ ഭൗതിക സാഹചര്യങ്ങൾ ഉയർത്താനുള്ള തനത് പദ്ധതികൾക്ക് രൂപം നൽകി നടപ്പാക്കാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കഴിയാത്ത അവസ്ഥയാണുള്ളത്. | 2011-12 ൽ വിദ്യാഭ്യാസ മേഖലയിൽ ആകെ ചെലവഴിച്ച തുകയുടെ 20.82 ശതമാനവും 2012-13 ൽ ആകെ ചെലവഴിച്ച തുകയുടെ 23.27 ശതമാനവുമാണ് എസ്.എസ്.എയ്ക്ക് വേണ്ടി വകയിരുത്തിയത്. കേന്ദ്ര സർക്കാരിൽ നിന്നും ലഭിക്കുന്ന തുകയ്ക്ക് ആനുപാതികമായി എസ്.എസ്.എ ആവശ്യപ്പെടുന്ന തുകയാണ് (സർക്കാർ മാർഗ്ഗരേഖ പ്രകാരം) കണ്ണൂർ ജില്ലാ പഞ്ചായത്ത് എസ്.എസ്.എയ്ക്ക് കൈമാറുന്നത്. |

കണ്ണൂർ ജില്ലാ പഞ്ചായത്ത് വിദ്യാഭ്യാസമേഖലയിൽ ചെലവഴിച്ചതും എസ്.എസ്.എ്യ്ക്ക് നൽകിയതുമായ തുകകൾ ചുവടെ പട്ടികയിൽ കൊടുത്തിരിക്കുന്നു.

**പട്ടിക**

| വർഷം | വിദ്യാഭ്യാസ മേഖലയിൽ ആകെ ചെലവഴിച്ച തുക (രൂപ) | എസ്.എസ്.എ്യ്ക്ക് നൽകിയ തുക (രൂപ) |
|---|---|---|
| 2011-12 | 89581319 | 18656531 |
| 2012-13 | 71301029 | 16595430 |

**<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2019-20-ൽ ഉൾപ്പെട്ട കണ്ണൂർ ജില്ലയിലെ മിർക്കാത്തുൽ ഇസ്ലാം ജമാഅത്ത് കമ്മിറ്റി വരവ് ചെലവ് കണക്കിന്മേലുള്ള പ്രത്യേക പരിശോധനാ റിപ്പോർട്ടിലെ ഓഡിറ്റ് ഖണ്ഡികകളിലെ നടപടി റിപ്പോർട്ട്</u>**

കേരള സംസ്ഥാന വഖഫ് ബോർഡിൽ 5384/ആർ.എ. നമ്പറായി രജിസ്റ്റർ ചെയ്തിട്ടുള്ള പുറത്തിൽ മിർക്കാത്തുൽ ഇസ്ലാം ജമാ-അത്ത് വഖ്ഫിന്റെ 2010 മുതൽ 2015 വരെയുള്ള കണക്കുകൾ ഓഡിറ്റ് ചെയ്ത് സംസ്ഥാന ഓഡിറ്റ് വകുപ്പ് സമർപ്പിച്ച ഓഡിറ്റ് റിപ്പോർട്ടിന്മേൽ കേന്ദ്ര വഖഫ് നിയമം 48-ാം വകുപ്പ് പ്രകാരമുള്ള നടപടികളുടെ ഭാഗമായി ബോർഡിൽ നിന്നും ആവശ്യപ്പെട്ട പ്രകാരം കണ്ണൂർ ജില്ല ഓഡിറ്റ് കാര്യാലയം സീനിയർ ഡെപ്യൂട്ടി ഡയറക്ടർ പുറപ്പെടുവിച്ച 03-03-2023 ലെ കെ.എസ്.എ.എ./കെ.എൻ.ആർ-സി-13/176/2023 നമ്പർ ശുദ്ധിപത്രത്തിന്റെ അടിസ്ഥാനത്തിൽ ഇക്കാര്യത്തിൽ അടിയന്തിര തുടർനടപടികൾ സ്വീകരിക്കുവാൻ സർക്കാർ വഖഫ് ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർക്ക് നിർദേശം നൽകുകയുണ്ടായി. പ്രസ്തുത വിഷയം 02-05-2023, 06-06-2023 തീയതികളിലെ വഖഫ് ബോർഡ് യോഗങ്ങളിൽ പരിഗണിക്കുകയും ഓഡിറ്റ് റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന ഓഡിറ്റ് വരവ് ഇനത്തിൽ നഷ്ടമായി കാണിച്ച 9,247/- രൂപയും ഓഡിറ്റിൽ തടസ്സപ്പെടുത്തിയ രൂപയായ 1,57,79,500/- രൂപയും നഷ്ടത്തിന് ഉത്തരവാദിയായ പുറത്തിൽ മിർക്കാത്തുൽ ഇസ്ലാം ജമാ-അത്ത് വഖഫിന്റെ സെക്രട്ടറി കെ.പി.താഹിർ എന്ന വ്യക്തിയിൽ നിന്നും റവന്യൂ റിക്കവറി നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് നിർദ്ദേശിച്ചും ക്രിമിനൽ കേസുകൾ ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുന്നതിനും ബോർഡ് ഉത്തരവാകുകയുണ്ടായി. പ്രസ്തുത ഉത്തരവ് പ്രകാരം റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുന്നതിന് കണ്ണൂർ ഡിവിഷണൽ ഓഫീസറെ ചുമതലപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ കണ്ണൂർ ഡിവിഷണൽ ഓഫീസിൽ നിന്നും 19-06-2023-ാം തീയതിയിലെ എ3-5384/സി.ആർ നമ്പർ രജിസ്റ്റേഡ് നോട്ടീസ് അയച്ചിട്ടുള്ളതാണെന്നും എന്നാൽ ശ്രീ.കെ.പി.താഹിർ എന്നവർ ബഹു.ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത WP(C)No.21266/23 നമ്പർ കേസിൽ ടിയാനെതിരെ ബോർഡിൽ നിന്നും സ്വീകരിച്ച 19-06-2023-ാം തീയതിയിലെ നടപടി 4 ആഴ്ചത്തേക്ക് സ്റ്റേ ചെയ്ത് 03-07-2023-ാം തീയതി ഉത്തരവായിട്ടുള്ളതും ടി സ്റ്റേ പുതിയ ഉത്തരവ് ഉണ്ടാകുന്നത് വരെ തുടരുന്നതിന് 01-08-2023 ൽ ഉത്തരവായിട്ടുള്ളതുമാണെന്നും, നിലവിൽ ടി കേസ് ബഹു.ഹൈക്കോടതിയുടെ പരിഗണനയിലാണെന്നും വഖഫ് ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് ബഹു.ഹൈക്കോടതി മുമ്പാകെ കേസ് നിലവിലുള്ള സാഹചര്യത്തിൽ കോടതി വിധിയ്ക്ക് വിധേയമായി മാത്രമേ ഇക്കാര്യത്തിൽ തുടർനടപടികൾ സ്വീകരിക്കുവാൻ കഴിയുകയുള്ളൂവെന്ന വിവരം സവിനയം സമിതിയെ അറിയിക്കുന്നു.

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2025

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.